സർ, ഇതിനെ സംബന്ധിച്ചുള്ള ചില വിശദാംശങ്ങളിലേക്കു് കടക്കാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇതിൽ നിജപ്പെടുത്തിയിട്ടുള്ള മര്യാദപ്പാട്ടത്തോതു് കാർഷികബന്ധ നിയമത്തിലുണ്ടായിരുന്ന തോതനുസരിച്ചുതന്നെയാണെന്നു്. പക്ഷെ, ഇതു് സത്യത്തിനു് നിരക്കുന്നതല്ലെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതു സംബന്ധിച്ചു് ശരിയായി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ കാർഷികബന്ധനിയമത്തിലെ വ്യവസ്ഥകളിലേക്കു് ഒന്നു കടന്നു നോക്കേണ്ടതാണു്, കാർഷികബന്ധനിയമത്തിൽ മര്യാദപ്പാട്ടത്തോതു് ഓരോ പ്രദേശത്തും പ്രത്യേകം പ്രത്യേകമായി നിജപ്പെടുത്തുന്നതിനുള്ള അധികാരം ഗവൺമെന്റിനു കൊടുത്തിരിക്കുകയാണു്. അങ്ങനെ ഗവൺമെന്റു് മര്യാദപ്പാട്ടത്തോതു് നിജപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മാക്സിമം, മിനിമം എന്നുള്ള രണ്ടു നിരക്കു് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. അങ്ങനെ രണ്ടു നിരക്കുകൾ ഉൾപ്പെടുത്തിയതിന്റെ അർത്ഥംതന്നെ മാക്സിമത്തിൽ കൂടാൻ പാടില്ലെന്നും, മിനിമത്തിൽ കുറയാൻ പാടില്ലെന്നുമാണു്. ആ ബിൽ പാസ്സാക്കി നിയമമാക്കുകയുണ്ടായി. അതു് നിയമമായതു് ആ ബിൽ തയ്യാറാക്കികൊണ്ടുവന്ന ഗവൺമെന്റു് അധികാരത്തിൽ ഇരിക്കുമ്പോഴല്ല. അതിൽ പിന്നീടു് വന്ന ഗവൺമെന്റു് അധികാരത്തിൽ ഇരിക്കുമ്പോഴാണു്. ആ ഗവൺമെന്റു് ആ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചു് ഓരോ പ്രദേശത്തിനുമുള്ള പാട്ടത്തോതു് നിജപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. മിക്കവാറും എല്ലാ ഭൂമികളെ സംബന്ധിച്ചും മാക്സിമത്തിന്റെ അടിസ്ഥാനത്തിലുള്ള മര്യാദപ്പാട്ടത്തോതാണു് ആദ്യത്തെ നോട്ടിഫിക്കേഷനിൽ ഉണ്ടായിരുന്നതു്, അതിനെ സംബന്ധിച്ചു് ഈ സഭ ചർച്ചചെയ്തതിന്റെ ഫലമായും എല്ലാ പാർട്ടികളിൽനിന്നും കൊടുത്തിട്ടുള്ള ഭേദഗതികളെല്ലാം പരിശോധിച്ചു് ചില പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം മാക്സിമത്തെക്കാൾ കുറഞ്ഞതും മിനിമത്തെക്കാൾ വളരെ കൂടിയതുമായ ഒരു നിരക്കു് നിശ്ചയിച്ചു. അന്നത്തെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു് ഈ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ ഗവൺമെന്റിലെ അംഗമായിരുന്ന ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ, ആ നോട്ടിഫിക്കേഷനിൽ അവസാനമായി അംഗീകരിച്ചിട്ടുള്ള തോതിനേക്കാൾ ഉയർന്ന രീതിയിലുള്ള തോതാണു് സ്വീകരിച്ചിട്ടുള്ളതു്. അതിൽ ചിലതു് ഞാനിവിടെ ചൂണ്ടിക്കാണിക്കാം. കുടിയാൻ പ്രയത്നിച്ചു നിലമാക്കി മാററിയ ഭൂമിയെ സംബന്ധിച്ചു് കാർഷികബന്ധനിയമത്തിൽ മാക്സിമം ആറിലൊന്നായിരുന്നു, മിനിമം പന്ത്രണ്ടിലൊന്നായിരുന്നു. നോട്ടിഫിക്കേഷന്റെ കരടു വകുപ്പിൽ കേരളത്തിലാകെ എട്ടിലൊന്നാക്കുകയുണ്ടായി. അതു് ഈ സഭയിലുണ്ടായ ചർച്ചയുടെ ഫലമായി മലബാർ പ്രദേശത്തുള്ള മൂന്നു ജില്ലകളെ സംബന്ധിച്ചിടത്തോളം ഒൻപതിലൊന്നായി കുറയ്ക്കുകയും മററു ജില്ലകളിലെല്ലാം എട്ടിലൊന്നായിതന്നെ തുടരുകയും ചെയ്തു. കാർഷിക പരിഷ്കരണ ബില്ലിൽ വീണ്ടും എട്ടിലൊന്നാക്കിയിരിക്കുകയാണു്. അതു കഴിഞ്ഞിട്ടു് പള്ളിയൽലാൻഡിനെ സംബന്ധിച്ചു് കാർഷിക ബന്ധനിയമത്തിൽ മാക്സിമം എട്ടിലൊന്നായിരുന്നു. മിനിമം പന്ത്രണ്ടിലൊന്നായിരുന്നു. നിയമം നടപ്പിലാക്കിയതിനുശേഷം പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷനിൽ മിനിമം പന്ത്രണ്ടിലൊന്നു് തന്നെയായിരുന്നു. ഇപ്പോൾ ഈ ബില്ലിൽ അതു് എട്ടിലൊന്നോ അല്ലെങ്കിൽ ഏക്കറിനു് നാലു രൂപയോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ഇതിൽ ഏതാണ് കൂടുതൽ അതു കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അംഗമായിട്ടുള്ള ഒരു ഗവൺമെൻറ് ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ള പന്ത്രണ്ടിലൊന്ന് എന്നുള്ള നിരക്ക് മാററിയിട്ട് എട്ടിലൊന്നോ അല്ലെങ്കിൽ ഏക്കറിനു് നാലു രൂപയോ ഇതിൽ ഏതു് കൂടുതൽ അതുകൊടുക്കണമെന്നു് തിട്ടപ്പെടുത്തിയിരിക്കുകയാണ്.

അതുപോലെതന്നെ തെങ്ങിൻ തോട്ടത്തിൻെറ കാര്യം. കുടിയാൻെറ പക്ഷമാണെന്നുണ്ടെങ്കിൽ കാർഷിക ബന്ധനിയമത്തിലെ മാക്സിമം 1/12 ആയിരുന്നു. മിനിമം 1/16 ആയിരുന്നു. നോട്ടിഫിക്കേഷൻ അനുസരിച്ച് ഈ സഭതന്നെ അംഗീകരിച്ച നിരക്ക് 1/12 ആയിരുന്നു. അതായതു് മാക്സിമത്തിൽ എത്തിക്കഴിഞ്ഞു് ഈ ബിൽ വന്നപ്പോഴം കാർഷിക ബന്ധനിയമത്തിലെ മാക്സിമം നിശ്ചയിച്ചിട്ടുള്ള 1/12 നേക്കാറം കൂടുതലായി 1/10 ആക്കി. ഇതു തന്നെയാണ് കമുകിൻേറയും സ്ഥിതി. കമുകിൻെറ കാര്യത്തിലും കുടിയാൻെറ പക്ഷത്തിലാണെന്നുണ്ടെങ്കിൽ കാർഷികബന്ധ നിയമമനുസരിച്ച് 1/12 ആയിരുന്നു മാക്സിമം. 1/20 ആയിരുന്നു മിനിമം. നോട്ടിഫിക്കേൻ അനുസരിച്ച ചില ജില്ലകളിൽ 1/14, മററു ചില ജില്ലകളിൽ 1/10 ആയിരുന്നു. അതു് ഈ ബില്ലിൽ വന്നപ്പോഴം 1/10 ആയി. ഇങ്ങനെചില തരം ഭൂമികളെ സംബന്ധിച്ചിടത്തോളം കാർഷികബന്ധനിയമത്തിൽ നിജപ്പെടുത്തിയിട്ടുള്ള മാക്സിമത്തേക്കാറം കൂടുതലും, പലതിൻേറയും കാര്യത്തിൽ കാർഷിക ബന്ധനിയമമനുസരിച്ച് തയ്യാറാക്കിയ നോട്ടിഫിക്കേഷനിൽ വ്യവസ്ഥപ്പെടുത്തിയതിൽ നിന്നും കൂടുതലുമാണ്. മൊത്തത്തിൽ പറയുകയാണെന്നുണ്ടെങ്കിൽ കാർഷിക ബന്ധനിയമത്തിൽ ഉദ്ദേശിച്ചിരുന്നതു് ഏതോ അതിനു് എതിരാണ്. കാർഷിക ബന്ധനിയമത്തിൽ ഉദ്ദേശിച്ചിരുന്ന മാക്സിമം, മിനിമം എന്നുള്ള രണ്ടു നിരക്കുകറംനോക്കി, അതിൽ വാസ്തവത്തിൽ മാക്സിമത്തോളം എത്തുന്നതു് വളരെ ദുർലഭം കേസുകളേയുള്ളു, ആ ഒരു സമീപനം എടുത്തുകളഞ്ഞിട്ട് അതിനുപകരം മിക്കവാറും പലതിലും മാക്സിമത്തിൽ എത്തിയതും ചിലതിൽ മാക്സിമത്തേക്കാറം കൂടുതലുമുള്ള നിരക്കുകളാണ് ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ ഫെയർറെൻറു റേററ് കാർഷികബന്ധ നിയമത്തിലെ റേററുതന്നെയാണെന്നു പറയുന്നതു് ഈ മൂന്നുനാലു നിയമങ്ങളനുസരിച്ചുമുള്ള റേററുകറം സൂക്ഷ്മമായി പരിശോധിക്കുവാൻ ആളുകറം മെനക്കെടുന്നില്ല എന്നുള്ള ഒരൊററ ഹുങ്ക് വിചാരിച്ചാണ്. യഥാർത്ഥത്തിൽ ഈ നാലു റേററുകളും തമ്മിൽ പരിശോധിക്കുകയാണെന്നുണ്ടെങ്കിൽ പാട്ടത്തോതു് കൂട്ടലാണ് ഇതിൻെറ ഉദ്ദേശമെന്നു വളരെ വ്യക്തമാണ്. വർദ്ധിപ്പിച്ച പാട്ടത്തോതു ആക്കിത്തീർത്തതിനും പുറമെ, കാർഷികബന്ധനിയമത്തിൽ ഉദ്ദേശിച്ചിരുന്നതിനേക്കാറം പാട്ടത്തോതു കൂട്ടി, അതും തൃപ്തിപ്പെടാതെ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ഇതുപോലും ബാധകമല്ലെന്ന വ്യവസ്ഥയാണ് ഈ ബില്ലിൽ ഉറംക്കൊള്ളിച്ചിട്ടുള്ളതു്. ആ വിഷയത്തെ സംബന്ധിച്ച് ഞാൻ കൂടുതലായി വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ആ വകുപ്പിൻെറ ചർച്ചക്കിടയ്ക്ക് ധാരാളം സംഗതികറം പുറത്തുവന്നിട്ടുണ്ട്. ഈ പറയുന്നതായിട്ടുള്ള മര്യാദപ്പാട്ടത്തിൻെറ തോതുപോലും ചെറുകിടക്കാരെന്നു പറയുന്നവരായ ജന്മിമാരുടെ കീഴിലുള്ള കുടിയാന്മാക്ക് ബാധകമല്ല. അവരെ സംബന്ധിച്ചിടത്തോളം കൂടുതൽ ആവശ്യപ്പെടാൻ ജന്മിമാക്ക് അധികാരമുണ്ട്. ഈ കാര്യത്തിൽ ഉണ്ടായതു് എന്താണെന്നുവച്ചാൽ 1959-ൽ പാസ്സാക്കിയ കാർഷികബന്ധനിയമത്തിൽനിന്നു്, അതിനുംമുൻപു് പാസ്സാക്കിയിട്ടുള്ള മലബാർ കുടിയായ്മ നിയമത്തിൻെറപോലും അടിസ്ഥാനത്തിൽനിന്നു് പിന്നാക്കം പോയിരിക്കുകയാണ്. ലീപ്പ് ഫാർവേഡിൻെറ അടിസ്ഥാനം ജന്മിയെ സഹായിക്കുക എന്നുള്ളതാണോ? എന്നാൽ ഈ നാട്ടിലെ കൃഷിക്കാക്ക് ആശ്വാസം നൽകുക, കൃഷിക്കാരുടെ മേലുള്ള പാട്ടത്തിൻെറ ഭാരം കുറയ്ക്കുക എന്നുള്ള അടിസ്ഥാനമുണ്ടെങ്കിൽ, മലബാർ കുടിയായ്മ നിയമത്തിൽനിന്നുപോലും 'backward' ആണ് ഈ നിയമം. എന്തുകൊണ്ടെന്നാൽ, മലബാർ കുടിയായ്മ നിയമത്തിൽ ഉണ്ടായിരുന്ന വളരെ വ്യക്തമായ വ്യവസ്ഥകറം അതു പിന്നീട് കാർഷിക ബന്ധ നിയമത്തിൽ വരുത്തി. പാട്ടത്തോതു് നിജപ്പെടുത്തിയിട്ട് അതോ, അല്ലെങ്കിൽ നിലവിലുള്ള കരാർപാട്ടമോ, ഏതു് കുറവ്, "വിച്ച് എവർ ഇസ്

ലെസ്'' എന്നുള്ളത് മലബാർ കുടിയായ്മ നിയമത്തിൽ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അത് കാർഷിക ബന്ധനിയമത്തിൽ എടുത്തുചേർത്തു അതിൽനിന്ന് ഇപ്പോൾ ''വിച്ച് എവർ ഇസ് ഗ്രേറ്റർ'' എന്നുള്ളത് കുടിയാനെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ജന്മിമാർക്ക് അധികാരം കൊടുക്കുന്ന വ്യവസ്ഥയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിന്റെ ഫലമായിട്ട് എത്രയോ കേസ്സുകളിൽ ഇന്നു കൊടുത്തുവരുന്നതിന്റെ അനവധി ഇരട്ടി പാട്ടം കൊടുക്കാൻ കുടിയാൻ നിർബന്ധിതനാകും. എന്തുകൊണ്ടെന്നാൽ പല സ്ഥലങ്ങളിലും പല കാരണവശാലും ഇന്നു കുടിയാൻ അനുഭവിച്ചുപോരുന്നതായ പാട്ടത്തോത് ഈ ബില്ലിൽ വ്യവസ്ഥപ്പെടുത്തുന്നതായ മര്യാദപ്പാട്ടത്തോതിനേക്കാൾ വളരെ കുറഞ്ഞ നിരക്കാണ്. ചർച്ചക്കിടയ്ക്ക് ഒരു അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി കുടിയിരുപ്പിനെപ്പററി പറയുകയുണ്ടായി. കുടിയിരുപ്പ് എന്നു പറഞ്ഞാൽ അത് വളരെയധികം പണക്കാരായ ആളുകൾ തോട്ടങ്ങളും മററും വച്ചുപിടിപ്പിച്ച് അതിൽനിന്ന് ധാരാളം ആദായമെടുക്കുന്നുണ്ടെന്നും മററും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നാട്ടിലെ സ്ഥിതി എന്താണെന്ന് എനിക്ക് അറിയുകയില്ല. എന്റെ നാട്ടിലെ സ്ഥിതി എനിക്കറിയാം. ആ പ്രദേശത്ത് എത്രയോ കുടിയിരുപ്പുകാരുണ്ട്. ആ കുടിയിരുപ്പല്ലാതെ അവർക്കു മററു യാതൊന്നുമില്ല. ആ കുടിയിരുപ്പാണെന്നുണ്ടെങ്കിലോ ഏതാനും സെന്റു മാത്രമേയുള്ളതാനും. പക്ഷെ അത് അവർ എത്രയോ കാലമായി അനുഭവിച്ചുവരികയാണ്. അവരാണെന്നുണ്ടെങ്കിൽ കാലാകാലമായി അനുഭവിച്ചുവരുന്നതായ വെറും നാമമാത്രമായ പാട്ടം കൊടുത്തുവരുന്നുണ്ട്. അവരുടെയെല്ലാം കേസുകളിൽ ഈ നിയമമനുസരിച്ചാണെങ്കിൽ പാട്ടം വർദ്ധിപ്പിക്കേണ്ടതായിവരും. ഇത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പണക്കാരായിട്ടുള്ള ആളുകളല്ല. വളരെ പാവപ്പെട്ടവരാണ്, കാർഷികത്തൊഴിലാളികളാണ്, വേറെ സ്വത്തില്ലാത്തവരാണ്. ആ കുടിയിരുപ്പിൽ താമസിച്ച് എന്തെങ്കിലും കൂലിവേല എടുക്കുന്നവരാണ്. ഏതായാലും പൊതുവിൽ പറയുകയാണെങ്കിൽ പാട്ടത്തോത് ആകെ വർദ്ധിപ്പിച്ചിട്ടുണ്ട്. മര്യാദപ്പാട്ടത്തിന്റെ തോത് പട്ടികയനുസരിച്ച് വർദ്ധിപ്പിക്കുക, പട്ടികയനുസരിച്ച് വർദ്ധിപ്പിച്ചതുകൊണ്ട് തൃപ്തിപ്പെടാതെ ചെറുകിടക്കാരെന്നുള്ള നിലയിൽ വേറെയാക്കിത്തീർക്കുക. അതിനും പുറമെ കാർഷിക ബന്ധനിയമത്തിലുണ്ടായിരുന്ന രണ്ടു വ്യവസ്ഥകൾ എടുത്തുകളഞ്ഞിട്ട്, അതായത് ഗവണ്മെന്റോ കോഓപ്പറേറ്റീവ് സൊസൈററികളോ മററോ ചെലവുചെയ്തു ഉണ്ടാക്കിയിട്ടുള്ള ജലസേചന പദ്ധതികളുടെ ഫലമായിട്ട് വിളവു വർദ്ധിച്ചാൽ അതിന് പാട്ടം കൊടുക്കേണ്ട എന്നുള്ള മുൻപത്തെ വ്യവസ്ഥ എടുത്തുകളഞ്ഞിട്ട് ഇപ്പോൾ അതും, കൊടുക്കണമെന്ന വ്യവസ്ഥ ഉണ്ടാക്കിയിരിക്കുകയാണ്. അതിനും പുറമെ മലബാർ കുടിയായ്മ നിയമത്തിലുണ്ടായിരുന്നതും കാർഷികബന്ധനിയമത്തിൽ എടുത്തുചേർത്തുമായ ആദ്യവിളവിന്റെ പകുതിയാണ് രണ്ടാമത്തെ വിളവ് എന്നുള്ളത് എടുത്തുകളഞ്ഞു. അതിന്റെ ഫലമായി മര്യാദപ്പാട്ടത്തിനു അടിസ്ഥാനമായി എടുക്കുന്ന നാർമൽ പ്രാഡ്യൂസ് വർദ്ധിച്ചു. ആ നാർമൽ പ്രാഡ്യൂസിന്റെ ഇന്ന അനുപാതത്തിലാണ് മര്യാദപ്പാട്ടത്തോത് നിജപ്പെടുത്തേണ്ടത് എന്നുള്ള അനുപാതം വർദ്ധിച്ചു. ഇതുരണ്ടുകൊണ്ടുപോലും തൃപ്തിപ്പെടാതെ ചെറുകിടക്കാരെന്നു പറയുന്നവരുടെ കാര്യത്തിൽ ഈ മര്യാദപ്പാട്ടമല്ല, അതിൽ കൂടുതൽ ആവശ്യപ്പെടാമെന്നാണ് ഈ ബില്ലിൽ പറയുന്നത്. ഇതിന്റെയെല്ലാം ഫലമായിട്ട് പാട്ടത്തിന്റെ ഭാരം വർദ്ധിക്കുന്നു. ഇതിനോടൊപ്പം തന്നെ പ്രതിഫലത്തോതിന്റെ കാര്യത്തിൽ കുറച്ചു മാററം വരുത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മര്യാദപ്പാട്ടത്തിന്റെ 12 ഇരട്ടി അല്ലെങ്കിൽ മറെറാരു നിയമമനുസിച്ചുള്ള 16 ഇരട്ടി, ഇതിൽ ഏതു പ്രതിഫലമായി കൊടുക്കണമെന്നു നിശ്ചയിക്കുന്നതിനുള്ള അധികാരം കുടിയാന്മാർക്കായിരുന്നു കാർഷികബന്ധനിയമത്തിൽ. ഇപ്പോഴോ? ഇപ്പോൾ 16 ഇരട്ടിയാണ്. 12 ഇരട്ടി എന്നുള്ള ആ വ്യവസ്ഥതന്നെ എടുത്തുകളഞ്ഞിരിക്കുകയാണ്. ഇതിൽ 12 ഇരട്ടി മററതിൽ 16 ഇരട്ടി ഏതു വേണമെന്നു തീരുമാനിക്കാൻ കുടിയാന് അധികാരമുണ്ടെന്നു ഞാൻ പറയുകയുണ്ടായി. അതിന്റെ അർത്ഥം, ചില കേസുകളിൽ അതിനു 12 ഇരട്ടി കുറവും, ചില കേസുകളിൽ അതിനു 16 ഇരട്ടി കുറവുമായിരിക്കുമെന്നാണ്. അതു എടുത്തുകളഞ്ഞിട്ട് എങ്ങനെ വന്നാലും ശരി 16 ഇരട്ടിയായിരിക്കുമെന്നാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

പറയുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മര്യാദപ്പാട്ടത്തിന്റെ തോതു വർദ്ധിപ്പിച്ചു, പ്രതിഫലത്തിന്റെ തോതു വർദ്ധിപ്പിച്ചു. കാർഷിക ബന്ധനിയമത്തിൽ നിശ്ചയിച്ചതായ പ്രതിഫലസംഖ്യ മുഴവൻ ജന്മിക്ക് കിട്ടാനല്ല വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതു കുടിയാന് ഭൂവുടമാവകാശം കിട്ടുന്നതിന്റെ ഫലമായിട്ടു ജന്മിക്ക് കിട്ടുന്ന പ്രതിഫലത്തിന്റെ കാര്യംമാത്രമല്ല, ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമി എടുത്ത് അതിന് പ്രതിഫലം കൊടുക്കുന്ന കാര്യത്തിലും കാർഷികബന്ധനിയമത്തിലെ വ്യവസ്ഥയും ഇതിലെ വ്യവസ്ഥയും തമ്മിൽ വളരെ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഭൂമി മുഴവൻ ഗവണ്മെന്റ് എടുത്ത് അതു് കുടിയാന്മാർക്ക് കൊടുത്തു പ്രതിഫലം ജന്മിക്ക് കൊടുക്കുക എന്നുള്ളത് മാററിയിരിക്കുകയാണെന്നു പറയുകയുണ്ടായി. അതു് പരമാർത്ഥമല്ല. അതൊരു കാര്യം, പ്രതിഫല സംഖ്യ ജന്മിക്ക് കൊടുക്കുന്നത് എല്ലാത്തരം ജന്മികൾക്കും ഒരുപോലെ കൊടുക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനം തന്നെയാണ്. അതുപോലെതന്നെ vesting of landlord's rights in Government." എന്നുള്ള അദ്ധ്യായത്തിലും സീലിംഗ് എന്നുള്ള അദ്ധ്യായത്തിലും ഇതു് രണ്ടിലും ജന്മികൾ കൊടുക്കേണ്ടതായ പ്രതിഫലത്തെ സംബന്ധിച്ച് രണ്ടു പട്ടികയുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. അതിലൊന്നാണെന്നുണ്ടെങ്കിൽ ഏററവും ചുരുങ്ങിയ വരുമാനമുള്ള ജന്മിമാർക്ക് സീലിംഗിന്റെ കാര്യത്തിൽ മാർക്കററു വിലയുടെ 60 ശതമാനം കിട്ടും. അതുകഴിഞ്ഞു' അടുത്ത സ്ലാബിലുള്ളവർക്ക് 55 ശതമാനം കിട്ടും. അതിനടുത്ത സ്ലാബിലുള്ളവർക്ക് 50 ശതമാനം കിട്ടും. ഇങ്ങനെ ചുരുങ്ങിച്ചുരുങ്ങി എത്രകണ്ട് വലിയ ജന്മിയാണോ അത്രകണ്ട് ചുരുങ്ങിയ തോതിലുള്ള പ്രതിഫലമാണ് കിട്ടുന്നത്. അതുപോലെതന്നെ ഭൂമി മുഴവൻ ഗവണ്മെന്റിൽലയിച്ച് അതിൽനിന്ന് കുടിയാന് അസൈൻ ചെയ്തുകൊടുത്ത് അങ്ങനെ അസൈൻ ചെയ്തുകൊടുക്കുന്നതായ ഭൂമിയുടെ പ്രതിഫലം കുടിയാന്റെ കയിൽനിന്നും പിരിച്ച് ജന്മിക്ക് കൊടുക്കുകയാണ് എന്നുള്ള ആ വ്യവസ്ഥയിൽ ഏകദേശകം ജന്മിക്ക് കൊടുക്കുന്ന പ്രതിഫലത്തിന്റെ തോതിലും വ്യത്യാസമുണ്ട്.

ആദ്യത്തെ സ്ലാബിന് ഏററവും പാവപ്പെട്ട ജന്മിക്കു നിശ്ചയിച്ച തോതിന്റെ ഓണേഴ്സ് ഇൻററസ്റ്റ് നൂറു ശതമാനവും കൊടുത്തു. അടുത്ത സ്ലാബിൽ ഉള്ളവർക്ക് 95 ശതമാനമേ കൊടുക്കുന്നുള്ളൂ. മൂന്നാമത്തെ സ്ലാബുകാർക്ക് 90 ശതമാനം. ഇങ്ങനെ കുറഞ്ഞു കുറഞ്ഞു ഏററവും വലിയ വരുമാനമുള്ള വിഭാഗത്തിലെ ഓണേഴ്സ് ഇൻററസ്റ്റ് 30 ശതമാനമാണ്. ഈ നിലയ്ക്കു് ഇങ്ങനെ കുറഞ്ഞുപോയാൽ ഈ രണ്ടു അവകാശങ്ങൾക്കും ജന്മിക്കു കൊടുക്കുന്നതിനുള്ള പ്രതിഫലം ക്രമേണ കുറഞ്ഞു കുറഞ്ഞു വന്ന് ഏററവും വലിയ ജന്മിക്കു കിട്ടുന്നതു് ഏററവും കുറഞ്ഞതാണ്. ആ സ്കീം ആകെ പൊളിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്തിട്ടുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ ഗവണ്മെന്റിന്റെ ഭാരം കുറയ്ക്കലല്ല. ഇതെല്ലാം ഗവണ്മെന്റ് എടുത്തു കുടിയാനു കൊടുത്തു കുടിയാന്റെ കൈയിൽനിന്നു പ്രതിഫലം വാങ്ങി ജന്മിക്കു കൊടുക്കുക എന്നു വരുമ്പോൾ വലിയ ഭാരമാണ് ഗവണ്മെന്റിനുള്ളത്, ആ ഭാരത്തിൽനിന്നു രക്ഷപ്പെടാനാണ് ഗവണ്മെന്റ് ശ്രമിച്ചിരിക്കുന്നതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതല്ല ഇവിടെ ഉദ്ദേശം. ഗവണ്മെന്റിന്റെ ഭാരം കുറയ്ക്കലാണ് എന്നു പറഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി വേറൊരു ഭാരം ഏറെറടുക്കുന്നുണ്ട്. അതിനെപ്പററി ഞാൻ പറയുന്നുണ്ട്. കുടിയാന്റെ കൈയിൽനിന്നു വാങ്ങി ജന്മിക്കു കൊടുക്കുന്നതു് താങ്ങാൻ വയ്യ. അതു കുറയ്ക്കലാണ് ചെയ്യുന്നതെന്നു പറയുന്ന ബഹുമാനപ്പെട്ട മന്ത്രി ജന്മിയേയും കുടിയാനേയും വേറിട്ടാക്കി. എന്നിട്ടു ജന്മിക്കു നിശ്ചയിച്ചിരിക്കുന്ന പ്രതിഫലസംഖ്യയിൽ ഉറുപ്പിക നൂറു നയാപൈസയും ജന്മിക്കു കൊടുക്കുന്നതിനു ഏർപ്പാടു ചെയ്തു. മുമ്പിലത്തെ വ്യവസ്ഥ അനുസരിച്ചു ഉറുപ്പിക നൂറ് നയാപൈസയും ജന്മിക്കു കിട്ടുന്നതു് ആദ്യത്തെ സ്ലാബുകാർക്ക് മാത്രമേയുള്ളൂ. ഏററവും വലിയ ആളാകുമ്പോൾ ഉറുപ്പികയ്ക്കു് 30 നയാപൈസയാണ് കിട്ടുന്നതു്. ഈ വ്യവസ്ഥയുടെ ഫലമായി ജന്മിക്കു കൂടുതൽ പ്രതിഫലസംഖ്യ കിട്ടുക എന്നുള്ളതാണ് ഇതിന്റെ ഫലം. ഇതും ഒരു 'leap forward' ആണ് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നതു്. ഞാൻ അദ്ദേഹം പറഞ്ഞതു ഒരിക്കൽക്കൂടി പറയുവാൻ ആഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

കുകയാണ്. 'leap forward towards protection of landlord's interest' അതാണ് ചെയ്യുന്നത്. നേരേമറിച്ച് കാർഷികബന്ധനിയമത്തിലാണെന്നുണ്ടെങ്കിൽ കൃഷിക്കാരുടെ ഇൻററസ്റ്റ് സംരക്ഷിക്കപ്പെടുക, അതിനാവശ്യമായ ജന്മികളുടെ ഇൻററസ്റ്റുകളുടെമേൽ വേണ്ട നടപടികൾ ചെയ്യുക ഇതാണ് ചെയ്തിട്ടുള്ളതെങ്കിൽ അതിൽനിന്നും വ്യത്യസ്തമായിട്ടുള്ളതാണ്. 'Vesting of rights in Government' എന്ന ചാപ്റററും, അതുപോലെതന്നെ സീലിംഗ് എന്ന ചാപ്റററും. ഇതെല്ലാം ചെയ്യുന്നതിനു ന്യായമായിട്ടു പറയുന്നതു എന്താണ്. കാർഷികബന്ധനിയമത്തിലെ വ്യവസ്ഥകൾ ചെറുകിടക്കാർക്കു ദ്രോഹകരമായിരുന്നു; അതാണ് ഒരു വാദം. മററൊരു വാദം ദേവസ്വങ്ങൾക്കും അതുപോലെയുള്ള ധർമ്മസ്ഥാപനങ്ങൾക്കും ദോഷകരമായിരിക്കുന്നു എന്നതാണ്. ഈ രണ്ടു കൂട്ടരേയും രക്ഷിക്കലാണ് ഈ ബിൽകൊണ്ടു പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്നു ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിലും, ഇന്നു ഇവിടെ ചെയ്തിട്ടുള്ള പ്രസംഗത്തിലും ആവർത്തിച്ചാവർത്തിച്ചു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ചു ഏതാനും വാക്കുകൾ സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'ചെറുകിടക്കാരൻ' എന്ന പദം ഉപയോഗിച്ച് ആകെയുള്ള സത്യാവസ്ഥ മറച്ചുവച്ചു സത്യത്തിനു നിരക്കാത്ത ചില സംഗതികൾ ജനങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കുകയാണ് ചെയ്തിരിക്കുന്നതു്. 'ചെറുകിട' എന്നുള്ള പദം കേട്ടാൽ നമ്മൾക്കെല്ലാവർക്കും സ്വാഭാവികമായി അനുകമ്പ ഉണ്ടാകും. ഏതു വർഗ്ഗത്തിൽപ്പെട്ടതായാലും ശരി, തൊഴിലാളികളായാലും ശരി, ജന്മികളായാലും ശരി, മുതലാളിമാരായാലും ശരി, ഏതു തരത്തിൽപ്പെട്ടവരായാലും ശരി 'പാവപ്പെട്ടവൻ' 'ചെറുകിട' ഇതുപോലുള്ള പദങ്ങൾ കേൾക്കുമ്പോൾ സ്വാഭാവികമായി അവരോടു അനുകമ്പയുണ്ടാകും. പക്ഷേ ആ പദത്തിൻെറ മറവിൽ, ഇവിടെ ഇന്നു ചെയ്തിട്ടുള്ള നിർവചനം അനുസരിച്ചാണെങ്കിൽ ഈ സംസ്ഥാനത്തിലെ ഏററവും അധികം പണക്കാരായ ആളുകളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. എത്ര ഭൂമിയുണ്ട് എന്നുള്ളതു നോക്കിയിട്ടു മാത്രമാണ് ചെറുകിടക്കാരനെന്നോ, വൻകിടക്കാരനെന്നോ നിർവചിച്ചിട്ടുള്ളതു്. ഭൂമിയിൽനിന്നല്ലാതെ, മററു ഇനങ്ങളിൽ നിന്നുള്ള വരവു ഇതിൻെറ പരിഗണനയ്ക്കുതന്നെ വരുന്നില്ല. ഉദാഹരണത്തിനു് ഏററവും വലിയ മൂലധനമുള്ള ഫാക്ടറി ഉടമകളോ അതുമാതിരി കമേർഷ്യലായിട്ടോ, ഇൻഡസ്ട്രിയലായിട്ടോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ നടത്തുന്നവർ അതല്ലെങ്കിൽ കേരളത്തിനു വെളിയിൽ പോയിട്ടു പതിനായിരക്കണക്കിനു കൊല്ലംതോറും ആദായമുള്ള ഏതെങ്കിലും ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ളവർ അതുമല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ വൻകിട വരുമാനം കിട്ടുന്ന പ്രൊഫഷനിൽ ഉൾപ്പെട്ടിട്ടുള്ളവർ; അതായതു് സുപ്രീംകോടതിയിലെ വലിയ വരുമാനമുള്ള വക്കീലന്മാർ—പ്രതിമാസം 15,000 രൂപവരെ ഫീസ് ഇനത്തിൽ കിട്ടും—ഇവർക്കെല്ലാംതന്നെ ഇതിൽ പറയുന്ന സ്റ്റാൻേറർഡ് ഏക്കർ 8 ഏക്കറിൽ കൂടുതൽ ഭൂമിയില്ലെങ്കിൽ ചെറുകിടക്കാരാണ്. അങ്ങനെയുള്ള ചെറുകിടക്കാരനെ ഗുണപ്പെടുത്തുവാനാണ് ബിൽ കൊണ്ടുവന്നിരിക്കുന്നതു്. ഒന്നാംതരം വൻകിട കച്ചവടസ്ഥാപനങ്ങൾ മദ്രാസിലും ബാംബേയിലും നടത്തുന്നവർക്ക് ഇവിടെ എട്ടു സ്റ്റാൻഡേർഡ് ഏക്കറിൽ കുറവാണെങ്കിൽ അവർ ചെറുകിടക്കാരാണ്. അതുപോലെതന്നെ വൻകിട ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ—ഐ. സി, എസ്., ഐ. ഏ. എസ്. ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും സംസ്ഥാനത്തിലെ ചീഫ് സെക്രട്ടറിമാർ, അല്ലെങ്കിൽ കേന്ദ്രഗവണ്മെൻറിൻെറ ക്യാബിനററു സെക്രട്ടറിമാർ, ഇവരെല്ലാം വലിയ ആദായമുള്ള ഉദ്യോഗസ്ഥന്മാരാണ്. അത്തരക്കാർക്കും ഭൂമി 8 സ്റ്റാൻേറഡ് ഏക്കറിൽ കുറവാണെങ്കിൽ അവരുടെ കണ്ണുനീർ തുടയ്ക്കുവാൻ വലിയ വ്യഗ്രതയാണ് ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്നതു്. അത്തരത്തിലാണ് ഇവിടെ ചെറുകിടക്കാരൻെറ നിർവചനം കൊണ്ടുവന്നിരിക്കുന്നതു്. ഇതു ഞാൻ പറയുമ്പോൾ ചോദിക്കും പഴയ കാർഷികബന്ധനിയമത്തിലും ഇങ്ങനെതന്നെ ആയിരുന്നല്ലോ, ഏക്കറേജു മാത്രമല്ലേ അടിസ്ഥാനമാക്കിയിരുന്നുള്ളു, മററു വരവുകൾ അടിസ്ഥാനമാക്കിയിരുന്നില്ലല്ലോ എന്നു്. ശരിയാണ്. അഞ്ചു സാധാരണ ഏക്കർ ഇരുപ്പു നിലമുള്ളവരുടെ ആവശ്യങ്ങൾ ഏററവും ചുരുങ്ങിയ തോതിൽ നിശ്ചയിക്കുക. മററു വരവിൻെറ കാര്യങ്ങൾ കണക്കിൽ എടുക്കാതെയിരിക്കുക....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അഞ്ചേക്കർ ഡബിൾക്രോപ്പ് നിലമെന്നാണ് ഉണ്ടായിരുന്നത്. കൊടുത്തിട്ടുള്ള അവകാശം പത്തേക്കറെന്നാണ്. കൈവശാവകാശം അഞ്ചു ഏക്കർ എന്നുള്ളത് നാലേക്കറെന്നാണ് ഇവിടെ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതിനുമുമ്പുള്ള കാര്യമാണ് ഞാൻ പറയുന്നത്. അഞ്ച് ഏക്കർ ഡബിൾക്രോപ്പ് നിലം എന്നാണ് 1959-ലെ ബില്ലിൽ ഉണ്ടായിരുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അതിന് ഭേദഗതിവരുത്തി. അതുകൊണ്ടും തൃപ്തിപ്പെടാതെയാണ് സ്റ്റാൻഡേർഡ് ഏക്കർ എന്ന പുതിയ concept കൊണ്ടുവന്നിട്ടുള്ളത്. 1959-ൽ പാസ്സാക്കിയ നിയമം, പിന്നീട് ഇവിടെ പ്രസിഡൻറിൻെറ നിർദ്ദേശം അനുസരിച്ച് ഭേദഗതിവരുത്തിയിട്ടുള്ള നിയമം, അതെല്ലാം കഴിഞ്ഞ് ഭൂപരിഷ്ക്കരണബില്ലായി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഇപ്പോഴത്തെ ബിൽ, ഇതെല്ലാം നോക്കിയാൽ എന്താണ് കാണുന്നത്. ചെറുകിടക്കാരനു രക്ഷകിട്ടാൻ വേണ്ടി ആദ്യം ഉണ്ടാക്കിയിട്ടുള്ളവ്യവസ്ഥ "Thin end of the wedge" എന്നു പറഞ്ഞപോലെയാണ്. ഇപ്പോൾ പറയുന്നു ഇനിയും ഭേദഗതികൾ വരുത്തേണ്ടിവരുമെന്ന്. അപ്പോൾ ഇനിയും ഉണ്ടാകുന്ന ഭവിഷ്യത്ത് ഓർത്തു ഞാൻ ഭയപ്പെടുകയാണ്. ആദ്യത്തെ നിർദ്ദേശം അനുസരിച്ചു ചുരുങ്ങിയ തോതിലുള്ള ചെറുകിടക്കാരൻ എന്നുള്ള ആശയം തന്നെ മാററി ക്രമേണക്രമേണ വളരെ കൂടുതൽ ആളുകൾക്ക് യാതൊരു ദയയും ആഗ്രഹിക്കാത്ത, അർഹിക്കാത്ത പാട്ടം വർദ്ധിപ്പിച്ചുകൊടുക്കുവാനും, അതുപോലെ ഭൂമി ഒഴിപ്പിച്ചെടുക്കുവാനും സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ചെറുകിടക്കാരൻ എന്നുള്ള വാദം ചെറുകിട വൻകിട എന്നുള്ള വ്യത്യാസമൊന്നും ഇല്ലാതെ സകലരും സംരക്ഷിക്കപ്പെടുന്നതിനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വ്യഗ്രതയ്ക്ക് മൂടുപടമാണ്. അതല്ല യഥാർത്ഥ അനുകമ്പ അർഹിക്കുന്ന പാവപ്പെട്ട ജന്മികളെ രക്ഷിക്കയാണ് വേണ്ടതെന്നുള്ള ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടിയാണ് എങ്കിൽ അവരെ എങ്ങനെ രക്ഷിക്കാം എന്നുള്ളതിനെ സംബന്ധിച്ചു ചർച്ച് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഇപ്പോൾ ചെയ്തിരിക്കുന്നതു വൻകിടക്കാരനു കിട്ടേണ്ടതായ പാട്ടസംഖ്യ പ്രതിഫലത്തിൻെറ തോതു വർദ്ധിക്കേണ്ടനിലയ്ക്കാണ്. ആ ബില്ലിലെ പാട്ടത്തോതു വർദ്ധിപ്പിച്ചിരിക്കുന്നതിൻെറ പട്ടികയും, പ്രതിഫലത്തോതിൻെറ കാര്യത്തിലുള്ള പട്ടികയും രണ്ടും പരിശോധിച്ചാൽ വളരെ വ്യക്തമായിട്ടു കാണാൻ കഴിയും ഇതിലെ രക്ഷ ചെറുകിടക്കാരനുവേണ്ടിയുള്ളതല്ല, വൻകിടക്കാരനുവേണ്ടിയുള്ളതാണെന്ന്. യഥാർത്ഥത്തിൽ സീലിംഗ് തോത് അനുസരിച്ചുള്ള പ്രതിഫലത്തിനു ചെറുകിടക്കാരെ സംരക്ഷിക്കുന്നു എന്നു പറയുന്ന ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ചെയ്തിട്ടുള്ള വ്യവസ്ഥ അനുസരിച്ചു ഏററവും പാവപ്പെട്ട ആൾക്കാർക്കു കിട്ടുന്ന ആനുകൂല്യം കുറഞ്ഞിരിക്കുകയാണ്. കാർഷികബന്ധനിയമം അനുസരിച്ച് അവരുടെ ഇൻററസ്ററു മാർക്കററു റേററിൻെറ 60 ശതമാനം കിട്ടാൻ അർഹതയുള്ള ഏററവും താഴത്തെ സ്ലാബിൽ 55 ശതമാനം ആക്കിയിരിക്കുകയാണ്. സ്ലാബ് 3 മുതൽ 50, 45, 40 ഇങ്ങനെ കുറഞ്ഞു വന്നു. ഇപ്പോൾ ആകെ 55 എന്നാക്കിയിരിക്കുകയാണ്. വൻകിട എന്നോ ചെറുകിട എന്നോ ഉള്ള വ്യത്യാസം കൂടാതെ നിരക്കെ 55 ശതമാനം ആക്കിയിരിക്കുകയാണ്. ഇതെല്ലാം ചെയ്തിട്ടു മന്ത്രി ഇതെല്ലാം ചെയ്തിരിക്കുന്നതു ചെറുകിടക്കാരനുവേണ്ടിയാണെന്നു വാദിച്ചാൽ അതു സമ്മതിക്കാൻ സാധ്യമല്ല. അതുപോലെതന്നെ ദേവസ്വങ്ങളുടെ കാര്യം. ഇത്തരത്തിലുള്ള സമുദായം പരിഷ്ക്കരിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്ന അവസരത്തിൽ ദേവസ്വങ്ങളെ പ്രത്യേകം ജന്മികളായി കണക്കാക്കേണ്ടതില്ല എന്നാണ് എൻെറ അഭിപ്രായം. അതാണ് എൻെറ പാർട്ടിയുടേയും വ്യക്തമായിട്ടുള്ള അഭിപ്രായം. എന്തുകൊണ്ടെന്നാൽ സാധാരണ ജന്മിക്കു കിട്ടുന്നതായ എല്ലാ വരുമാനങ്ങളും ദേവസ്വങ്ങൾക്കും കിട്ടും. അതല്ലാതെ പ്രത്യേക പരിഗണന കൊടുക്കേണ്ട കാര്യമില്ല. ദേവസ്വങ്ങളെ നിലനിറുത്താൻ പാട്ടം ഇങ്ങനെ ശാശ്വതമായി നിറുത്തേണ്ട കാര്യമില്ല. മററു ഏതൊരു ജന്മിക്കു കിട്ടുന്ന വരവും ദേവസ്വങ്ങൾക്കു കിട്ടും. കാരണം ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളുടെ മതവികാരങ്ങളുടെ പ്രതീകമാണ് ദേവസ്വമെന്നുള്ളതു നിസ്തർക്കമാണ്. അപ്പോൾ നാട്ടുകാർക്കു സംരക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നതിനു നിയമം കൊണ്ടുവരുന്നതിന്റെ ഫലമായി ദേവസ്വങ്ങളുടെ വരുമാനം കുറഞ്ഞുവെങ്കിൽ ആ കുറവു നികത്താൻ ദേവന്റെ ഭക്തന്മാർ ശ്രമിച്ചുകൊള്ളും. അപ്പോൾ ദേവസ്വം എന്നുള്ള പേരിൽ കുടിയാന്റെമേൽ ഗവണ്മെന്റിന്റെ ഭാരം വയ്ക്കേണ്ട കാര്യം ഉണ്ടെന്നു എനിക്കഭിപ്രായം ഇല്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ മതവികാരങ്ങളെ മാനിക്കുവാൻ ഞാൻ തയ്യാറാണ്. അവർക്കു പ്രത്യേക സംരക്ഷണം വേണമെങ്കിൽ ഇരുന്നോട്ടെ. അതുകൊണ്ടു പ്രതിഫലത്തോടു സംബന്ധിച്ചു കാർഷികബന്ധനിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആ വ്യവസ്ഥയ്ക്കു ഇളക്കം തട്ടാതിരിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുകയാണെങ്കിൽ ഗവണ്മെന്റിനു യാതൊരു ഭാരവും ഇല്ലാത്ത നിലയ്ക്കുതന്നെ വ്യവസ്ഥ ചെയ്യാൻ കഴിയും. ഞാൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതുപോലെതന്നെ ഉടമസ്ഥാവകാശം കിട്ടുന്നതിനുള്ള പ്രതിഫലത്തോടും മിച്ചഭൂമി കൊടുക്കുന്നതിനുള്ള പ്രതിഫലത്തോടും രണ്ടും തമ്മിൽ വ്യത്യാസം ഉണ്ട്. അതാണ് വൻകിടക്കാരനും ചെറുകിടക്കാരനും തമ്മിലുള്ള വ്യത്യാസം. ആ വ്യത്യാസം അനുസരിച്ചുള്ള സംഖ്യ പാട്ടത്തോടു തുടരുകയാണെങ്കിൽ, ചെറുകിടക്കാരനു കൂടുതലും, വൻകിടക്കാരനു കുറവും. ആ വ്യവസ്ഥ തുടരുകയാണെങ്കിൽ ദേവസ്വങ്ങൾക്കു ആവശ്യമായിട്ടുള്ള സംഖ്യ അതിലും കാണും. അതു ആലോചിക്കുവാൻ നിവൃത്തിയില്ലല്ലോ മന്ത്രിക്ക്. ദേവസ്വങ്ങളെ രക്ഷിക്കുകയും വേണം.

അതു ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ അതിനു എതിരാണ്, എന്നുള്ള നിലയ്ക്കാണ് പറയുന്നത്. അതിനു വേണ്ടിയുള്ള രാഷ്ട്രീയ പ്രചരണവേല നടത്തുമായിരിക്കും. ദേവസ്വങ്ങളുടെ സംരക്ഷണത്തിനാവശ്യമായിട്ടുള്ളതു ഭക്തന്മാർ കൊടുക്കുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അതിനുവേണ്ടി പ്രത്യേക വ്യവസ്ഥ വേണ്ടെന്നാണ് എന്റെ അഭിപ്രായം. ദേവസ്വങ്ങളുടെ ആവശ്യത്തെക്കാൾ മനുഷ്യരുടെ ആവശ്യങ്ങളാണ് കാര്യമായി നോക്കേണ്ടതു എന്നുള്ളതാണ് എന്റെ അഭിപ്രായം. എന്നിരുന്നാലും എന്റെ അഭിപ്രായമെല്ലാം വിട്ടിട്ടു മതവിശ്വാസികളുടെ അഭിപ്രായവും വിശ്വാസവും മാനിക്കാൻ ഞാൻ തയാറാണ്. അതിനുവേണ്ടിയുള്ള സമാധാനം 1961—ൽ അവർക്കു കിട്ടിയ വരുമാനം തന്നെ കിട്ടണമെന്നാണെങ്കിൽ—അതിനുള്ള വഴിയോ ഈ നിയമസഭതന്നെ പാസ്സാക്കിയിട്ടുള്ള വ്യവസ്ഥയാണ്—അതു നടപ്പാക്കിയാൽ മതി. അതു നടപ്പാക്കിയാൽ ആ ഭാരം ഗവണ്മെന്റിനു വരുമെന്നു പറയുന്നു. ഇന്നുതന്നെ അതേ സംബന്ധിച്ചു പറഞ്ഞ കണക്കനുസരിച്ചു അൻപത്തിരണ്ടു ലക്ഷം വരുന്നതായ വാർഷിക സംഖ്യയുടെ ഭാരം - അതു വിശേഷിച്ചും, 16 കൊല്ലത്തിനുശേഷം തികച്ചും ഗവണ്മെന്റിനുതന്നെയായിരിക്കും. 16 കൊല്ലംവരെ കൃഷിക്കാരുടെ കൈയിൽനിന്നും കിട്ടുമെന്നുണ്ട്. 16 കൊല്ലം കഴിഞ്ഞാൽ അതിന്റെ ഭാരം മുഴുവൻ ഗവണ്മെന്റിനു വഹിക്കേണ്ടതായി വരും. ആ ദുർവ്വഹമായ ഭാരം താങ്ങാൻ ഞങ്ങൾ തയാറാണെന്നാണ് പറയുന്നതു്. അങ്ങനെ 16 കൊല്ലം കഴിഞ്ഞുണ്ടാകുന്ന ഭാരം താങ്ങാൻ തയാറാണെന്നു ഉറപ്പുപറയാൻ നിങ്ങൾക്കു ധൈര്യമുണ്ടാകുമോ? ഈ ഭാരം താങ്ങാൻ തയാറാണെന്നു പറയുന്ന ഗവണ്മെന്റു ജന്മിക്കു കിട്ടേണ്ടതായ പ്രതിഫലം അതായതു്, ഈ വൻകിട ജന്മിക്ക് കിട്ടേണ്ടതായ പ്രതിഫലസംഖ്യ മാററുന്നു എന്നു പറയുകയാണ്. എന്നിട്ടു പറയുന്നു, ഞങ്ങൾക്ക് വലിയ ഭാരമാണ് എന്ന്. കാർഷികബന്ധ നിയമമനുസരിച്ചു കൃഷിക്കാരിൽനിന്നു വാങ്ങി ജന്മിക്കു, ചെറുകിടക്കാർക്കു കൂടുതലും വൻകിടക്കാർക്കു കുറച്ചുമായിട്ടുള്ള സംഖ്യ പിരിച്ചാൽ കുറെ പണം അവസാനമായിട്ടു കിട്ടും. അതിനുവേണ്ടി കുറച്ചു ഭാരമുണ്ട്. ആ ഭാരം താങ്ങാൻ കഴിയുകയില്ല എന്നു പറഞ്ഞു അതു അങ്ങ് എടുത്തുകളഞ്ഞു. അതിന്റേയും അർത്ഥം മറെറാന്നല്ല. എന്തെങ്കിലും ന്യായംപറഞ്ഞു ഏതെല്ലാം വഴികളിൽക്കൂടി ജന്മിക്കു കൂടുതൽ കൊടുക്കാൻ കഴിയുമോ അതു കൊടുക്കാൻ ശ്രമിക്കുകയാണ്.

ഇനി മറെറാരുകാര്യംകൂടി പറയാനുള്ളതു്, സ്റ്റാൻഡേർഡ് ഏക്കറിനെപ്പററിയാണ്. സ്റ്റാൻഡേർഡ് ഏക്കറിനെപ്പററി അതു ശാസ്ത്രീയമാണ്, മുമ്പുണ്ടായിരുന്നതു ശാസ്ത്രീയമല്ല, എന്നെല്ലാം മന്ത്രി പറഞ്ഞു. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ട്ടുമെന്റു എന്നു പറഞ്ഞാൽ അതു എന്തോ മായാരൂപം മാതിരിയാണു്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയ കണക്കുകൾ വെച്ചാണു് സ്റ്റാൻേറർഡു് എക്കർ നിശ്ചയിച്ചതു്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും സ്റ്റാററിസ്റ്റിക്സ് സയൻസിനെ സംബന്ധിച്ചും എനിക്കു അങ്ങേയററം ബഹുമാനമുണ്ടു്. എന്നിരുന്നാലും ആ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റും പ്രാക്ടീസും അറിയാവുന്ന ഏതൊരാൾക്കും—വിദഗ്ദ്ധനൊന്നുമാകണ്ടാ—സാധാരണ അതിന്റെ വർക്കിംഗു നോക്കി പഠിച്ചിട്ടുള്ള ഏതൊരാൾക്കും കൃഷിയെ സംബന്ധിച്ച ഇൻഡ്യയിലെ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു കൊടുക്കുന്ന കണക്കുകൾ ഒന്നും വിശ്വാസനീയമല്ല എന്നു മനസ്സിലാക്കാൻ കഴിയും. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിനോടുള്ള എല്ലാ ബഹുമാനവും നിലനിറുത്തിക്കൊണ്ടു് ഇൻഡ്യയിലെ ഏററവും വിദഗ്ദ്ധമായ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ വിദഗ്ദ്ധനുമായി സംസാരിച്ചതിൽ ഇൻഡ്യയിൽ കൃഷിയെ സംബന്ധിച്ച കൊടുക്കുന്ന കണക്കുകൾ വിശ്വാസനീയമാണെന്നു പറയുന്നേയില്ല. അതു സംബന്ധിച്ചുള്ള ചർച്ചയ്ക്കിടയ്ക്കു് ഈ ഭാഗത്തിരിക്കുന്ന പല മെമ്പറന്മാരും ആ കാര്യം ചൂണ്ടിക്കാണിക്കയുണ്ടായി.

മി. സ്പീക്കർ: ഒരു മണിക്കൂറായി ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു കൊടുക്കുന്ന കണക്കും, അതുപോലെതന്നെ മററു ഡിപ്പാർട്ടുമെന്റുകൾ കൊടുക്കുന്ന കണക്കുകളും തമ്മിൽ എത്രയോ വ്യത്യാസമുണ്ടു്. ഇതു ഒരു യാഥാർത്ഥ്യമാണു്. എക്കണോമിക്സ് സയൻസിൽ വിദഗ്ദ്ധനായിട്ടുള്ള ഒരാൾ—ഞാൻ അദ്ദേഹത്തിന്റെ പേരു പറയാം, ഡാനിയൽ ഫേബർ—"എക്കണോമിക്സ് വീക്കിലി" എന്നുള്ള വാരികയിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ "the unscientific production figure" എന്നു പറഞ്ഞിട്ടുണ്ടു്. ഇതു എഴുതിയിട്ടുള്ളതു രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാന കാലത്താണു്. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിക്കാലത്തു് ഇൻഡ്യയിലെ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു ശേഖരിച്ചിട്ടുള്ള കുറെ സ്വന്തമായിട്ടുള്ള കണക്കുകളെല്ലാം പരിശോധിച്ചതിനുശേഷം, ഒരുകാര്യം ചൂണ്ടിക്കാണിച്ചിരിക്കുകയാണു്. പ്ലാനിംഗ് കമ്മീഷൻ ചില റിപ്പോർട്ടുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കുകളും സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ഇന്റേണൽ കൺസിസ്റ്റൻസിപോലുമില്ല. ഇത്ര കൊല്ലത്തിനുള്ളിൽ ഉൽപ്പാദനം വർദ്ധിച്ചിട്ടുള്ളതു ഇന്ന ശതമാനത്തോതിലാണെന്നു ഒരു സ്ഥലത്തു പറയുന്നു. വേറെ ഒരു സ്ഥലത്തു ഇന്ന വർഷത്തിൽ ഉൽപ്പാദനം ഇത്രയായിരുന്നു, ഇന്ന വർഷത്തിൽ ഇത്രയായിരുന്നു എന്നു പറയുന്നുണ്ടു്. ആ കണക്കും മറേറ കണക്കും താരതമ്യപ്പെടുത്തി നോക്കിയാൽ രണ്ടും രണ്ടാണു്. ഇത്ര അസംബന്ധമായ കണക്കുകൾപോലും ഈ സ്റ്റാററിസ്റ്റിക്സിൽ ഉണ്ടെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. ആ സ്ഥിതിക്കു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ നാഷണൽ ഇൻകം സർവ്വേയുടെ അടിസ്ഥാനത്തിൽ, ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ ആണു് ഈ കണക്കുകൾ ഉണ്ടാക്കീട്ടുള്ളതു് എന്നും, അതുകൊണ്ടു ഇതു ശാസ്ത്രീയമാണെന്നും, ഇതിനുമുമ്പുള്ളതു പൊട്ടക്കണക്കാണെന്നും, ശാസ്ത്രീയമല്ലെന്നും പറയുകയുണ്ടായി. മുമ്പിലത്തേതു് പൊട്ടക്കണക്കാണു്, സംശയമില്ല. ഇതിൽ ഇരുപ്പൂനിലത്തിനു ഇത്ര, തോട്ടത്തിനിത്ര, പറമ്പിനിത്ര, എന്നെല്ലാം പറഞ്ഞിട്ടുള്ളതു പൊട്ടക്കണക്കാണെന്നു പറഞ്ഞുകൊണ്ടു ഇതു ശാസ്ത്രീയമാണെന്നു പറഞ്ഞതു ആ പൊട്ടക്കണക്കിനെക്കുറിച്ചു ഏതെങ്കിലും അനുഭവപ്പെട്ടിട്ടാണെന്നു പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിപോലും ഇതിന്റെ അസംബന്ധ സ്വഭാവം കണ്ടിട്ട പറഞ്ഞതു് ഇൻഡ്യയിൽ എല്ലാ സ്ഥലത്തും ഉപയോഗിച്ചുവരുന്ന രീതിയനുസരിച്ചു്, ഇൻഡ്യയിൽ എല്ലാ സ്ഥലത്തും നടപ്പിൽ വരുന്നതായിട്ടുള്ള റൂളുകൾ അനുസരിച്ചു, തയ്യാറാക്കിയിട്ടുള്ളതാണെന്നാണു്. അതുകൊണ്ടു് ശാസ്ത്രീയമാകുകയില്ല. ഈ നിലയിൽ ശാസ്ത്രീയമാണെന്നു പറയുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ, ഇതിനുമുമ്പുണ്ടായിരുന്നതു പൊട്ടക്കണക്കാണെന്നു സമ്മതിച്ചാൽതന്നെയും അതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിടക്കാരന്റെ ഈ നിർവ്വചനം വളരെ വിപുലമാക്കാനും അതുപോലെ തന്നെ ഭൂമിയുടെ പരിധി നിർണ്ണയത്തിനും വിതരണ സമ്പ്രദായത്തിനും സഹായകമായിട്ടുള്ള ഒരു മാററമാണ്. അതല്ലാതെ അശാസ്ത്രീയത്തിൽനിന്നു ശാസ്ത്രീയത്തിലേയ്ക്കുള്ള ഒരു ലീപ്പ് ഫാർവേഡ് അല്ല. നേരെമറിച്ചു ഇക്കാര്യത്തിലും ജന്മികൾ സഹായകമായിട്ടുള്ള ഒരു നിലപാടാണ്. അതുകൊണ്ടീബില്ലിന്റെ സമീപനം ആകെ പരിശോധിച്ചാൽ, അതിന്റെ പാറേറണും സ്ട്രക്ച്ചറും ആകെ പരിശോധിച്ചാൽ, ഇതു 1959—ൽ പാസ്സാക്കി 1961—ൽ നിയമമായിട്ടുള്ള കാർഷികബന്ധ നിയമത്തിൽനിന്നു വളരെ പിന്നാക്കമാണ്. 1961—ൽ പാസ്സായ നിയമം 1959—ലെക്കാൾ പിന്നാക്കംപോയിട്ടുണ്ട്. അതിൽനിന്നും പിന്നാക്കം പോയിരിക്കുകയാണ് ഇതു്. എന്നു മാത്രമല്ല, ഇതുകഴിഞ്ഞ മുക്കാൽ നൂററാണ്ടുകാലമായി കേരളത്തിൽ പാസ്സായി നടപ്പിൽ വന്നിട്ടുള്ള കാർഷിക നിയമങ്ങളിൽ നിന്നെല്ലാം പിന്നാക്കമാണിതു്, കൊച്ചിയിലും തിരുവിതാംകൂറിലും കാണക്കുടിയാൻ നിയമം പാസ്സായതു മുതൽ അതിനുശേഷം മലബാർ കുടിയായ്മ നിയമവും കൊച്ചീ വെറുംപാട്ട കുടിയാൻ നിയമവും, തിരുവിതാംകൂറിലെ കുടിയൊഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള നിയമവും, അതും കഴിഞ്ഞു മലബാർ കുടിയായ്മ ഭേദഗതി നിയമവും പാസ്സായി നടപ്പിൽ വരികയുണ്ടായി. ഈ നിയമങ്ങളിൽ എല്ലാംതന്നെ ഒരു പൊതു ട്രെൻഡു ഉണ്ടായിരുന്നു. ആ പൊതു ട്രെൻഡു എന്താണെന്നുവെച്ചാൽ കൃഷിക്കാർക്കും കുടിയാനും കൂടുതൽ കൂടുതൽ അധികാരങ്ങൾ വേണം, കൂടുതൽ കൂടുതൽ സ്ഥിരാവകാശം വേണം, അങ്ങനെ കൂടുതൽ കൂടുതൽ അധികാരങ്ങൾ അവക്കു ലഭിക്കുന്നതോടുകൂടി അവരുടെ പാട്ടത്തോതു കുറഞ്ഞുവരണം എന്നതായിരുന്നു എന്നു നമുക്കു ഈ നിയമങ്ങൾ നോക്കിയാൽ കാണാൻ കഴിയും. ഒരു നിയമം പാസ്സായി അടുത്തു ഒരു നിയമം അവതരിപ്പിക്കുമ്പോൾ ആദ്യത്തെക്കാൾ കൂടുതൽ അവകാശാധികാരങ്ങൾ കുടിയാനു കിട്ടുക എന്നുള്ളതാണ് ഉദ്ദേശം. അതുപോലെ ജന്മിക്കുള്ള അവകാശങ്ങൾ കുറഞ്ഞുവരികയാണ്. ഇതാണ് പൊതുട്രെൻഡ്. ഇതു 1959-ൽ പാസ്സായ കാർഷികബന്ധ നിയമത്തിലുണ്ട്. അതുവരെ കൃഷിക്കാർക്കു അവകാശം കൊടുക്കുന്ന കാര്യത്തിൽ ലീപ്പ് ഫാർവേഡ് എന്നുള്ളതായിരുന്നു. എന്നാൽ 1959-ലെക്കാൾ ലീപ്പ് ഫാർവേഡാണ് 1961—ൽ പാസ്സാക്കിയ നിയമം. അതിനേക്കാൾ ഗ്രേററ് ലീപ്പ് ബാക്ക്‌വേർഡാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം. ലീപ്പ് ഫാർവേഡാണ് എന്നു പറയുകയാണെങ്കിലും അതിന്റെ അടിസ്ഥാനം ജന്മിക്കു കൂടുതൽ കൂടുതൽ അവകാശങ്ങൾ നൽകുക എന്നുള്ളതാണ്. എന്നുള്ളതുകൊണ്ടു ഇതിനെ ശക്തിയായിട്ടു എതിർക്കാതിരിക്കാൻ എനിക്കും എന്റെ പാർട്ടിക്കും നിവൃത്തിയില്ല. ഇതിനെതിരായിട്ടു വോട്ടുചെയ്യണം. അതു കഴിഞ്ഞിട്ടു പിന്നീട് ഇതു നിയമമായിട്ടു നടപ്പാക്കുകയാണെങ്കിൽ അതിന്റെ ഫലമായിട്ടു കൃഷിക്കാർക്കു വരുന്നതായിരിക്കുന്ന എല്ലാ ഭവിഷ്യത്തുകൾക്കും അവരുടെ കൂടെ നിൽക്കണം. ഈ നിയമം മാററി 1959-ലെ നിയമത്തിന്റെ സ്പിരിററിൽ മറെറാരു നിയമം പാസ്സാക്കപ്പെടാനുള്ള പ്രഥമ സൗകര്യം എപ്പോൾ കിട്ടുമോ അപ്പോൾ അതു ഉപയോഗിക്കണം എന്നുള്ള ഒരു നിലപാടാണ് എന്റെ പാർട്ടി എടുക്കുന്നതു് എന്നു പറഞ്ഞുകൊണ്ടു ഈ ബില്ലിനെ ഞാൻ ശക്തിയായിട്ടു എതിർക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ബിൽ മൂന്നാംവായനകഴിച്ചു പാസ്സാക്കണം എന്ന അപേക്ഷയോടു ഞാൻ യോജിക്കുന്നു. ഇതിനെ എതിർത്തുകൊണ്ടു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു ഒരു കാര്യം ഇവിടെ പറഞ്ഞു. ഈ ബിൽ പാസ്സായി നടപ്പിൽ വന്നുകഴിഞ്ഞാൽ ഇവിടെ ഒരു വിഭാഗം ജനങ്ങളിൽനിന്നു വലിയ പ്രക്ഷോഭണം ഉണ്ടാകുമെന്നും ആ പ്രക്ഷോഭണത്തിനു തന്റെ പാർട്ടി പിൻതുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു. സർ, ഈ നിയമം പാസ്സായി കഴിഞ്ഞാൽ അദ്ദേഹം വിഭാവന ചെയ്യുന്ന രീതിയിൽ ഒരു പ്രക്ഷോഭണം ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. ഈ ബിൽ ഇവിടെ ചർച്ചചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽത്തന്നെ ഇതിനെതിരായിവലിയ ഒരു പ്രക്ഷോ
11 A. M.] ഭണമുണ്ടാകുമെന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും
വിശ്വസിച്ചിരുന്നു. പക്ഷേ, ആ വിശ്വാസം അസ്ഥാനത്താകുകയാണ് ചെയ്തതു്. ഇവിടെ ഏതാനും ദിവസങ്ങളിൽ സെക്രട്ടേറിയററിന്റെ മുമ്പിൽ ഏതാനുംപേർ ചില മുദ്രാവാക്യങ്ങൾ വിളിച്ചതൊഴിച്ചാൽ എന്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

കിലും വലിയ ഒരു പ്രത്യാഘാതം ഈ ബില്ലിനെതിരായി ഉണ്ടായില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഈ ബില്ലിൽ ഇതിനു മുമ്പുണ്ടായിരുന്ന കാർഷികബന്ധ നിയമത്തിൽനിന്നു് വലിയ വ്യതിയാനം ഉണ്ടെന്നു പറയുന്നതു തെററാണു്. അങ്ങനെ ഒരു വലിയ വ്യതിയാനം ഉണ്ടായിരുന്നെങ്കിൽ പ്രതിപക്ഷനേതാവു പറയുംപോലെ അതിൻെറ പേരിൽ ഒരു പ്രക്ഷോഭണം ഇപ്പോഴുംതന്നെ ഈ നാട്ടിൽ നടക്കുമായിരുന്നു. ചില വ്യത്യാസങ്ങൾ ഈ ബില്ലിൽ ഉണ്ടായിട്ടുണ്ടെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. ആ വ്യത്യാസങ്ങൾ വച്ചുകൊണ്ടുതന്നെ ഈ ബിൽ പാസ്സാക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ ബിൽ പാസ്സാക്കേണ്ടെന്നു പറഞ്ഞാൽ ഈ ബില്ലുമൂലം പുതുതായി കുടിയായ്മാവകാശവും മററാനുകൂല്യങ്ങളും കിട്ടിയിരിക്കുന്ന ഒരുവിഭാഗം കർഷകരെ ദ്രോഹിക്കുകയായിരിക്കും ഫലം. ഈ ബിൽ അനുസരിച്ചു് കാർഷികബന്ധനിയമത്തിൽ ഇല്ലാതിരുന്ന കുറെ കർഷകർക്കു് ആനുകൂല്യം കിട്ടിയിട്ടുണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. കൊച്ചിവിഭാഗത്തെ രണ്ടിനം കൈവശപണയക്കാരെ ഈ ബിൽ കുടിയാന്മാരാക്കിത്തീർത്തിരിക്കുകയാണു്. 1111–നു മുമ്പു് വെറുംപാട്ടക്കുടിയാന്മാരായിരുന്നവരും അതു് അവസാനിപ്പിച്ചു് പണയക്കാരായിരുന്നവരുമായ ഒരുവിഭാഗം ആളുകൾക്കും മറെറാരു വിഭാഗം പണയക്കാർക്കും കുടിയായ്മാവകാശം പ്രദാനം ചെയ്തിട്ടുണ്ടു്. അതിനുംപുറമേ മലബാറിലെ സ്വകാര്യവനങ്ങളിൽ കൃഷിചെയ്തുജീവിക്കുന്ന അനേകം കർഷകർക്കു് ഈ നിയമംമൂലം പുതുതായി സംരക്ഷണം കിട്ടിയിട്ടുണ്ടു്. കാസർഗോഡു താലൂക്കിൽ നിസ്സന്തതിക്കവെരു എന്നു പറയുന്നവരുടെ കീഴിൽ കുടിയാന്മാരായി കഴിയുന്ന അനേകംപേർക്കു് ഈ ബിൽമൂലം പുതുതായി സംരക്ഷണം കിട്ടുന്നുണ്ടു്. അവരുടെ ഒരു മെമ്മോറാണ്ടത്തിൽ ഒരു ലക്ഷത്തിൽപരം ആളുകൾക്കു് കുടിയായ്മസ്ഥിരതയും മര്യാദപ്പാട്ടവ്യവസ്ഥയും കിട്ടി എന്നു പറയുന്നുണ്ടു്. അങ്ങനെ എല്ലായിനത്തിലുംകൂടി നോക്കിയാൽ ഒരു ലക്ഷത്തിനുമേൽ കുടിയാന്മാർക്കു് ഈ പുതിയ ബിൽകൊണ്ടു് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നു കാണാം. ഈ ബിൽ പാസ്സാക്കേണ്ടെന്നു പറഞ്ഞാൽ തീർച്ചയായും ഗണ്യമായ ഒരുവിഭാഗം കുടിയാന്മാർക്കു് കിട്ടിയിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നാണർത്ഥം. കാർഷികബന്ധ നിയമത്തിൽ കൃഷിക്കാരനു് ഇൻസൻറീവു് കൊടുക്കുന്ന ഒരു സമീപനമാണു് ഉണ്ടായിരുന്നതെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ സമീപനം ഈ ബില്ലിൽ കാണുന്നില്ലെന്നാണു് പറഞ്ഞതു്. കൃഷിക്കാരനു് ഇൻസൻറീവു കൊടുക്കണമെന്നുള്ളകാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. പ്രതിപക്ഷനേതാവു പറയുന്നതുപോലെ ഈ രാജ്യത്തു് ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഏററവും പ്രധാനമായ സംഗതി ആ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാരനു് ഉൽപ്പാദിപ്പിക്കാനുള്ള പ്രേരണ നൽകണമെന്നുള്ളതാണു്. അതിൻെറ അടിസ്ഥാനത്തിൽ കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്നതു മുഴുവൻതന്നെ കൃഷിക്കാരനു കിട്ടുമെന്നുള്ള വിചാരം കൃഷിക്കാരനുണ്ടാക്കണം. അതു് ഈ ബില്ലിൽ ഇല്ലാതെപോയി എന്നു പറഞ്ഞാൽ അങ്ങനെതന്നെ സ്വീകരിക്കാൻ ഞാൻ തയ്യാറില്ല. കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി ഇക്കാര്യത്തിൽ ഒരു സംഗതി മാത്രമേ ഉള്ളു. ചെറുകിട ഭൂവുടമകളുടെ കീഴിൽ സ്ഥിരാവകാശം കിട്ടിയിരുന്ന കുടിയാന്മാർക്കു് അവരുടെ ഭൂമിയിൽ ഉടമസ്ഥത മുഴുവനും തല്ക്കാലം കിട്ടാൻ പ്രയാസമായിരിക്കുന്നു എന്നുള്ള ഒരൊററക്കാര്യമൊഴിച്ചാൽ മറെറല്ലാംതന്നെ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥകൾ തന്നെയാണു് ഉള്ളതു്. സ്മാൾഹോൾഡേഴ്സായ കുറേപ്പേർക്കു സ്ഥിരാവകാശമില്ലാത്ത കുടിയാന്മാരിൽനിന്നു പകുതി ഭൂമി തിരിയെ കിട്ടും. ബാക്കിയുള്ള ഭൂമി കുടിയാന്മാർക്കും സ്വന്തമായി കിട്ടും. അങ്ങനെ ജന്മികുടിയാൻബന്ധം അവസാനിപ്പിക്കുന്നു. അങ്ങനെ അവസാനിപ്പിച്ചുകഴിഞ്ഞാൽ ഈ പറയുന്ന ഉൽപ്പാദനത്തിനുള്ള പ്രേരണ ഉണ്ടാകുമെന്നാണു് ഞാൻ പറയുന്നതു്. ചെറിയ ജന്മിമാരുടെ കീഴിലുള്ള സ്ഥിരാവകാശം കിട്ടിയിരിക്കുന്ന കുടിയാന്മാർക്കു് ഒന്നുകിൽ പകുതി വിട്ടുകൊടുത്തു് പകുതിയുടെ ഉടമസ്ഥരാകാം; അതല്ലെങ്കിൽ മുഴുവൻ ഭൂമിയിലും കുടിയാനായി തുടരാം; എന്നുള്ള വ്യവസ്ഥ ചേർത്തിരിക്കുന്നതുകൊണ്ടു് കുറെ കുടിയാന്മാരെങ്കിലും മുഴുവൻ ഭൂമിയുടേയും കുടിയാനായി തുടരുന്നു എന്നുവരാം. അങ്ങനെവരുന്ന കേസുകളിൽ ഈ പറയുന്നതുപോലെ

അവർ ഉടമസ്ഥരായിത്തീരുകയില്ലെന്നുള്ളതു് സത്യമാണു്. പക്ഷേ, അതുകൊണ്ടുമാത്രം ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്നു് വിഘാതമുണ്ടാകുമോ എന്നു് ആലോചിക്കേണ്ടതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : അവർ കുടിയാന്മാരായി തുടരുകയാണെങ്കിൽ മര്യാദപ്പാട്ടം ലാൻഡുലാർഡു ട്രൈബ്യൂണലിൽ പോയി കണക്കാക്കുകയാണെങ്കിൽ ഇത്രയിൽ അധികം വരികയില്ലെന്നു് ഒരു നിബന്ധന ഇല്ലാതിരിക്കുമ്പോൾ ഇൻസെൻറീവ് കൂടുമോ കുറയുമോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : ഞാൻ പറഞ്ഞുവരട്ടെ. ഏതായാലും ഏതെങ്കിലും സ്ഥിരം കുടിയാൻ പകുതി ഭൂമി വിട്ടുകൊടുത്തു് പകുതി വാങ്ങാൻ കൂട്ടാക്കുന്നില്ലെങ്കിൽ സ്ഥിരമായി കുടിയാനായി തുടരുമെന്നുള്ളതിൽ സംശയമില്ല. പക്ഷേ, ഒരുകാര്യം നാം ഓർക്കണം. സ്ഥിരമായി കുടിയാനായി തുടരുന്ന കുടിയാൻെറ കൈയിൽനിന്നും ആ ഭൂമി എപ്പോഴെങ്കിലും പൊയ്പ്പോകുമെന്നുള്ള വിചാരം വന്നുകഴിഞ്ഞാൽ ഇൻസെൻറീവിനു വിഘാതമുണ്ടാകാം. അങ്ങനെ ഒരു ഭയത്തിന്നു് ഈ ബില്ലിൽ സ്ഥാനമില്ല. ഈ ബിൽ ഇപ്പോൾ മൂന്നാമത്തെ തവണയാണു് നാം ചർച്ചചെയ്യുന്നതു്. ഈ മൂന്നാമത്തെ തവണയും കുടിയായ്മസ്ഥിരതയുള്ള കുടിയാന്മാരുടെ ഭൂമി അവർ ഇഷ്ടപ്പെടുന്നില്ലെങ്കിൽ വിട്ടുകൊടുക്കേണ്ടിവരികയില്ലെന്നു് നാം ആവർത്തിച്ചു് പറഞ്ഞിരിക്കുകയാണു്. ഉടമസ്ഥനാവാൻ കഴിയുന്നില്ലെങ്കിൽപ്പോലും ഒരുകാലത്തും ആ ഭൂമി അവൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ വിട്ടുകൊടുക്കേണ്ടിവരികയില്ലെന്നുള്ള ബോധം ഉള്ളതുകൊണ്ടു് ആ ഭൂമിയിൽ പ്രവർത്തിക്കുന്നതിന്നു് പ്രേരണയ്ക്കു കുറവുണ്ടാകുകയില്ല. അതുകൊണ്ടു് കൃഷിക്കാരനു് ഇൻസെൻറീവ് നൽകുന്നില്ലെന്നു പറയുന്നതിനോടു് മുഴുവനായി യോജിക്കാൻ ഞാൻ തയ്യാറില്ല. ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞതുപോലെ മര്യാദപ്പാട്ടം സംബന്ധിച്ചു് അൽപ്പം വ്യത്യാസം ഉണ്ടായിട്ടുണ്ടു്. പക്ഷേ അതു കാര്യമായ വ്യത്യാസമാണോ എന്നാലോചിക്കേണ്ടതാണു്. ഇവിടെ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിൻെറ തോതു് കാർഷികബന്ധനിയമം നടപ്പിലാക്കിയശേഷം നോട്ടിഫൈ ചെയ്തിരുന്നു. പ്രതിപക്ഷനേതാവു പറഞ്ഞതുപോലെ അതു് പണ്ടു കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന മാക്സിമം റേറ്റാണെന്നു സമ്മതിച്ചാൽപോലും ആ നോട്ടിഫിക്കേഷൻ ഈ രാജ്യത്തു് നടപ്പിലായി. അതനുസരിച്ചു് കുടിയാന്മാർ മര്യാദപ്പാട്ടം നിശ്ചയിക്കാനുള്ള അപേക്ഷകൾ കൊടുത്തു. അങ്ങനെ പല നടപടികളും തുടർന്നു നടത്തുകയും ചെയ്തു. എന്നാൽ ഈ രാജ്യത്തെ ഒരു കുടിയാനും അതിനെ പ്രതിഷേധിച്ചില്ല. അതിൻെറ പേരിൽ ഏതെങ്കിലും കുടിയാൻ ഈ രാജ്യത്തു് പ്രക്ഷോഭണം ഉണ്ടാക്കിയില്ല. താരതമ്യേന കൂടുതലാണെന്നു് പ്രതിപക്ഷം പറയുമെങ്കിലും ആ റേറ്റു് ഇവിടെ നടപ്പിലായികഴിഞ്ഞശേഷവും പ്രതിപക്ഷനേതാവു് ആഗ്രഹിച്ചതുപോലെ കുടിയാന്മാരുടെ ഒരു പ്രക്ഷോഭണം ഈ രാജ്യത്തുണ്ടായില്ല. അതുകൊണ്ടു് ഈ മര്യാദപ്പാട്ടം........

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. വിശ്വനാഥൻ പറഞ്ഞതു് മനസ്സിലായില്ല. നിലവിലിരുന്ന പാട്ടത്തെക്കാൾ കൂടുതലാണെന്നാണോ പറഞ്ഞതു് ? അതോ ഫെയർ റെൻറിൻെറ കാര്യമാണോ പറഞ്ഞതു് ?

ശ്രീ. കെ. കെ. വിശ്വനാഥൻ : ഫെയർ റെൻറിൻെറ കാര്യമാണു് പറഞ്ഞതു്. അങ്ങനെ ഏതെങ്കിലും വിധത്തിൽ ഒരു വ്യത്യാസം വന്നതുകൊണ്ടുമാത്രം ഈ രാജ്യത്തെ കുടിയാന്മാർ വളരെ വേഗം പ്രക്ഷുബ്ധരാകുമെന്നു് വിശ്വസിക്കാൻ ഇതുവരെയുള്ള അനുഭവങ്ങൾ അനുവദിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഒരൊററ കേസ്സിലും പാട്ടം കൂടിയിട്ടില്ലല്ലോ. സാധാരണ പ്രക്ഷോഭണം വരുന്നതു് കൊടുത്തുകൊണ്ടിരിക്കുന്നതു കൂടുമ്പോഴാണു്. അങ്ങനെ ഒരു ഇൻസ്റ്റൻസും ഇല്ല. ഫെയർ റെൻറോ കാൺട്രാക്ററു റെൻറോ ഏതാണു് കുറവു് എന്നാണു് വച്ചിരുന്നതു്. അപ്പോൾ പ്രക്ഷോഭണത്തിൻെറ കാര്യമില്ലല്ലോ.

2/7.5/S

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : പ്രക്ഷോഭണം വേണമെന്നു ബഹുമാനപ്പെട്ട മെമ്പർക്കു ആഗ്രഹമുണ്ടെങ്കിൽ നടക്കട്ടേ, വിരോധമില്ല. ഇവിടെ ഞാൻ പറഞ്ഞുകൊണ്ടുവന്നതു് മര്യാദപ്പാട്ട വ്യവസ്ഥകൊണ്ടു വലിയ വ്യത്യാസമൊന്നും വരികയില്ലെന്നാണു്. മര്യാദപ്പാട്ടമോ, കരാറുപാട്ടമോ ഏതാണോ കുറവു് അതു് ചെറുകിടക്കാരുടെ കീഴിലുള്ള ടെനൻറിനൊഴിച്ചു് മററുള്ളവരുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടു്. ചെറുകിടക്കാരുടെ കാര്യത്തിൽ ഒരു വ്യതിയാനം വരുത്തിയിട്ടുണ്ടു്. അതു മര്യാദപ്പാട്ടമോ, നിലവിലുള്ള പാട്ടത്തിൻെറ 75 ശതമാനമോ അതിൽകൂടുതൽ ഏതോ അതു കൊടുക്കണമെന്നാണു്. സർ, അങ്ങനെ പറയുന്നതുകൊണ്ടു് കാര്യമായ പാട്ടവർദ്ധനവുണ്ടാകുമോ എന്നാണു് ആലോചിക്കേണ്ടതു്. പാട്ടം വർദ്ധിക്കുന്ന ചുരുക്കം ചില കേസ്സുകൾ കണ്ടേക്കാം. പക്ഷേ, വളരെയധികം കേസ്സുകളിൽ നേരത്തേ ഉണ്ടായിരുന്നതിൽ അധികം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതു തെററാണു്. തീരെ ഉണ്ടാകുകയില്ല എന്നല്ല പറയുന്നതു്. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം കുടിയാന്മാരെയും ബാധിക്കുമെങ്കിൽ ഈ പറയുന്നതൊക്കെ ശരിയാണു്. അങ്ങനെ ബഹുഭൂരിഭാഗം കുടിയാന്മാരെയും ഇതു പ്രതികൂലമായി ബാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ചിലരെ ബാധിക്കുമെന്നു ഞാനും സമ്മതിക്കുന്നു. അതുകൊണ്ടു ഇതിൻെറ പേരിൽ എന്തെങ്കിലും കാര്യമായ പ്രക്ഷോഭണം ഈ നാട്ടിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ : വളരെ സിമ്പിളായിട്ടുള്ള ഒരു കണക്കു പറയാം. അഞ്ചിലൊന്നിനു പകരം, നാലിലൊന്നായി പാട്ടം വ്യവസ്ഥ ചെയ്താൽ, ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന്മാർക്കും മൊത്തവിളവിൻെറ നാലിലൊന്നു പാട്ടം എന്നുവച്ചാൽ ഏതു കുടിയാനാണു് പാട്ടം കൂടുതൽ കൊടുക്കാതിരിക്കാൻ കഴിയുക? അവരെ ഒഴിവാക്കാൻ വല്ല വകുപ്പും ഈ നിയമത്തിലുണ്ടോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : നാലിലൊന്നു റേററു് നോട്ടിഫൈ ചെയ്തിട്ടുള്ളതാണു് ; കാർഷികബന്ധനിയമത്തിലുള്ളതുതന്നെയാണു്. മലബാറിൽ അല്പം വ്യത്യാസമുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : തിരുവിതാംകൂർഭാഗത്തു നാലിലൊന്നു തന്നെയാണു്; മലബാറിലും, കൊച്ചിയിലും അഞ്ചിലൊന്നായിരുന്നു, ഇപ്പോൾ നാലിലൊന്നു് എന്നുവച്ചാൽ മലബാറിലും കൊച്ചിയിലും പാട്ടം വർദ്ധിക്കുകയല്ലേ ചെയ്യുക ?

ശ്രീ. കെ. കെ. വിശ്വനാഥൻ : ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന്മാരെ അതു ബാധിക്കും; അതുകൊണ്ടു് ഈ രാജ്യത്തെ ബഹുഭൂരിപക്ഷം കുടിയാന്മാർക്കും ഈ വ്യവസ്ഥ ദോഷകരമാണെന്നു പറഞ്ഞാൽ ഞാൻ യോജിക്കാൻ തയ്യാറല്ല. ആ സ്ഥിതിക്കു് അതിനുവേണ്ടി ഒരു പ്രക്ഷോഭണം ഉണ്ടാകുമെന്നു വിചാരിക്കുന്നതും തെററാണു്. സർ, ഇവിടെ സ്റ്റാൻേറർഡു് ഏക്കർ നിശ്ചയിച്ചിരുന്നതിനെപ്പററി പറഞ്ഞു. സ്റ്റാൻേറർഡു ഏക്കർ നിശ്ചയിച്ചതു് ജന്മിമാർക്കു് കൂടുതൽ ഭൂമി കൈവശംവയ്ക്കാൻ അവകാശം നൽകാനാണെന്നു പറഞ്ഞു. സർ, അങ്ങനെ സ്റ്റാൻേറർഡു ഏക്കർ നിശ്ചയിച്ചുകഴിഞ്ഞാൽ അതുകൊണ്ടു് ജന്മിമാർക്കു മാത്രമല്ല ഗുണം, കുടിയാനും അവരുടെ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടു്. പരിധിയിൽ കവിഞ്ഞു ഭൂമി കുടിയാൻെറ കൈവശം ഉണ്ടെങ്കിലേ ജന്മിക്കു കിട്ടുകയുള്ളു. അതുകൊണ്ടു ജന്മിമാരെ രക്ഷിക്കാൻവേണ്ടിയാണു് സ്റ്റാൻേറർഡു് ഏക്കർ നിശ്ചയിച്ചതു് അതുകൊണ്ടു് പരിധിയിൽ വ്യത്യാസം വരും എന്നൊക്കെ പറയുന്നതു തെററാണു്. ഇതുകൊണ്ടു് അല്പമെങ്കിലും ദോഷം സംഭവിക്കുന്നതു ജന്മിമാർക്കായിരിക്കും. കുടിയാനു കൈവശം വയ്ക്കാവുന്നതു കഴിച്ചു ബാക്കി ഭൂമിയുണ്ടെങ്കിലേ ജന്മിക്കു് കൊടുക്കേണ്ടതായിവരുന്നുള്ളു. അതുകൊണ്ടു് ഇതു കുടിയാനു ദോഷമാണെന്നു പറയുന്നതു തെററാണു്. പരിധിനിർണ്ണയംകൊണ്ടു് സീലിംഗ് വ്യവസ്ഥകൾ തകർന്നുപോയിരിക്കുന്നു ; മിച്ചഭൂമി കാര്യമായിട്ടൊന്നും ഉണ്ടാകുകയില്ല എന്നു പ്രതിപക്ഷത്തിരിക്കുന്ന പല സുഹൃത്തുക്കളും ആവർത്തിച്ചു പ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിട്ടുണ്ട്. മിച്ചഭൂമി കാര്യമായി ഉണ്ടാകുകയില്ല എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, കാർഷികബന്ധനിയമം പാസ്സാക്കിയ അവസരത്തിൽ, മിച്ചഭൂമി എന്തെങ്കിലും കിട്ടുമെന്നു ആ ഭാഗത്തിരിക്കുന്ന സുഹൃത്തുക്കൾ പ്രതീക്ഷിച്ചിരുന്നോ എന്നു ഞാൻ ചോദിക്കുകയാണ്. ശ്രീമതി കെ. ആർ. ഗൗരി തന്നെ, കാർഷികബന്ധനിയമം മൂന്നാംവായന കഴിഞ്ഞു പാസ്സാക്കിയ സന്ദർഭത്തിൽ പറഞ്ഞു; മിച്ചഭൂമി കാര്യമായിട്ടു കിട്ടുമോ എന്ന കാര്യം സംശയമാണെന്ന്. അതു സംബന്ധിച്ച ശരിയായ കണക്കുകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടെന്നാണ് അന്നു പറഞ്ഞതു്. ശ്രീ. സി. അച്യുതമേനോൻ, കാർഷികബന്ധ നിയമത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഒരു പുസ്തകത്തിൽ ഈ അഭിപ്രായംതന്നെ പറഞ്ഞിട്ടുണ്ട്. ഇവിടെ കാർഷികബന്ധനിയമം അനുസരിച്ച പരിധി നിശ്ചയിച്ചു കഴിഞ്ഞാൽ എത്രകണ്ട് മിച്ചഭൂമി കിട്ടുമെന്നു പറയാൻ സാദ്ധ്യമല്ല. കാര്യമായിട്ടു മിച്ചഭൂമി ഉണ്ടാകുമെന്നു പ്രതീക്ഷിക്കാൻ വയ്യാ എന്ന് അർത്ഥംവരുന്ന രീതിയിലാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ശ്രീമതി ഗൗരി, അന്ന് നിയമസഭയിൽ തന്ന ഒരു കണക്കു വിശ്വസിക്കാമെങ്കിൽ, കാർഷികബന്ധനിയമം പാസ്സാക്കി നടപ്പാക്കിക്കഴിഞ്ഞാൽ, വളരെ തുച്ഛമായിട്ടുമാത്രമേ മിച്ചഭൂമി ഉണ്ടാകുമായിരുന്നുള്ളു. അവരുടെ കണക്കുപ്രകാരം 35, 138 പട്ടാദാരന്മാരാണ്, 15 ഏക്കറും അതിൽ കവിഞ്ഞും ഭൂമി കൈവശമുള്ളവർ ഈ രാജ്യത്തുള്ളതെന്നു കാണാം. അവരുടെ കൈയിൽ ആകെ 1,738,121 ഏക്കർ ഭൂമിയുണ്ടെന്നാണ് അന്ന് ശ്രീമതി കെ. ആർ. ഗൗരി പറഞ്ഞതു്. ആ കണക്കു വിശ്വസിക്കാമെങ്കിൽ, അതുപ്രകാരംതന്നെ എത്ര മിച്ചഭൂമി കിട്ടും എന്നു ആലോചിക്കേണ്ടതാണ്. ഇതിനകത്തു് പ്ലാന്റേഷൻ പരിധിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്, ശ്രീ. സി. അച്യുതമേനോന്റെ കണക്കനുസരിച്ച് പ്ലാന്റേഷൻഭൂമി ഏഴു ലക്ഷത്തോളം ഏക്കർവരും. അങ്ങനെ ഏഴുലക്ഷത്തോളം ഏക്കർകൂടി പോയിക്കഴിഞ്ഞാൽപിന്നെ പതിനായിരത്തിൽശിഷ്ടം ഏക്കറാണ് ബാക്കി നിൽക്കുന്നതു്. പതിനായിരത്തിൽശിഷ്ടം ഏക്കറിൽതന്നെ 35,000-ത്തിൽ ചിലതാനം ഭൂവുടമകൾ പലർക്കായി പാട്ടത്തിനു കൊടുത്തിട്ടുള്ളതുണ്ടാവും, സ്വന്തം കൈവശത്തിലുള്ളതും കുറയും. അധികവും പാട്ടത്തിനു കൊടുത്തിട്ടുള്ളതായിരിക്കും. അതിൽ തന്നെ ദേവസ്വംവകയും സ്ഥാനികളുടെ വകയും കാണും. അങ്ങനെ കണക്കാക്കിയാൽതന്നെ, ഈ 35,000—ത്തിൽപരം ആളുകൾ 15 ഏക്കർ വരെ കൈവശം വച്ചിരിക്കുന്നതു കണക്കാക്കിയാൽ അതനുസരിച്ച് 526,770 ഏക്കർ പതിനായിരം ഏക്കറിൽനിന്നു കിഴിക്കണം. അതുകൂടി കഴിഞ്ഞാൽ പിന്നെ വരുന്നതു് 5 ലക്ഷം ഏക്കറാണ്. മേൽപറഞ്ഞ മുപ്പത്തയ്യായിരം ഭൂവുടമകളുടെ കീഴിൽ തന്നെ പല കുടിയാന്മാരും കാണും. പല കുടിയാന്മാരുടെ കൈവശമായിരിക്കും ഭൂമി ഇരിക്കുന്നതു്, ഓരോ കുടിയാനും 15 ഏക്കർവരെ കണക്കാക്കിയാൽ, ബാക്കിയുള്ള ഭൂമി 5 ലക്ഷം ഏക്കറിൽനിന്നു പിന്നേയും കുറയും. ഒരുപ്പൂനിലം, ഇരുപ്പൂനിലം, പറമ്പുകൾ ഇവ 22½ ഏക്കർ, 30 ഏക്കർ, 37½ ഏക്കർ ഈ തോതിൽ കണക്കാക്കിയാൽപിന്നെ മിച്ചഭൂമി അധികമൊന്നും കാണാൻ ഇടയില്ല. അങ്ങനെ കഴിഞ്ഞകാലത്തെ അവരുടെ കണക്കുകൊണ്ടുതന്നെ വളരെ വ്യക്തമാണ് മിച്ചഭൂമി അധികം കിട്ടാൻ സാദ്ധ്യതയില്ലെന്ന്. മാത്രമല്ല ഇടക്കാലത്തു് വളരെയധികം പാർട്ടീഷൻ നടന്നിട്ടുണ്ട്. സ്നേഹത്തിന്റെ പേരിൽ ദാനം കൊടുക്കൽ നടന്നിട്ടുണ്ട്. അങ്ങനെ വളരെയധികം പാർട്ടീഷനും, ദാനങ്ങളും നടന്നുകഴിഞ്ഞിട്ടുണ്ട്. ശ്രീ. കെ. ചന്ദ്രശേഖരൻതന്നെ അതുസംബന്ധിച്ച കണക്ക് ഇവിടെ പറഞ്ഞിട്ടുണ്ട്; പാർട്ടീഷൻ സംബന്ധിച്ചും മറ്റും ലക്ഷക്കണക്കിന് ആധാരങ്ങൾ രജിസ്റ്റർകച്ചേരികളിൽ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടെന്ന്. ഈ കണക്കുകൾ എല്ലാംവച്ചുനോക്കുമ്പോൾ മിച്ചഭൂമി എത്ര കിട്ടുമെന്നു ആർക്കും തീർത്തുപറയാൻ സാധിക്കുകയില്ല. മിച്ചഭൂമി കിട്ടാനുള്ള വല്ല പഴുതും കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നെങ്കിൽ, അതെല്ലാം ഈ നിയമംമൂലം ഇല്ലാതായിരിക്കുന്നു. ഇതുമൂലം പരിധി പരാജയപ്പെട്ടിരിക്കുന്നു എന്നെല്ലാം പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. സീലിംഗ് വ്യവസ്ഥകൊണ്ടു ഒരുകാര്യം മാത്രമേ നമുക്ക് ഇവിടെ സാധിക്കാൻ കഴിഞ്ഞിട്ടുള്ളു. അതു് മിച്ചഭൂമിനേടാനല്ല, ഈ രാജ്യത്തെ ഭൂമിയുടെ കേന്ദ്രീകരണം ഒട്ടൊക്കെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ്. പഴയ നിയമംകൊണ്ടും, ഈ നിയമംകൊണ്ടും ആ കാര്യം കുറേ സാധിച്ചിട്ടുണ്ടെന്നാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

അഭിപ്രായം. എല്ലാ രാജ്യങ്ങളിലും ഭൂപരിഷ്കരണത്തിന്റെ അടിസ്ഥാന തത്വമായി കണക്കാക്കിയിരിക്കുന്നതു് ഭൂമിയുടെ കേന്ദ്രീകരണത്തെ തടയുക, ഫ്യൂഡലിസത്തെ തകർക്കുക എന്നുള്ളതാണു്. കാർഷികബന്ധനിയമത്തിന്റെ അടിസ്ഥാനത്തിലും, ഈ നിയമത്തിന്റെ അടിസ്ഥാനത്തിലും ഈ രാജ്യത്തെ വലിയ ഭൂവുടമകളെ എല്ലാം തകർത്തു് ഭൂമിയുടെ കേന്ദ്രീകരണവും ഫ്യൂഡലിസവും ഇല്ലാതാക്കുക എന്നുള്ള ഉദ്ദേശം ഏതാണ്ടു് സാധിച്ചിട്ടുണ്ടു്. അതുകൊണ്ടു സീലിംഗ് വ്യവസ്ഥ ഈ നിയമത്തിൽ തകർക്കപ്പെട്ടു എന്നു പറയുന്നതിൽ അർത്ഥമില്ല. അതിനെ എതിർത്തിട്ടും കാര്യമില്ല. സീലിംഗ്, സ്റ്റാൻഡേർഡ് ഏക്കറേജടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടും മററു പല സ്റ്റേററുകളിലേതിനേക്കാൾ കേരളത്തിൽ വളരെ കുറവാണു്. കേരളത്തിലെ സ്ഥിതി അനുസരിച്ചു നോക്കിയാൽ അതു സ്വാഭാവികവുമാണു്. ഭൂമിയുടെ കുറവും, ജനപ്പെരുപ്പവും കൊണ്ടു് സ്വാഭാവികമായി ഇവിടെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് പരിധി കുറവായിരിക്കും, മിച്ചഭൂമിയും കുറവായിരിക്കും. അതിനെ ആക്ഷേപിച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

സർ, ചെറുകിടക്കാരെ സംബന്ധിച്ചു പലരും പറഞ്ഞു, അവരെ എല്ലാം വലിയ ജന്മികളാക്കിമാററി, പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തിരിക്കുകയാണെന്നു്. ചെറുകിടക്കാരുടെ പേരിൽ വലിയ ജന്മികൾക്കു് ആനുകൂല്യം ചെയ്യാനാണു് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതെന്നും ആരോപണമുണ്ടായി. സർ, ഈ രാജ്യത്തെ വലിയ ജന്മിമാരെ സംരക്ഷിക്കണമെന്നു് ഈ ഭാഗത്തിരിക്കുന്നവർക്കാർക്കും അഭിപ്രായമില്ല. പക്ഷേ, ലോകത്തു് എവിടെയും ഉണ്ടായിട്ടുള്ള ഭൂപരിഷ്കരണബില്ലുകൾ പരിശോധിച്ചുനോക്കിയാൽ അവിടെയെല്ലാം ചെറുകിടക്കാരെയും, ഇടത്തരക്കാരെയും സംരക്ഷിക്കുന്ന നിയമങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായി കാണാം. ആ ഭാഗത്തിരിക്കുന്ന ആളുകൾ ക്ഷമിക്കുമെങ്കിൽ അടുത്തകാലത്തു് ഇൻഡ്യയോടൊപ്പംതന്നെ ഭൂപരിഷ്കരണനിയമം നടപ്പാക്കിയ ചൈനയിലെ കഥതന്നെ ഓർത്തുനോക്കാൻ ഞാൻ ആവശ്യപ്പെടുകയാണു്. ഇതു പറയുമ്പോൾ ചിലർക്കു് അത്ര ഇഷ്ടം കാണുകയില്ല. ചൈനയിലെ ഭൂപരിഷ്കരണംകൊണ്ടു് ഇടത്തരക്കാരെയും, ചെറുകിടക്കാരെയും സംരക്ഷിച്ചിട്ടുള്ളതായി കാണാൻകഴിയും. ഈ രാജ്യത്തെ ചെറുകിടക്കാരെ രക്ഷിക്കാൻവേണ്ടി എന്നു പറഞ്ഞുകൊണ്ടു് വലിയ ജന്മിമാർക്കു സംരക്ഷണം നൽകി എന്നു പറയുന്നതു് ശുദ്ധ അസംബന്ധമാണു്. ഫ്യൂഡലിസത്തേയും, നാടുവാഴിസമ്പ്രദായത്തെയും, വൻകിടക്കാരെയും, ഇല്ലാതാക്കി, ചെറുകിടക്കാർക്കും, ഇടത്തരക്കാർക്കും സംരക്ഷണം നൽകാനാണു് ഇതിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്. അങ്ങനെയുള്ളവരെ ലിക്വിഡേററു ചെയ്യണമെന്നു് ഈ ഗവണ്മെൻറിനുദ്ദേശമില്ല, അവരെല്ലാം ഈ രാജ്യത്തിനാവശ്യമാണു്; അവരെ നശിപ്പിക്കുന്നതു ശരിയല്ല എന്ന അടിസ്ഥാനത്തിലാണു് ചെറുകിടക്കാർക്കു ഈ നിയമത്തിൽ ചില ആനുകൂല്യങ്ങൾ ചെയ്തിട്ടുള്ളതു്. അതു പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശത്തിനു വിരുദ്ധമാണെന്നു പറയുന്നതും ശരിയല്ല. പക്ഷേ, പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങൾ പരിപൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതിനു കാരണമുണ്ടു്. കേരളത്തിന്റെ പ്രത്യേകതകൊണ്ടു് അതു ചെയ്യാൻ കുറേ പ്രയാസമുണ്ടു്. ഇവിടെ കുടിയായ്മയ്ക്കു കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നിയമനിർമ്മാണം വളരെക്കാലമായി ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു ഈ രാജ്യത്തു കുടിയാന്മാർക്കു കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ പോകാൻ ഇടവരുത്തരുതെന്നു കരുതിയതുകൊണ്ടാണു് ഈ നിയമത്തിൽ ചെറുകിട ജന്മിമാർക്കു പ്ലാനിംഗ് കമ്മിഷൻ നിർദ്ദേശിച്ച എല്ലാ സംരക്ഷണങ്ങളും നൽകാതിരുന്നതു്. അതേ അവസരത്തിൽ, ചെറുകിടക്കാരെ പാടേ അവഗണിക്കാനും ശ്രമിച്ചിട്ടില്ല. മൊത്തത്തിൽ ചെറുകിടക്കാർക്കു ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും, കുടിയാന്മാർക്കു് അനുവദിച്ചിരുന്ന ആനുകൂല്യങ്ങളിൽ വലിയ കുറവുവരുത്താതിരിക്കുകയും, കഴിവുള്ളിടത്തോളം പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങളെ ആദരിച്ചുകൊണ്ടുതന്നെ ഒരു നിയമം നിർമ്മിക്കുകയും ചെയ്തിരിക്കുകയാണു്. സ്ഥിരം കുടിയാന്മാർക്കു പരിപൂർണ്ണമായ ആനുകൂല്യങ്ങൾ ചെയ്യാൻ സാധിക്കാതെപോയിട്ടുള്ളതു് ഒറാക്കാരണംകൊണ്ടാണു്. ചെറുകിടക്കാർക്കു് ഏതെങ്കിലും വിധത്തിൽ ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നു് ഈ ഗവണ്മെൻറു വിചാരിച്ചു. അതുമൂലം കുടിയാനു് അല്പംചില ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്നു സമ്മതി

LIBRARY ARCHIVES Kerala Legislative Assembly

കുന്നു; അതു് പ്ലാനിംഗ് കമ്മിഷന്റെയോ, മററാരുടെയെങ്കിലുമോ നിർദ്ദേശത്തിനെതിരല്ല, അനുകൂലമാണെന്നുള്ളകാര്യം നാം വിസ്മരിക്കരുതു്.

സർ, ഇവിടെ ഒരു പുതിയ സമീപനം ഗവണ്മെന്റു് സ്വീകരിച്ചതിന്റെ പ്രധാന കാരണം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഗവണ്മെന്റു് കഴിയുന്നത്ര സാമ്പത്തികഭാരം ഏറെറടുക്കാതെ ഭൂപരിഷ്കാരം നടപ്പിൽ വരുത്തണമെന്നു് ആഗ്രഹിച്ചു. കാർഷികബന്ധബില്ലിലെ സമീപനം അതായിരുന്നില്ല. ഗവണ്മെന്റിനു് സാമ്പത്തികമായ ഭാരം കഴിയുന്നത്ര ചുരുക്കണമെന്നു പറഞ്ഞാൽ അതിനെ ആക്ഷേപിക്കേണ്ട ആവശ്യമില്ല. കാർഷികപരിഷ്കരണം നടപ്പിലാക്കണമെന്നുള്ളതു് നിയമത്തിൽ മാത്രം എഴുതിവച്ചാൽ പോരാ. അതു് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയണം. അതിനു് പ്രതിബന്ധമായി വരുന്ന കാര്യങ്ങൾ നിയമത്തിൽ എഴുതിവച്ചാൽ സംരക്ഷണം ലഭിക്കേണ്ട ആളുകൾക്കും ആനുകൂല്യങ്ങൾ കിട്ടേണ്ട കുടിയാന്മാർക്കും അവ ലഭിക്കാതെപോകും. അതുകൊണ്ടാണു് ഗവണ്മെന്റു് സാമ്പത്തികഭാരം ഏറെറടുക്കാതെതന്നെ കുടിയാന്മാർക്കു് നേരിട്ടു് ജന്മിയുടെ കൈയിൽനിന്നും ഭൂമി വാങ്ങാനും പ്രതിഫലം കൊടുക്കാനും ഏർപ്പാടു ചെയ്തിട്ടുള്ളതു്. ഒരു പൈപോലും ഗവണ്മെന്റിനു നഷ്ടം വരാതെയും എന്നാൽ ഒരു പൈപോലും ലാഭം എടുക്കാതെയും മിച്ചഭൂമിയുണ്ടെങ്കിൽ ഭൂമിയില്ലാത്തവർക്കു് വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഇതിൽ വച്ചിട്ടുള്ളതും അതുകൊണ്ടുതന്നെയാണു്. ഇവിടെ പ്രതിഫലസംഖ്യയെ സംബന്ധിച്ചു് പറയുകയുണ്ടായി. മിച്ചഭൂമിക്കു് പ്രതിഫലസംഖ്യ ഇതിൽ നിശ്ചയിച്ചിരിക്കുന്നതു് കാർഷികബന്ധബില്ലിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്നു് ചിലർ പറയുകയുണ്ടായി. അങ്ങനെയുണ്ടെങ്കിൽത്തന്നെ അതിനെ ആക്ഷേപിച്ചിട്ടു് എന്തു കാര്യമാണുള്ളതു്. പ്രതിഫലം കിട്ടേണ്ട ആളുകൾക്കു് ഏതെങ്കിലും തരത്തിൽ പ്രതിഫലം കുറയ്ക്കണമെന്നുള്ള ആഗ്രഹം ഞങ്ങൾക്കില്ല. അവർക്കു് ന്യായമായി കിട്ടേണ്ട പ്രതിഫലം കിട്ടണം. എന്നാൽ കുടിയാന്മാർക്കു കിട്ടേണ്ട ആനുകൂല്യം അവർക്കും കിട്ടുന്നുണ്ടു്. കുടിയാന്മാരോടു് ദ്രോഹപരമായി പ്രവർത്തിക്കുന്നുവെന്നു പറയുന്നതും ശരിയല്ല. ഇവിടെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചില ചില്ലറ വ്യവസ്ഥകൾ പാട്ടം നിശ്ചയിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ളതല്ലാതെ അവർക്കു് ഹാനികരമായ രീതിയിലുള്ള യാതൊരു വ്യവസ്ഥയും ഇതിലില്ല. ആ നിലയിൽ ഭൂ ഉടമകൾക്കു് ഏതെങ്കിലും വിധത്തിൽ പ്രതിഫലം കിട്ടേണ്ടതുണ്ടെങ്കിൽ അതിനെ തടസ്സപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നതുമില്ല. ഭൂ ഉടമകൾക്കു് ശരിയായ രീതിയിൽ പ്രതിഫലസംഖ്യ കിട്ടി ആ സംഖ്യ ഉപയോഗിച്ചു് ഈ രാജ്യത്തിനു് അഭിവൃദ്ധികരമായ പലതും ചെയ്യാൻ കഴിയുമെങ്കിൽ അതും രാജ്യത്തിനു് വളരെ ഗുണകരമായിരിക്കും. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് ഈ ബില്ലിനെ പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾ ഇന്നു് എതിർക്കുന്ന രീതിയിൽ തുടർന്നു് എതിർക്കുന്നതു് ശരിയല്ലെന്നാണു്. ഈ ബില്ലുകൊണ്ടു് പരിപൂർണ്ണമായി ജന്മി കുടിയായ്മവ്യവസ്ഥയെ അവസാനിപ്പിക്കാൻ സാധിച്ചിട്ടില്ല. ഈ നിയമംകൊണ്ടു് എല്ലാ കാര്യവും പൂർത്തിയായിട്ടുണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തിലെ എല്ലാ കുടിയാന്മാർക്കും പൂർണ്ണമായ ഉടമാവകാശം ലഭിക്കുന്നതുവരെ കാർഷികപരിഷ്കരണം പൂർത്തിയായിയെന്നും ഞാൻ പറയുന്നില്ല. ഇതിൽ ഒരു വ്യവസ്ഥ ചെയ്തിട്ടുള്ളതു് ഭാവിയിൽ കുടിയായ്മ പാടില്ലെന്നാണു്. പക്ഷേ നിലവിലുള്ള കുടിയായ്മയെ മുഴുവനായി അവസാനിപ്പിക്കാൻ ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു് സാധിച്ചിട്ടില്ല. എങ്കിലും കുടിയാനായി തുടരുന്ന ആളുകളുടെ കൈയിൽനിന്നും ഭൂമി പോകുകയില്ല. അവർക്കു് എന്തെങ്കിലും ഉടമാവകാശം കൊടുക്കേണ്ടിവരും. ഇന്നു് അവർക്കെല്ലാം ഉടമാവകാശം കിട്ടുന്നില്ലെന്നുള്ള ഒരൊററ കാരണംകൊണ്ടു് ഈ ബില്ലിനെ എതിർക്കുന്നതും ശരിയല്ല. പ്ലാനിംഗ് കമ്മിഷനും കേന്ദ്രഗവണ്മെന്റും മദ്ധ്യവർത്തികളെ ഇല്ലായ്മ ചെയ്യണമെന്നും ജന്മി കുടിയായ്മവ്യവസ്ഥ അവസാനിപ്പിക്കണമെന്നും പറഞ്ഞിട്ടുണ്ടു്. അതു് ഈ ഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ടു്. സാമ്പത്തികമായ പല കാരണങ്ങൾകൊണ്ടാണു് ഈ ബില്ലനുസരിച്ചു് എല്ലാ കുടിയാന്മാർക്കും ഉടനെ ഉടമാവകാശം കൊടുക്കാൻ സാധിക്കാത്തതു്. ഇന്നല്ലെങ്കിൽ നാളെ ഇന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

കുടിയാന്മാർക്കെല്ലാം ഉടമാവകാശം കൊടുക്കാനുള്ള ഘട്ടം വരും. ഈ ബിൽ നടപ്പിൽ വരുത്തി, പടിപടിയായി കാർഷികപരിഷ്കാരണം പൂർത്തിയാക്കാൻ സാധിക്കും.

സർ, കുടികിടപ്പുകാരെപ്പററി ഇവിടെ പറഞ്ഞു. ഈ രാജ്യത്തിലെ എല്ലാ കുടികിടപ്പുകാരേയും ഒഴിപ്പിക്കാൻവേണ്ടിയല്ല ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. കുടികിടപ്പുകാരെ ഒഴിപ്പിക്കരുതെന്നു് കരുതിയുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഒഴിപ്പിക്കുന്ന സന്ദർഭത്തിൽ പകരം ഭൂമി കൊടുക്കണമെന്നു പറയുന്നതു്, ജന്മിമാരെ ഒഴിപ്പിക്കലിൽനിന്നും നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഒഴിപ്പിക്കുമ്പോൾ പകരമായിട്ടു് മൂന്നു സെൻറാ അഞ്ചു സെൻറാ ഇരുപതു സെൻറാ കൊടുക്കണമെന്നുള്ളതല്ല പ്രശ്നം. പകരം ഭൂമി കൊടുക്കുന്നതിനു് ഭൂഉടമകൾക്കു് വിഷമം കാണും, അങ്ങനെ ഒഴിപ്പിക്കലിൽനിന്നും കഴിയുന്നത്ര ജന്മിമാരെ നിരുത്സാഹപ്പെടുത്തുകയെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഇതിന്റെ ഫലം കണ്ടറിയാൻ പോകുകയാണ്. ഒഴിപ്പിച്ചിട്ടു് പകരം ഭൂമി കൊടുക്കുമ്പോൾ അൽപ്പം സെൻറു കുറഞ്ഞുപോയിയെന്നുള്ള ഒരൊററ കാരണംകൊണ്ടു് ഈ രാജ്യത്തിലെ കുടികിടപ്പുകാരെയെല്ലാം ഒഴിപ്പിക്കുമെന്നു പറയുന്നതു് ശരിയല്ല. അങ്ങനെ ഉണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നതുമില്ല. അങ്ങനെ ഈ രാജ്യത്തിലെ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്ന ഒരു സാഹചര്യം വരികയാണെങ്കിൽ അപ്പോൾ അതിനെ തടയുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യാവുന്നതാണ്. നിയമം പാസ്സായിക്കഴിഞ്ഞാൽ ഒഴിപ്പിക്കലുകൾ ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നതു് വെറും അസ്ഥാനത്താണ്. തീരെ നിവൃത്തിയില്ലാത്ത നിലയിൽ കുടിയൊഴിപ്പിക്കലുകൾ ഇപ്പോഴും നടക്കുന്നുണ്ടു്. സർ, പൊതുവേ ഈ ബില്ലിനെ വീക്ഷിക്കുന്നപക്ഷം ചില ചില്ലറ കാര്യങ്ങളിൽ മാത്രമേ പണ്ടത്തേക്കാൾ വ്യത്യാസം വരുത്തിയിട്ടുള്ളുവെന്നു കാണാവുന്നതാണ്. ഈ രാജ്യത്തിലെ കൃഷിക്കാരേയും കുടിയാന്മാരേയും എല്ലാം ഇല്ലായ്മ ചെയ്യുന്നതരത്തിലുള്ള ഒരു നിയമമാണ് ഇതു് എന്നു വരുത്താൻ ശ്രമിക്കുന്നതു് ശരിയല്ലെന്നാണ് എനിക്കു് പ്രതിപക്ഷ സുഹൃത്തുക്കളോടു് പറയുവാനുള്ളതു്. ഈ ബില്ലിൽ എല്ലാ വിഭാഗക്കാർക്കും സാമാന്യരീതിയിലുള്ള നീതി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഈ നിയമത്തിൽ ഇനി വല്ല പോരായ്മകളും ഉണ്ടെങ്കിൽ അതിനെ പരിഹരിക്കാൻ ശ്രമിക്കുകയും കൂടുതൽ നല്ല രീതിയിലുള്ള നിയമമാക്കാൻ ആവശ്യമായ നിലപാടു് എല്ലാവരും സ്വീകരിക്കുകയും ചെയ്യണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker : Order, order. Several members have expressed their desire to speak. To enable the discussion to be completed within the time available, each member should take only 12 minutes. The necessary adjustments may be made by the Members themselves.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഇവിടെ ഈ ബില്ലിനെപ്പററി രണ്ടു ഭാഗത്തുനിന്നും രണ്ടു വിധത്തിലുള്ള അഭിപ്രായഗതികൾ ഉണ്ടായിട്ടുണ്ടു്. രണ്ടിനോടും ബന്ധപ്പെടാത്ത ഒരു അഭിപ്രായമാണ് എനിക്കുള്ളതു്. ഈ ബിൽ പാസ്സാക്കിയതുകൊണ്ടു് വാസ്തവത്തിൽ ഇതിന്റെ ഉദ്ദേശം നടപ്പിലാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി, എല്ലാ കൃഷിക്കാരും തങ്ങളുടെ ഭാഗത്താണെന്നു കാണിക്കുന്നതിനുവേണ്ടിയാണ് ഇവിടെ ഓരോരുത്തരും പ്രസംഗിക്കുന്നതെന്നു്. ആ ബഹുമാനപ്പെട്ട മെമ്പർ ആരാണെന്നു തൽക്കാലം ഞാൻ പറയുന്നില്ല. അതു് നേരാണെന്നു് എനിക്കും തോന്നുന്നു.

ബഹുമാനപ്പെട്ടമന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു് രണ്ടുമൂന്നു കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളതു്. പെസൻറു പ്രൊപ്രൈററർഷിപ്പ് ഉണ്ടാക്കാനാണ് ഇതിന്റെ ഉദ്ദേശമെന്നു പറഞ്ഞു. പക്ഷേ, ഈ ബില്ലുകൊണ്ടു് പെസൻറു് പ്രൊപ്രൈറേറ്റർസിനെ സൃഷ്ടിക്കാൻ സാധിക്കുകയില്ലെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു് പറയുവാനുള്ളതു്. പ്രീസ്ഫ്രം ട്രാൻസ്ഫർമേഷനുവേണ്ടിയാണു് ഈ ബില്ലുകൊണ്ടുവന്നിട്ടുള്ളതെന്നു പറഞ്ഞു. എന്നാൽ ന്യൂ ക്ലാസ്സ് ഓഫ് ലാൻഡ് ലാർഡ്സിനെ ഉണ്ടാക്കാൻ മാത്രമേ ഇതുകൊണ്ടു് സാധിക്കുകയുള്ളു വെന്നാണു് എന്റെ അഭിപ്രായം. അതല്ലാതെ യഥാർത്ഥത്തിലുള്ള പെസന്റു പ്രൊപ്രൈറ്റേഴ്സിനെ ഉണ്ടാക്കാൻ സാധിക്കുകയില്ല. കാൺസൻട്രേഷൻ ഓഫ് വെൽത്തു് ഒഴിവാക്കുന്നതിനുവേണ്ടിയാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നു് മന്ത്രി പറഞ്ഞു. പക്ഷെ അതു് എത്രമാത്രം സാധിക്കുമെന്നു് കണ്ടുതന്നെ അറിയാം. ഭൂമി മുഴുവൻ ഒരു വർഗ്ഗത്തിന്റെയോ വ്യക്തിയുടെയോ കീഴിൽ വന്നുകൂടുന്നതു് തടയുകയാണു് ഈ ബില്ലിന്റെ ഉദ്ദേശമെന്നു പറഞ്ഞു. പക്ഷേ, അതു് എത്രമാത്രം സാധിക്കുമെന്നു് പറയുന്നതു് എനിക്കു് വിശ്വസിക്കാൻ വയ്യാ. ഇവിടെ കമ്പനികളേയും, കോവാപ്പറേറ്റീവ് സൊസൈററികളേയും റബ്ബർ എസ്റ്റേററുകളേയും എല്ലാം സീലിംഗിൽനിന്നും ഒഴിവാക്കിയിരിക്കുകയാണു്. നമ്മുടെ നാട്ടിലെ കോവാപ്പറേറ്റീവ് സൊസൈററികൾ ഏതു രീതിയിലാണു് പ്രവർത്തിക്കുന്നതെന്നുള്ളതു് എല്ലാവർക്കും അറിയാമല്ലോ? പിന്നെ എന്തിനാണു് ഈ കോവാപ്പറേറ്റീവ് സൊസൈററികളെയെല്ലാം ഒഴിവാക്കിയതെന്നെനിക്കറിഞ്ഞുകൂടാ. ഈ ബില്ലുകൊണ്ടു് കുറെ പുതിയ ജന്മികളെ ഉണ്ടാക്കുന്നതിനുമാത്രമേ സാധിക്കുകയുള്ളു. എനിക്കു് ഏററവും പ്രധാനമായി പറയുവാനുള്ളതു് കേരളത്തിന്റെ എല്ലാ ഭാഗത്തും ജന്മിത്വം നിലനില്ക്കുന്നുണ്ടു്. പ്രത്യേകിച്ചും മലബാർ ഭാഗത്താണു് ഇതു് കൂടുതലുള്ളതു്. ഇന്നു് തിരുവിതാംകൂറിനെ സംബന്ധിച്ചു് ജന്മിത്വം ഇല്ലാതായിത്തീർന്നിട്ടുണ്ടു്, കൊച്ചിയിൽ ചില ഭാഗങ്ങളിൽ നിലനില്ക്കുന്നുണ്ടു്. ഇവിടെ ഹാജരാക്കിയ ബില്ലിൽ ജന്മിത്വം അവസാനിപ്പിക്കാൻ കഴിയുമെന്നു് പറയുന്നതു് എങ്ങനെയാണെന്നു് മനസ്സിലാകുന്നില്ല. കാരണം ഈ ബില്ലുകൊണ്ടു് ജന്മിത്വം അവസാനിപ്പിക്കാൻ അല്ല നിലനിർത്താൻ പോകുകയാണു്. തിരുവിതാംകൂറിലെ ജന്മി കുടിയായ്മ ആക്ടനുസരിച്ചു് ജന്മിക്കരം ഗവണ്മെന്റു പിരിക്കുകയായിരുന്നു. അതുപോലെ ഒരു വ്യവസ്ഥ ഇതിലും വേണ്ടതായിരുന്നു. ജന്മിത്വം അവസാനിപ്പിക്കാനുള്ള വ്യവസ്ഥയല്ല, ജന്മിത്വം ഉറപ്പിക്കാനുള്ള വ്യവസ്ഥയാണു് ഇതിലുള്ളതു്. ഈ നിയമത്തിലെ വ്യവസ്ഥകൾകൊണ്ടു് ജന്മിയും കുടിയാനും കോടതിയിൽ കയറാനുള്ള സൗകര്യം കൊടുത്തിരിക്കുകയാണു്. അത്തരത്തിലുള്ള ഒരു വ്യവസ്ഥ പാടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ തിരുവിതാംകൂർ ജന്മികുടിയായ്മ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ഗവണ്മെന്റാണു് ജന്മിക്കരം പിരിച്ചുകൊണ്ടിരുന്നതു്.

സർ, ആ രൂപത്തിൽ എന്തെങ്കിലുമൊരു വ്യവസ്ഥ ജന്മിക്കായാലും കുടിയാനായാലും കുഴപ്പമുണ്ടാകാത്ത തരത്തിൽ ഗവണ്മെന്റു് ചെയ്തിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അതു കഴിഞ്ഞിട്ടു് ഇപ്പോൾ ജന്മിമാരാണെങ്കിൽ ഈ ബിൽകൊണ്ടു് അവർക്കു് ദൂഷ്യമാണെന്നാണു പറയുന്നതു് ചെറുകിടക്കാർ പറയുന്നു അവർക്കും ഈ ബിൽകൊണ്ടു് ദൂഷ്യമാണു് ഉണ്ടാകാൻ പോകുന്നതെന്നു്. പിന്നെ ആരെ തൃപ്തിപ്പെടുത്താനാണു് ഈ ബിൽ കൊണ്ടുവരുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരുപക്ഷേ കുറച്ചു എസ്റ്റേററു് ഉടമസ്ഥന്മാരെ സഹായിക്കാൻവേണ്ടിയായിരിക്കാം ഈ ബിൽകൊണ്ടുവന്നതു് എന്നു എനിക്കു് തോന്നുന്നു. അല്ലാതെ സാധാരണക്കാർക്കു് ആർക്കെങ്കിലും തൃപ്തിയുണ്ടാക്കാനുള്ള വിധത്തിൽ എന്തെങ്കിലും ചെയ്തിരുന്നെങ്കിൽ അതു് മനസ്സിലാക്കാമായിരുന്നു. ഒന്നുകിൽ കുടിയാന്മാരെ സഹായിക്കണം, അതല്ലെങ്കിൽ ചെറുകിടക്കാരെ സഹായിക്കണം, അതല്ലെങ്കിൽ ജന്മിമാരെ സഹായിക്കണം. എല്ലാവർക്കും ഉപകാരം ചെയ്യുമെന്നു പറഞ്ഞിട്ടു് ഈ ബിൽകൊണ്ടു് ഇവിടെ ആർക്കും യാതൊരു ഉപകാരവും ഉണ്ടാകാൻ പോകുന്നില്ല. എല്ലാവരേയും വിരോധപ്പെടുത്തുകയാണു് ചെയ്യുന്നതു്. അവരുടെ കൈയിലുള്ളതു് എടുക്കുന്ന തരത്തിലുള്ള ഒരു ബിൽ ഇവിടെ കൊണ്ടുവന്നു പാസ്സാക്കുന്നതു് ശരിയാണോ? കാർഷികബന്ധനിയമം ഇവിടെ കൊണ്ടുവന്നു. അതിനു് പല കുറവുകളുമുണ്ടായിരുന്നു. അതിനെതിരായി ഇവിടെ പ്രക്ഷോഭണങ്ങൾ നടന്നു. ഏതായാലും അതു കഴിഞ്ഞതിനുശേഷം അതിനിവിടെ അമെൻഡുമെന്റു കൊണ്ടുവന്നു ആ നിയമം കോടതിയിൽപോയി. കോടതി നിയമവിരുദ്ധമാണെന്നു

[ശ്രീ. പൊന്നറ ജി. ശ്രീധർ]

പറഞ്ഞു. ആ വിധത്തിലാണ് അതിൽ വ്യവസ്ഥകൾ എഴുതിവച്ചിരുന്നതു്, ഇനിയും ഈ നിയമം ഹൈക്കോടതിയിൽ പോകും. 9—ാം ഷെഡ്യൂൾ ഈയിടയ്ക്കൊന്നും പാസ്സാക്കാൻ പോകുന്നില്ല. അതു് മാററിവച്ചിരിക്കുകയാണ്. ഈ നിയമം ആക്ടായിക്കഴിഞ്ഞാൽ അഞ്ചു ദിവസത്തിനകം ഹൈക്കോടതിയിൽപോകും. ആ വിധത്തിലാണ് ബില്ലിലെ പല ഭാഗങ്ങളും എഴുതിവച്ചിരിക്കുന്നതു്. ആ വിധത്തിലുള്ള ഒരു ബില്ലിനു് എന്റെ സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരൻ പല അമെൻഡ്മെൻറുകളും കൊണ്ടുവന്നിരുന്നു. അന്നു് അദ്ദേഹം അധികാരത്തിലിരുന്ന സമയത്തു് ഇങ്ങനെ നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി യാതൊന്നും കൊണ്ടുവന്നില്ല. ഇപ്പോഴാണ് അദ്ദേഹത്തിനു് നല്ല കാര്യങ്ങൾ ചെയ്യണമെന്നു തോന്നുന്നതു്. അതുപോലെ മിസ്റ്റർ ചാക്കോയ്ക്കു് എന്തെങ്കിലും നല്ല കാര്യം ചെയ്യണമെന്നു ഉദ്ദേശമുണ്ടെങ്കിൽ അതു് ഇപ്പോൾ ചെയ്യണം. ഈ സ്ഥാനത്തുനിന്നു പോയിട്ടു് നല്ലകാര്യമൊന്നും ചെയ്തില്ലെന്നു വിചാരിച്ചു് പിന്നീടു് വിഷമിക്കരുതു്. അതുകൊണ്ടു് എന്തെങ്കിലും ഗുണം ചെയ്യണമെന്നുണ്ടെങ്കിൽ അതു് ഇപ്പോൾ ചെയ്യണം.

ചെറുകിടകർഷകരെ സംബന്ധിച്ചിടത്തോളം അവക്കു് നാലര ഏക്കർ കല്പിച്ചുകൊടുത്തിരിക്കുകയാണ്. ആദ്യം അഞ്ചേക്കർ വച്ചതു് കൂടുതലാണെന്നു പറഞ്ഞു് അതു് നാലരയാക്കിയിരിക്കുകയാണ്. ആ വിധത്തിൽ കുറഞ്ഞു് കുറഞ്ഞു് പിന്നീടു് അവക്കു് ഒന്നും കാണുകയില്ല. നാലര ഏക്കർകൊണ്ടു് അവരുടെ ഒരു കുടുംബത്തിനു് ജീവിക്കാൻ കഴിയുകയില്ല. ഒരു കുടുംബത്തിനു് കൈവശം വയ്ക്കാവുന്നതാണെങ്കിൽ നാലര ഏക്കർ, സീലിംഗാണെങ്കിൽ അതു് അതേമാതിരി ഒഴിഞ്ഞുമാറാൻ സാധിക്കുമോ എന്നു പരിശോധിക്കുകയാണെങ്കിൽ അതിനുള്ള എല്ലാ പഴുതുകളും ഈ ബില്ലിൽ കൊടുത്തിരിക്കുകയാണ്. എന്നാൽ കുറേ ആളുകൾക്കു് വേണ്ട സൗകര്യം കൊടുത്തിട്ടുണ്ടു്. അതു് എല്ലാവക്കും കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ വിധത്തിലുള്ള ഒരു ബിൽ ഇപ്പോൾ ഇവിടെ കൊണ്ടുവരേണ്ടതില്ലായിരുന്നു. കൊണ്ടുവന്നതിനുശേഷം നന്നാക്കാനൊന്നും ഒക്കുകയില്ല. അതൊന്നും ചെയ്യാതെ ഇപ്പോൾ ഈ ബിൽ പാസ്സാക്കുന്നതിനു് അധികാരത്തിലിരിക്കുന്ന കക്ഷിക്കു് ഭൂരിപക്ഷമുള്ളതുകൊണ്ടു് സാധിക്കും. അതു് പാസ്സാകും. അതിനെതിരായി ഇവിടെ പ്രക്ഷോഭണം നടക്കുമെന്നു പറഞ്ഞതൊന്നും ഞാൻ വിശ്വസിക്കുന്നില്ല. പ്രക്ഷോഭണമല്ല ഇവിടെ നടക്കാൻ പോകുന്നതു്. നാട്ടിൽ അരാജകത്വമാണു് ഉണ്ടാകാൻ പോകുന്നതു്. ഒരുത്തൻ വേലചെയ്തുണ്ടാക്കിയതു് മറെറാരാളിനു് കൊടുക്കേണ്ടതായി വരുമ്പോൾ, അവർ കൃഷിചെയ്തു നട്ടു വളർത്തിയ അവന്റെ കുഞ്ഞുങ്ങളെപ്പോലെ വളർച്ച കണ്ടുകൊണ്ടിരുന്ന, തെങ്ങും മററും വച്ചുപിടിപ്പിച്ച ഭൂമി വേറൊരാളിനു് കൊടുക്കണമെന്നു പറഞ്ഞാൽ അതു സാധാരണമനുഷ്യൻ കൊടുക്കുമോ എന്നറിഞ്ഞുകൂടാ. ഇവിടെ സംഘടിതമായ പ്രക്ഷോഭണമുണ്ടാകുമെന്നു പറഞ്ഞതൊന്നും ഉണ്ടാകാൻ പോകുന്നില്ല. പക്ഷേ അവന്റെ അതിർത്തിയിൽ കാലുകുത്തുമ്പോൾ ആ കാലു് തിരിച്ചുകിട്ടുകയില്ല. അതാണു് ഞാൻ അരാജകത്വമെന്നു പറഞ്ഞതു്. ആ വിധത്തിലുള്ള സംഭവങ്ങൾ ഈ നാട്ടിൽ ഉണ്ടാകുമെന്നാണു് എന്റെ ഭയം. അല്ലാതെ ഇവിടെ പ്രക്ഷോഭണമുണ്ടാകുമെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. ഈ ബില്ലിന്റെ പല ഭാഗങ്ങളിലും ഡിസ്ക്രിമിനേഷൻ ഉണ്ടു്. അതുകൊണ്ടു് ഞാൻ ഈ ബില്ലിനെ സപ്പോർട്ടു ചെയ്യുന്നുമില്ല, എതിർക്കുന്നുമില്ല. ഏതായാലും ഈ ബിൽകൊണ്ടു് യാതൊരു ഗുണവുമില്ല. യഥാർത്ഥത്തിൽ സങ്കടം ഉണ്ടെന്നുമാത്രം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri V. R Krishna Iyer: Mr. Speaker Sir, this bill has now reached the final stage and is likely to be passed. But I deem it right and proper to oppose the passing of this Bill at the Third Reading stage. This marathon course with hurricane speed has reached the culminating point, but still there is time to recall the Bill and that is why there is the third Reading. Now I do not say that there should be a vacuum. If this Bill is not there, what is going to happen? of course the Parliament, in its

LIBRARY ARCHIVES Kerala Legislative Assembly

wisdom, and the Central Government, according to its own light, sought to revive Act IV of 1961 with the result that we will not be without any legislative provision in regard to Agrarian relations merely because this bill retraces its steps. Nor do I suppose nor have any inhibition that as a result of this measure there is possibility of a conflagration in the whole State from the tenants or peasantry. I am not so intimately connected with the movement; and so, I am not in a position to predict one way or the other. I look at the whole thing from a different standpoint.

Now, we, in this country, have accepted as part of the ideology, if I may say so, expressed by the will of the Nation that there should be Agrarian Reforms of a drastic nature. Quite recently, the Congress Party, particularly the Prime Minister, expressed impatience at the way in which various States have been going on with Agrarian Reforms. It is therefore right that in Kerala we engaged ourselves in this measure of Agrarian Reforms. It has come none too late, but then Agrarian Reforms, as envisaged by the Constitution and as demanded by the people of this country, mean peasant proprietorship and the cultivator getting the fruits of his labour and thereby taking the Nation forward in the matter of food and agricultural production. That is the particular objective from which we have to view any land reform measure. To the extent to which any measure fails to achieve this purpose, to the extent to which any measure pushed us backwards to that extent and viewed from that angle, the measure should be considered certainly unwelcome. Let us view it in that way and that is the only way in which I look at it not from the agitative angle nor from the feudalist angle. Is there any use of shedding tears over it and say, if it is passed there will be no upheaval in the country? That is not my approach. I look at it from a different angle. What is the particular objective of agrarian reforms? It is common ground that there should be a considerable easing of the burden of the tenants, i. e. in plain terms, a substantial reduction in the current levels of rent. The basis is that production is attributable to the man who toils but, on account of the feudal traditions in the country, the landlord takes away the lion's share. And now our endeavour is to reduce the rent that the tenant has to pay under the existing provisions of law. Does this measure reduce rent or does it increase the rent? That is the first thing.

Another important point is that the cultivator, if he is to be enthusiastic about cultivation, must have absolute security. It smacked of madness to talk of eviction in 1953, but 13 years after our Constitution had been passed and 16 years after India had become free, after a big upsurge by the mass of the people today, is there absolute security or immunity so far as tenants are concernd. What was the law a little while before and what is the law that we are enacting here? If it falls short of what is there already, it is a regrettable thing indeed because we must be going forward and not backward.

The third thing is peasant proprietorship, i. e. the abolition of intermediaries between the cultivator and the State. Do we go forward in that direction or are we being pushed backward from that point of view.

2/755/S

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

The fourth criterion which we have accepted and which we must adopt as a touchstone for judging this measure and its fruitfulness is whether there is land to be procured for distribution to the landless people. Should we have small holdings, should we have large farms or should we have co-operative farms or State farms ? One thing is certain. As an axiomatic part of the Agrarian ideology of India, we have accepted ceiling being set according to the local conditions and context of each State. That also is an important factor in testing this. From these points of view, I would like to say one thing.

It is this. The other day I read a very recent book' 'Flying Troika" by a very famous Indian Ambassador in which he has described how he presented his credentials to President Stalin. The Indian Ambassador said that after having had to walk backwards and forwards much, he was reminded of a famous exclamation, "Are men crabs to walk backwards"? That is a question that the learned author puts. "Are men crabs to walk backwards"? The suggestion is, men are not crabs to walk backwards; they must go forward. I want to know. Are Government crabs to walk backward? Are we making legislation which take us backward, or, are we going forward? One thing is certain. Governments like men, are to go forward and not to go backward like crabs. That is something very important. Let us therefore see whether this measure takes us forward or backward. Of course, there is a demand made, a claim made, that this is a big leap forward. The hon. Minister certainly knows what is meant by a leap forward. The words are so familiar and ringing in our ears. A programme adopted by the neighbouring country as "leap forward" and trumpeted likewise, has resulted in a leap backward. There is an endeavour to make not merely a leap forward but a big leap forward in policies, but really we have plunged into an abyss. It is never a case of going forward. Let us go moderately, reasonably and see what can be done. From that standpoint the claim that is being made is quite atrocious and unjustified and the expression is odious in our country. 'Leap forward' proved to be a failure elsewhere, a big leap forward has meant taking us elsewhere.

Let us approach this question from a broader perspective of land legislation, which I have outlined, and from that angle, let us look at this particular measure. Let us take first rent. I am not going into detail for obvious reasons of shortage of time. There must be atleast equal opportunity for everybody.

12 NOON

I may just illustrate my point. In regard to rent, one thing is absolutely clear. As early as the Malabar Tenancy Act, 1951, the Malabar Tenancy (Amendment) Act 1954, and still further, the amendment Act of 1956 passed by the Madras Legislature long long ago, the rent had been stipulated. Can it be said today, can it be trumpeted if we do the same thing here, that it is a big leap forward or big leap backward. I would say, in 1951 taking note of the Malampuzha dam, and other irrigational programmes, available in Palghat District, there is an express provision that wherever there are irrigational facilities provided by Government, the gross produce or the normal produce will not include benefits derived from the irrigational source. Now, why is it being taken away? It is not logic but

LIBRARY ARCHIVES Kerala Legislative Assembly

it is a question of life. It is no use applying logic, saying why not the landlord and the tenant profit by that. It is absolutely wrong to argue on the basis of such a logic. On the other hand, life is far more important than logic and mere logic, so far as it contradicts life, should be eschewed. What we find in the Malabar Tenancy Act of 1951 is that any benefit that accrues to the tenant on account of irrigational facilities rendered by Government will not be accountable because the tenant must have the enthusiasm to produce more. It is the only way by which he can be appetised to produce more with the larger objective of production being increased or peasant proprietorship being achieved. Peasant proprietership is not a snag. The Malabar Tenancy Reforms Committee in 1950 and the K.P.C.C. Resolutions in 1963 pointed out that the burden upon the tenants must be reduced so that eventually this burden might disappear altogether. But what do we find here? Benefits from irrigational sources which were not taken into account even in 1951, 12 years afterwards, we have said, that they may be taken into account.

Likewise, in regard to the first and second crops, as early as 1956, there was a legislation. A Private Members' Bill was introduced in the Madras Legislative Assembly as early as 1956 and it was passed because of the unanimous assent of all the members who were returned from Malabar. In fact, the then Minister Shri C. Subramoniam said "If there is one member from Malabar who says, 'I do not agree with this measure' we will oppose." That was what he said, and then with the complete support of the entire Malabar M.L.As., the measure was passed and there it was laid down that the second crop shall be deemed to be half of the first crop. All the members of the Malabar area, Congress, P.S.P., the Socialists, and the Communists, all of them joined together and I must say that a respectable gentleman, who is now a Minister in this Cabinet, piloted it in the Council. I moved that in the Assembly. My hon. friend Mr. P. P. Ummer Koya piloted it in the Council, and that measure was passed. In 1956 the Kamaraj Ministry supported that measure which said that the second crop shall be deemed to be half of the first crop. Now in 1963, we are making a "big leap forward" indeed.

Now, another point I would like to state is this. The small holder is entitled to get at his option one of the three things in the matter of the fixation of rent—the fair rent, or 75 per cent of the contract rent or the rent fixed under this Act or the earlier Act. This means the small holder is entitled to get at his option the higher of the three which will be chosen by him naturally. What does it mean? Are we increasing the rent or are we reducing the rent? Kerala has an enormous population with big landlords and small land holders teeming in thousands. There are legions of small landholders in the State. The bulk of the holders are small holders. We find that rents are going to be substantially increased in such cases because they are being given the option not to receive the 75 per cent of the contract rent but one of the three alternatives. It will be much more than the contract rent, and this is being trumpeted about as one of the blessings given to the small holders. With regard to the small holders, rents are going to be increased and it is consciously being done. The result is, so far as the Malabar area is concerned, a large number of tenants will have to pay much more than what they are already paying. Contract rent

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

may be reduced in terms of money and in regard in paddy also they might pay contract rent stipulated in terms of money. There was a provision saying that where there is a stipulation in terms of money that money rent alone need be paid. That provision has been taken away. It is unfortunate. Are we 'leaping forward', or, in the Churchillian phrase, "making a headway steadily backwards."

In regard to eviction also, are we going forward? The large numbers of tenants under the small holders in the Malabar area are now being given the choice of surrendering half or continuing as tenants. I want to know in the present circumstances, is it not really a sort of legislative coercion to surrender half? Of course, a legislation does not say "Do surrender, I command you to surrender." But in substance, what would be the effect on the small holders if they are to purchase? Naturally, there will be an anxiety to purchase the ownership of a particular land and this anxiety of the cultivator to become full owner is being exploited by the dubious method of asking him to surrender half to the small holder. Look at it! Is it not really unfair that a person who cultivates his land and therefore naturally desires to become its owner should be exploited? Do you want to become the owner? There is a natural urge to become owner. What is the price you are going to pay? Very dear price! He will rather say, "I would rather commit suicide than surrender half of the land I am cultivating". Is it not really therefore very unfair? I would say that this is a dubious method of compelling the tenant to surrender half not even having the troublesome features of getting the half by litigation, attendant with all kinds of vexatious proceedings. Here the small holder need not even file a suit for eviction. If the other man wants to become the owner, he must surrender the half. Virtually, what we have done is to provide a legislative device by which the so-called pseudo-small holder can command the tenant to surrender half of the land. That is not certainly a progressive measure from the point of view of eviction.

Now, in regard to kudikidappu, which is a big problem in Kerala I had said on an earlier occasion that it was an extraordinary feature of the State with its immense demographic pressure on land. What we have is a colossal increase in population, with the result that there in no standing space for human beings. It becomes an obligation—ethical, moral and legal—of any State under these circumstances to provide for absolute fixity in regard to the hutment, homestead or hovel in which the man lives at night. Should we not protect him? I know there is an approach made here. Now, under the Kerala Agrarian Relations Act, there are certain things. Now, we are making certain improvements at present on them, but I would like to compare this with the Malabar Tenancy Act of 1951. There, it is said that any ulkudi who has been in continuous occupation for one year is protected. No ulkudikaran can be evicted; he can be only shifted from one place to another. So far as this Bill is concerned, there is an express provision by which eviction of a kudikidappukaran is made possible. It is not a case of merely shifting. What is being flaunted or boasted is that we have conferred a new right on the kudikidappukaran. That right is, he can repair and reconstruct. I would not call it new but I do not want to run down this legislation.

LIBRARY ARCHIVES Kerala Legislative Assembly

In the Agrarian Relations Act it was there, but on account of judicial construction, this right of reconstruction was deemed to be not there but the right of repair was there and the meaning of the word "same" was interpreted as the same old hut being brought back. That construction of the judiciary is contrary to the intentions of the Legislature; and therefore what we have done is to clarify the position by the Legislature. I never expect that this will become a matter for boast or claim as a "big leap forward".

Now, I would like to mention a few things more. In regard to kudikidappukaran, the growing need of that man in agony is this. He wanted that the customary uses to which he has put the adjoining land without occupation or possession to be assured to him. It is the common experience of people who have known kudikidappukarans—certainly the hon. Minister would know about it and the other Members of the House may know more intimately—that a number of them are fishermen, living in coastal areas. They have to dry their fishing nets. They can be driven out not by demolishing their huts, but by objecting to the fishing nets being dried. Certainly one can say, "You cannot dry the nets in the premises; you cannot go along this way, I shall provide another way. If there is an easement of necessity, you can go along this way." Then again, the kudikidappukaran may not be allowed to take water from the well or pond belonging to the owner. The owner may threaten him by saying that he should not take water from his pond, as he proposes to fill it up. There is no natural right or right of easement to take water from somebody-else's pond. These methods can be used to drive out the kudikidappukaran fairly successfully in practice. I would like to know whether we are able to provide something for which the suffering kudikidappukaran could express some satisfaction of relief and gratitude. In regard to kudikidappu we have hardly gone forward. Judging from the Malabar Tenancy Act, we have definitely gone backwards.

Sir, in regard to big landlords, I think the claim is right. Have we not made a leap forward? The answer is emphatically affirmative. The definition of plantations includes many more things—the Kuttanad padasekharams are given exemption. This is a big "leap forward! There are other cultivaitons like pepper gardens of five acres, cashew and arecanut gardens of ten acres, and what not! By these, have we not made really a "leap forward"! I think the claim is just and must be conceded but from the point of view of peasants, I am afraid, we cannot.

In regard to eviction, I feel that the expression 'need'—primary need—which had been introduced as early as 1954, in the Malabar Tenancy Act, has been changed. Even in regard to resumption, even that has been substituted by the weaker word 'require'. The overall picture of the whole situation yields this result.

Mr. Speaker: Your time is over. Please conclude.

Shri V. R. Krishna Iyer: In regard to rents we have been making no progress, on the other hand, we have gone backwards, when we compare the Schedules of the Act 4 of 1961 with those of the present Bill.

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

In regard to eviction, undoubtedly, we are going backwards. In regard to kudikidappukaran, we are going backwards, even behind the calendar of 1954 and in regard to compensation for small holders, we are going backwards. In regard to various other matters, excepting in regard to the big landowners—a particular type, not all the big landholders—we are going backwards.

There are many more things by which I would illustrate this. I submit that this legislation, which is not suitable to the needs of the people might be inexorably passed for the time being.

"The moving Finger writes; and having writ,
Moves on: nor all thy piety nor wit
Shall lure it back to cancel half a Line,
Nor all thy tears wash out a Word of it.

The moving finger has now writ and is moving on because of certain circumstances and because of certain determination. But we should remember the old dirge of the poet, 'If you do not make the law the people want, the people will change the law-maker'. You should remember that. With these words, I conclude.

ശ്രീ. ആർ. കൃഷ്ണൻ: സർ, ഈ ബിൽ നിയമമാകാൻ പോകുകയാണു് ഈ ബില്ലിനെ എതിർത്തുകൊണ്ടാണു് ഞാൻ സംസാരിക്കുവാൻ പോകുന്നതു്. ബഹു: മന്ത്രി അദ്ദേഹത്തിന്റെ സുദീർഘമായ പ്രസംഗത്തിൽ ഈ ബില്ലിനെ ന്യായീകരിച്ചുകൊണ്ടു് സംസാരിക്കുകയുണ്ടായി. ആ പ്രസംഗത്തെ പിൻതാങ്ങിക്കൊണ്ടു് ശ്രീമാൻ കെ. കെ വിശ്വനാഥനും സംസാരിക്കുകയുണ്ടായി. എന്തുതന്നെയായാലും ഈ ബിൽ ഇന്നത്തെ കാലഘട്ടത്തെ വച്ചുനോക്കുന്ന അവസരത്തിൽ വളരെ അധികം പിന്നോക്കമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, കുടിയിരിപ്പുകാരെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഈ ബിൽ നടപ്പിലാക്കുന്നതോടുകൂടി അവർ ഇന്നുവരെ അനുഭവിച്ചു വന്നിട്ടുള്ള ആനുകൂല്യങ്ങൾപോലും എടുത്തു കളയുവാൻ ഇടവന്നിട്ടുള്ള ഒന്നാണെന്നു ഈ ഭാഗത്തു നിന്നു സംസാരിച്ച ബഹു: മെമ്പറന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ചെറുകിടക്കാരുടെ കണ്ണുനീർ തുടച്ചുകൊണ്ടുള്ള ഒരു ബില്ലാണു് ഇതു് എന്നു് ഈ ബിൽ അവതരിപ്പിച്ചതു മുതൽ ബഹു: മന്ത്രി ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായി. ഈ ബിൽ അനുസരിച്ചു് ചെറുകിടക്കാരായി വന്നിട്ടുള്ളതു് ആരൊക്കെയാണെന്നു നോക്കുകയാണെങ്കിൽ കൂടുതൽ മററു വരുമാനമുള്ളവരും കൂടുതൽ ഭൂമി കുടിയാന്മാരുടെ കൈവശത്തിലിരിക്കുന്നവരുമാണു്. അങ്ങനെ മററു വരുമാനമുള്ളവരും കൂടുതൽ ഭൂമിയുള്ളവരും പ്രത്യേകിച്ചു ചെറുകിടക്കാരായിത്തീരാൻ വേണ്ടിയുള്ള ശ്രമം വകവച്ചുകൊടുത്തു അവർക്കെല്ലാം പാട്ടം വർദ്ധിപ്പിക്കാനും അവർക്കു പ്രതിഫലം കിട്ടാനും ഒഴിപ്പിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിനും സഹായിക്കുകയായിരിക്കും ഈ നിയമത്തിന്റെ ഫലം. യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു് കൃഷിക്കാർക്കു് പ്രേരണ നൽകുന്നതിനു പകരം അവരെ അടിച്ചമർത്തുന്ന തരത്തിലാണു് ഈ ബില്ലിൽ വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുള്ളതു്.

ശ്രീമാൻ വി. ആർ. കൃഷ്ണയ്യർ ഇവിടെ പറഞ്ഞമാതിരി മലബാർ ടെനൻസി ആക്ററിൽ ഗ്രോസ് പ്രൊഡ്യൂസ് കണക്കാക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള നിയമം പാസാക്കിയ അന്നു മുഖ്യമന്ത്രിയായിരുന്ന സി. രാജഗോപാലാചാരി കൃഷിക്കാർക്കു അനുവദിച്ചു കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾപോലും ഈ 1963-ൽ പാസാക്കാൻ പോകുന്ന നിയമത്തിൽ അംഗീകരിക്കാൻ ഈ നിയമസഭയ്ക്കു് കഴിഞ്ഞിട്ടില്ല. അതിനെക്കാൾ നാം എത്രയോ കാലം പുറകോട്ടു പോയിരിക്കുന്നു എന്നാണെനിക്കു് ഈ ബില്ലിനെ പററി പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ജലസേചന പദ്ധതികൾ കുടിയാന്റെ ചെലവിലോ, ഗവണ്മെന്റിന്റെ ചെലവിലോ നടപ്പിൽ വരുത്തിയതിന്റെ ഫലമായി വിളവു വർദ്ധിക്കുകയാണെങ്കിൽ തന്നെയും അതിനു മുമ്പുള്ള വിളവാണ് കണക്കാക്കേണ്ടതു് എന്നാണ് മലബാർ കുടിയായ്മ ഭേദഗതി നിയമത്തിൽ പറയുന്നതു്. വിളവിന്റെ കാര്യത്തിൽ മുമ്പു മലബാർ ടെനൻസി ആക്ററിലുണ്ടായിരുന്ന വ്യവസ്ഥകൾ കാർഷികബന്ധ നിയമത്തിലും അംഗീകരിച്ചിട്ടുണ്ടു്. പാക്കേജു പദ്ധതിയും മററും നടപ്പാക്കിയിട്ടുള്ളതിന്റെ ഫലമായി കൃഷിക്കാർ കൂടുതൽ അദ്ധ്വാനിച്ചു കൂടുതൽ വിളവുണ്ടാക്കുന്നതായാൽ അതിന്റെ പങ്കു ജന്മിക്കു് കൊടുക്കണം എന്നാണിതിൽ പറയുന്നതു്. ഇതിന്റെ ഫലമായി, വിശേഷിച്ചും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അവർക്കു ഒരു പ്രേരണയല്ല നൽകുന്നതു ഉൽപ്പാദന മാന്ദ്യം ഉണ്ടാകുന്നതിനാണ് സഹായകമായി തീരുന്നതു്. കുടിയാന്റെ അദ്ധ്വാനത്തിന്റെ ഫലം അവനു അനുഭവിക്കാൻ കഴിയും എന്നുള്ള മന:സ്ഥിതി അവനുണ്ടാകുന്നതിനു പകരം ജന്മിക്കു അതു പങ്കുവയ്ക്കണം എന്നു പറയുന്നതുകൊണ്ടു് ഈ നിയമം ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വഴി വിളക്കാണെന്നു ആരെങ്കിലും പറയുകയാണെങ്കിൽ അതു നിശ്ചയമായും അങ്ങനെ ആകുകയില്ല. ബഹു: മന്ത്രിയുടെ പ്രസംഗമൊക്കെ വായിച്ചാൽ അങ്ങനെ തോന്നും. പക്ഷെ പ്രായോഗികമായി ഇതെങ്ങനെ ബാധിക്കുമെന്നുള്ളതു് അതേ സംബന്ധിച്ചുള്ള വകുപ്പുകൾ പരിശോധിച്ചു നോക്കുകയാണെങ്കിൽ കുടിയാനു വളരെയധികം ദോഷംചെയ്യുന്ന ഒരു ബില്ലാണ് ഇതെന്നു കാണാൻ കഴിയും. ചെറുകിട ജന്മിയുടെ കുടിയാനു ഭൂമി പർച്ചേസ് ചെയ്യണമെന്നുണ്ടെങ്കിൽ അയാൾ പകുതിഭൂമി ഒഴിഞ്ഞുകൊടുത്തേ നിവൃത്തിയുള്ളു, വിലയോമാക്റെറുനിലവാരത്തിലും കൂടുതലായിരിക്കും. അതിനു ഒരു കുടിയാനും തയ്യാറാകാൻ പോകുന്നില്ല. നിലവിലുള്ള പാട്ടംതന്നെ വളരെ കൂടുതലാണ്. നിലവിലുള്ള പാട്ടം വളരെ കൂടുതലാണെന്നു് ജന്മികൾപോലും സമ്മതിക്കും. അതുകൊണ്ടാണ് പാട്ടത്തോതു കുറയ്ക്കണം എന്ന പ്രക്ഷോഭം ഉയരുന്നതു്. പാട്ടം കൂടുതലായതുകൊണ്ടു് യഥാസമയം കൊടുക്കാൻ നിവൃത്തിയില്ലാതെ പാട്ടബാക്കി വന്നിട്ടുണ്ടു്. പാട്ടം കൂടുതലാണു പാട്ടം വെട്ടിക്കുറയ്ക്കണം, പാട്ടബാക്കി കുറയ്ക്കണം എന്നുള്ള പ്രക്ഷോഭണം എത്രയോ കാലം മുമ്പു തുടങ്ങിയതാണ്. 1938—ൽ മലബാർ കളക്ടററെ കാണാൻ വടക്കു കാസർകോട്ടുനിന്നും തെക്കു് കഞ്ചിക്കോട്ടുനിന്നും കോഴിക്കോട്ട് കളക്ടറേററിലേയ്ക്കു് ഒരു ജാഥയായി ജനങ്ങൾ പോവുകയുണ്ടായി. അന്നത്തെ ജാഥയിൽ വിളിച്ചിട്ടുള്ള മുദ്രാവാക്യങ്ങളും പാട്ടുകളുമൊക്കെ ഇപ്പോഴും ഞാൻ ഓർമ്മിക്കുന്നുണ്ടു്. ആ ജാഥയിൽ കമ്മ്യൂണിസ്ററുകാർ മാത്രമല്ല പങ്കെടുത്തിരുന്നതു്. അന്നു് മലബാറിലുള്ള കാൺഗ്രസ്സ് നേതാക്കന്മാരും അതിൽ പങ്കെടുത്തിട്ടുണ്ടു്. അന്നു് ആ ജാഥയിൽ പാടിയിട്ടുള്ള പാട്ടുകൾ ഇപ്രകാരമാണ്.

"പാട്ടബാക്കി അളന്നളന്നാഹന്ത—
പാപ്പരായല്ലോ പാവങ്ങളാം ഞങ്ങൾ
മിച്ചവാരം കൊടുത്തുകൊടുത്തിനി—
പിച്ചതെണ്ടി അലയണമെന്നായി"

ഈ മാതിരി പാട്ടുകൾ പാടിക്കൊണ്ടു ജാഥ മാപ്പിളനാട്ടിന്റെ ഇടയിൽകൂടി ഏറനാട്ടുകൂടി പോയ സമയത്തു് റോഡിന്റെ ഇരുഭാഗത്തുമുള്ള ആളുകൾ ആ ജാഥയെ ആശീർവദിച്ചു. അതിൽ ഞാനും പങ്കെടുത്തിരുന്നു. പാട്ടബാക്കി കുറവുചെയ്യേണ്ടതു വളരെ ആവശ്യമാണ്. അങ്ങനെ പാട്ടബാക്കി ഇളവു ചെയ്യുന്നതിനും മററും സഹായകമാകത്തക്കരീതിയിൽ 54—ൽ മലബാർ കുടിയായ്മനിയമം പാസ്സായി. ആ നിയമത്തിൽ അന്നത്തെനിലയ്ക്കു കുറേ പുരോഗമനപരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നു. കാലം മുന്നോട്ടു കുതിക്കുകയാണ് തുടർന്നു കൃഷിക്കാരുടെ ന്യായമായ അവകാശങ്ങൾ സാധിച്ചു കിട്ടുന്നതിനു വേണ്ടി അവർ ഗവണ്മെന്റിനെ വീണ്ടും പ്രേരിപ്പിക്കുകയും ഗവണ്മെന്റിനു് അവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കേണ്ടതു ആവശ്യമാണ് എന്നു ബോദ്ധ്യപ്പെടുകയുംചെയ്തു. അതിന്റെ ഫലമായിട്ടാണ് 1957-ൽ കർഷകബന്ധബിൽ അവതരിപ്പിച്ചതു്. കൃഷിക്കാരുടെ ആവശ്യങ്ങളെ മുൻനിർത്തി പ്ലാനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

കമ്മിഷന്റെ നിർദ്ദേശമനുസരിച്ചു, കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശമനുസരിച്ചു 1957-ൽ അധികാരത്തിൽ വന്നിട്ടുള്ള കേരള ഗവണ്മെന്റാണ് കർഷക ബന്ധബിൽ അവതരിപ്പിച്ചതു്, പാസ്സാക്കിയതു്. 1960-ൽ അധികാരത്തിൽ വന്ന മുക്കൂട്ടുഗവണ്മെന്റു കർഷകബന്ധബില്ലിലെ വ്യവസ്ഥകൾ മിക്കവാറും സ്വീകരിച്ചു; ചിലതെല്ലാം ഭേദഗതി വരുത്തിക്കൊണ്ടു് 1961-ൽ ഒരു ബിൽ അവതരിപ്പിച്ചു പാസ്സാക്കി. എന്തിനു് ഇപ്പോൾ അതു മാററണം?. മാററേണ്ടതിന്റെ ആവശ്യം എന്താണെന്നുവച്ചാൽ, കർഷകബന്ധ നിയമത്തിനു ഇവിടത്തെ ജന്മിമാർ എതിരായിരുന്നു. കാർഷികബന്ധ നിയമത്തോടുള്ള എതിർപ്പുപോലെതന്നെ മലബാർ ടെനൻസി ആക്ററിനോടും ഇവിടെയുള്ള ജന്മിമാർ എതിരായിരുന്നു. അവർ അധികാരത്തിലിരിക്കുന്ന ഇന്നത്തെ ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി. ബഹു:മന്ത്രിയുടെയും ഭരണകക്ഷികളുടെയും ഇടയിൽ സമ്മർദ്ദം ചെലുത്തി. അതിന്റെ ഫലമായി ജന്മി താൽപ്പര്യങ്ങൾ വകവച്ചു കൊടുത്തിരിക്കുകയാണു്. ഈ കാർഷിക പരിഷ്ക്കരണ നിയമത്തിൽ അവർ ആവശ്യപ്പെട്ടതിലും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ടു്. ഈ പുതിയ നിയമത്തിൽ കരാർ പാട്ടം മേടിക്കാൻ അനുവാദം കിട്ടണമെന്നു ജന്മിസഭ പറഞ്ഞു. അതു അനുവദിച്ചുകൊടുത്തു, മാത്രമല്ല കരാർപാട്ടം വർദ്ധിക്കാൻ പോവുകയാണു്. ഇപ്പോൾ ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചു പ്രത്യേകിച്ചും ചെറുകിടക്കാരുടെ പാട്ടം വർദ്ധിക്കുകയാണു്. രേഖയില്ലാത്ത കുടിയാന്മാരാണു്, നാട്ടിൻപുറങ്ങളിൽ പ്രത്യേകിച്ചു് പാലക്കാടു്, തൃശ്ശൂർജില്ലകളിൽ കൂടുതലുള്ളതു്. ശമ്പളപ്പാട്ടം ശമ്പളച്ചീട്ടു, കുലിച്ചീട്ടു ഇങ്ങനെയുള്ള പേരുകളിൽ കൊടുത്തിട്ടുള്ള പാട്ടത്തിനൊന്നും യാതൊരു രേഖയുമില്ല. അങ്ങനെയുള്ള പാട്ടക്കാരെ സംബന്ധിച്ചിടത്തോളം കരാർ പാട്ടത്തിനു ഒരു ക്ലിപ്തതയുമില്ല. ഇന്നു പാക്കേജുപദ്ധതിയും മററും തുടങ്ങിയിരിക്കുന്നതിന്റെ ഫലമായി ഭൂമി തനിക്കുസ്വന്തമായി കിട്ടിയിരിക്കുന്നു, കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു സൗകര്യം കിട്ടിയിരിക്കുന്നു എന്നുള്ള മനഃസ്ഥിതിയോടുകൂടി ഭൂമിയിൽ അദ്ധ്വാനിച്ചു കൂടുതൽ വിളവുണ്ടാക്കിയാൽ ആ വിളവിന്റെ നാലിലൊന്നു ഇരുപ്പു നിലങ്ങൾക്കു് പാട്ടമായി കൊടുക്കണമെന്നാണു് ഈ ബിൽ പറയുന്നതു്. അങ്ങനെ രേഖയില്ലാത്ത പാട്ടക്കാരെ സംബന്ധിച്ചിടത്തോളം, പാട്ടം കൊടുത്തതിനു തന്നെ രസീതില്ലാത്തവരെ സംബന്ധിച്ചിടത്തോളം ജന്മിമാർക്കു കണ്ടമാനം പാട്ടം വർദ്ധിപ്പിക്കാൻ ഈ ബിൽ വഴിതുറക്കും. അവരുടെ സൗകര്യങ്ങൾക്കനുസരണമായി എന്തെല്ലാം ആവശ്യമാണോ അതെല്ലാം ചെയ്തുകൊടുക്കുന്ന ഈ ബിൽ പാസ്സാക്കുന്ന ഘട്ടത്തിൽ ഇനിയും ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ പറയുന്നതു് ഇതെല്ലാം വളരെ പുരോഗമനപരമാണെന്നാണു്. കൃഷിക്കാർക്കു വേണ്ടിയുള്ള നിയമനിർമ്മാണമാണെന്നെല്ലാം പറഞ്ഞു പ്രസംഗിക്കുകയാണു്. എന്നാൽ ഇതു നടപ്പാക്കുകയാണെന്നുണ്ടെങ്കിൽ ആ സമയം ഇതെല്ലാം മറച്ചുവയ്ക്കാൻ കഴിയുമോ ഇതു കൃഷിക്കാർക്കു് വളരെ അധികം ദോഷങ്ങൾ ഉണ്ടാക്കുന്ന ഒന്നാണു്. കൃഷിക്കാരുടെ അടുത്തു പാട്ടം ചോദിക്കാൻ വരാത്ത ജന്മിമാരുമുണ്ടു്. നാലണയാണു് ചില സ്ഥലങ്ങളിൽ കുടിയിരിപ്പുകാർക്കു് പാട്ടം നിശ്ചയിച്ചിരുന്നതു്. അങ്ങനെയുള്ള കുടിയിരിപ്പുകാർ ഒരു തീയതിക്കുശേഷം അതിന്റെ പത്തിലൊന്നു കൊടുക്കാൻ നിർബന്ധിക്കുക എന്നുപറഞ്ഞാൽ എങ്ങനെയാണു് അതു അംഗീകരിക്കാൻ കഴിയുന്നതു്.

സർ, ഇന്നു മന്ത്രി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയിൽ നിലക്കടല കൃഷി ചെയ്യുന്നതിനു മൊത്ത വിളവിന്റെ എട്ടിലൊന്നായിരിക്കണം പാട്ടം എന്നു പറഞ്ഞിരിക്കുന്നു. സാധാരണ നിലക്കടല കൃഷിചെയ്യുന്ന പറമ്പുകൾക്കു പാട്ടം രണ്ടു രൂപാ, നാലു രൂപാ, ആറു രൂപ ഇങ്ങനെ അഞ്ചുകൊല്ലം, പത്തു കൊല്ലം മുമ്പുള്ള വ്യവസ്ഥ അനുസരിച്ചു് പാട്ടത്തിനു് കൃഷി ചെയ്യുവാൻ അനുവദിച്ചുകൊടുത്തിട്ടുള്ള കൃഷിക്കാർ അതിന്റെ എട്ടിലൊന്നു പാട്ടം കൊടുക്കണം എന്നുള്ള വ്യവസ്ഥയാണു് മന്ത്രി കൊണ്ടുവന്നിരിക്കുന്നതു്. ഈ ബില്ലിന്റെ രണ്ടാം വായന കഴിഞ്ഞതിനുശേഷം ഗ്രൗണ്ടു്നട്ടു് കൃഷിചെയ്യാൻ കൊടുത്തിരിക്കുന്ന ഭൂമികളുടെ ജന്മിമാരുടെ പ്രതിനിധികൾ ഇവിടെ വന്നു സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിരിക്കും ഇപ്പോൾ അതുംകൂടി ഉൾപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ളതു്. ഇവിടെ കൃഷിക്കാരുടെ അല്ലെങ്കിൽ കുടിയാന്മാരുടെ പ്രതിനിധികളാരും വന്നിട്ടില്ല എന്നുള്ളതു തീർച്ചയാണു്. ഇവിടെ ജന്മികളെന്തു പറയുന്നോ, അതനുസരിച്ചു് ഗവണ്മെൻറു് ചെയ്യുക എന്നുള്ളതാണു്. ഈ മന്ത്രി അതിനു തയ്യാറാണെങ്കിൽ അതു കഷ്ടമാണു്. ഈ ബിൽ ഏതായാലും കൃഷിക്കാർക്കു ദോഷം ചെയ്യുന്ന ഒന്നാണു്. എന്നാൽ കാർഷിക ബന്ധനിയമം അവരെ സംബന്ധിച്ചിടത്തോളം ഒരു ആശാകേന്ദ്രമായിരുന്നു. കുടികിടപ്പുകാർക്കും കുടിഇരിപ്പുകാർക്കും ഒരു ആശാകേന്ദ്രമായിരുന്നു. അതു ഇപ്പോൾ ക്രൂശിക്കപ്പെട്ടിരിക്കുകയാണു്. കുരിശിന്മേൽ തറച്ചിരിക്കയാണു്. പക്ഷെ, നിരാശയില്ല. തീർച്ചയായും അതു ഉയർത്തെഴുന്നേൽക്കപ്പെടും. മന്ത്രി എത്രതന്നെ ആഗ്രഹിച്ചാലും ജന്മിമാരെ സഹായിക്കാൻ ശ്രമിച്ചാലും കൃഷിക്കാരും കുടിയാന്മാരും ഈ നാട്ടിൽ ബഹുഭൂരിപക്ഷമാണു എന്നു ഓർക്കുന്നതു നന്നു്. തീർച്ചയായും ഇതു ഇങ്ങനെ ഇവിടെ അവസാനിച്ചു എന്നു വരാൻപോകുന്നില്ല. അങ്ങനെ വന്നാൽ കുടിയാന്മാർക്കു രക്ഷയില്ല, ഈ നാട്ടിനു രക്ഷയില്ല അതുകൊണ്ടു ഈ ബില്ലിൻെറ മൂന്നാംവായനകഴിയുന്ന ഈ സന്ദർഭത്തിൽ സർവ്വശക്തിയുമുപയോഗിച്ചു അതിനെ എതിർക്കാൻ എനിക്കു മടിയില്ല. ഇത്രയുംപറഞ്ഞു കൊണ്ടു് ഞാനെൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>; സർ, ഈ ബില്ലിനെപ്പററി എൻെറ അഭിപ്രായം ഞാൻ പറഞ്ഞിട്ടുണ്ടു്. ഒരു കൊലയാനയുടെ തലയും നല്ല മനോഹരമായ മനുഷ്യൻെറ ഉടലുമാണു് ഈ ബില്ലിനുള്ളതു്. നല്ലകാര്യങ്ങളും ഈ ബില്ലിൽ പലതുമുണ്ടു്. ഭയാനകമായ പല സംഗതികളും ഈ ബില്ലിലുണ്ടു്. ഒന്നാമതായി ബഹു: മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു ഈ ബില്ലിൻെറ പേരിനെപ്പററിയാണു്. അതുതന്നെ ആദ്യമായിട്ടുപറയാം. "ലാൻഡു്റിഫാംസ്ബിൽ" എന്നുള്ളതിനേക്കാൾ ഒരുനല്ല പേരു്, ഈ നിയമനിർമ്മാതാക്കൾ പുറകിലിരിപ്പുണ്ടല്ലോ, അവരോടു പറയണം വേറേ ഒരു നല്ല പേരു ഇതിനു കൊടുക്കുന്നതിനെപ്പററി ചിന്തിക്കാൻ. റിഫാം എന്നു പറഞ്ഞാൽ ഇപ്പോൾ ഉള്ളതു മറിച്ചു വയ്ക്കണം എന്നാണു്. പുരയിടമാണെങ്കിൽ പുഞ്ചനിലമാക്കണം; പുഞ്ചനിലമാണെങ്കിൽ പുരയിടമാക്കണം. അതാണു് ലാൻഡ്‌ റിഫാംസ്ബിൽ എന്നുപറയുന്നതിൻെറ അർത്ഥം, റീഫാം എന്നുപറഞ്ഞാൽ ഇപ്പോൾ ഇരിക്കുന്ന ആകൃതി മാററുക എന്നാണു്. അപ്പോൾ ഒരുപുനിലമായിട്ടുള്ള ഭൂമി ഇരുപ്പൂവാക്കുക. ഇങ്ങനെ അതിൻെറ form മാററുക എന്നുള്ളതാണു് ഇതു വായിച്ചാൽ വിവരമുള്ളവർ മനസ്സിലാക്കുന്നതു്. Chamber's 20th century dictionaryയിൽ റിഫാം എന്നുള്ള വാക്കിനു കൊടുത്തിരിക്കുന്നഅർത്ഥം form again, to improve to reclaim, to frame form അതായതു് അതിൻെറ ആകൃതി മാററുക. അതായതു്, ഇപ്പോൾ ഇരിക്കുന്നതിൻെറ ആകൃതി മാററുക എന്നാണു്. ഓക്സ്ഫോർഡ് ഡിക്ഷ്നറിയിൽ പറഞ്ഞിട്ടുള്ളതു നോക്കാം. "Remove faults and imperfections" ന്യൂനതകൾ മാററി വേറേ form കൊടുക്കുക എന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു്. ഇതു് ഭൂമിയെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കുകയില്ല. ഭൂമിയിൽ അങ്ങനെ യാതൊന്നും ചെയ്യുന്നില്ല. അതുകൊണ്ടു് ഈ പേരു് തെററാണെന്നാണു് ഞാൻ പറയുന്നതു്. ഇനി രാമലിംഗം പിള്ളയുടെ ഇംഗ്ലീഷ് മലയാളം നിഘണ്ടുവിൽ പറഞ്ഞിട്ടുള്ള അർത്ഥംപറയാം. അതിൻെറ റിഫോം എന്നുള്ളവാക്കിനു് കൊടുത്തിട്ടുള്ള അർത്ഥം ഇവയാണു്, മാററി പണിയുക, നവീകരിക്കുക, ഉടച്ചുവാർക്കുക, പുതുക്കുക, നന്നാക്കുക. അടുത്തതായി ഗ്രഹാംസ് കാമ്പ്രെഹെൻസീവ് ഡിക്ഷ്ണറിയിൽ റീഫോം എന്നുള്ള വാക്കിനു് അർത്ഥം കൊടുത്തിട്ടുണ്ടു്. ആകൃതി മാററുക എന്നാണു് കൊടുത്തിട്ടുള്ളതു്. ഈ വാക്കിൻെറ അർത്ഥം ഇങ്ങനെഎല്ലാം ആയിരിക്കുന്നസ്ഥിതിയിൽ ലാൻറു റിഫാംസ് എന്ന പേരു കൊടുത്തിരിക്കുന്നതിൽ റീഫാംസ് എന്നുള്ളതിനു് യാതൊരു അർത്ഥവുമില്ലാതെയാണു് വരുന്നതു്. ലാൻറുബിൽ എന്നു മതിയല്ലോ. ഒരുകുട്ടിയെ റിഫർമേററിയിൽ അയയ്ക്കുന്നതു് കുട്ടിയുടെ സ്വഭാവം മാററാനാണു്. ഇവിടെ ഈ ബില്ലിൽ ജനങ്ങൾക്കു ഭൂമിയുടെ മേലുള്ള അവകാശങ്ങളെ സംബന്ധിച്ചു് തീരുമാനമെടുക്കുകയാണു് ചെയ്യുന്നതു്. ആ നിലയിൽ ഇപ്പോഴുള്ള പേരു് ശരിയല്ല. ഇതു് ശരിയല്ലെന്നു് എനിക്കും മററുപലർക്കും അറിയാം. ഇനിയും പേരുമാററാവുന്നതേ ഉള്ളു. അതിനെപററി ചിന്തിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. നാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്]

ഒരു തേങ്ങ ഉടച്ചാൽ കണ്ണുമുറിയിൽ അൽപ്പം കൂടിപ്പോയാൽ മറേറമുറി കുറഞ്ഞു പോയി എന്നു് പരാതിപറയും. തേങ്ങയെന്നല്ല ചക്കയായാലും തുല്യമായി മുറിക്കാൻ ഒക്കുകയില്ല. ഒരിടത്തു കൂടിയാൽ ഒരിടത്തു കുറയും. ജന്മിക്കു് കട്ടകോളം ആനുകൂല്യം നൽകിയാൽ ജന്മിയെ സഹായിക്കാനാണെന്നു് കുടിയാൻ പറയും. കുടിയാനു് എന്തെങ്കിലും അനുകൂല്യം കൊടുത്താൽ തങ്ങളെ ദ്രോഹിച്ചു എന്നു് ജന്മികൾ പറയും. അങ്ങനെ വളരെ വിഷമകരമായ ഒരു ബില്ലാണിതു്. ഈ രാജ്യത്തെ കുബേരന്മാർ തുടങ്ങി കുചേലന്മാർ വരെയുള്ള ആളുകൾക്കായിട്ടാണു് ഈ ബിൽ ഉണ്ടാക്കുന്നതു്. ഇവരെ എല്ലാവരേയും തൃപ്തിപ്പെടുത്തുന്ന ഒരു ബിൽ ഉണ്ടാക്കുകഅത്ര എളുപ്പമല്ല. ഈ ബിൽ പാസ്സാക്കി കഴിഞ്ഞാലും ഇതിൻെറ കുററം പറഞ്ഞുകൊണ്ടുള്ള അജിറേറഷൻ ഉണ്ടാകും. 1957 മുതൽ തുടങ്ങിയതാണിതു്. ആരേയും തൃപ്തിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ഈ ബിൽ കൊണ്ടും എല്ലാവരും തൃപ്തരാകുമെന്നു് വിചാരിക്കേണ്ടതില്ല. അമേരിക്കയിലെപ്പോലെ വ്യക്തികളുടെ വരവു് കൂടുതലുള്ള രാജ്യങ്ങൾ ലോകത്തുവേറേ ഇല്ല. പെർക്യാപ്പിററാ ഇൻകം വളരെ കൂടുതൽ ഇവിടെയാണു്. അതേ അവസരത്തിൽ തൂങ്ങിചാകുന്നവരുടേയും, വെടിവച്ചു് മരിക്കുന്നവരുടേയും എണ്ണവും അവിടെയാണു് കൂടുതൽ.

മി. സ്പീക്കർ: ബഹു: മെമ്പർ ബില്ലിനെ സപ്പോർട്ടുചെയ്യുകയാണോ ഒപ്പോസുചെയ്യുകയാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്: തല മോശമാണു്. ഉടൽ നല്ലതാണെന്നു് പറഞ്ഞിടത്തു ഞാൻ നിൽക്കുകയാണു്. per capita income' വളരെ കൂടുതലുള്ള അമേരിക്കയിലാണു് ഏററവും അധികം ദുർമരണങ്ങൾ നടക്കുന്നതു്. അവിടെ ഒന്നരആളിനു് ഒരു കാറു ഉണ്ടെന്നാണു് കേൾക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: തല അൽപ്പം മോശമായാലും ഉടൽ വളരെ നല്ലതാണെങ്കിൽ ഉപേക്ഷിക്കയില്ലല്ലോ?

ശ്രീ. ജോസഫ് ചാഴിക്കാട്: തലയാണു് നന്നായിരിക്കേണ്ടതു്. അതാണല്ലോ ആദ്യമായികാണുന്നതു്. ഈ ബില്ലിൻെറ തല കൊലയാനയുടെ തലയാണെന്നുള്ളതിനു് തർക്കമില്ല. 1957 ഡിസംബർ 18-നു ശേഷം എഴുതിയിട്ടുള്ള പ്രമാണങ്ങൾ അസാധുവാക്കി. അതിനു മുമ്പു് കൈവശം വച്ചിരുന്ന ആളുകൾക്കു് ഒരിഞ്ചു ഭൂമി പോലും കൊടുക്കാതിരിക്കുന്ന സ്ഥിതിയാണു് ഉണ്ടാക്കിയിട്ടുള്ളതു്. അതു് ഇനിയും മാററാവുന്നതാണു്. ഒരു നിയമത്തെ അടിസ്ഥാനമാക്കി തീർ കൊടുക്കുകയോ ദാനം കൊടുക്കുകയോ ചെയ്തിട്ടുള്ള വസ്തുക്കൾ സീലിംഗിൻെറ കാര്യത്തിൽ വിററു പോയ ഭൂമി മുഴുവൻ മാററിവച്ചു് ബാക്കിയുള്ളതേ കൊടുക്കുകയുള്ളു എന്നു പറയുന്നതു് എവിടെ നടക്കുന്ന കാര്യമാണു്. ഇതു് മാററാൻ വേറേ ആരെങ്കിലും വരികയില്ലേ? ഏതു് ഷെഡ്യൂളിൽ ചേർത്താലെന്തു്? ഈ നിയമമനുസരിച്ചു് ഭൂമി കണക്കാക്കിയാൽ രക്തപ്പുഴ ഉണ്ടാകുകയില്ലേ? എല്ലായിടത്തും പോയി അതു തടയാൻ നമ്മുടെ പോലീസിനു് ഒക്കുകയില്ല. ഇനി ഇതിൽ നല്ല കാര്യവും ഉണ്ടു്. ഇന്നൊരു അമെൻറുമെൻറു് വന്നിട്ടുണ്ടു്.

ശ്രീ. വി. കുരു: മുസ്ലീംങ്ങൾക്കു് നാലു ഭാര്യമാരാകാം. അങ്ങനെ നാലു സ്ത്രീകളെ കെട്ടി ഓരോരുത്തർക്കും കൊടുത്തിട്ടുള്ളതു് കണക്കാക്കിയാൽ എത്ര വരുമെന്നു് അറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്: ചോദ്യം വളരെ മധുരമായി എനിക്കുതോന്നി. ശരിക്കു് എനിക്കു മനസ്സിലായില്ല. നാലു് ഭാര്യമാരുടെ കാര്യമോ മററാണു് പറഞ്ഞതു്. ...യനാട്ടിൽ നാലു ഭാര്യമാർക്കും ഭൂമി കൈവശം വയ്ക്കാമെന്നായിരിക്കും പറഞ്ഞതു്. ഒന്നു് ഒരു ഭേദഗതി വന്നിട്ടുള്ളതിനെപ്പററി പറയുകയാണു്. പ്ലാൻറിൻെറ ഉടമസ്ഥന്മാർക്കു് എട്ടിൽ ഒന്നു് അവകാശപ്പെടാമെന്നു് മുമ്പുള്ള നിയമത്തിൽ ഉണ്ടായിരുന്നു. സെലക്ടുകമ്മിററിയും അതു് അംഗീകരിച്ചതാണു്. ഇപ്പോൾ അതു് ഏക്കറിനു് 4 രൂപ ആക്കി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഒരേക്കർ ഭൂമിയിൽ കടലയോ കരിമ്പോ ഇട്ടാൽ മൂന്നിൽ ഒന്നാണ് ഞങ്ങളുടെ നാട്ടിൽ കിട്ടുന്നതു്. ഞാൻ അങ്ങനെ വാങ്ങിച്ചു കൊണ്ടിരിക്കുകയാണ്. അതു് എട്ടിൽ ഒന്നു് എന്ന നിലയിൽ പാസ്സാക്കി, അതിനാണ് ഇപ്പോൾ ഭേദഗതി വന്നിരിക്കുന്നതു്. ശ്രീ. തോമ്മൻ എന്തോ കുഴപ്പം ഉണ്ടാക്കിയതുകൊണ്ടാണ് ഭേദഗതി വന്നതെന്നു തോന്നുന്നു. ഒരേക്കർഭൂമിയിൽ നിന്നും കൃഷിചെയ്യുന്നവർക്ക് 500-ം 600-ം രൂപ കിട്ടിക്കൊണ്ടിരിക്കുമ്പോൾ 4 രൂപ ജന്മിക്ക് കൊടുത്താൽ മതിയെന്നാണ പറഞ്ഞതു്. ജന്മി എന്നു പറയുന്നവർ നരകത്തിൽ നിന്നു് വന്നവരും കുടിയാന്മാർ എന്നു പറയുന്നവർ സ്വർഗ്ഗത്തിൽ നിന്നും വന്നവരുമാണോ? ജന്മിക്കും ഇവിടെ ജീവിക്കണം. അവർ കരം കൊടുക്കുകയും മററുംചെയ്തു് സർക്കാരിനെ പോഷിപ്പിക്കുന്നവരാണ്. ഒരു നിയമം ഉണ്ടാകുമ്പോൾ ജന്മിമാർ ലോകത്തിൻെറ ശത്രുക്കളും അസുരവർഗ്ഗവും ആണെന്നു വിചാരിക്കുന്നതു് ശരിയല്ല. എല്ലാവരേയും ഒരുപോലെ കാണണം. ആരുടെ എടുക്കുന്നുവോ അവർ ശത്രുവായിവരും. അമേരിക്കയുടെ കാര്യംപറയാൻ കാരണം അതാണ്. ജീവിതത്തോതു് എത്ര ഉയർന്നിട്ടും അവർ തൃപ്തരാകുന്നില്ല. മുമ്പു് ഡിപ്പാർട്ടുമെൻറൽ ഹെഡ്സിനു് ശമ്പളം 700 രൂപയായിരുന്നു. അതു കഴിഞ്ഞു് ഇൻറഗ്രേഷനും മററും നടന്നതോടുകൂടി ഐ. ഏ. എസ്. വരികയും 1200-ം 1800-ം എല്ലാം ശമ്പളം കൊടുക്കാൻ തുടങ്ങുകയും ചെയ്തു. അവർക്കു് കൊടുക്കാമെങ്കിൽ ഞങ്ങൾക്കു് എന്തുകൊണ്ടു് തന്നുകൂടാ എന്നുള്ള ചോദ്യം അപ്പോൾ മററുള്ളവരിൽ നിന്നും ഉണ്ടായി തുടങ്ങി. കിട്ടിയതു് മതിയെന്നു് തൃപ്തിപ്പെടാൻ ആരും തയ്യാറാകുകയില്ല. അതുകൊണ്ടു് നിയമംകൊണ്ടു് ആരേഎങ്കിലും തൃപ്തിപ്പെടുത്താൻ കഴിയുമെന്നു വിചാരിക്കേണ്ട. ആകെപ്പാടെ പറഞ്ഞാൽ ഈ നിയമം ഭേദഗതിചെയ്യേണ്ടതുണ്ടു്. കുടിയാനു് അനുകൂലമായി പലതും പാസ്സാക്കിയിട്ടുണ്ടു്. ജന്മിക്കും കുറെയൊക്കെ ഗുണങ്ങൾ പഴയതിനേക്കാൾ കൂടുതൽ ഇതിൽ വന്നിട്ടുണ്ടു്. ജന്മിമാരും ജീവിക്കണമെന്നു വിചാരിച്ചു് ചില ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടു് മൂന്നു സെൻറിൻെറ കാര്യത്തിൽ ഇവിടെചിലർ മരിക്കാൻ തുടങ്ങുന്നുണ്ടു്. തിരുവനന്തപുരം പോലെയുള്ള കാർപ്പറേഷൻെറ അകത്തു് 3 സെൻറിനു് മൂവായിരംമുതൽ ആറായിരം വരെ വില കാണും. പാലായിൽ തന്നെ ഒരു സെൻറിനു് 1,000 രൂപാവരെ വിലയുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ 10 സെൻറു കൊടുക്കണമെന്നുപറഞ്ഞാൽ പത്തു മുപ്പതിനായിരം രൂപ കൊടുത്തു് സ്ഥലം വാങ്ങി കുടികിടപ്പുകാരെ മാറേറണ്ടി വരും. അതൊക്കെ സാധ്യമുള്ള കാര്യമാണോ? പ്രായോഗികമായ കാര്യങ്ങൾ വേണ്ടേ വാദിക്കാൻ. ഈ ബില്ലിൽ പ്രായോഗികമായ കുറെ കാര്യങ്ങളുണ്ടു്. ബഹു: സ്പീക്കർ ചോദിക്കുകയുണ്ടായി അനുകൂലിക്കുകയാണോ എതിർക്കുകയാണോ എന്നു്. കഴുത്തുമുതൽ താഴോട്ടുള്ള ഭാഗത്തെ അനുകൂലിക്കുകയും കഴുത്തിനു മുകളിലുള്ള ഭാഗത്തെ എതിർക്കുകയുംചെയ്യുന്നു എന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri R. Raghava Menon: Sir, this is a Bill which affects both the landlord and the tenant. We are here legislating a measure for two sections of the people—the landlords and the tenants. The landlords are not in all cases cultivating their lands but they are depending upon what the tenants give them. The tenants are cultivating land of the landlords and they are expected to give the rent to the landlords. So, naturally, there will be a conflict between them on this question. The tenants forget the fact that they are tenants because the landlords have given them land to cultivate and enjoy. They have to give a portion of the income to the landlords. But this aspect is forgotten. All tenancy legislations are now-a-days viewed more from the political standpoint than from the purely economic and social points of view. It must be viewed from the economic standpoint, tinged with a bit of social stand point also. But once political considerations are brought into a legislation of this type, trouble will arise.

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

A similar question is that the tenants must have the fixity so long as they perform or discharge their obligations reasonably. The rent must be fair in normal times. When they are able to reap good crops they must pay the rent that is fixed, and in times when the crops are damaged on account of flood or other natural calamities, then it is for the landlords to endure the damage and reduce the rent. In fact, there must be perfect understanding between the landlords and the tenants. Unfortunately, the legislation that we are having now-a-days reflects party politics and so we are not getting the benefit of a true piece of legislation But, on the other hand, the quarrels or misunderstandings between the tenants and the landlords must be stopped. Now this Bill, as I said, is a very reasonable measure and by this the tenant's position will be bettered.

It has recognised the rights of tenants, which we consider more and more necessary because we are progressing on socialistic lines and it can be seen from this measure that the tenant's rights are conceded. Even in the case of small landlords, they can get the ownership of half the portion if the other half is given to the tenants. It is only correct and justifiable when the tenants are given the fixity of tenure and the rent also is fixed very reasonably. Then, there is nothing to complain, except for those who may think, why there should be the 'landlord class' from whom the tenant gets the land. Why should they exist? They have to be decimated. Is that the principle which we should aim by land reform? A land reform must be a most conservative affair because it deals with land which is limited and cannot be expanded except in very rare cases. But we forget that.

The fundamental principle is to see that the tenant works very hard. Give him the expenses as I have said before. Give him the expenses liberally and ask him to pay the remaining 50 percent to the landlord. Will not any tenant be satisfied if he is given his expenses and 50 percent of the balance? Should we not have the courtesy and humanity to allow the landlord at least the remaining 50 percent? Should not the landlord's family eat? Should not the landlord's family be maintained? But on the other hand, from the moment that a tenant gets land, the landlord becomes his enemy. There is no feeling of love and affection between the tenants and the landlords. I very much doubt whether it will come back. So in our legislation we must see that the tenant gets the full expenses. We must see that the tenant gets 50 percent of the balance. Is it not the best way of division? Of course, the Communist Party may not agree, because they want always to fight. And there are big persons sitting on the Himalayas who are opposed to that principle. They ask all sorts of questions. Is land the creation of man? Is there any difference between the hunger of a landlord and that of a tenant? I would request the Communist Party "You please do not go that way". This is not political. If you wish to try to convert the whole country to communism, I have no objection. But let it be reasonable. Otherwise, you may not succeed. Let the tenant get his expenses; let the tenant get 50 percent of the balance. I think the present law, if analysed, will come to that. That is what I think and hence I welcome it. If that is the principle, I welcome it.

LIBRARY ARCHIVES Kerala Legislative Assembly

If on the other hand, you say that because I am a landlord, whatever I have should be paid to the tenant, it is difficult. The tenant will not be satisfied, whatever be the length to which you go.

Now, coming to the rent, for paramba, it is 1/8. Groundnut is a good production. It yields about Rs. 300/- to Rs. 400/-, per acre. What is the difficulty to give 1/4 of it? They ought to give one-fourth.

My submission about all these is that there is time enough to make any amendments. We do not stop in legislation work. As it is, it is a satisfactory Bill under the present conditions And I am glad that the Minister has taken great trouble and care to pilot it through the various stages. Various matters have been included like shifting of Kudikidappukaran, etc. No landlord will try to evict a Kudikidappukaran if he behaves nicely and respectfully. On the other hand, you know both tenants and Kudikidappukarans are made to understand by the interested parties 'you fellow, you are the owner, why should you pay the Landlord?' That ought not to be the slogan. It is that teaching, it is that propaganda, which makes the whole thing worse. The Planning Commission said—somebody was quoting it here—that the small landlords must be allowed to get back from their tenants their entire holding.

Mr. Speaker: Your time is up.

Shri R. Raghava Menon: So my submission is that all people are satisfied with the provisions of this Bill and further changes, if necessary, can be made later.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഔപചാരികമായി എതിർക്കുക, എന്ന നിലയിലല്ല, എന്റെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുകയാണ്. അതേ അവസരത്തിൽതന്നെ ഈ വൈകിയ അവസരത്തിലെങ്കിലും, ധീരതയോടുകൂടി, തല ഉയർത്തിപ്പിടിച്ചു കൊണ്ടുതന്നെ, ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കർഷകരും ഇതിനെ എതിർക്കുന്നു. ഈ നാട്ടിൽ മാനംമര്യാദയായി, ജീവിക്കുന്ന എല്ലാ ജനവിഭാഗങ്ങളും ഈ ബില്ലിനെ എതിർക്കുന്നു, എല്ലാ ദേശാഭിമാനികളും ഇതിനെ എതിർക്കുന്നു എന്ന കാരണത്താൽ ഇതു പിൻവലിക്കാനുള്ള ധീരത ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി കാണിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്. അദ്ദേഹം വളരെ ധീരതയോടുകൂടിയ ഒരു കാൽവയ്പാണ് ഈ നിയമനിർമ്മാണം എന്ന അർത്ഥത്തിൽ മുൻപു സംസാരിച്ചിട്ടുണ്ട്. ഇത്രയധികം ഭീരുത്വം നിറഞ്ഞ ഒരു നിയമനിർമ്മാണം ലോകചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എന്താണ് ഇതിന്റെ ഉദ്ദേശം? ഈ രാജ്യത്തെ ദേശീയപ്രേമികളായ എല്ലാവരും, സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു കാർഷിക പരിഷ്ക്കരണം ആവശ്യമാണെന്ന്. അതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷനും, ഇൻഡ്യാ ഗവണ്മെന്റും വച്ചിരിക്കേ, തങ്ങളും അതുതന്നെയാണ് ഈ നിയമംമൂലം നടപ്പാക്കാൻ പോകുന്നതെന്നു നടിച്ചു കൊണ്ട്, കേവലം പിൻതിരിപ്പനായ ഒരു നിയമനിർമ്മാണമാണ് സർ, ഇവിടെ നടത്തിയിട്ടുള്ളത്. പ്ലാനിംഗ് കമ്മീഷൻ, മൂന്നാംപഞ്ചവത്സരപദ്ധതിയെപ്പറ്റി, ലാൻഡ് റിഫാംസ് ബില്ലിന്റെ അടിസ്ഥാനതത്വങ്ങളെപ്പറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ 220 മുതൽ 210 വരെ പേജുകളിൽ ഈ കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ നിർദ്ദേശങ്ങൾക്കു വിപരീതമായിട്ടുള്ള ഒരു നിലപാടാണ് ഈ നിയമത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. ഒന്നാമത്, കർഷകർക്കുള്ള സംരക്ഷണനടപടികൾ ഇതിൽ വേണ്ടിടത്തോളം തൃപ്തികരമല്ല. ശ്രീ കെ. കെ. വിശ്വനാഥൻ സമ്മതിക്കുകയുണ്ടായി, ഈ നിയമനിർമ്മാണംകൊണ്ടു കുറേ ദോഷങ്ങൾ ഉണ്ടെന്ന്. അങ്ങനെ കുറേ ദോഷമുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

അദ്ദേഹം സമ്മതിക്കുന്നെങ്കിലും, അതൊരു വലിയ പ്രക്ഷോഭണത്തിന്റെ നിലവാരത്തിലേയ്ക്ക് ഉയരുമെന്നു വിശ്വസിക്കുന്നില്ലെന്നു പറയുകയുണ്ടായി. അങ്ങനെ ഒരു ആശ്വാസവാചകം അദ്ദേഹത്തിന് നാട്ടുകാർക്കു നൽകാൻ സാധിക്കും. ഈ നാട്ടിലെ കുടികിടപ്പുകാർക്കും, കുടിയിരിപ്പുകാർക്കും ഇങ്ങനെ ഒരു സമാധാനമാണ് ഈ നിയമസഭാതലത്തിൽനിന്നുകൊണ്ട് ശ്രീ. വിശ്വനാഥനു നൽകാനുള്ളത്. സർ, ഈ രാജ്യത്ത് അരാജകത്വത്തെയും, അസംതൃപ്തിയേയും, അസ്വസ്ഥതയേയും ക്ഷണിച്ചുവരുത്തുകയാണ് ഈ നിയമനിർമ്മാണംകൊണ്ട് സാധിക്കാൻ പോകുന്നതെന്നു പറയാൻ എനിക്ക് യാതൊരു മടിയുമില്ല. എത്രതന്നെ മോഹിനീവേഷം കെട്ടിയാലും, പഞ്ചാരവാക്കുകൾ പറഞ്ഞാലും, അഞ്ചാറു മാസത്തിനുള്ളിൽ ഈ രാജ്യത്തെ കർഷകർ ഇതിന്റെ തനിനിറം കാണാൻ പോകുകയാണ്. പട്ടിയെ മററു വേഷംകെട്ടി എത്ര ഉന്നതമായ സ്ഥാനത്തു കൊണ്ടുവച്ചാലും, അതു ശബ്ദം പുറപ്പെടുവിക്കുമ്പോൾ തനി ശബ്ദമേ പുറത്തുവരികയുള്ളു. സിംഹത്തിന്റേയോ, നരിയുടേയോ വേഷം അണിഞ്ഞാൽ ശബ്ദത്തിനു മാററം വരികയില്ലല്ലോ. ഈ ബില്ലിന്റെ അനുഭവവും അതുതന്നെയാണ്. പ്രയോഗത്തിൽ വരുമ്പോൾ ഓരോ ബുദ്ധിമുട്ടും മനസ്സിലാവും. പാട്ടത്തിന്റെ കാര്യംതന്നെ എടുക്കുക. കർഷകർക്ക് ആത്മചൈതന്യം ഉണ്ടാക്കാൻ, ഉല്പാദനത്തിനു യാതൊരു കുറവും വരുത്താതെ, ഉല്പാദനം കഴിവുള്ളിടത്തോളം വർദ്ധിപ്പിക്കാനാണ് കാർഷികരംഗത്തു പരിഷ്കാരം നടപ്പിലാക്കേണ്ടതെന്നാണ് ഒരു പ്രധാന ലക്ഷ്യമായി പരിഗണിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ എന്താണു വരാൻ പോകുന്നത്? 1957 ഫെബ്രുവരി മാസം 11-ാംതീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ മൂന്നുകൊല്ലത്തെ പാട്ടബാക്കി കൊടുക്കണം. മാർച്ച് 31-ാംതീയതി പിന്നെ മൂന്നുകൊല്ലത്തെ പാട്ടം കൊടുക്കണം. അതേസമയം 1961 ഫെബ്രുവരി 15-ാംതീയതിവരെയ്ക്കും പാട്ടം മുഴുവൻ കൊടുക്കണം. 1957-58, 59-1960 ഈ നാലുകൊല്ലത്തെ പാട്ടം ബാക്കി ഉണ്ടെങ്കിൽ അതു് മൂന്നുകൊല്ലത്തേതു കൊടുക്കണം. അങ്ങനെ അഞ്ചാറു മാസത്തിനുള്ളിൽ ഇത്രയും കാലത്തെ പാട്ടം കൊടുത്തു തീർക്കുന്നതെങ്ങനെയാണെന്നു നോക്കണം.

ശ്രീ പി ടി ചാക്കോ: എത്ര കാലത്തെ കുടിശ്ശികയാണ് ഇതെന്നുകൂടി ആലോചിക്കണം.

ശ്രീ ടി സി. നാരായണൻനമ്പ്യാർ: കുടിശ്ശിക വന്നിട്ടുള്ളതു ശരിയാണ്. പക്ഷേ, ഈ കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്താണെന്നു കൂടി നോക്കണം. പാട്ടബാക്കിയുടെ ചരിത്രം പരിശോധിച്ചാൽ, പാട്ടക്കോടതികളിലും, ലാൻഡ് ട്രിബ്യൂണലിന്റെ മുൻപാകെയും വന്നിട്ടുള്ള കേസുകൾതന്നെ പാട്ടബാക്കിയെ സംബന്ധിച്ച പല കേസുകളുടെയും ചരിത്രം മനസ്സിലാക്കാൻ പര്യാപ്തമാണ്. അങ്ങനെയുള്ള കേസുകളിൽ തൊണ്ണൂറ്റൊൻപതേമുക്കാൽ ശതമാനവും വൻപിച്ച പാട്ടം ഇളവിനു് വിധിക്കപ്പെട്ടിട്ടുള്ളതാണ്. ഇരുന്നൂറും മുന്നൂറും പറ നെല്ല് പാട്ടം കൊടുക്കാനുള്ളതിൽ, 75 പറ നെല്ല് പാട്ടംകൊടുത്താൽ മതിയെന്നു വിധിയായിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഇവിടെ മൂന്നുകൊല്ലത്തെ പാട്ടം പുതിയ നിയമപ്രകാരം ഈടാക്കാൻ തുടങ്ങിയാൽ ആയിരപ്പറയോളം നെല്ലുവരെ പാട്ടം കൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനായിത്തീരും. പാവപ്പെട്ട കർഷകൻ എങ്ങനെ ഈ പാട്ടം കൊടുത്തുതീർക്കുമെന്നു മനസ്സിലാകുന്നില്ല. പാട്ടം കൊടുത്തില്ലെങ്കിലോ? കേസുകൊടുത്തു പാട്ടം ഈടാക്കാം. വസ്തു ജപ്തിചെയ്യാം, കുടിയാന്റെ പരമ്പരാഗതമായ സ്വത്തുക്കൾ ജപ്തിചെയ്യാം. അവന്റെ കന്നുകാലികൾ, പത്തായം, കട്ടിൽ, ഉരുളി, കിണ്ണം, കിണ്ടി എല്ലാം പാട്ടബാക്കിക്കു ജപ്തിചെയ്യാം. ഈയൊരു സമീപനമാണ് പാട്ടത്തെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. ഈ നിയമം നടപ്പാക്കുന്നതുമൂലം നാട്ടിൽ വളരെ സംതൃപ്തിയും സമാധാനവും ഉണ്ടാകുമെന്ന മനോജ്ഞമായ പ്രസംഗങ്ങൾ നടത്താമെന്നല്ലാതെ, ഇതു കർഷകരെ മുച്ചൂടും നശിപ്പിക്കുന്നതിനും, ജന്മിമാർക്കു ആനുകൂല്യം ചെയ്യുന്നതിനും ഉള്ള ഒരു നിയമമാണെന്നേ അനുഭവം പഠിപ്പിക്കുകയുള്ളു. മറുഭാഗത്തിരിക്കുന്ന ചില സുഹൃത്തുക്കൾ ചെറുകിടക്കാരുടെ സംരക്ഷണത്തെപ്പററി വളരെയൊക്കെ സംസാരിച്ചു. ഞാനും സമ്മതിക്കുന്നു; ചെറുകിടക്കാർ കുറെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം അർഹിക്കുന്നുണ്ട്. പക്ഷെ മലബാറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അവിടത്തെ ചെറുകിടക്കാർ, പകുതി ഭൂമി ഒഴിപ്പിച്ചെടുത്തിട്ട് സ്വന്തം കൃഷിനടത്താനല്ല ശ്രമിക്കുന്നത്. അവരെ സംരക്ഷിക്കാൻ മററു വല്ല മാർഗ്ഗവും അന്വേഷിക്കണം. ഇതിൽ ജന്മിമാർക്ക് കൂടുതൽ കൂടുതൽ സംരക്ഷണം നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്തുകൊണ്ട് അവർക്ക് മാർക്കററു വാല്യു പ്രതിഫലം നൽകി എന്നന്നേയ്ക്കുമായി ജന്മിത്തസമ്പ്രദായം അവസാനിപ്പിച്ചില്ല എന്നു ഞാൻ ചോദിക്കുകയാണ്.

Mr. Speaker: Order, order. Mr. T. C. Narayanan Nambiar can continue the speech in the afternoon. The House now stands adjourned to meet again in the afternoon at 4 p. m.

The House adjourned at 1 p. m. and reassembled at 4 p. m. with Mr. Speaker in the Chair.

4 P.M.] **Mr. Speaker**: Order, order. Shri T.C. Narayanan Nambiar can continue his speech.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സർ, പാട്ടബാക്കി കൊടുത്തുതീർക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? ഇത്രത്തോളം ആളുകൾ പാട്ടബാക്കി കൊടുത്തുതീർക്കാനുണ്ടായെന്ന് ബഹു: മന്ത്രി ചോദിക്കുകയുണ്ടായി. വാസ്തവത്തിൽ വലിയ ഒരു അനിശ്ചിതാവസ്ഥയാണ് കാർഷികപരിഷ്ക്കരണത്തിൽ കുറേക്കാലമായിട്ടുണ്ടായിരുന്നത്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ അങ്ങനെയല്ല ചോദിച്ചത്. ഇവിടെ പറഞ്ഞ കണക്കനുസരിച്ച് നോക്കിയപ്പോൾ പതിനാലു കൊല്ലത്തിനുമുമ്പേ കുടിശ്ശിക വരുത്തിയാലേ ഇത്രയധികം കുടിശ്ശിക വരികയുള്ളൂ.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: പതിനാലുകൊല്ലത്തെ കുടിശ്ശികയില്ല. ഒൻപതുകൊല്ലത്തെ കുടിശ്ശിക കൊടുക്കേണ്ടിവരും. അങ്ങനെ കൊടുക്കാതിരുന്നതിന് പല കാരണങ്ങളും ഉണ്ട്. ഈ ബില്ലിന്റെ മൂന്നാംവായന സമയത്തും ഭേദഗതികൾ അവതരിപ്പിക്കാമായിരുന്നുവെങ്കിൽ അവതരിപ്പിച്ചേനേ. ഏതു നിമിഷത്തിൽ വേണമെങ്കിലും ഭേദഗതികൾ കൊണ്ടുവരാൻ സാധിക്കും. അത്രയ്ക്ക് ഈ ബില്ലിൽ എതിർക്കപ്പെടേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1963 ഡിസംബർമാസം മൂന്നാംതീയതി പാലക്കാട്ടുള്ള ചില ജന്മിമാർ ഇവിടെ വന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ കാണുകയും ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു അതിന്റെ ഒരു കോപ്പി എന്റെ കൈവശം ഉണ്ട്. ഇന്ന് അതിൽ മാററം വരുത്തുന്നതിനുള്ള ഭേദഗതി ഇവിടെ കൊണ്ടുവരികയും ചെയ്തു. അപ്പോൾ ജന്മിമാരെ സംബന്ധിച്ചിടത്തോളം അവർക്ക് ആനുകൂല്യം ചെയ്തുകൊടുക്കുന്ന കാര്യത്തിൽ ഭേദഗതികൾ കൊണ്ടുവരാൻ ഒരു വിഷമവും ഇല്ല. നേരെമറിച്ച് ജന്മിമാരുടെ കീഴിലുള്ള കുടിയാന്മാർക്ക് സംരക്ഷണം ലഭിക്കുന്നതിനുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിന് ഗവണ്മെന്റിന് വിഷമവുമാണ്. 'ഉദരംനിമിത്തം ബഹുവിധവേഷം' എന്നുള്ളതുപോലെ ജന്മിമാരുടെ ആവശ്യത്തിനുവേണ്ടി ഗവണ്മെന്റ് എന്തുംചെയ്യാൻ തയ്യാറാണ്. അതുപോലെ തന്നെ ഒരു കവി ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"ഉദരമൊരു ചാണുണ്ടതു
ബതനിറപ്പാൻ
ബഹുതരമുപായം
പ്രണമഥമുകന്ദം"

ഈ നിയമം സംപൂർണ്ണമായി നടപ്പിൽ വരുമെന്നുള്ള വിശ്വാസം ഇപ്പോഴും കൃഷിക്കാർക്കില്ല. അതാണ് സത്യവും. ഈ നിയമം നടപ്പിൽ വരുമെന്ന് കൃഷിക്കാർക്ക് ഊഹിക്കാൻപോലും സാദ്ധ്യമല്ല. 127-ാംവകുപ്പനുസരിച്ച് പാട്ടക്കോടതിയിൽ ഹർജ്ജികൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. റെന്റിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

ന്ധിച്ചും ഭൂമി പർച്ചേസ് ചെയ്യുന്നതിനുവേണ്ടിയും ആയിരക്കണക്കിനുള്ള ഹർജ്ജികൾ കൃഷിക്കാർ കൊടുത്തിരിക്കുകയാണ്. വളരെ കഷ്ടപ്പെട്ടും പണം ചെലവാക്കിയുമാണ് അവർ ഹർജ്ജി കൊടുത്തിട്ടുള്ളത്. അതിന് ഒരു തീരുമാനം ഉണ്ടാകുമെന്നും വിചാരിച്ച് അവർ കാത്തിരിക്കുകയാണ്. എന്നാൽ ആ ഹർജ്ജികളിലൊന്നിലും തന്നെ മുമ്പത്തെ നിയമമനുസരിച്ചുള്ള തീരുമാനം എടുക്കുകയില്ല. അതിന്റെ ഫലമായി കൃഷിക്കാർക്ക് യാതൊരു വിധത്തിലുമുള്ള രക്ഷാമാർഗ്ഗവും ഉണ്ടാകാൻ പോകുന്നില്ല. കർഷകർക്ക് രക്ഷാമാർഗ്ഗം കിട്ടുന്നതിനുള്ള യാതൊരു സാഹചര്യവും ഈ നിയമത്തിലില്ല. ഭൂമി സ്വന്തമാക്കുന്നതിന് റെന്റിന്റെ പതിനാറിരട്ടി കെട്ടിവെയ്ക്കണമെന്നുണ്ട്. വിളവുനാശം സംഭവിച്ചതിന്റെ ഫലമായി എല്ലാം നഷ്ടപ്പെട്ടവർ പതിനാറിരട്ടി കെട്ടിവെയ്ക്കുന്നതിന് വലിയ വിഷമത്തിലായിരിക്കുകയാണ്. കൃഷിക്കാരുടെ കൈവശം ഇരിക്കുന്നതിൽനിന്നും പകുതി ഭൂമി ജന്മിമാർക്ക് ഒഴിപ്പിച്ചെടുക്കാമെന്നുണ്ട്. ഈ രാജ്യത്തിലെ കൃഷിക്കാരെ, ഈ രാജ്യത്തിലെ അന്നദാതാക്കളായ കൃഷിക്കാരെ ദ്രോഹിക്കുന്നതിനും അവരെ നശിപ്പിക്കുന്നതിനുമുള്ള വകുപ്പുകളാണ് ഇതിലുള്ളത്. ഇത് ഒരിക്കലും അംഗീകരിക്കാൻ സാദ്ധ്യമല്ല. കൃഷിക്കാരെ ദ്രോഹിക്കുന്നതിനും ചവുട്ടിമെതിക്കുന്നതിനും ഇടയാക്കുന്ന നിയമം നടപ്പിൽ വരുത്തുകയാണെങ്കിൽ, അവർക്ക് അനുകൂലമായ ഒരു നിയമനിർമ്മാണം നടത്തുന്ന ആളുകളെ അവർ അധികാരത്തിൽ കയററും. അതു തീർച്ചയാണ്. ഈ ഗവണ്മെന്റിന് ധൈര്യമുണ്ടെങ്കിൽ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എന്നാൽ ഈ ഗവണ്മെന്റ് കൃഷിക്കാരെ ദ്രോഹിക്കുന്നതിനുള്ള ധൈര്യമാണ് ഇവിടെ കാണിച്ചിട്ടുള്ളത്. മദിരാശി നിയമസഭയിൽ വെച്ച് ഞങ്ങൾക്ക് ഒരു ലിസ്റ്റ് തന്നതിൽ ഒരു ലക്ഷത്തിൽഇരുപതിനായിരം ചെറുകിടക്കാരുണ്ടെന്നാണ് കാണാൻ കഴിഞ്ഞത്. ഇന്ന് അതിനേക്കാൾ വളരെ വദ്ധിച്ചിട്ടുണ്ട്. അവരുടെ ഭൂമി പർച്ചേസ് ചെയ്യാൻ ആഗ്രഹിക്കുകയില്ല. കാരണം പർച്ചേസ് ചെയ്യണമെങ്കിൽ അവരുടെ കൈവശമുള്ള ഭൂമി ഉപേക്ഷിക്കേണ്ടിവരും. അതുകൊണ്ട് ഈ ബില്ലുകൊണ്ട് ജന്മിത്വസമ്പ്രദായം അവസാനിക്കാൻ പോകുന്നില്ല. പെസന്റ് പ്രൊപ്രൈറററർഷിപ്പ് വരാനും പോകുന്നില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇത്രയും ദ്രോഹകരമായിട്ടുള്ള ഒരു നിയമം ഈ രാജ്യത്ത് ഒരു ഗവണ്മെന്റും കൊണ്ടുവന്നിട്ടില്ല. കഷ്കർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങളെല്ലാം എടുത്തുകളഞ്ഞിട്ട് മുഴുവൻ താല്പര്യവും ജന്മിമാർക്ക് അടിയറവെച്ചിരിക്കുകയാണ്. അതിനെതിരായി ഈ രാജ്യത്തിലെ കൃഷിക്കാർക്ക് പോരാടാതിരിക്കാൻ നിവൃത്തിയില്ല. നമ്മൾതന്നെയാണ് കൃഷിക്കാരെ സംഘടിപ്പിക്കുകയും, അവർക്ക് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രചോദനം നൽകുകയും ചെയ്തിട്ടുള്ളത്. ഇന്നും അതിനുള്ള പ്രചോദനം അവർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ആത്മാർത്ഥതയോടുകൂടിയും, സത്യസന്ധതയോടുകൂടിയും, ത്യാഗങ്ങൾ സഹിച്ചും, സമരംചെയ്തും നേടിയെടുത്തിട്ടുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ടും, അവരുടെ താല്പര്യങ്ങളെ ചവുട്ടിമെതിച്ചുകൊണ്ടും, അവരുടെ പാവനമായ അഭിപ്രായങ്ങളെ വകവെയ്ക്കാതെയും കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ അങ്ങേയററം ഞാൻ എതിർക്കുകയാണ്. ഈ ബില്ലിനെ കർഷകത്തൊഴിലാളികൾ ഒരിക്കലും സ്വാഗതം ചെയ്യുകയില്ല. അവർ ഇതിനെ ശക്തിയുക്തം എതിർക്കുകതന്നെ ചെയ്യും. പാവനമായ നയപ്രഖ്യാപിതലക്ഷ്യങ്ങളുടെ ശവപ്പെട്ടിക്ക് ആണി തറയ്ക്കുന്ന ഈ ബില്ലിനെ ശക്തിയുക്തം ഞാൻ എതിർത്തുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ലാൻഡ് റിഫാംസ് ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്നുള്ള മന്ത്രിയുടെ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു; ഇതു പാസ്സാക്കേണ്ട ഒരു ബില്ലല്ല, തള്ളിക്കളയേണ്ട ഒരു ബില്ലാണ് എന്നതു കൊണ്ടുതന്നെ. ഈ ബില്ല് വകുപ്പുവകുപ്പായി ചർച്ച ചെയ്ത അവസരത്തിൽ ഞങ്ങൾ ഇവിടെ ചൂണ്ടിപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരിക്കൽക്കൂടി പറയാൻ ഇന്ന് അവസരം തന്നിട്ടുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. മന്ത്രി ഇന്നും അവതരിപ്പിച്ചിട്ടുണ്ട് പല ഭേദഗതികളും. അതിൽ വളരെ കാര്യമായിട്ടുള്ള ഒരു ഭേദഗതിയാണ് മുപ്പത്തിനാലാമത്തേത്. കഴിഞ്ഞ

വ്യാഴാഴ്ച ഉച്ചകഴിഞ്ഞു് സഭ പാസ്സാക്കിയ ഈ വകുപ്പ് നേരെ മറിച്ചാക്കണമെന്നു പറഞ്ഞു് ഇന്നു് ഇവിടെ ഒരു ഭേദഗതി കൊണ്ടുവന്നതു ഏററവും പരിഹാസ്യമായി തോന്നുന്നു. കഴിഞ്ഞ ദിവസം പാസ്സാക്കിയ

"dry land 1/8 of the gross produce of the crop grown on the land or Rs. 4 per acre at the option of the tenant"

എന്നുള്ളതു് ആറു രാത്രി കഴിഞ്ഞപ്പോഴേക്കും

"cultivated with groundnut or other crops notified by the Government 1/8 of the gross produce.

(b) in other cases Rs. 4 per acre"

എന്നായി തീർന്നിരിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: ഇതു് കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന അതേ വ്യവസ്ഥകൾതന്നെയാണു്.

ശ്രീ. ഇ. പി. ഗോപാലൻ: കാർഷികബന്ധനിയമത്തെ ഇതോടെ കൊലചെയ്യാൻ തയ്യാറായിട്ടുവന്ന ഈ മന്ത്രിക്കു്, കാർഷികബന്ധനിയമം എന്നുള്ള വാക്കു് ഉച്ചരിക്കാൻതന്നെ അർഹതയില്ല. ഇതെല്ലാം വെറും കളിയാണോ? വെറും ഒരു തമാശയാണോ? കഴിഞ്ഞ വ്യാഴാഴ്ച ഈ സഭ അംഗീകരിച്ച ഒരു വകുപ്പ് മാററിയിട്ടു് കാർഷികബന്ധനിയമത്തിലുള്ളതാണെന്നു് പറഞ്ഞു് മറെറാരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യം എന്തു്? ഇതുമാതിരിയെല്ലാം പറയേണ്ട സ്ഥലം ഇവിടെയല്ല, അതെവിടെയാണെന്നു് ഞാനിപ്പോൾ പറയേണ്ട ആവശ്യമില്ലല്ലോ? എന്താണു് ഇതിന്റെയെല്ലാം അർത്ഥം? ഉത്തരം മുട്ടുന്ന സന്ദർഭങ്ങളിലെല്ലാം അതു് കാർഷികബന്ധനിയമത്തിലുള്ളതാണെന്നു് പറഞ്ഞു ഒഴിഞ്ഞുമാറുന്ന ഒരു പതിവു് ഇവിടെ സാധാരണമായി കാണുന്നുണ്ടു്. എന്നാൽ പിന്നെ ആ നിയമം എന്തിനു് മാററുന്നു? ഇവിടെ പറഞ്ഞിട്ടുള്ളതും ഇവിടെ കൊണ്ടുവന്നിട്ടുള്ളതുമായ എല്ലാംതന്നെ, നിരുത്തരവാദപരമായിട്ടുള്ളതാകയാൽ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു. ഈ സംസ്ഥാനത്തിലെ ജന്മിമാരായ ഒരു വിഭാഗം ആളുകൾക്കുവേണ്ടി ദാസ്യവേലചെയ്തുകൊണ്ടു് ഇവിടത്തെ, കൃഷിക്കാരെയെല്ലാം മൊച്ചകളിപ്പിച്ചുകളയാമെന്നാണു് മന്ത്രി വിചാരിക്കുന്നതു്. പക്ഷേ, അതു നടക്കുമെന്നു തോന്നുന്നില്ല. മന്ത്രി വളരെ വലിയ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണു് ഈ ബില്ല് ഇവിടെ അവതരിപ്പിച്ചതു്. ലാൻഡു് ടു ദി ററില്ലർ എന്നു് ആക്കാനുള്ള നിയമം ഇതല്ല. ഇപ്പോഴുള്ള കുടിയായ്മ ഇല്ലാതാക്കുകയല്ല, കൂടുതൽ കുടിയാന്മാരെ ഉണ്ടാക്കാൻ സഹായിക്കുന്ന ഒരു നിയമമാണു് ഇതു്. ഈ നിയമം മദ്ധ്യവർത്തികളെ ഇല്ലാതാക്കാൻ പോകുന്നതുമില്ല. വലിയ ജന്മിയുടെ കുടിയാനായാലും ശരി, സ്മാൾ ഹോൾഡേഴ്സിന്റെ കുടിയാനായാലും ശരി ബില്ലിൽ നിശ്ചയിച്ചിരിക്കുന്ന പാട്ടതോതിനനുസരിച്ചുള്ള പ്രതിഫലസംഖ്യ കൊടുത്തു് ലാൻഡു് വാങ്ങുന്നതിനുള്ള യാതൊരു സൗകര്യവും ടെനന്റിനു് അനുവദിച്ചുകൊടുക്കുന്നില്ല. കുടിയിരുപ്പുകാർക്കും അനുവദിച്ചുകൊടുക്കുന്നില്ല. ടെനന്റിനെസംബന്ധിച്ചിടത്തോളം പാട്ടം വർദ്ധിപ്പിക്കുന്ന ഒരു ബില്ലാണു ഇതെന്നു നിസ്സംശയം പറയാം. സ്മാൾ ഹോൾഡേഴ്സിന്റെ കുടിയാന്മാർക്കു് പാട്ടം വർദ്ധിപ്പിക്കുന്നതിൽ ഒരു കണക്കുമില്ല. വലിയ ജന്മിമാരുടെ കുടിയാന്മാർക്കു് പാട്ടം വർദ്ധിപ്പിക്കുന്നതിൽ ഒരു കണക്കുണ്ടു്. അതു് ഇന്നത്തെ കരാർപാട്ടത്തോളം വർദ്ധിക്കാമെന്നാണു്. കരാർപാട്ടത്തോളം പാട്ടം വർദ്ധിപ്പിക്കുന്ന ഒരു നിയമം ആർക്കാവശ്യമായ ഒരു നിയമമാണെന്നും, അതു് ആരു് ആവശ്യപ്പെട്ടിട്ടു കൊണ്ടുവന്നിട്ടുള്ളതാണെന്നും ഊഹിക്കാവുന്നതാണു്. പാട്ടം ഗണ്യമായി ചുരുങ്ങുന്നതിനുള്ള ഒരു നിയമം നിലവിലിരിക്കെ, പാട്ടം വർദ്ധിപ്പിക്കുന്ന ഈ ബിൽ എന്തിനു കൊണ്ടുവന്നു? ഈ ബില്ലിന്റെ ആവശ്യം, ജന്മിമാരുടെ പക്ഷം പിടിച്ചു്, കുടിയാന്മാരെ ദ്രോഹിക്കുക എന്നുള്ളതാണു്. മൂന്നാം ഷെഡ്യൂൾ അനുസരിച്ചു് റയിററു് ഓഫ് റെന്റു് അഞ്ചിലൊന്നു് ഉണ്ടായിരുന്നതു് നാലിലൊന്നായി വർദ്ധിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

പ്രയോജനവും വൻകിട ജന്മിമാരുടെ കുടിയാന്മാർക്ക് ഈ ബില്ലുകൊണ്ടു് ഉണ്ടാകുന്നില്ല, ഉപദ്രവം ഉണ്ടുതാനും. ഇതിൽ ഭൂമി പർച്ചേസ് ചെയ്യുന്നതിനെപ്പററി പറഞ്ഞിരിക്കുന്നതു് എങ്ങനെയാണെന്നു നോക്കുക. മാർക്കററു വിലയോ അതിൽ കൂടുതലോ കൊടുത്തു ഭൂമി പർച്ചേസ് ചെയ്യാമെന്നാണു് വന്നുകൂടുന്നതു്. ഇത്ര പച്ചയിലുള്ള ഒരു വ്യാജം വേറെ കാണുകയില്ല. ഏക്കറിനു് മൂന്നോ നാലോ രൂപ പാട്ടം ഉള്ളിടത്തു് കമുകോ, തെങ്ങോ വെച്ചാൽ അതിനു് ഈ ബില്ലനുസരിച്ചുള്ള പാട്ടം കണക്കാക്കി, അതിന്റെ അടിസ്ഥാനത്തിലാണു് പ്രതിഫലസംഖ്യ കണക്കാക്കുന്നതു്. പ്രതിഫലസംഖ്യ കണക്കാക്കി പർച്ചേസ് ചെയ്യുകയാണെങ്കിൽ പകുതി ഭൂമി ഒഴിഞ്ഞുകൊടുക്കണം. സ്മാറാം ഹോറാംഡേഴ്സിന്റെ കുടിയാന്മാർക്ക് കുടിയാനായിതന്നെ തുടരാനുള്ള അനുവാദമാണു് ഈ ബില്ലുകൊണ്ടു് കൊടുക്കുന്നതു്. കഷ്ടപ്പെട്ടും, കണ്ണുനീരുകുടിച്ചും, ജന്മിമാരുടെ മർദ്ദനങ്ങളും സഹിച്ചുംമാത്രമേ ഇനിമേലിൽ കുടിയാനായി തുടരാൻ സാധിക്കുകയുള്ളുവെന്നുള്ള ദയനീയമായ നിലയാണു് ഇവിടെയുള്ളതു്. ലാൻഡ് ടു ദി ററില്ലർ എന്നുള്ളതും പാഴ്, ഭൂമിയുടെ ഉടമാവകാശം കുടിയാനു് കൊടുക്കാമെന്നുള്ളതും പാഴ്. കാപട്യവും കുടിയാൻവിരോധവും ആണു് ഈ ബില്ലിൽ ഉടനീളം കാണുന്നതു്.

സർ, ഇതിൽ സ്ഥിരാവകാശത്തെ സംബന്ധിച്ചിടത്തോളം എന്തുതന്നെ പറഞ്ഞാലും അതിനെ നിർജ്ജീവമാക്കി ചെയ്യുന്നതാണു് വർദ്ധിച്ച പാട്ടത്തോതു്. സ്ഥിരാവകാശത്തിനു ഊനം തട്ടുന്നില്ലെന്നാണു് പ്രഥമദൃഷ്ട്യാ തോന്നുക. പക്ഷേ, പാട്ടം കൂട്ടുകയും അതു് സമ്മറി നടപടി അനുസരിച്ചു് പിരിപ്പിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതിന്റെ ഫലമായിട്ടു് അപകടം പററുന്നതു് സ്ഥിരാവകാശത്തിനാണു്. ഇതുപോലെ പല അനീതികളും ഈ ബില്ലിൽ ചെയ്തുവെച്ചിട്ടുണ്ടു്. കരാർ പാട്ടത്തിന്റെ ഒൻപതു് ഇരട്ടി കൊടുത്താൽ കുടിയാനു് കുടിയിരുപ്പു് സ്വന്തമാക്കാമെന്നു് മുൻനിയമത്തിൽ എഴുതിവച്ചിട്ടുണ്ടായിരുന്നു എന്നാൽ ഈ ബില്ലിലെ വകുപ്പുപ്രകാരം മര്യാദപ്പാട്ടത്തിന്റെ പതിനാറു് ഇരട്ടി കൊടുത്താലേ കുടിയാനു് കുടിയിരുപ്പു് സ്വന്തമാക്കാൻ സാധിക്കുകയുള്ളു. കുടിയിരുപ്പിന്റെ കാര്യത്തിൽ, പ്രത്യേക പരിഗണന വേണമെന്നു് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതിനെയെല്ലാം നിഷേധിച്ചുകൊണ്ടു്, കാർഷികപരിഷ്കാരത്തിന്റെ തത്വങ്ങളെ ബലികഴിച്ചുകൊണ്ടു്, ജന്മിമാരെ സഹായിക്കാൻമാത്രം ഉണ്ടാക്കിയ ഒരു ബില്ലാണിതു്. ഭരണഘടനയുടെ പതിനേഴാം ഭേദഗതിക്കു് ആധാരമായതും ഒമ്പതാം ഷെഡ്യൂളിൽ സ്ഥാനം ലഭിച്ചതും ആയ കാർഷികബന്ധനിയമത്തെ പിച്ചിച്ചീന്തി, പകരം, കൃഷിക്കാരേയും കുടിയിരുപ്പുകാരേയും കുടികിടപ്പുകാരെയും കഷ്ടത്തിലാക്കുന്നതുമായ ഒരു ബില്ലു് അടിച്ചേല്പിക്കുന്നതിനുള്ള കുത്സിതമായ ശ്രമമാണിവിടെ നടക്കുന്നതു്. കർഷകർക്കും കുടിയിരുപ്പുകാർക്കും കുടികിടപ്പുകാർക്കും അനുകൂലമായ ഒരു നിയമം ഇവിടെ ഉണ്ടായിരുന്നതു് കൊലചെയ്തു, അതിന്റെ ശവത്തിന്മേൽ താണ്ഡവനൃത്തം ചെയ്തുകൊണ്ടാണു് ഈ ജന്മിബിൽ മന്ത്രി കൊണ്ടുവന്നിട്ടുള്ളതു്.

സർ, ഇതു് കാർഷികപരിഷ്കരണമല്ല, കുടിയായ്മ പരിഷ്കരണംപോലുമല്ല. കുടിയായ്മ പരിഷ്കാരമായിരുന്നെങ്കിൽ നിശ്ചയമായും പാട്ടം ചുരുക്കുന്ന, പാട്ടബാക്കിക്കു് ഇളവുചെയ്തുകൊടുക്കുന്ന ചില വകുപ്പുകളെങ്കിലും ഉണ്ടാകുമായിരുന്നു. ഒരു ഘട്ടത്തിൽ ടെനൻസി ലജിസ്ലേഷനായിരുന്നു ഇവിടെ ആവശ്യമായിരുന്നതു്. ടെനൻസി ലജിസ്ലേഷൻ വന്നുകഴിഞ്ഞതിനുശേഷം ലാൻഡ് ടു ദി ടില്ലർ എന്നുള്ള തത്വത്തെ മുൻനിറുത്തി മദ്ധ്യവർത്തികളെ ഇല്ലായ്മ ചെയ്യുക, ഭൂമിയുടെ ഉടമാവകാശം കൃഷിക്കാരനു് കൊടുക്കുക എന്ന തരത്തിലുള്ള ഒരു നിയമമായിരുന്നു ഇവിടെ കൊണ്ടുവരേണ്ടിയിരുന്നതു്. കേവലം ഒരു ടെനൻസി ലജിസ്ലേഷനിൽ സ്വീകരിക്കേണ്ട തത്വംപോലും ഈ ബില്ലിൽ സ്വീകരിച്ചിട്ടില്ലെന്നുള്ളതാണു് കഷ്ടതരമായ സംഗതി. ഇതുവരെ ടെനൻസി ലജിസ്ലേഷനിൽ പാട്ടം ചുരുക്കാനുള്ള നടപടികളാണു് ഉണ്ടായിരുന്നതു്. സ്മാറാം ഹോറാംഡേഴ്സല്ലാത്തവരുടെ കുടിയാന്മാരുടെ പാട്ടവർദ്ധനവിനെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പു് ഞാൻ സൂചിപ്പിച്ചിട്ടുണ്ടു്. സ്മാറാം ഹോറാംഡേഴ്സിന്റെ കുടിയാന്മാരുടെ കാര്യത്തെ സംബന്ധിച്ചു് ഭേദഗതി കൊണ്ടുവന്നു് കണക്കില്ലാതെ പാട്ടം വർദ്ധിപ്പിക്കുന്നു, സ്മാറാം ഹോറാംഡേ-

LIBRARY ARCHIVES Kerala Legislative Assembly

ഴ്സിനെ രക്ഷിക്കണംപോലും! ഈ നിയമം ഉണ്ടാകുന്ന ഈ 1963-ൽ സ്റ്റാറ്റം ഹോറംഡേഴ്സിന്റെ പേരിലും, വേറെ എന്തിന്റെ പേരിലും പാട്ടം വർദ്ധിപ്പിക്കാനുള്ള നിയമം കൊണ്ടുവരുന്നതു് തെററാണു്. കാർഷികപരിഷ്കാരത്തിന്റെ തത്വത്തിനു് ചേർന്നതല്ല. കാർഷികപരിഷ്കരണത്തിന്റെ കാര്യത്തിലും അതു് നടപ്പാക്കുന്നതിലും ഗവണ്മെന്റിനു യാതൊരു ബാദ്ധ്യതയുമില്ലെന്ന മട്ടിലാണു് ഈ ബിൽ നിൽക്കുന്നതു്. ജന്മിയേയും കുടിയാനേയും ഒരു വർഗ്ഗസമരത്തിലേയ്ക്കു് തള്ളിവിടാനാണു് ഗവണ്മെന്റു് ശ്രമിക്കുന്നതു് എന്നു് വ്യക്തമാക്കാൻ ഈ അവസരം വിനിയോഗിക്കുകയാണു്. വർഗ്ഗസമരത്തിന്റെ ഫ്ളഡ്ഗേററു് ഇവിടെ തുറന്നിട്ടിരിക്കുകയാണു്. ജന്മിയും കുടിയാനും നേരിട്ടുനിന്നു ബലാബലം പരീക്ഷിക്കുന്നതിനുള്ള രംഗം തയ്യാറാക്കിയിരിക്കുകയാണു്, ഭൂമി സർക്കാരിൽ വെസ്ററു ചെയ്യുക, സർക്കാർ അതു കൃഷിക്കാർക്കു കൊടുക്കുക എന്ന ഉത്തരവാദിത്വം ഈ ഗവണ്മെന്റു് ഉപേക്ഷിക്കുകയാണു് ചെയ്തിട്ടുള്ളതു്. അതേയവസരത്തിൽ ദേവന്മാരേയും ദേവികളേയും രക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെന്റു് കാലാകാലത്തേയ്ക്കു് ഏറെറടുക്കാൻപോവുകയാണു്. കുടിയാന്മാരായ മനുഷ്യരെ ഉപദ്രവിച്ചു്, ദേവന്മാരേയും ദേവികളേയും രക്ഷിക്കുകയാണു് എന്നു് ഞെളിഞ്ഞുനിന്നു് പറയുന്നതെങ്ങനെ വിശ്വസിക്കും? ഭൂമി ഉടമസ്ഥന്മാരായ ദേവന്മാരേയും ദേവികളേയും സംരക്ഷിക്കാൻ കരാറെടുത്തുകൊണ്ടു് അതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നു എന്നുള്ളതാണു് സത്യം. ഒരു പററം ഭൂപ്രഭുക്കളെ രക്ഷിക്കണം. അതിനു് കുടിയാന്മാരെ ദ്രോഹിക്കാതെ കഴികയില്ല. അതു മറച്ചുപിടിക്കാനാണു് ദേവന്മാരെ ഹാജരാക്കുന്നതു്. മനുഷ്യദ്രോഹപരമാണു് ഈ ബിൽ. കുടിയാനു് ദ്രോഹം ചെയ്യുന്ന ഒരു ബിൽ എന്ന നിലയ്ക്കു് ഇതു് തള്ളിക്കളയണം. പാട്ടം കൂടുതലിന്റെ കാര്യത്തിലോ, പാട്ടബാക്കിയുടെ കാര്യത്തിലോ എല്ലാംതന്നെ ജന്മിപക്ഷപാതമാണു് കാണിച്ചിട്ടുള്ളതു്. ആ തരത്തിലുള്ള വകുപ്പുകളാണു് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നതു്. പാട്ടം ഇളവിനെ സംബന്ധിച്ചു് എന്തിനാണു് ചില വകുപ്പുകൾ സ്വീകരിക്കുന്നതു്? കാർഷികപരിഷ്കരണമാണെന്നു പറഞ്ഞു നടക്കാൻ മാത്രമല്ലേ? അതുപോലെതന്നെ സീലിംഗിന്റെ വകുപ്പുകളും. കാർഷികപരിഷ്കരണമാണെന്നു പറഞ്ഞുനടക്കാൻ ഇതെല്ലാം കൊള്ളാം. ഫലത്തിൽ, ഇവയൊന്നുംതന്നെ യഥാർത്ഥമല്ല. അനുഭവത്തിൽ, പാട്ടം വർദ്ധിക്കലും ഭൂമി ഒഴിപ്പിക്കലും ഒക്കെയാണുണ്ടാവാൻ പോകുന്നതു്. കാർഷികപരിഷ്കരണത്തിനു വേണ്ടതായിട്ടുള്ള വകുപ്പുകളെല്ലാം നിഷ്പ്രഭമായി, നിഷ്ഫലമായി പ്രയോഗിക്കുകമാത്രം ചെയ്തിട്ടുള്ള ഒരു കപടബില്ലാണിതു്. ഈ ഗവണ്മെന്റു് സ്വീകരിച്ചിട്ടുള്ള നിലപാടിന്റെ പരിഹാസ്യതയെ ഒരൊററ സംഗതികൊണ്ടു് ഞാൻ വ്യക്തമാക്കാം. സർ, ജവാന്മാർക്കു് സംരക്ഷണം കൊടുക്കണമെന്നു പറയുന്നു. ഭൂമി ഉടമസ്ഥന്മാരായ ജവാന്മാരുടെ കുടിയാന്മാർക്കു് സ്ഥിരാവകാശം നൽകുന്നില്ല. ഭൂമി അവരുടെ കയ്യിൽനിന്നു് ഒഴിപ്പിച്ചെടുക്കാൻ അനുവാദമുണ്ടു്. സൈനികസേവനം നടത്തുന്നവർക്കു് ചെയ്യുന്ന ഒരു സൌജന്യമാണിതു്. അതു ആവശ്യവുമാണു്. എന്നാൽ, കുടിയാനായ ജവാനെ, യാതൊരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചു. അതു സ്വീകരിച്ചില്ല. ഇതിന്റെ അർത്ഥം വ്യക്തമല്ലേ? ഭൂമി ഉടമസ്ഥനായ ജവാനു്, തന്റെ കുടിയാനെ ഒഴിപ്പിക്കാം. കുടിയാനായ ജവാനു് തന്റെ ഭൂമി പോവുകയില്ലെന്നു ഉറപ്പില്ല. അപ്പോൾ, ജന്മിയായ ജവാനു് രക്ഷയുണ്ടു്. കുടിയാനായ ജവാനു് യാതൊരു രക്ഷയുമില്ല. ജവാന്മാരുടെ കാര്യത്തിൽപോലും ജന്മിപക്ഷപാതം തെളിയുന്നില്ലേ? കുടിയാൻ വിരോധം വ്യക്തമല്ലേ? രാജ്യരക്ഷാപരിശ്രമങ്ങളിൽ ഏർപ്പെട്ടവരോടുകൂടിയും കാണിക്കുന്ന ഈ വിവേചനം എന്തു തെളിയിക്കുന്നു? ഇതു് മൌലികമായിത്തന്നെ, ഒരു ജന്മിസഹായകബില്ലാണു്; കുടിയാൻ വിരോധബില്ലാണു്. പാവപ്പെട്ട പട്ടാളക്കാരായ കുടിയാന്മാർക്കുപോലും രക്ഷചെയ്യാൻ തയ്യാറില്ലാത്ത ഒരു ബില്ലാണിതു്. ഈ ബില്ലിന്റെ സമീപനവും കാഴ്ചപ്പാടും ഇതിൽനിന്നു് വ്യക്തമാകുന്നില്ലേ? ഈ ബില്ലിൽ അങ്ങേയററം തെളിഞ്ഞുകാണാം. ഭൂഉടമസ്ഥന്മാരേയും ജന്മിമാരേയും സംരക്ഷിക്കാൻ അങ്ങേയററം പരിശ്രമിക്കുന്നു. മിച്ചഭൂമി കണ്ടെത്തുക എന്ന കാര്യം ഞങ്ങളുടെ ഭാഗത്തുനിന്നു പലതവണ പറഞ്ഞിട്ടുള്ളതാണു്; കാർഷികപരിഷ്കരണത്തിനാവശ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഒരു ഉപാധിയാണ് അത്. ഈ ബില്ലിന് അവസാനരൂപം കൊടുത്തിട്ടുള്ള അവസരത്തിൽ എന്തെല്ലാം പഴുതുകളുണ്ടോ മിച്ചഭൂമിയില്ലാതാക്കുന്നതിന് ആ പഴുതുകളൊക്കെ മലർക്കെ തുറന്നിട്ടിരിക്കുകയാണ്. ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട തത്വം അറിഞ്ഞുകഴിഞ്ഞ പഴുതുകൾ അടയ്ക്കുക എന്നുള്ളതാണ്. നേരേമറിച്ചാണ് എല്ലാ കാര്യത്തിലും ഈ ബില്ലിൽ ചെയ്തിട്ടുള്ളത്. എന്തെല്ലാം പ്രത്യേകതകൾ ഒരു കാർഷിക പരിഷ്കരണത്തിന് ആവശ്യമാണോ അതെല്ലാം പേരിനുമാത്രം ഇതിൽ ചേർത്തിരിക്കുകയാണ്. ഇതിൽ എടുത്തുചേർത്തിട്ടുള്ള തത്വത്തിന്റെ നിലനില്പിനുവേണ്ടിയല്ലാ തുടർന്നുള്ള വകുപ്പുകൾ നിൽക്കുന്നത്. പ്രായോഗികമായി, പ്രവർത്തനമണ്ഡലത്തിൽ അതെല്ലാം നിഷേധിക്കുന്ന മട്ടിലാണ്. ഉദാഹരണത്തിന്, സീലിംഗ് തന്നെ എടുക്കുക. തോട്ടത്തിന്റെ ഡെഫനിഷൻ വിപുലപ്പെടുത്തിയതിന്റെ ഫലമായി, സ്റ്റാൻഡേർഡ് ഏക്കർ വന്നതിന്റെ ഫലമായി, ഒരാളിന് മാക്സിമം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ ഏരിയ വർദ്ധിപ്പിച്ചതിന്റെ ഫലമായി സീലിംഗ് എന്ന ആശയം പരിഹാസ്യമാംവിധം പരാജയമടഞ്ഞിരിക്കുന്നു. മിച്ചഭൂമി ഉണ്ടാക്കാനുള്ള എല്ലാ സൗകര്യങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ടാണ് വാസ്തവത്തിൽ ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തിട്ടുള്ളത്. കുടിയാന്മാരുടെ പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം അവർക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കത്തക്കവിധത്തിലല്ല ഈ ബിൽ നിൽക്കുന്നത്. തോട്ടം ഉടമകളേയും കായൽരാജാക്കന്മാരെയും തൃപ്തിപ്പെടുത്താൻ വേണ്ടിയാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആർക്കാണ് ഇതുകൊണ്ട് തൃപ്തിവരുന്നത്? ഈ രാജ്യത്തെ കർഷകർക്കാണോ? അവർക്ക് അതൃപ്തിയാണ് ഇതുകൊണ്ട് ഉണ്ടാകാൻ പോകുന്നത്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം അവിടത്തെ കർഷകർ കുറച്ചുമാത്രം ഉല്പാദിപ്പിക്കുവാൻ വേദനയോടുകൂടി നിർബ്ബന്ധിതരാകുമെന്നുള്ള കാര്യം ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു. ഈ ബിൽ പ്രകാരം കൂടുതൽ നെല്ല് ഉണ്ടാക്കുകയാണെങ്കിൽ കൂടുതൽ പാട്ടം കൊടുക്കണം. സർ, ഇതിന്റെ അർത്ഥം എന്താണ്? ബുദ്ധിയുള്ള സാധാരണ മനുഷ്യൻ ഈ സ്ഥിതിയിൽ എന്തുചെയ്യും? ഏററവും കുറച്ച് ഉല്പാദിപ്പിക്കുക, കുറഞ്ഞ തോതിൽ പാട്ടം കൊടുക്കുക, ആ തോതിൽ പ്രതിഫലം കൊടുത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം വാങ്ങുക. ഇതല്ലെ ചെയ്യുക? ഇതിന് കർഷകരെ നിർബ്ബന്ധിക്കാമോ? ഇന്നത്തെ അടിയന്തിരഘട്ടത്തിൽ, ഉല്പാദനം ഏററവും കൂടുതൽ വർദ്ധിപ്പിക്കേണ്ട ഈ സന്ദർഭത്തിൽ ഉല്പാദനം കുറയ്ക്കുക എന്നുള്ള ഒരു നിലപാടാണ് കൃഷിക്കാർ സ്വീകരിക്കാൻ നിർബന്ധിതരാവുക എന്ന കാര്യം ഞാൻ വ്യക്തമായി പറയുന്നു. വോട്ടുതന്ന ആളുകളോട് ഈ ബില്ലിനെപ്പററിയുള്ള കാര്യങ്ങൾ സത്യസന്ധമായി വിശദീകരിക്കേണ്ടതില്ലെ? നിങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുകയാണെങ്കിൽ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരും; കുറച്ചു ഉല്പാദിപ്പിക്കുകയാണെങ്കിൽ പാട്ടം ചുരുങ്ങും; അങ്ങനെ പാട്ടത്തോത് ചുരുങ്ങുന്നതനുസരിച്ച് പ്രതിഫലസംഖ്യയും ചുരുങ്ങും എന്നു പറയുവാൻ ഒരാൾ ബാദ്ധ്യസ്ഥനല്ലെ സർ? അങ്ങനെ പറയേണ്ടിവരുന്ന ഒരു സ്ഥിതിയെപ്പററി മന്ത്രി ആലോചിക്കുന്നുണ്ടോ? ഇതൊന്നും മറച്ചുപിടിക്കാൻ പററില്ല. കാർഷികപരിഷ്കരണത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള നിയമത്തെ പേരിനുമാത്രമേ കണക്കിലെടുത്തിട്ടുള്ളു. മലബാറിലേയും കൊച്ചിയിലേയും കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ നേടിയെടുത്ത അവകാശങ്ങൾ ഒരു ശാപമായിത്തീർന്നിരിക്കുകയാണ്. അവിടെ കുടിയാന്മാർക്ക് ലഭിച്ചിട്ടുള്ള സ്ഥിരാവകാശം അപകടത്തിൽപ്പെട്ടിരിക്കുന്നു. കുടിയാന്മാർക്ക് ലഭിച്ചിരുന്ന പാട്ടത്തോത് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. പകുതി ഭൂമി വാങ്ങണമെങ്കിൽ പകുതി ഒഴിഞ്ഞുകൊടുക്കണം. പാട്ടം കയററുന്നു. ഭൂമി ഒഴിപ്പിക്കുന്നു. ഇതിന്റെ പേരു് കാർഷികപരിഷ്കാരമെന്നും. മലബാറിലും കൊച്ചിയിലും ഇതിനുമുൻപ് കൃഷിക്കാർ പോരാടി ചില അവകാശങ്ങൾ സമ്പാദിച്ചതിന് ഇന്ന് അവരോടു പകവീട്ടുകയാണ്. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ഉല്പാദനം കുറയ്ക്കാനിടവരിക എന്നുമാത്രമല്ല വിരോധത്തോടുകൂടി ഇതു് റിയാക്റ്റ് ചെയ്യുമെന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ ഇവിടെ ഒരു അമെൻറുമെൻറ് കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നതിന്റെ തത്വം എന്താണ്? തരിശുനിലങ്ങൾ കൃഷിസ്ഥലങ്ങളാക്കി മാററി കൃഷി ചെയ്താൽ ഉല്പാദനത്തിന്റെ 1/8 പാട്ടം കൊടുക്കണം. തരിശുസ്ഥലങ്ങളിൽ കരിമ്പുകൃഷി ചെയ്യുന്നത് വളരെ ഭാരിച്ച ഒരു പ്രവൃത്തിയാണ്. ചെലവ് കൂടുതലുള്ള ഒരു കൃഷിയാണ്. ഇങ്ങനെയുള്ള കൃഷിക്കൊക്കെ കൂടുതൽ പാട്ടം കൊടുക്കണം. ഇതിലധികം നികൃഷ്ടമായ ഒരു നിയമനിർമ്മാണം വേറെയുണ്ടോ? പല കാരണവശാലും പാട്ടം വർദ്ധിപ്പിക്കുന്ന ഒരു നിയമമാണ് ഇത്. പാട്ടത്തെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു അനീതിയാണ് ഈ ബില്ലിൽ ചെയ്തിട്ടുള്ളത്. ഒരിക്കൽ ബഹുമാനപ്പെട്ട മന്ത്രി 'വിച്ച് എവർ ഈസ് ലെസ്' എന്ന തത്വം പൊതുവേ സ്വീകരിക്കുമെന്നു പറഞ്ഞു. അത് എല്ലാവരും വിശ്വസിച്ചു. ബഹുഭൂരിപക്ഷം കുടിയാന്മാരെ സംബന്ധിച്ചിടത്തോളം 'വിച്ച് എവർ ഈസ് ലെസ്' തത്വം കൈവിടുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുള്ള പ്രത്യാഘാതം എന്താവുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ? സംശയമാണ്. ഒരു കാർഷികപരിഷ്കരണനിയമമല്ല, കുടിയായ്മനിയമം തന്നെ കൊണ്ടുവരുന്ന അവസരത്തിൽ ഒരു തത്വമെങ്കിലും സ്വീകരിക്കേണ്ടേ? സ്റ്റാററസ്ക്വോ എങ്കിലും മെയിൻറയിൻ ചെയ്യേണ്ടേ? ഒരു കൊല്ലം 50 ലക്ഷം രൂപ ദേവസ്വങ്ങളെ സംരക്ഷിക്കാൻവേണ്ടി ചെലവാക്കുവാൻ ബദ്ധകങ്കണരായി നിൽക്കുന്ന നിങ്ങൾക്ക് കുടിയാന്മാരുടെ കാര്യത്തിൽ എന്തെങ്കിലും സഹായം ചെയ്യാൻ താല്പര്യമുണ്ടോ? സഹായിക്കുന്നില്ല, പോകട്ടെ, അവരെ ഉപദ്രവിക്കാതിരുന്നുകൂടെ? ഇത്രയും ജന്മിപക്ഷപാതം സ്വീകരിക്കാതെയിരുന്നുകൂടെ? ഇവിടെ നിങ്ങൾ സ്വീകരിച്ചിട്ടുള്ള നിയമനിർമ്മാണത്തിൽ അതിനുവേണ്ട യാതൊരുവ്യവസ്ഥയുമില്ല. ഒരൊററ കാര്യം വേണമെങ്കിൽ പറയാം; എന്തു ചെയ്തും ഭൂഉടമസ്ഥന്മാരെ സഹായിച്ചിരിക്കുകയാണ് എന്ന്. ആ ഒരൊററ തത്വമേ അംഗീകരിച്ചിട്ടുള്ളു. ഈ 1963-ൽ സ്റ്റാററസ്ക്വോ മെയിൻറയിൻ ചെയ്യുകയെങ്കിലും ചെയ്യാത്ത ഒരു നിയമനിർമ്മാണത്തെപ്പററി ആർക്കെങ്കിലും ചിന്തിക്കുവാൻ കഴിയുമോ? കരാർപാട്ടം ആരെയാണ് ബാധിക്കുന്നത്? കരാർപാട്ടത്തിലധികം പാട്ടം കൊടുക്കേണ്ടിവരുന്ന ഒരു നിയമനിർമ്മാണം ഇക്കാലത്ത് കൊണ്ടുവരുന്നവരെ എന്തുപേരിലാണ് വിളിക്കേണ്ടത്? പാട്ടം വർദ്ധിപ്പിക്കുന്ന ബില്ല് ആർക്കാണ് ഗുണം ചെയ്യുക? പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ചിടത്തോളം വ്യക്തമായും ഇതൊരു ജന്മിബില്ലാണ്. പാട്ടബാക്കി, ഒഴിപ്പിക്കൽ, പാട്ടവർദ്ധന, പ്രതിഫലസംഖ്യ ഇതൊക്കെ വളരെ സജീവവും ഉഗ്രവുമായ നിലയിൽ കൃഷിക്കാരുടെമേൽ ചെന്നുതട്ടും. വളരെ അപകടം പിടിച്ചിട്ടുള്ള ഈ ബിൽ തള്ളിക്കളയണം. ഇപ്പോഴും വൈകിപ്പോയിട്ടില്ല. ഇത് പ്രസ് ചെയ്തില്ലെന്നുവച്ച് ഈ നാട്ടിൽ യാതൊരു അപകടവും വരാൻപോകുന്നില്ല. നിലവിലുള്ള അഗ്രേറിയൻ റിലേഷൻസ് ആക്ററു ഭരണഘടനാവിധേയമാകാൻ പോകുകയാണ്. അതിനുശേഷം മന്ത്രി എന്തു ഭേദഗതിയാണു വേണ്ടതെങ്കിൽ അതു കൊണ്ടുവരട്ടെ. അതാണ് മര്യാദ. ജനാധിപത്യവ്യവസ്ഥയിൽ സ്വീകരിക്കേണ്ട തത്വം അതാണ്. ഇതു ഈ രാജ്യത്തെ കർഷകരെ നിരാശരാക്കുന്ന, അവർ വളരെക്കാലമായി സമരം ചെയ്തു നേടിയെടുത്ത അവകാശങ്ങൾ നഷ്ടപ്പെടുത്തുന്നതു ഒരു നിയമനിർമ്മാണമാണ്. നിയമനിർമ്മാണംകൊണ്ടു ഒരു കളിയാണ് ഇവിടെ നടക്കുന്നത്. ഇന്നലെ ഒരു വകുപ്പ് എഴുതിച്ചേർത്തു, അതിനു മന്ത്രിതന്നെ ഒരു ഭേദഗതി കൊണ്ടുവരിക, ഇന്നു അതു മാററി വേറൊരു ഭേദഗതി കൊണ്ടുവരിക ഇതെല്ലാം കഠിനമായി ചെന്നു തട്ടുന്നതാക്കാണ്. ഞാൻ പലപ്പോഴും ചൂണ്ടിക്കാണിച്ചതുപോലെ എന്തും ചെയ്യാം എന്ന ധിക്കാരത്തിൽനിന്നു ഉടലെടുത്തതാണ് ഈ നിയമനിർമ്മാണത്തിലെ പ്രേരണാശക്തിയെന്നു ഒരിക്കൽകൂടി ഊന്നിപ്പറയുന്നു. സർ, ബില്ലിന്റെ ഉള്ളിൽ കടന്നു പരിശോധിക്കുവാൻ ഞാൻ മെനക്കെടുന്നില്ല. വകുപ്പുകൾ ചർച്ച ചെയ്ത അവസരത്തിൽ ഓരോ വകുപ്പിന്റെയും ഗുണദോഷങ്ങളെ സംബന്ധിച്ചു, ആ വകുപ്പു നടപ്പിൽ വന്നാലുണ്ടാകാവുന്ന പ്രത്യാഘാതത്തെ സംബന്ധിച്ചു, ആവർത്തനമുണ്ടെന്നു അഭിപ്രായപ്പെട്ടാലും ശരി വ്യക്തമാക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. ഓരോ വകുപ്പുപ്രകാരവും അങ്ങോളമിങ്ങോളം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ഏതെല്ലാമാണെന്നു കഴിയുന്നിടത്തോളം ഞങ്ങൾ ചൂണ്ടിക്കാണിച്ചു. ഇതെല്ലാം കണക്കിലെടുത്തു നോക്കുകയാണെങ്കിൽ ഒരു കാരണവശാലും ഒരു ലാൻറു റിഫാംസ് എന്നല്ല, ഒരു ടെനൻസി ലെജിസ്ലേഷൻ എന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

പോലും ഇതിൽ പേർ കൊടുക്കുവാൻ പാടില്ല. ഇതിന്റെ പേർ മറ്റു പലരും ചൂണ്ടിക്കാണിച്ചതുപോലെ ജന്മി സംരക്ഷണ ബിൽ എന്നായിരിക്കേണ്ടതാണ്. 'ലീപ്പ് ഫോർവേർഡ്' എന്നല്ല ഗ്രേറ്റർ ലീപ്പ് ഫോർവേർഡ്' എന്നോ ഗ്രേറ്റസ്റ്റ് ലീപ്പ് ഫോർവേർഡ്' എന്നോ മന്ത്രിക്ക് അവകാശപ്പെടാവുന്നതാണ്. ജന്മികളുടെ ഭാഗത്തേയ്ക്കുള്ള ഗവൺമെന്റിന്റെ പാട്ടത്തിന്റെ കാര്യത്തിൽ ഈ പാട്ടത്തിനു അനുസൃതമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്നു കൂടി അവതരിപ്പിച്ച ഭേദഗതികൾ. നാലു രൂപ ഏക്കറിനു പാട്ടം എന്നുള്ളത് ഉല്പാദനത്തിന്റെ എട്ടിലൊന്നു എന്നു വർദ്ധിപ്പിച്ചിരിക്കുന്നതു് ആർക്കുവേണ്ടിയാണ്? ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന ജനത കുടിയിരുപ്പുകാരും കുടികിടപ്പുകാരും കുടിയാന്മാരും അടങ്ങുന്ന ഒരു ജനവിഭാഗമാണ്. ആ ഭൂരിപക്ഷം വരുന്ന ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ ഏറ്റവും വലിയ 'ലീപ്പ്' ബാക്ക്‌വേർഡാണ്.' തികച്ചും അശാസ്ത്രീയമായ രീതിയിലും അവിശ്വസനീയമായ മട്ടിലും ഉള്ള വകുപ്പുകൾ ഈ ബില്ലിനകത്തു കുത്തിത്തിരുകിയിരിക്കുകയാണ്. ഈ നില ഈ കാലത്തു ആരാണ് സ്വീകരിക്കാറുള്ളത്? കുട്ടനാട്ടിൽ കാലാന്തരത്തിൽ എന്തു വരാൻ പോകുന്നു എന്നുള്ളതല്ലേ? മന്ത്രിയുടെ ഉപദേശമൊന്നും ആ കാര്യത്തിൽ ആവശ്യമില്ല, കോഓപ്പറേറ്റീവ് കൾട്ടിവേഷൻ വന്നാലും ശരി, നാഷണലൈസേഷൻ വന്നാലും ശരി, അക്കാര്യമെല്ലാം വേറെ. ഇപ്പോൾ ഏതാനും ചില സ്വകാര്യവ്യക്തികളുടെ വിഹാരത്തിനുവേണ്ടി കുട്ടനാട്ടു ഏരിയ മുഴുവനും വിട്ടുകൊടുത്തു ബഹുമാനപ്പെട്ട മന്ത്രിക്ക്, വരുംകാല പരിപാടിയെപ്പറ്റി പറയാൻ അർഹത പോരാ. ഇന്ന് ചെയ്തിരിക്കുന്നതു എന്താണ്? പരിധിയിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി, പ്രത്യേകം ചില ആളുകൾക്ക്, ഖജനാവിൽനിന്നും പണം ചെലവഴിച്ചു, സ്വകാര്യലാഭമുണ്ടാക്കാനും അവരുടെ പ്രീതി സമ്പാദിക്കാനും പണിപ്പെടുന്നു. കുട്ടനാട്ടു ഏരിയാക്കുവേണ്ടി ഖജനാവിൽ നിന്നും ചെലവാക്കിയ പണം എത്രയുണ്ടെന്നു കണക്കാക്കിയാൽ; ആ പണംകൊണ്ട് അത്രയോ അതിൽ അധികമോ ഭൂമി വാങ്ങാൻ കഴിയുമെന്നു കാണാവുന്നതാണ്. ഈ ബില്ലിന്റെ അതിപ്രധാനമായ വകുപ്പുകൾ പരിശോധിച്ചാൽ പാട്ടം നിജപ്പെടുത്താൻ, പ്രതിഫല സംഖ്യ കണക്കാക്കാൻ പാട്ടബാക്കി, സീലിംഗു ഇവയൊക്കെതന്നെ വ്യക്തമായും മന്ത്രി ആദ്യം പറഞ്ഞ തത്വങ്ങൾക്കു കടകവിരുദ്ധമാണ്. അതുകൊണ്ടാണ് വകുപ്പു ചർച്ചയിൽ ഞങ്ങൾ എതിർത്തതു്. ഇപ്പോൾ അവസാനമായി, ബില്ലിനെത്തന്നെ എതിർത്തുകൊണ്ടു ഞങ്ങൾ ആവശ്യപ്പെടുന്നു; ഈ ബിൽ പിൻവലിക്കുക എന്ന്. ഈ ബില്ലിനെ ശക്തിയുക്തം എതിർക്കുകയല്ലാതെ യാതൊരു നിർവ്വാഹവും ഇല്ല. ഈ സംസ്ഥാനത്തിൽ കാർഷിക രംഗത്തു് ഒരു പരിഷ്ക്കാരം നടപ്പാക്കുന്നതിനു പകരം, ജന്മികളെയും കുടിയാനെയും അപ്പുറത്തും ഇപ്പുറത്തും നിറുത്തി വർഗ്ഗസമരത്തിനുള്ള കളം ഒരുക്കിയിരിക്കുകയാണ്. ഇനി ബലാബല പരീക്ഷണത്തിനു് തയ്യാറാവുകയേ നിവൃത്തിയുള്ളു. മറെറാരു മാർഗ്ഗവുമില്ല. കുടിയാനും കുടിയിരുപ്പുകാരനും, കുടികിടപ്പുകാരനുമാണ് ഭൂരിപക്ഷമുള്ളതെങ്കിൽ അവരുടെ അവകാശം സംരക്ഷിക്കപ്പെടേണ്ടതാണെങ്കിൽ, സോഷ്യലിസ്റ്റു വ്യവസ്ഥിതിയിൽ അവക്ക് പാർക്കുവാനുള്ള അവകാശമെങ്കിലും ഉണ്ടെങ്കിൽ നിശ്ചയമായും കുടിയാന്റെയും, കുടിയിരുപ്പുകാരന്റെയും, കുടികിടപ്പുകാരന്റെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന നിയമം ഉണ്ടാക്കാനുള്ള സാഹചര്യം അവർ ചേർന്നു സമ്പാദിക്കും. ഈ ബിൽ എത്രതന്നെ താങ്ങിപ്പിടിച്ച് കൊണ്ടുവന്നാലും ശരി ഇതിനു് അർഹതപ്പെട്ട സ്ഥാനത്തു ഇതിനെ കൊണ്ടുചെന്നു വച്ചുകൊള്ളും എന്നു ഉറപ്പുള്ളതുകൊണ്ട് ഒരിക്കൽകൂടി ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: ഈ ബില്ലിന്റെ ജനറൽ ഡിസ്ക്കഷൻ നടന്ന അവസരത്തിലും, അതിനുശേഷവും ആ ഭാഗത്തുനിന്നും പ്രകടിപ്പിച്ച അഭിപ്രായഗതികളെ മാനിച്ചുകൊണ്ടുതന്നെ കാർഷികരംഗത്തു സമൂലമായ പരിവർത്തനം ചെയ്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. പക്ഷേ എന്തിനുവേണ്ടിയാണോ ഒരു കാർഷിക പരിഷ്ക്കരണനിയമം ഉണ്ടാക്കുന്നത്, അത്തരത്തിലുള്ള തത്വങ്ങൾ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പാടെ പരാജയപ്പെടുത്തിക്കൊണ്ടു് ഉള്ള ഒരു നിയമനിർമ്മാണമാണു് ഈ മൂന്നാം വായനയോടുകൂടി നടപ്പാകുവാൻ പോകുന്നതു്. പ്ലാനിംഗ് കമ്മീഷനും ഇൻഡ്യാ ഗവൺമെന്റും എല്ലാംതന്നെ ഭൂനിയമ പരിഷ്ക്കരണത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു വളരെയധികം നിർബന്ധമായി സ്റ്റേറ്റുകൾക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്. കാർഷിക പരിഷ്ക്കരണത്തിനു മുതിരുമ്പോൾ, അതുമൂലം കാർഷികോല്പാദനത്തിനു കർഷകജനതയെ പ്രോത്സാഹിപ്പിക്കുവാൻ പററിയ ഭൂപരിഷ്ക്കരണമാണു് നടപ്പിൽ വരേണ്ടതെന്നുള്ളതു പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശമായിരുന്നു. കഴിഞ്ഞ രണ്ടു പഞ്ചവൽസര പദ്ധതികളിൽ ഒന്നുംതന്നെ മിക്ക സ്റ്റേററുകളിലും ഇത്തരത്തിലുള്ള ലാൻഡ് റിഫാംസ് നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നു പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുണ്ടു്. വമ്പിച്ച ജനസംഖ്യാ പ്രശ്നമുള്ള ഈ സംസ്ഥാനത്തു, കൃഷി ചെയ്യുവാൻ പരിമിതമായ ഭൂമി മാത്രമുള്ള ഈ സംസ്ഥാനത്തു വളരെ സമൂലമായ കാർഷിക പരിഷ്ക്കരണം ഉൾക്കൊള്ളുന്ന ഒരു നിയമനിർമ്മാണം ഏററവും അത്യാവശ്യമായിട്ടുള്ളതാണു്. ഇന്നു കാർഷിക പരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം കർഷകൻ ആവശ്യപ്പെടുന്ന പാട്ടം കുറയ്ക്കുവാനുള്ള വ്യവസ്ഥ ഉടമസ്ഥാവകാശം നൽകുന്ന വ്യവസ്ഥ ഈ തത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമം സ്റ്റേററു ഗവൺമെന്റുകൾ കൊണ്ടുവരുമെന്നായിരുന്നു പ്ലാനിംഗ് കമ്മീഷൻ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ മൂന്നാം വായനയിൽ എത്തിയിരിക്കുന്ന ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അത്തരത്തിലുള്ള എല്ലാ തത്വങ്ങളും പരിഗണിച്ചിട്ടില്ല എന്നു കാണാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ശ്രീമാൻ വിശ്വനാഥൻ സംസാരിച്ച അവസരത്തിൽ പറയുകയുണ്ടായി കാർഷിക പരിഷ്ക്കരണത്തിൽ മുമ്പു ഉണ്ടായിരുന്ന ബില്ലിനെക്കാളും ഇതിൽ വലിയ വ്യത്യാസമുണ്ടെന്നു പറയുന്നതു തെററാണെന്നു്. ഞാൻ ചോദിക്കുകയാണു് കർഷകർ ആഗ്രഹിക്കുന്ന പാട്ടം കുറച്ചുകിട്ടണമെന്നുള്ള തത്വം കാർഷികബന്ധ നിയമത്തിലും ഈ ലാൻറു റിഫാംസ് ബില്ലിലും ഒരേ രീതിയിലാണോ എന്നു്. അതുപോലെതന്നെ കർഷകർക്കു ജന്മിയുടെ അവകാശം വിലയ്ക്കു വാങ്ങാനുള്ള അവകാശം പരിപൂർണ്ണമായി ഈ ബില്ലിൽ കൊടുത്തിട്ടുണ്ടോ? ഈ ബിൽ സെലക്ററു കമ്മററിയുടെ റിപ്പോർട്ടോടുകൂടി വന്നപ്പോൾ വല്ല ആനുകൂല്യങ്ങളും കർഷകർക്കു ഉണ്ടായിരുന്നുവെങ്കിൽ ഈ മൂന്നാം വായന സമയത്തു ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതികൾ മൂലവും മററും തികച്ചും ജന്മികൾക്കുമാത്രം ആനുകൂല്യം നൽകുന്ന ഒന്നായിരിക്കുകയാണു്. മന്ത്രി പറഞ്ഞു ഈ അസംബ്ലിയിലെ പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായങ്ങളെ കണക്കിലെടുത്തുകൊണ്ടു് കരാർ പാട്ടമോ നിയമപ്രകാരമുള്ള പാട്ടമോ ഏതാണു് കുറവു അതു കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യാമെന്നു്. ഇപ്പോൾ എന്തുണ്ടായി? ഈ രാജ്യത്തു മുമ്പുള്ള നിയമ പ്രകാരം സ്ഥിരാവകാശം കിട്ടിയ കുടിയാനെ സംബന്ധിച്ചിടത്തോളം വളരെയധികം ശോചനീയമായ സ്ഥിതിവിശേഷം ഉണ്ടു്. ഞാൻ പറയുന്നതു മലബാറിലെയും കൊച്ചിയിലെയും സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാനെ സംബന്ധിച്ചാണു്. അന്നു് ആ നിയമം പാസ്സാക്കിയതിനുശേഷമേ ജന്മിക്കു പാട്ടം നിജപ്പെടുത്തുവാനുള്ള ഹർജി കൊടുക്കുവാനുള്ള അവകാശമുള്ളൂ. അങ്ങനെ പാട്ടം വർദ്ധിപ്പിച്ചാലും കരാറുപാട്ടം നാലു കൊല്ലത്തിനകം കൊടുക്കണമെന്നായിരുന്നു. കാർഷികബന്ധ നിയമത്തിൽ കരാർപാട്ടം ഒരിക്കലും വർദ്ധിപ്പിക്കുവാൻ പാടില്ല എന്ന വ്യവസ്ഥ ഉണ്ടായിരുന്നു. ഈ നിയമത്തിൽ ആദ്യത്തെ നിയമത്തിലെ ആ വ്യവസ്ഥ എടുത്തുകളഞ്ഞു. ചെറുകിട കുടിയാനെ സംബന്ധിച്ചിടത്തോളം നിയമപ്രകാരം കിട്ടുന്ന പാട്ടം കൂട്ടി വാങ്ങാനുള്ള അവകാശം ജന്മികൾക്കു കൊടുത്തിരിക്കുകയാണു്. അങ്ങനെ വരുമ്പോൾ സ്ഥിരാവകാശമുള്ള കുടിയാനു വളരെയധികം പാട്ടം വർദ്ധിച്ച നിരക്കിൽ കൊടുക്കേണ്ടിവരും. മറെറാന്നു 71—ാമത്തെ വകുപ്പുപ്രകാരം ജന്മിയുടെ അവകാശം കുടിയാൻ വാങ്ങാതിരിക്കുകയാണെങ്കിൽ ഒരു നിശ്ചിത തീയതിക്കു ഗവൺമെന്റു നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അതിനു ഉടമാവകാശം ഇല്ലാതാകും. എന്നാൽ അവസാനം കൊണ്ടുവന്നിരിക്കുന്ന പ്രൊവൈസോ പ്രകാരം സ്ഥിരാവകാശം ഉള്ള മലബാറിലേയും കൊച്ചിയിലേയും കുടിയാന്മാർക്കു ഈ വിജ്ഞാപനം ബാധകമല്ല എന്നു വരുന്നു. എന്തുകൊണ്ടു ഇങ്ങനെ പറയുന്നു എന്നു വച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ]

സ്ഥിരമായി കുടിയാൻ അങ്ങനെതന്നെ തുടർന്നു പോകണം എന്നുള്ളതാണു്. പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നതു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇത്തരക്കാർക്കു ആനുകൂല്യം കൊടുക്കുന്നുണ്ടെങ്കിലും അതു് ഓപ്ഷൻ ആക്കിക്കൊണ്ടുമാത്രം കൊടുക്കണമെന്നാണു്, പല സ്റ്റേറ്റുകളിലെയും കുടിയാനു വളരെ കുറച്ചു ആനുകൂല്യമേ കിട്ടുന്നുള്ളു. 1963-ൽ കേരളത്തിലെ കോൺഗ്രസ് ഗവണ്മെന്റു അവതരിപ്പിച്ച ബില്ലുപ്രകാരം അതിനുമുമ്പു ഉണ്ടായിരുന്ന നിയമപ്രകാരം കുടിയാനു ജന്മിയുടെ അവകാശം കൊടുക്കുവാനുള്ള അധികാരം എടുത്തുകളഞ്ഞുകൊണ്ടു് മലബാറിലെ കുടിയാനെ സംബന്ധിച്ചിടത്തോളം അവർ ശാശ്വതമായിട്ടു കുടിയാന്മാരായിതന്നെ തുടരണമെന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണു്. ഇങ്ങനെ ഓരോ വകുപ്പു നോക്കിയാലും പ്ലാനിംഗ് കമ്മീഷന്റെ ലാന്റു റിഫാംസിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ തീരെ കണക്കിൽ എടുത്തിട്ടില്ല എന്നു കാണാവുന്നതാണു്. അവസാനം മന്ത്രി കാർഷികബന്ധ നിയമപ്രകാരം പാട്ടം നിജപ്പെടുത്തിക്കൊടുത്ത ഹർജി ഈ വ്യവസ്ഥയിൽ നിന്നും എടുത്തു കളഞ്ഞിരുന്നതു ഇപ്പോൾ മാററി എഴുതിയിരിക്കുകയാണു്. എന്തു ആവശ്യത്തിനു വേണ്ടിയാണു് ഇത്തരത്തിലുള്ള ഒരു വകുപ്പു എഴുതിച്ചേർത്തതു് എന്നുള്ള കാര്യം നാം ചിന്തിക്കണം. നിയമപ്രകാരം ജന്മി ആഗ്രഹിച്ചതിൽ അധികം പാട്ടം ഇപ്പോൾ കിട്ടാൻ സാദ്ധ്യതയുണ്ടു്. അതേ വകുപ്പിൽതന്നെ പറയുന്നുണ്ടു് മലബാർ കുടിയായ്മ പ്രകാരമുള്ള പാട്ടത്തോതു് നിശ്ചയിക്കുന്നതിനുള്ള ഹർജികൾ അതുപോലെതന്നെ തീരുമാനിക്കുമെന്നു്. എന്താണു് കാരണം? മലബാർ കുടിയായ്മ നിയമപ്രകാരം ജന്മികൾക്കു കൂടുതൽ പാട്ടം കിട്ടാൻ സാദ്ധ്യതയുണ്ടു്. കാർഷികബന്ധ നിയമപ്രകാരം ഉള്ള വകുപ്പിന്റെ അടിസ്ഥാനത്തിൽ പാട്ടം നിജപ്പെടുത്തുകയാണെങ്കിൽ ഇന്നുള്ള വകുപ്പിന്റെ അടിസ്ഥാനത്തിൽ ഉള്ളതിനെക്കാൾ കുറവായിരിക്കും. അങ്ങനെ ജന്മിക്കു കൂടുതൽ പാട്ടം കിട്ടുന്നതിനുള്ള വകുപ്പു ഇതിൽ ഉണ്ടു്. അഞ്ചേക്കറിൽ കുറവു ഭൂമിയുള്ളവർക്കു 57-ലെ ബിൽപ്രകാരം ഒരു കൊല്ലത്തെ പാട്ടം കൊടുത്താൽ മതിയെന്നാണു് വ്യവസ്ഥയുള്ളതെങ്കിൽ ഇപ്പോൾ അഞ്ചു കൊല്ലവും പാട്ടം കൊടുക്കണമെന്നാണു് വ്യവസ്ഥയുള്ളതു്. ഈ നിയമം നടപ്പിൽ വന്നു മൂന്നു മാസത്തിനകം മൂന്നുകൊല്ലത്തെ കുടിശ്ശികകളും അതിനു ശേഷം 63 വരെയുള്ള പാട്ടം മൂന്നു മാസത്തിനകവും കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു കാരണം വമ്പിച്ച സംഖ്യ കുടിയാൻ ജന്മിക്കു പാട്ടബാക്കിയായി കൊടുക്കേണ്ടിവരും. ഒരുപക്ഷേ ഇതിനെല്ലാം ന്യായമായിട്ടു പറഞ്ഞേക്കും ഗവണ്മെന്റിന്റെ പ്രഖ്യാപിത നയമാണു് ചെറുകിട ജന്മികളെ സംരക്ഷിക്കുക എന്നതു് എന്നു്. വളരെക്കാലമായി സമരം ചെയ്തു നേടിയെടുത്ത പല അവകാശങ്ങളും നിഷേധിച്ചുകൊണ്ടു് ഈ രാജ്യത്തെ ഒരു വിഭാഗം ജനങ്ങളെ മാത്രം സംരക്ഷിക്കുന്നതിനു ഉതകുന്ന ഒരു നിയമം അതു എത്രമാത്രം നടപ്പിൽ വരുത്തുവാൻ കഴിയുമെന്നുള്ളതു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ചെറുകിട ജന്മികളെ സംബന്ധിച്ചിടത്തോളം അവർക്കു പാട്ടബാക്കിയുണ്ടെങ്കിൽ ഒന്നുംതന്നെ കൊടുക്കേണ്ട എന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: അല്ല. അവർക്കും ജീവിക്കണം. കോൺഗ്രസ്സും പി. എസ്. പി. യുംകൂടി ഭരിച്ചിരുന്ന കാലത്തുണ്ടാക്കിയ നിയമം ഇപ്പോൾ എന്താവശ്യത്തിനു മാററി? ജന്മികൾക്കു പാട്ടം കൊടുക്കണം. അതേ അവസരത്തിൽ ഭൂരിപക്ഷം കർഷകർ നേടിയെടുത്ത അവരുടെ അവകാശങ്ങളെ ഇല്ലാതാക്കിക്കൊണ്ടു ജന്മികളെ സംരക്ഷിക്കണമെന്നുണ്ടോ? അതിനുള്ള ശ്രമമാണു് ഈ ബില്ലിൽ ഉടനീളം കാണുന്നതു്. അതിന്റെ പ്രത്യാഘാതം ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ തന്നെ കാണാവുന്നതാണു്. മലബാറിലേയും കൊച്ചിയിലേയും അംഗങ്ങളോടു എനിക്കു സഹതാപമാണു് ഉള്ളതു്. ഈ ബിൽ ഈ വിധത്തിൽ പാസ്സാക്കുകയാണെങ്കിൽ അതു ഈ രാജ്യത്തെ കർഷകജനതയോടുള്ള ഒരു വെല്ലുവിളിയായിരിക്കുമെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഈ ബില്ലിനെപ്പററി എതിർപക്ഷത്തു നിന്നു കാണിച്ച ആവേശം കണ്ടപ്പോൾ, പ്രത്യേകിച്ച് ശ്രീമാൻ ഇ. പി. ഗോപാലന്റെ ഗംഭീരമായ പ്രസംഗം കേട്ടപ്പോൾ—അദ്ദേഹത്തിനെ അനുമോദിക്കാനാണ് എനിക്കു തോന്നുന്നതു്. അദ്ദേഹം അത്രയേറെ വിഷമങ്ങൾ കാണിച്ചു—അതിൽ ഒട്ടുംതന്നെ അതിശയിക്കാനില്ല എന്നു എനിക്കു തോന്നി. ഒരു ദുർവൃത്തയായ സ്ത്രീ അവരുടെ ഭർത്താവു ഉപേക്ഷിച്ചതിനുശേഷം........

ശ്രീമതി കെ. ആർ. ഗൗരി: എന്തു സ്ത്രീയാണെന്നാണ് പറഞ്ഞതു്?

ശ്രീ. എൻ. ഭാസ്കരൻ നായർ: ദുർവൃത്തയായ സ്ത്രീ.

ഒരു ദുർവൃത്തയായ സ്ത്രീയെ ഭർത്താവു ഉപേക്ഷിച്ചതിനുശേഷം വീണ്ടും മറെറാരു സ്ത്രീയെ വിവാഹം ചെയ്യുകയാണെന്നുണ്ടെങ്കിൽ ആ ഉപേക്ഷിച്ച സ്ത്രീ ഈ പുതിയ സ്ത്രീയെപ്പററി വളരെ ഏറെ കുററങ്ങൾ നാട്ടിൽ നടന്നു പറയുകയും, പരാതിപ്പെടുകയും സൗകര്യമുള്ളപക്ഷം ഈ പുതിയ സ്ത്രീയെ ഉപേക്ഷിക്കാൻ ഒരു ശ്രമം നടത്തുകയും........

ശ്രീമതി കെ. ആർ. ഗൗരി: സ്വന്തം അനുഭവത്തിൽ നിന്നാണോ പറയുന്നതു്?

ശ്രീ. എൻ. ഭാസ്കരൻ നായർ: അനുഭവപ്പെട്ടിരിക്കും. എനിക്കായില്ല. അങ്ങനെ ഒരു ചിന്താഗതിയാണ് എനിക്കു ബഹു:സ്നേഹിതന്മാരുടെ ഈ പ്രസംഗം കേട്ടപ്പോൾ തോന്നുന്നതു്. ഏതായാലും കമ്മ്യൂണിസ്ററുകാർ അവതരിപ്പിച്ച പാസ്സാക്കിയ ബിൽ നടപ്പിൽ വരാൻ സാധിക്കാതെവന്നതിനു ശേഷം സംയുക്ത ഗവണ്മെന്റ് ഇവിടെ ഒരു ബിൽ ഹാജരാക്കി അതു പാസ്സാക്കി നടപ്പിൽവരുത്തിയെങ്കിലും അതേപ്പററി ഹൈക്കോടതിയിൽ നിന്നും അതിനും ഉപരിയായിട്ടുള്ള കോടതിയിൽ നിന്നും അതു നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചതിനുശേഷം ആ ബില്ലിനെ മാററി പുതിയതായി നിയമസാധുതയോടുകൂടി ഒരു ബിൽ ഈ സഭയിൽ പാസ്സാക്കേണ്ടതാവശ്യമാണെന്നുകണ്ടുകൊണ്ടു അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലിനെ എങ്ങനെയെങ്കിലും നടപ്പാക്കാതെയിരിക്കാൻ ശ്രമിക്കുന്നതു് ചിലരുടെ ആവശ്യം മാത്രമാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ പോകുന്നു എന്നു അറിഞ്ഞപ്പോൾ ഞങ്ങൾ ഈ ബിൽ ഇൻട്രഡ്യൂസ് ചെയ്യാൻ അവസരം കൊടുക്കുകയില്ല, ഞങ്ങൾ വലിയ പ്രക്ഷോഭണം നടത്തും, അങ്ങനെ പ്രക്ഷോഭണം നടത്തിയാൽ ബിൽ സഭയിൽ കൊണ്ടുവരാൻ സാധിക്കുകയില്ല അത്ര ഗംഭീരമായിരിക്കും ഞങ്ങളുടെ പ്രക്ഷോഭണം എന്നെല്ലാം പറഞ്ഞു. എന്നാൽ ബിൽ സഭയിൽ അവതരിപ്പിച്ച അവസരത്തിൽ ആദ്യം കുറെയൊക്കെ പറയാവുന്നതെല്ലാം പറഞ്ഞു. പിന്നീടു സെലക്ററു കമ്മിററിക്കു വിട്ടു. സെലക്ററു കമ്മിററി കൂടിയ അവസരത്തിൽ അതിൽ സഹകരിക്കയുണ്ടായില്ല. പിന്നീട് സെലക്ററു കമ്മിററി റിപ്പോർട്ടുവന്നതിനുശേഷം ബിൽ ചർച്ചയ്ക്കെടുത്ത അവസരത്തിൽ ഏതാനും ഭേദഗതികൾ കൊണ്ടുവന്നു. അതൊന്നുമല്ല, ഏതെല്ലാംവിധത്തിൽ മററുള്ള ആളുകൾക്കു ചിന്താക്കുഴപ്പം ഉണ്ടാക്കാമോ, ആ വിധത്തിലെല്ലാം ശ്രമിക്കയും പ്രചരണപരമായ കുഴപ്പങ്ങൾ ഉണ്ടാക്കി സെലക്ററു കമ്മിററിയിൽ വരാത്ത സെലക്ററു കമ്മിററി വരുത്തിയ ഭേദഗതികളോടുകൂടി ഇവിടെ വന്നിരിക്കുന്ന ഈ ബിൽ ഓരോ വകുപ്പും ചർച്ച ചെയ്യുമ്പോൾ പറഞ്ഞതുതന്നെ പിന്നെയും പിന്നെയും പറഞ്ഞു എത്രമാത്രം തടസ്സപ്പെടുത്താമോ അത്രമാത്രം തടസ്സപ്പെടുത്തി ഇപ്പോൾ മൂന്നാംവായനയ്ക്കു വന്നിരിക്കുന്ന അവസരത്തിൽ ഏതായാലും ഇതു പാസ്സാകും എന്നു കണ്ടപ്പോൾ എന്റെ സ്നേഹിതൻ ശ്രീമാൻ ടി. സി. നാരായണൻ നമ്പ്യർ പറഞ്ഞു, ദയവു ചെയ്തു മന്ത്രി ഇതു പിൻവലിക്കണം എന്നു്. ഏതായാലും, സാമം, ദാനം, ഭേദം ദണ്ഡം എന്നുണ്ടല്ലോ, അതനുസരിച്ചു അദ്ദേഹം അങ്ങനെ പറയുന്നതിൽ ഒട്ടുംതന്നെ അതിശയിക്കാനില്ല.

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇവർ പറയുന്നതു, പാട്ടം വളരെ ഏറെ വർദ്ധിപ്പിച്ചു എന്നുള്ളതാണ്. അതുപോലെ കുടിയിറക്ക് ഈടാക്കുന്നതിനുള്ള നടപടിക്രമം തെററിപ്പോയി. കുടിശ്ശിക ഈടാക്കുന്നതിനു കൂടുതൽ

2/755/S

LIBRARY ARCHIVES Kerala Legislative Assembly

[എൻ. ഭാസ്കരൻ നായർ]

വ്യവസ്ഥകളുണ്ട്. കുടികിടപ്പുകാരെസംബന്ധിച്ചിടത്തോളം അന്യായമായ വ്യവസ്ഥകളാണ് ഇതിൽ വച്ചിട്ടുള്ളത്. സീലിംഗ് പ്രൊവിഷനിൽ വളരെ ഏറെ ആളുകളെ ഉൾക്കൊള്ളിച്ചിട്ടും, പ്രത്യേകിച്ച്, കുട്ടനാട്ട താലൂക്ക ഇതിൽ നിന്നും വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ ഇതിൽ ചേർത്തും സ്മാൾ ഹോൾഡർക്കുവേണ്ടി വളരെ ആനുകൂല്യങ്ങൾ ചെയ്തിട്ടുള്ളതും ഇങ്ങനെ പലതും ഇവിടെ പറഞ്ഞു. പാട്ടം ഈടാക്കുന്നകാര്യവുമെല്ലാം പരസ്പരവിരുദ്ധമായിട്ടാണ് ഇവിടെ പ്രസംഗിച്ചിട്ടുള്ളത്. ഇതെല്ലാം വെറും പ്രചരണപരമായ വിദ്യകൾമാത്രമാണ്. ഇങ്ങനെ പ്രചരണപരമായ വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള നീണ്ട പ്രസംഗങ്ങൾ കേട്ടപ്പോൾ അവരുടെ കുററങ്ങളെപ്പററി അവർ ആലോചിക്കുന്നില്ലല്ലോ എന്നെനിക്ക തോന്നി. സർ, ആത്മാർത്ഥതയോടുകൂടി അവർ ചിന്തിക്കുകയാണെങ്കിൽ, മുമ്പുള്ള പാട്ടത്തിൽനിന്ന യാതൊരു പാട്ടവും കൂടുതലായി കൊടുക്കേണ്ടിവരുന്ന ഒരു വ്യവസ്ഥയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുകാണാം. ശരിയായി കാൽക്കുലേററു ചെയ്യുകയാണെങ്കിൽ മുമ്പുണ്ടായിരുന്ന പാട്ടംതന്നെ കൊടുത്താൽമതി എന്നുകാണാം. ആ പാട്ടംതന്നെ എത്രനാൾ കൊടുക്കണം. ഈ ബിൽ നടപ്പിൽവന്നതിനുശേഷം അതു പർച്ചേസ് ചെയ്യുന്നതിനുള്ള..........

<u>ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ:</u> എന്നെ സംബന്ധിച്ചിടത്തോളം ബഹു: സ്നേഹിതൻ പറഞ്ഞതു കുറെഭാഗം ഞാൻ സമ്മതിക്കാം. അതിൽ അല്പം കുഴപ്പമുണ്ട്. എനിക്ക ഒരൊററ സംശയംമാത്രം അറിഞ്ഞാൽമതി. ഈ അഞ്ചിലൊന്നിനേക്കാളും നാലിലൊന്നാണ് കുറവു എന്നുള്ള ആ കണക്കുകൂട്ടൽ എങ്ങനെയാണ്. അതു സ്വകാര്യമായിട്ടെങ്കിലും ഒന്ന പറഞ്ഞുതന്നാൽ കൊള്ളാം.

<u>ശ്രീ. എൻ. ഭാസ്കരൻ നായർ:</u> അഞ്ചിലൊന്ന എന്നുള്ളതും നാലിലൊന്ന എന്നുള്ളതും പറഞ്ഞു കഴിഞ്ഞു, "വിച്ച് എവർ ഈസ് ലെസ്സ്" എന്നുള്ളതു മറന്നുപോയതുകൊണ്ടായിരിക്കാം. ഏതായാലും ഇതെല്ലാം വെറും പ്രചരണത്തിനുവേണ്ടി മാത്രമാണെന്നുള്ളതു വളരെ സ്പഷ്ടമാണ്. മുമ്പുണ്ടായിരുന്ന പാട്ടത്തേക്കാൾ യാതൊന്നും യാതൊരു തരത്തിലും കൂടുതലായി കൂട്ടീട്ടില്ല. സ്മാൾ ഹോൾഡറെ സംബന്ധിച്ചിടത്തോളം കാൺട്രാക്ററു റെൻറിൻെറ 75 ശതമാനമോ, ഫെയർ റെൻറിൻെറ വ്യവസ്ഥ അനുസരിച്ചു നിജപ്പെടുത്തിയ പാട്ടമോ ഏതാണ് കുറവ് എന്ന കാർഷികബന്ധനിയമത്തിൽ പാസ്സാക്കിയ അതേ വ്യവസ്ഥതന്നെയാണ ഇവിടെയും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ടെനൻറായിട്ടിരിക്കുന്നവർ സ്മാൾ ഹോൾഡേഴ്സിനു പാട്ടം കൊടുക്കേണ്ട എന്നാണോ? ഇവിടെ സ്മാൾഹോൾഡേഴ്സിനുവേണ്ടി വളരെ വാശിയോടുകൂടി വാദിച്ചിട്ടുള്ളവരാണ് ഇന്നിതു പറയുന്നതു്.

<u>ശ്രീ. ഈ. പി. ഗോപാലൻ:</u> കോട്ടയം ഡിസ്ട്രിക്ററല്ലാതെ വേറെയും കുറച്ചു രാജ്യമുണ്ടെന്നറിയാമോ?

<u>ശ്രീ. എൻ. ഭാസ്കരൻ നായർ:</u> മി. ഗോപാലൻ പോയിട്ടുള്ളതിനെക്കാൾ വളരെ അധികം ദിക്കുകളിൽ ഞാൻ പോയിട്ടുണ്ട്. അദ്ദേഹത്തിനു പോകാൻ കഴിയാത്ത സ്ഥലങ്ങൾ ഞാൻ കണ്ടിട്ടുണ്ട്.

<u>ശ്രീ. ഈ. പി. ഗോപാലൻ:</u> എം. ആർ. ഏ. യുടെ സൗജന്യത്തിൽ പോയതല്ലേ?

<u>ശ്രീ. എൻ. ഭാസ്കരൻ നായർ:</u> ഏതായാലും കോട്ടയം മാത്രമല്ല. എം. ആർ. ഏയെപ്പററിയും അദ്ദേഹം മനസ്സിലാക്കിയതിൽ എനിക്ക സന്തോഷമേയുള്ളു.

ഈ നിയമത്തിൽ മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വ്യവസ്ഥകൾ ഉണ്ട് എന്നുള്ളതു മററുള്ളവരും അംഗീകരിക്കുന്നുണ്ട്. ഏതായാലും ഫെയർ റെൻറിനെസംബന്ധിച്ചു ഞാൻ പറയുന്നതു പാട്ടം നിർണ്ണയിച്ചതിനുശേഷം പർച്ചേസ് റൈററിനുള്ള ആപ്ലിക്കേഷൻ കൊടുത്തുകഴിഞ്ഞാൽ ഒരു കൊല്ലത്തിൽ കൂടുതൽ പാട്ടം കൊടുക്കേണ്ട ആവശ്യം വരുന്നില്ല. പിന്നീട് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഓരോ കൊല്ലത്തെ പാട്ടവും വിലയിൽ കണക്കാക്കും എന്ന വ്യവസ്ഥയുണ്ട്. അപ്പോൾ കുടിയാൻ ഇനിയും തുടർന്നു പാട്ടം കൊടുക്കേണ്ടിവരും എന്നുള്ളതും വെറും പ്രചരണമാണ്, അതിൽ യാതൊരർത്ഥവുമില്ല.

മറ്റൊന്ന്, കുടിശ്ശികപ്പാട്ടം പിരിക്കുന്നതിനുള്ള വ്യവസ്ഥ വച്ചിരിക്കുന്നതു ഏതാണ്ടൊരു വലിയ അധർമ്മം ആണെന്നാണ്. ഇതു കേൾക്കുമ്പോൾ വാസ്തവത്തിൽ സങ്കടം തോന്നുകയാണ്. ഇതിൽ എന്താണു ചേർത്തിരിക്കുന്നതു്. ന്യായമായ പാട്ടംമാത്രം കിട്ടി, അതുകൊണ്ടുമാത്രം ജീവിതം കഴിച്ചു വരുന്ന ചെറുകിടക്കാരായ ജന്മിമാരുടെകാര്യം പരിഗണിക്കുമ്പോൾ 1957-നു മുമ്പുതൽക്കേ പാട്ടക്കുടിശ്ശിക വരുത്തി 12 കൊല്ലക്കാലമായി തുടർച്ചയായി ഇന്നുവരെ പാട്ടംകൊടുക്കാതെയിരിക്കുന്ന പല കേസുകളും ഉണ്ട് സർ. എനിക്കു നേരിട്ടു അറിയാവുന്ന കേസുകളുണ്ട്. ഈ മാതിരി കേസുകളെല്ലാം ഓരോ കാരണം പറഞ്ഞു സ്റ്റേയും മറ്റും വാങ്ങി അങ്ങനെ 12 കൊല്ലക്കാലമായി പാട്ടംകൊടുക്കാതിരിക്കുന്ന പാട്ടക്കാർ ഇന്നു ധാരാളമാണ്. ഈ 12 കൊല്ലക്കാലമായി അവർ വേറെ പുര പണിയിക്കുകയും മററുള്ള താമസസൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. നേരെമറിച്ചു കുടിയാന്മാർ ഇന്നു ഈ ബിൽ അനുസരിച്ചു വെറും ഒരു കൊല്ലത്തെ അല്ലെങ്കിൽ മൂന്നു കൊല്ലത്തെ ഏതാണു കൂടുതൽ അതു കൊടുത്താൽ മതി. മൂന്നുകൊല്ലത്തെ പാട്ടം മര്യാദപ്പാട്ടം കൊടുക്കണം. അതു കൊടുക്കണ്ടാ എന്നാണ് മുമ്പുണ്ടായിരുന്ന ആക്ററിൽ വ്യവസ്ഥ. പാട്ടംകൊടുക്കണ്ടാ എന്നുള്ളതിലേയ്ക്കുള്ള സൗകര്യങ്ങൾ അങ്ങേയററം ചെയ്തിരുന്നു. ഈ ഇന്ററീം ലെജിസ്ലേഷൻ അനുസരിച്ചു അതു ഇൻസ്റ്റാൾമെന്റായി കൊടുത്താൽ മതിയെന്നും വ്യവസ്ഥയുണ്ടായിരുന്നു. ഇതൊക്കെയായിട്ടും പാട്ടം കൊടുക്കാത്ത ആ പാട്ടക്കാരെ സംരക്ഷിക്കാൻ ഇതിൽ കൂടുതൽ എന്തു വ്യവസ്ഥയാണ് സർ, ചെയ്യേണ്ടതു്? 12 കൊല്ലം ആദായം കിട്ടിയ ശേഷം ഈ ആക്ററു അനുസരിച്ചു മൂന്നുമാസമോ ആറുമാസമോ കൊണ്ടു കൊടുക്കേണ്ടതായ ഒരു വ്യവസ്ഥയാണു ഇതിൽ ചേർത്തിരിക്കുന്നതു്. അതിൽ എന്താണു അന്യായം. 1959 മുതൽ കൂടുതൽ പാട്ടം കൊടുക്കുന്നവക്കു ഇതു നടപ്പിൽ വന്നുകഴിഞ്ഞു ആറുമാസത്തിനകവും അതിനുശേഷമുള്ളതു് ആറുമാസത്തിനകവും കൊടുത്താൽ മതിയെന്നുള്ള വ്യവസ്ഥയാണ്. ഇതു ആരെ സഹായിക്കാനാണ് സർ. പാട്ടം കൊണ്ടുമാത്രം ജീവിക്കുന്ന ആളുകളെ സഹായിക്കുന്ന വ്യവസ്ഥയാണോ? ഇതു കുടിയാന്മാരെ സഹായിക്കുന്ന വ്യവസ്ഥയല്ലേ? ഇതു അധർമ്മമാണെങ്കിൽ പിന്നെ ധർമ്മം എവിടെയാണ്.

മറ്റൊന്നു് ഈ സീലിംഗിന്റെ പ്രൊവിഷനിൽ നിന്നും എല്ലാ ആളുകളെയും വിടുതൽ ചെയ്തിരിക്കുകയാണ്. ഇനി എക്സസ്സായിട്ടു യാതൊന്നും ഉണ്ടായിരിക്കുകയില്ല എന്നൊക്കെ ഇവിടെ പറയുന്നതായി കേട്ടു. അതിന്റെ ശരിയായ കണക്കുകൾ എന്റെ സുഹൃത്തു ശ്രീമാൻ കെ. കെ. വിശ്വനാഥൻ ഇവിടെ വിശദമാക്കികൊണ്ടു വളരെ പറഞ്ഞുകഴിഞ്ഞു. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഇവിടെ എന്താണു ചെയ്തിരിക്കുന്നതു്. കുടികിടപ്പുകാരെസംബന്ധിച്ചു അവക്കുള്ള അവകാശങ്ങൾ മുമ്പിലത്തെ ബില്ലിൽ ഉണ്ടായിരുന്നതു തന്നെ ഇവിടെയും കൊടുത്തിട്ടുണ്ട്. കുടികിടപ്പുകാർക്കു അഞ്ചു സെന്റോ പത്തുസെന്റോ, മൂന്നുസെന്റോ എന്നു നിശ്ചയിക്കുന്നതു അവിടെ നിന്നു് മാറുമ്പോൾ മാത്രമേയുള്ളു. ഇനിമേലാൽ ഒരു കുടികിടപ്പുകാരനേയും കാണാൻ സാധിക്കുകയില്ല. ചില പ്രത്യേക കാരണങ്ങളാൽമാത്രം ടെനന്റായി തുടരേണ്ട ചില സന്ദർഭങ്ങൾ ഉണ്ടായേക്കാം. അതായതു പ്ലാന്റേഷനും, ഇൻഡസ്ട്രീയൽപർപ്പസസ്സിനും അങ്ങനെ പൊതുതാല്പര്യത്തെ മാത്രം മുൻനിറുത്തിക്കൊണ്ടുള്ള ചില പ്രത്യേകകാര്യങ്ങൾക്കു മാത്രമേ കുടികിടപ്പുകാരനെ മാററാൻ സാധിക്കുകയുള്ളു. അതിനു അയാൾക്കു ആൾട്ടർനേററു സൈററു കൊടുക്കണമെന്നും വ്യവസ്ഥയുണ്ട്. അതു കൊണ്ടു കുടികിടപ്പുകാരനു് ഇന്നിരിക്കുന്ന സർവ്വ ആനുകൂല്യങ്ങളോടുകൂടി തുടരുന്നതിനു സാധിക്കുന്നതാണ്. മുമ്പുണ്ടായിരുന്ന കാർഷികബന്ധനിയമത്തിൽ കുടികിടപ്പുകാരൻ ഏതെങ്കിലും വസ്തുവിൽ കുടിവച്ചുതാമസിക്കുകയാണെങ്കിൽ ആ ഭൂമിയുടെ ഉടമസ്ഥൻ കുടികിടപ്പുകാരനു തന്റെ പുര ഒന്നു" റിപ്പയർ ചെയ്യുന്നതിനോ, പുതുക്കിപ്പണിയുന്നതിനോ അനുവാദം കൊടുക്കുകയില്ല, അയാളെ അവിടെ നിന്നും മാററുന്ന

LIBRARY ARCHIVES Kerala Legislative Assembly

[എൻ. ഭാസ്കരൻ നായർ]

തിനുവേണ്ടി കൃത്രിമങ്ങൾ പ്രയോഗിച്ചാണ് മാററുന്നതു്. ഇന്നു് ആ സ്ഥിതി മാററി കുടികിടപ്പുകാരനു ആവശ്യമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു അതായതു് പുര നന്നാക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ഒക്കെത്തന്നെ പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുകയാണ്. റിപ്പയർ ചെയ്യുന്നതിനു മാത്രമല്ല, പുതുക്കിപ്പണിയുന്നതിനും സാദ്ധ്യതയുണ്ട്. ഇതു കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥയാണോ സർ. കുടികിടപ്പുകാർക്കു അങ്ങേയററം ന്യായം ലഭിക്കണം, അവർക്കു യാതൊരു വിധത്തിലുള്ള വിഷമങ്ങളും ഉണ്ടാകരുതു് എന്നുള്ളതിനു പ്രത്യേകം മുൻഗണനകൊടുത്തുകൊണ്ടു ചെയ്തിരിക്കുന്ന വ്യവസ്ഥയാണ്. മൂന്നു സെൻേറ അവർക്കു കൊടുത്തിട്ടുള്ളു എന്നു പറയുന്നു. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം ഒരു കുടികിടപ്പുകാരനു പത്തുസെൻറു സ്ഥലം കൊടുക്കുക എന്നു പറഞ്ഞാൽ അതു സാദ്ധ്യമാണോ? ചെറിയ ചിറ കുത്തിപ്പൊക്കിയുണ്ടാക്കിയതിൽ കുടിവച്ചു കെട്ടി താമസിക്കുകയാണ്. അവിടെ ഒരു സെൻറു ഭൂമി അങ്ങനെ കുത്തിപ്പൊക്കി എടുക്കുന്നതിനു് ആയിരം രൂപയ്ക്കു മേൽച്ചെലവുവരും. അങ്ങനെ പത്തുസെൻറും ഇരുപതു സെൻറും തറ കുത്തിപ്പൊക്കിയുണ്ടാക്കിയതിൽ നിന്നും നാലു് കുടികിടപ്പുകാർക്കു 10 സെൻറു വീതം കൊടുക്കണമെന്നു വ്യവസ്ഥചെയ്താൽ ഈ നാല്പതു് സെൻറിനു വേണ്ടി ഭൂമിയുടെ ഉടമസ്ഥൻ 20 സെൻറുകൂടി വിലകൊടുത്തു വാങ്ങേണ്ടതായി വരും. അവിടെ തെങ്ങിൻതോപ്പുകൾ ഉണ്ടാക്കി അതിൻെറ സുരക്ഷിതത്വത്തിനുവേണ്ടി, അതിനെ സംരക്ഷിക്കുന്നതിനുവേണ്ടി വല്ല ദൂരദിക്കിൽനിന്നും അവിടെ കൊണ്ടുവന്നു താമസിപ്പിക്കുന്ന ആളിൽ ഇന്നു അതുമുഴവൻ കൊടുക്കണമെന്നു പറഞ്ഞാൽ അതു ശരിയാണോ. ജന്മിക്കു ഉപദ്രവം ഇല്ലാതെ ഇരിക്കുന്നകാലത്തോളം അയാളെ മാറേറണ്ട ആവശ്യമില്ല എന്നുള്ള വ്യവസ്ഥയാണ് ഇതിൽ ചേർത്തിരിക്കുന്നതു്. അഥവാ അങ്ങനെ മാറേറണ്ടതായി വന്നാൽ അങ്ങനെയുള്ള കേസുകളിൽ മൂന്നു സെൻറുസ്ഥലം വേറെ കൊടുക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. 3 സെൻറു സ്ഥലത്തിനു് 3,000 രൂപ വിലവരുന്ന സ്ഥലം കുട്ടനാട്ടു് എരിയായിൽ ഉണ്ട്. അതുപോലെതന്നെ കാർപ്പൊറേ

5 P. M. ഷനിലും മേജർ മുനിസിപ്പാലിററികളിലും ഒരു സെൻറിനു് 1,000-ം, 2,000-ം, രൂപാ വിലവരുന്നു. ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ മൂന്നും അഞ്ചും സെൻറുകൾ വാങ്ങി പുര പണിഞ്ഞിട്ടുള്ള കേസുകൾ എത്രയോ ഉണ്ട്. അതുകൊണ്ടു് മൂന്നു സെൻറു് എന്നുള്ളതു് അത്ര നിസ്സാരമായി വിചാരിക്കേണ്ട ഒന്നല്ല. അങ്ങനെ കുടികിടപ്പുകാർക്കു് ന്യായമായി ജീവിക്കുന്നതിനു് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. ഇതിൽ ഒരു മാഗ്നാകാർട്ടാ ആയി സമുദായസൗഹാർദ്ദം പുലരത്തക്കവിധത്തിൽ കൊള്ളിച്ചിരിക്കുന്ന ഒരു വ്യവസ്ഥയെപ്പററിയാണ് എനിക്കു് പ്രത്യേകം എടുത്തുപറയുവാനുള്ളതു്. ചാരിററബിൾ ആൻഡു് റിലീജിയസ്സ് ഇൻസ്റ്റിററ്യൂഷൻസിനു് ഏതാനും വസ്തുക്കളുണ്ടെങ്കിൽ അതു കുടിയാൻെറ കൈവശമാണെങ്കിൽ, അതിൻെറ പാട്ടം വാങ്ങി നിത്യനിദാനച്ചെലവുകൾ നടത്തുന്നതിനുള്ള സൗകര്യം നഷ്ടപ്പെട്ടിരിക്കുകയായിരുന്നു. കാർഷികബന്ധനിയമം നടപ്പിൽവന്നതിനുശേഷം, അതിൻെറ നടപടിയിലുണ്ടായ പല ദൂഷ്യംകൊണ്ടു പല ദേവാലയങ്ങളും പൂട്ടിയിടേണ്ട പരിതസ്ഥിതിയുണ്ടായി. അങ്ങനെ വളരെ ഏറെ ഈശ്വരവിശ്വാസികളായ ആളുകളെ സങ്കടപ്പെടുത്തുന്ന പരിതസ്ഥിതിയാണ് ഇവിടെ സംജാതമായതു്. അതു ശരിയല്ലെന്നുകണ്ടു് അങ്ങനെയുള്ള സങ്കേതങ്ങൾ നിലനിറുത്തേണ്ടയാവശ്യത്തിനു് ന്യായമായ ഏർപ്പാടുകൾ ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നതു് ഒരുകാലത്തും ഈശ്വരവിശ്വാസികൾക്കു് മറക്കാൻ നിവൃത്തിയില്ല. അങ്ങനെ ഏററവും മുഴച്ചുകാണത്തക്ക ഒരു വ്യവസ്ഥയാണ് ഈ ബില്ലിൽ ചേർത്തിരിക്കുന്നതു്. അതിനെ കേരളത്തിലുള്ള എല്ലാ ജനതയും സ്വാഗതംചെയ്യുമെന്നു് എനിക്കു പരിപൂർണ്ണമായ വിശ്വാസമുണ്ട്. ദേവാലയങ്ങൾക്കു് കിട്ടാനുള്ളതു് കിട്ടാതെ വിഷമിച്ചുകഴിഞ്ഞ കാലത്തു് പലതും പൂട്ടിയിടേണ്ട ദുരവസ്ഥയിൽ എത്തിയിരുന്നു. എൻെറ സ്നേഹിതൻ ശ്രീ. ഇ. പി. ഗോപാലൻ പറയുകയുണ്ടായി, ഈ ബിൽ ആളുകളെ നന്നാക്കാൻ വേണ്ടിയല്ല, നേർച്ചമറിച്ചു് ദേവനേയും ദേവിയേയും നന്നാക്കാനാണ് എന്നു്. ഈശ്വരവിശ്വാസികളായ ഞങ്ങൾ ദേവനിലും ദേവിയിലും വിശ്വസിക്കുന്നു. ഈശ്വരവിശ്വാസത്തോടുകൂടി ജീവിച്ചെങ്കിൽമാത്രമെ, ഈ ലോകത്തു്

LIBRARY ARCHIVES Kerala Legislative Assembly

ശാന്തിയും സമാധാനവും നിലനിറുത്താൻകഴിയുകയുള്ള എന്നു് വിചാരിക്കുന്നവർ ഉള്ളിടത്തോളം കാലം ദേവാലയങ്ങൾ നിലനിറുത്തേണ്ടതു് ആവശ്യമാണെന്നു കരുതി അതിനു് സഹായകമായ വ്യവസ്ഥകൊണ്ടുവന്നതിനെ ഈ രാജ്യത്തെ ജനങ്ങൾ അങ്ങേയററം സ്വാഗതം ചെയ്യും. ഈ വ്യവസ്ഥകൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അങ്ങേയററം അഭിനന്ദിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ദേവൻെറ പേരുപറഞ്ഞു് ഇടനിലയിൽ നിന്നു കാശുവാങ്ങുന്ന ദൈവവിശ്വാസികൾക്കു് എന്താണു വരാൻ പോകുന്നതെന്നു് അറിയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: കഴിഞ്ഞദിവസം ഞാൻ അതിനെപ്പററി പറഞ്ഞുകഴിഞ്ഞു. ഇനിയും പറയണമോ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ദൈവത്തിൻെറ പേരു പറയാതെ ഇടനിലനിന്നു വാങ്ങുന്നവർക്കു വരാൻ പോകുന്നതു് എന്താണെന്നുകൂടി പറയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: കഴിഞ്ഞദിവസം ഞാൻ പറഞ്ഞ കാര്യമാണു്, ദൈവങ്ങളുടെ പേരുപറഞ്ഞു ആ പാർട്ടിയിൽപ്പെട്ട അനേകം ആളുകൾ ഇന്നും കപടവേഷം ധരിച്ചുകൊണ്ടു് ജീവിതം നയിക്കുന്നുണ്ടു്. അവർ അങ്ങനെ കഴിയുമ്പോൾ ഞങ്ങൾ തുറന്നു പറയുന്നുവെന്നേയുള്ളു. ഈശ്വര ചൈതന്യം ഈ ലോകത്തു് വിളയാടുന്നുണ്ടെന്നു വിശ്വസിക്കുന്ന ഞങ്ങൾ ആ സങ്കേതങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കേണ്ടതു് ആവശ്യമാണെന്നുകണ്ടു് അതിനു് ന്യായമായനിലയിൽ കിട്ടേണ്ട ആന്വിററി തുടർന്നുകൊടുക്കുന്നതിനു ധീരമായ ഉത്തരവാദിത്വമാണു് ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ളതു്. അതു് അങ്ങേയററം സ്വാഗതാർഹമാണു്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ജനങ്ങൾ അതിനെ വാനോളം പുകഴ്ത്തുമെന്നു് എനിക്കു് പരിപൂർണ്ണമായ വിശ്വാസമുണ്ടു്. ഇങ്ങനെ കാര്യമായ അനേകം വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ബിൽ ഏററവും സ്വാഗതാർഹമായിട്ടുള്ള ഒരു ബില്ലാണു്. എൻെറ സ്നേഹിതൻ ശ്രീ. ചാഴിക്കാടൻ പറഞ്ഞതുപോലെ ഒരു വശത്തു് എന്തെങ്കിലും ആനുകൂല്യം ചെയ്യുകയാണെങ്കിൽ മറുവശത്തു് അതിൻെറ വിഷമം ഉണ്ടാകുമെന്നു നമുക്കറിയാം. എങ്കിൽ പോലും ഇന്നു് ഒരാളെ അധഃപ്പതിപ്പിച്ചുകൊണ്ടു് മററൊരാളെ ഉയർത്തുന്നതിനുള്ള ശ്രമമല്ല ഇവിടെ നടത്തിയിട്ടുള്ളതു്. ഇവിടെ ടെനൻറിനും, ലാൻഡ് ലോഡിനും ചെയ്യാവുന്ന ആനുകൂല്യങ്ങൾ ചെയ്യുന്ന ഒരു ബില്ലാണു് ഇതെന്നുള്ള നിലയിൽ എല്ലാവരും ഇതിനെ സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. ഹസൻഗനി: ഈയവസരത്തിൽ ചില കാര്യങ്ങൾ മാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം ഭൂപരിഷ്കരണ ബിൽ തയ്യാറാക്കേണ്ടതെന്ന തത്വം സ്വീകരിച്ചിട്ടുണ്ടെങ്കിലും ചില കാര്യങ്ങളിലൊക്കെ അതു് ശരിയായി പരിപാലിച്ചിട്ടില്ലെന്നു കാണാൻ കഴിയും. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെയേറെ ഭേദഗതികൾ ഇവിടെ അവതരിപ്പിക്കപ്പെട്ടു. അതിൽ കുറെ സ്വീകരിച്ചിട്ടുണ്ടു്. ഒട്ടുവളരെ സ്വീകരിക്കാതെ ഇന്നു് മൂന്നാം വായനയ്ക്കു വന്നിരിക്കുകയാണു്. കൃഷിക്കാരനു് സുരക്ഷിതത്വം ഭൂപരിഷ്കരണംമൂലം ഉണ്ടാകണമെന്നുള്ളതു് അതിപ്രധാനമായ തത്വമാണു്. ഈ ബിൽ ആകെ പരിശോധിച്ചുനോക്കിയാൽ പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശങ്ങൾ കുറെയൊക്കെ അംഗീകരിച്ചിട്ടുണ്ടെന്നുള്ളതു് ഒഴിച്ചാൽ ശരിയായ സുരക്ഷിതത്വം ഇന്നും കൃഷിക്കാരനു് ഉണ്ടാകുന്നില്ലെന്നു കാണാൻ കഴിയും. പെസൻറു് പ്രൊപ്രൈറററർഷിപ്പു് കുറകളഞ്ഞ നിലയിൽ നൽകാൻ സാധിച്ചിട്ടില്ലെന്നുള്ളതു് ഖേദകരമായ ഒരു വസ്തുതയാണു്. വളരെയേറെ വിഷമതയനുഭവിച്ചു് കൃഷി നിത്യത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കൈവശം ഇരിക്കുന്ന ഭൂമികൾ ഉടമസ്ഥന്മാർ കരസ്ഥമാക്കുമെന്നാണു് ഈ ബിൽമൂലം എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നതു്. തെങ്ങിൽ നിന്നോ, അതുപോലുള്ള മററു കൃഷി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസൻ ഗനി]

കളിൽനിന്നോ കിട്ടുന്ന ആദായം പാടങ്ങളിൽ പണിയെടുക്കുന്നവർക്ക് കിട്ടുകയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ചില പ്രത്യേക സാഹചര്യങ്ങൾ മൂലം അവർ പാട്ടബാക്കി വളരെയേറെ കൊടുക്കേണ്ടതായും വന്നിരിക്കും. മനഃപൂർവ്വം പാട്ടബാക്കി ഇടുന്ന കൃഷിക്കാരും കണ്ടേക്കാം. ഇന്ന് 72-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് 11-4-57 വരെയുള്ള പാട്ടബാക്കിക്ക് ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതു മുതൽ 3 മാസമാണ് സമയം കൊടുത്തിട്ടുള്ളത്. അതിനുശേഷം 15-2-61 വരെയുള്ള ബാക്കിയും ഈ സമയം തന്നെയാണ് കൊടുത്തിട്ടുള്ളത്. പിന്നെയും ബാക്കിയുള്ളതിന് 6 മാസമാണ് സമയം നൽകുന്നത്. ഈ മൂന്നു തരത്തിൽ പാട്ടബാക്കിയുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളവും അവസാനം ഒരാനുകൂല്യം കിട്ടുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ പറയുന്ന സമയത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ അവരുടെ ഒറ്റ് വിറ്റെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. സുരക്ഷിതത്വം ഉണ്ടെങ്കിൽ മാത്രമേ കാർഷിക രംഗത്ത് വിളവു വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ധാർമ്മികമായ ചുമതല കൃഷിക്കാരനു ഉണ്ടാവുകയുള്ളൂ. അതിനുള്ള ശരിയായ മാറ്റങ്ങൾ ഈ ബിൽ മൂലം ഉണ്ടായിട്ടുണ്ടോയെന്ന് ഞാൻ ഇപ്പോഴും സംശയിക്കുകയാണ്. മറ്റൊരു പ്രധാനകാര്യം ഇന്ന് വളരെയേറെ ഭൂമികൾ ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നുള്ളതാണ്. തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം തോട്ടമുടമകൾക്ക് തോട്ടങ്ങൾ കൂടാതെ മറ്റുതരത്തിലുള്ള ഭൂമിയും പരിധിവരെ വച്ചുകൊണ്ടിരിക്കാനുള്ള അവകാശം നൽകുന്നുണ്ട്. ഇങ്ങനെ വരുമ്പോൾ മിച്ചഭൂമിയുണ്ടാക്കി ഭൂമിയില്ലാത്ത കൃഷിക്കാർക്കു നൽകണമെന്നുള്ള വ്യവസ്ഥ വളരെയേറെ ഹാനി തട്ടുമെന്നുള്ള വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. ഈ നാട്ടിലെ ഒരു വിഭാഗം മാത്രം ക്യാപ്പിറ്റലിസ്റ്റുകളായി മാറുന്ന വ്യവസ്ഥിതി ഒരിക്കലും ഓർക്കത്തക്കതല്ലെന്നു വിചാരിക്കുമ്പോൾ മിച്ച ഭൂമിയുണ്ടാക്കി ഭൂമിയില്ലാത്തവർക്ക് നൽകണമെന്ന വ്യവസ്ഥയ്ക്കു വളരെയേറെ തകരാറുണ്ടാകുന്നുണ്ടെന്നുള്ള കാര്യം പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. തോട്ടക്കാർക്ക് നൽകിയിരിക്കുന്ന ആനുകൂല്യങ്ങൾ പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങളിലുള്ളതാണെങ്കിലും പുതിയ ചില പ്ലാന്റേഷൻ ഇതിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. കൊക്കോയും അതുപോലെതന്നെ മറ്റു ചിലതും വളരെയേറെ ഇവിടെ പുരോഗമിച്ചിട്ടില്ലാത്ത പ്ലാന്റേഷനാണെന്നു നമുക്കറിയാം. അതുകൂടി ഉൾപ്പെടുത്തിയതുമൂലം വരാൻപോകുന്ന വിപത്ത് കുറെ സ്ഥലങ്ങളിൽക്കൂടി അത്തരം തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുന്നു എന്നുള്ളതാണ്. അതിനു വിഘാതമായിത്തീരാനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ വളരെയൊന്നുമില്ലെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചിടത്തോളം ഇവിടെ വളരെയേറെ വാദപ്രതിവാദങ്ങൾ ഉണ്ടാകുന്നുണ്ട്. ഇവയുടെ പ്രവർത്തനത്തെപ്പറ്റി ചിലർക്ക് തെറ്റിദ്ധാരണയുണ്ടെന്നു തോന്നുന്നു. പൂജ നടത്തുന്നതുമാത്രമാണ് ഇവയുടെ പ്രവർത്തനമെന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അതു മൗഢ്യമാണ്. വളരെയേറെ ഇൻസ്റ്റിറ്റ്യൂഷൻസ് വിദ്യാഭ്യാസസ്ഥാപനങ്ങളും, അനാഥ മന്ദിരങ്ങളും നടത്തുന്നുണ്ട്. അവയുടെ പ്രവർത്തനം ശരിയായ രീതിയിൽ പോകണമെങ്കിൽ തീർച്ചയായും നിശ്ചിതമായ ഒരു സംഖ്യ അവയ്ക്ക് കിട്ടാതെ കഴിയുകയില്ല.

ആ നിലയിൽ, ആ വകുപ്പുകൾ ഇന്നത്തെ പ്രത്യേക സാഹചര്യത്തിലും, പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും വലിയ ദോഷകരമാണെന്ന് എനിക്ക് അഭിപ്രായമില്ല. പിന്നെ ഭൂമി റസ്യൂം ചെയ്യുന്ന വകുപ്പിനെ സംബന്ധിച്ചാണെങ്കിൽ, നാലേക്കറും അതിൽ കുറവുമുള്ള ആളുകൾക്ക് ഭൂമി റസ്യൂം ചെയ്യുന്നതിനുള്ള അധികാരം ഈ ബില്ല് മൂലം നൽകിയിരിക്കുന്നത് അത്ര ശരിയാണെന്ന് എനിക്ക അഭിപ്രായമില്ല. അങ്ങനെ വരുമ്പോൾ വളരെയേറെ ആളുകൾക്ക്, തീരെ ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യം വന്നുചേരുന്നതാണ്. അത് കുടിയാന്മാരെ സംബന്ധിച്ചിടത്തോളം വളരെയേറെ വൈഷമ്യം ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് അതിപ്രധാനമായിട്ടുള്ള ഒരു സംഗതി, ഭൂമി വിതരണം ചെയ്യുന്ന അവസരത്തിൽ, നാലേക്കറും അതിൽ കുറവുള്ള ആളുകൾക്ക് 25 ശതമാനം ഭൂമി നൽകാമെന്നു വ്യവസ്ഥയുണ്ട്. അതിനെയും ഞാൻ എതിർക്കുകയാണ്. ഇങ്ങനെ പ്രധാനപ്പെട്ട ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ ഇടയുള്ള പ്രത്യാഘാതങ്ങൾ ശരിയായി കണക്കിലെടുക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

അതുപോലെതന്നെ, ലാൻഡ് ബോർഡിന്റെ കാൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും വ്യക്തിപരമായി എനിക്കൊരഭിപ്രായമുണ്ട്. ലാൻഡ് ട്രിബ്യൂണലിൽ ഡിസ്ട്രിക്റ്റ് മുൻസിഫാണ് അദ്ധ്യക്ഷത വഹിക്കുന്നത്. അതിന്മേൽ അപ്പീൽ പോകുന്നത് സബ് ജഡ്ജിയുടെ അടുത്താണ് അതിന്മേൽ അപ്പീൽ പോകുന്നത് ലാൻഡ് ബോർഡിലേയ്ക്കായിരിക്കും: ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷൻ, ഒന്നാം മെമ്പറായിരിക്കും. രണ്ടു ഘട്ടത്തിലും ജുഡീഷ്യൽ ആഫീസറന്മാരായിരിക്കുമ്പോൾ, ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷനും ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ നിലവാരത്തിലുള്ള ആളായിരുന്നാൽ കുറെക്കൂടി ഭേദമായിരിക്കുമെന്ന് എനിക്കഭിപ്രായമുണ്ട്.

__ശ്രീ. എം. നാരായണക്കുറുപ്പ്__ : അങ്ങനെ സബ്ജഡ്ജിയുടെ വിധിയിന്മേൽ അപ്പീലില്ല, ഹൈക്കോടതിയിൽ റിവിഷൻ മാത്രമേയുള്ളു.

__ശ്രീ. കെ. ഹസൻഗനി :__ ഏതായാലും ലാൻഡ് ബോർഡിൽ വരുന്ന കാര്യം കുറെക്കൂടി ജുഡീഷ്യലായി ചിന്തിക്കുന്നതിന് ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ നിലവാരത്തിലുള്ള ആളായിരുന്നാൽ കുറെക്കൂടി നന്നായിരിക്കുമെന്നാണ് എന്റെ വിശ്വാസം. അത് ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ല. ഇങ്ങനെ പല ന്യൂനതകളും ഈ ബില്ലിൽ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ, ഈ നിയമം നടപ്പാക്കുമ്പോൾ, കർഷകരുടെ ഇടയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്. ഈ ബിൽ ആകപ്പാടെ നോക്കുമ്പോൾ, പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങൾ ചിലതൊക്കെ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു കഴിച്ചാൽ, കർഷകരുടെ ഇടയിൽ ഭൂഉടമ ലഭിക്കുന്നതിനു കൂടുതൽ വൈഷമ്യം ഉണ്ടാകുമെന്നുള്ളത് ഒരു പോരായ്മയാണ്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ഭേദഗതികൾ ഇവിടെ അവതരിപ്പിക്കുകയും, അതെല്ലാം തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. ആകെക്കൂടി നോക്കിയാൽ, വളരെയേറെ തൃപ്തികരമായ ഒരു ലജിസ്ലേഷൻ ആണിത് എന്നു പറയാൻ നിവൃത്തിയില്ല. പക്ഷെ, ഇങ്ങനെയുള്ള ഭൂപരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ ഒരു ലജിസ്ലേഷൻ നടത്താൻ സാധ്യമല്ല. ഉള്ള ന്യൂനതകൾ പരിഹരിക്കത്തക്കനിലയിൽ ചില മാററങ്ങൾ വരുത്തേണ്ടതായിരുന്നു. 9-ാം ഷെഡ്യൂളിൽ ചേർക്കുന്നതുകൊണ്ട് പിന്നീട് ഭേദഗതികൾ കൊണ്ടുവരാം എന്നു പറയുമായിരിക്കും. ഇതിലുള്ള ന്യൂനതകൾ എല്ലാംമാററി പൂർണ്ണമായ ഒരു ബില്ല് കൊണ്ടുവരാൻ സാധ്യമല്ല എന്നുള്ളത് ഒരു വസ്തുതയാണ്. എന്നിരുന്നാലും കുടിയാന്മാർക്ക് കഴിവുള്ളിടത്തോളം തൃപ്തികരമായ ഒരു ബില്ലായിരിക്കേണ്ടതായിരുന്നു എന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. സർ, ജനവിഭാഗങ്ങളോടു നീതി ചെയ്യേണ്ടതാവശ്യമാണെങ്കിലും എല്ലാവരോടും നീതി പുലർത്താൻ, ഒരേ രീതിയിലുള്ള നീതി പുലർത്താൻ ലജിസ്ലേഷൻകൊണ്ടു സാധിക്കുമെന്ന് എനിക്കു വിശ്വാസം ഇല്ല. അങ്ങനെ നീതി ചെയ്യുമ്പോൾ, കുടിയാന്റെ അവകാശത്തിൽ ഒരു കാലത്തും കുറവു വരുത്താൻ പാടില്ല. കുടിയാന്മാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ എല്ലാ വിധത്തിലും സംരക്ഷിക്കപ്പെടുന്ന വിധത്തിൽ, ഒരു നിയമനിർമ്മാണമായിരുന്നു നടത്തേണ്ടിയിരുന്നത്. ഇതിൽ ചില വൈകല്യങ്ങൾ ഈ ഘട്ടത്തിലും ചൂണ്ടിക്കാണിക്കാൻ കഴിയും. ഏതായാലും ഞാൻ പറഞ്ഞ ഒന്നു രണ്ടു കാര്യങ്ങളിൽ ഇതു് അല്പം പുറകോട്ടു പോയിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല.

സർ, ഈ നിയമത്തിന്റെ നടത്തിപ്പിന്റെ വിജയത്തിന് പുനരധിവാസത്തിനുള്ള ഫണ്ടുണ്ടാക്കുന്ന കാര്യത്തിലും അതു കാര്യമായി വിനിയോഗിക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിനു വേണ്ടി ചില വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസൻ ഗനി]

ഇതിൽ എഴുതിവച്ചതുകൊണ്ടു പ്രയോജനമില്ല. ഈ ബില്ലിന്റെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം, ആവശ്യമുള്ള പണം ഉണ്ടാക്കുന്നതിനുള്ള സഹായഹസ്തം ഗവണ്മെന്റിന് അത്യാവശ്യമാണ്. ആ ആവശ്യം നിർവ്വഹിക്കാൻ, ഇതിൽ എഴുതി വച്ചിട്ടുള്ള ഫണ്ട് കാര്യമായി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണമെന്നു ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ഓ. കോരൻ: സ്പീക്കർ സർ, ഈ ബില്ലിന്റെ മൂന്നാം വായനയിൽ, ഇതു പാസ്സാക്കണമെന്നുള്ള പ്രമേയത്തെ എതിർത്തുകൊണ്ട് ചില കാര്യങ്ങൾ പറയാൻവേണ്ടി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഈ ബില്ലിന്റെ മൂന്നാം വായന നടക്കുന്ന അവസരത്തിലും ഇതിനെ എതിർക്കുന്നതിന്റെ പ്രധാന കാരണം എനിക്കു മുൻപു സംസാരിച്ച പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു ഭൂപരിഷ്ക്കരണനിയമം ഉണ്ടാക്കുമ്പോൾ പ്രധാനമായിട്ട് അനുവർത്തിക്കേണ്ട നയവും ചിന്താഗതിയും ഉൾക്കൊള്ളുന്ന വകുപ്പുകൾ ഇതിൽ ഇല്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. കേന്ദ്ര ഗവണ്മെന്റും പ്ലാനിംഗ് കമ്മിഷനും പ്രതീക്ഷിച്ചിരുന്നതിനും, നിർദ്ദേശിച്ചിട്ടുള്ളതിനും എതിരായിട്ടാണ്, അഥവാ, ആ നിർദ്ദേശങ്ങളിൽ പലതും അനുസരിക്കാതെയാണ് ഈ നിയമം പാസ്സാക്കാൻപോകുന്നതെന്നുള്ളതു പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ട്. കൃഷിഭൂമിയിൽ പരമാവധി അവകാശം, ഭൂമിയിൽ അദ്ധ്വാനിക്കുന്നവർക്ക് കിട്ടണമെന്നും, തദ്വാരാ നമ്മുടെ നാട്ടിൽ കൂടുതൽ ഉൽപ്പാദനം ഉണ്ടാകണമെന്നും, അങ്ങനെ കർഷകർക്ക് പ്രചോദനം നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കത്തക്കവിധത്തിലായിരിക്കണം ഭൂപരിഷ്ക്കരണ നിയമം നിർമ്മിക്കേണ്ടതെന്നും പ്ലാനിംഗ് കമ്മിഷനും, കേന്ദ്ര ഗവണ്മെന്റും ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്, നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ ഭൂമിയുടെ അവകാശം കൃഷിക്കാർക്ക് നൽകി, നമ്മുടെ ഭക്ഷ്യ പ്രശ്നത്തിനു പരിപൂർണ്ണമായ പരിഹാരം കണ്ടെത്തണമെന്നും ഈ നിയമത്തിന്റെ അടിസ്ഥാനതത്വങ്ങളിലൊന്നായി കരുതപ്പെട്ടിരുന്നു. ഈ നിയമംകൊണ്ടു കൃഷിക്കാർക്കു യഥാർത്ഥത്തിൽ സംരക്ഷണം കിട്ടുന്നില്ലെന്നുമാത്രമല്ല, അദ്ധ്വാനംകൊണ്ട് കൃഷിഭൂമി നന്നാക്കുന്ന, മണ്ണിന്റെ മക്കളായ കർഷകർക്ക് ഇന്നുള്ള അവകാശംപോലും അനുവദിക്കാത്ത ഒരു സമീപനമാണ് ഈ നിയമത്തിൽ അടിമുതൽ മുടിവരെ സ്വീകരിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും. സർ, മറ്റൊന്ന് മുൻ നിയമത്തിൽ അനുവദിച്ചിരുന്ന പല ആനുകൂല്യങ്ങളും ഇതിൽ നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ്. മലബാർ കുടിയായ്മ നിയമത്തിൽ കൃഷിക്കാർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങൾപോലും അനുവദിക്കാതെ, ഏററവും പിന്നാക്കം പോയിട്ടുള്ള ഒരു ബില്ലാണിതെന്ന് എനിക്കു മുൻപു പ്രസംഗിച്ച ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുകയുണ്ടായി. ഈ നിയമം ഇന്നത്തെ കാലഘട്ടത്തിനനുയോജ്യമായ രീതിയിലല്ല രൂപപ്പെടുത്തിരിക്കുന്നതെന്നുള്ള കാരണത്താൽ ഇതിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. മറ്റൊന്ന്, ഈ നിയമം പാസ്സാക്കുമ്പോൾ, പ്രധാനമായി ഗവണ്മെന്റിന്റെ മുൻപിലുണ്ടായിരുന്നതു് പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങളായിരുന്നു. ഭൂ പരിധി നിശ്ചയിച്ച് മിച്ചഭൂമി ഏറെറടുത്തിട്ട്, ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യണമെന്നും, അങ്ങനെ അവരുടെ സാമ്പത്തികമായ നിലവാരം കഴിയുന്നതും മെച്ചപ്പെടുത്താൻ ഒരു സാഹചര്യം സൃഷ്ടിക്കണമെന്നും ആ നിർദ്ദേശത്തിൽ ഉണ്ടായിരുന്നു. ഈ നിയമത്തിൽ അതിനുള്ള പഴുതുകൾ കൂടുതൽ കൂടുതൽ അടയ്ക്കപ്പെട്ടിരിക്കുകയാണെന്നു പറയാതെ നിവൃത്തിയില്ല. ഉള്ളവനു കൂടുതൽ അവകാശങ്ങൾ നൽകാനും, കുടിയാന്റെ നിലവിലുള്ള അവകാശങ്ങൾ ഇല്ലാതാക്കാനും ഇതിൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട് ഇതിനെ ശക്തിമത്തായി എതിർക്കാതിരിക്കാൻ സാദ്ധ്യമല്ല. ഇന്നത്തെ നിലയിൽ ഇതു പാസ്സായാൽ മിച്ചഭൂമി അധികമൊന്നും ഇല്ലാതെവരുന്ന ഒരു സാഹചര്യമാണുണ്ടാവുക. എന്തുദ്ദേശം പ്രധാനമായി മനസ്സിൽവച്ചുകൊണ്ടാണോ ഭൂപരിഷ്ക്കരണം നടപ്പാക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു്, അതിനു കടക വിരുദ്ധമായ സാഹചര്യമാണ് ഇതുമൂലം വന്നു ചേരുക. മലബാറിലെ അനുഭവം പറഞ്ഞാൽ, കുരുമുളകുതോട്ടങ്ങളും, കമുകിൻ തോട്ടങ്ങളും ഇതിൽ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. മുൻപ് കാർഷിക ബന്ധനിയമത്തിൽ ഇല്ലാതിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. മുൻനിയമത്തിൽ, പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള ഭൂമിയിലെ കുടികിടപ്പുകാർ ഒഴിഞ്ഞു പോകേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. അതിന് ചില സംരക്ഷണങ്ങൾ ഉണ്ടായിരുന്നു. ഇന്നത്തെ നിയമത്തിൽ, മിച്ചഭൂമി സാരമായി കുറയാൻ ഇടയുള്ള ചില വകുപ്പുകളാണുള്ളത്. അതിനെല്ലാം ഗവണ്മെന്റു ഭാഗത്തുനിന്ന് ചില ന്യായീകരണങ്ങളും പറഞ്ഞിട്ടുണ്ട്. എന്തെല്ലാം ന്യായവാദങ്ങൾ ഉന്നയിച്ചാലും വസ്തുതകൾ അടിസ്ഥാനമാക്കി ഈ നിയമത്തോടു ഒരു തരത്തിലും യോജിക്കാൻ നിവൃത്തിയില്ല. കുടിയാന്മാരെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ അപകടങ്ങൾ തുറന്നു കാണിക്കുന്ന ഒരു തുറന്ന പുസ്തകംപോലെ ഈ നിയമം കാണപ്പെടുകയാണ്. വളരെയധികം പിന്നാക്കം പോയിട്ടുള്ള, കാലത്തിനു തീരെ യോജിക്കാത്ത, വകുപ്പുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്നുള്ളതുകൊണ്ട് വളരെ ശക്തിമത്തായി ഞാൻ എതിർക്കുകയാണ്.

മറ്റൊന്ന് കുടികിടപ്പുകാരുടെ കാര്യമാണ്. ഈ നിയമം കുടികിടപ്പുകാരെ സംരക്ഷിക്കാനല്ല, അവരെ ഒഴിപ്പിക്കാനും, കൂടുതൽ ബുദ്ധിമുട്ടിക്കാനും പര്യാപ്തമായ ഒരു നിയമമാണ്. ഇന്ന് എനിക്കു കിട്ടിയ ഒരു കാർഡിൽ, കോഴിക്കോട്ട് ജില്ലയിൽ, കീഴൂർ, മേലടി, ഇരിങ്ങത്തു്, പള്ളിക്കര മുതലായ സ്ഥലങ്ങളിലെ കുടികിടപ്പുകാരെ ഈ നിയമത്തിന്റെ തണലിൽ ഒഴിപ്പിക്കാനുള്ള ശ്രമം നടക്കുന്നതായി കാണുന്നു. ഇവിടെ നിയമം പാസ്സാകാൻ പോകുന്നതേയുള്ളു, നാട്ടിൽ ഒഴിപ്പിക്കലിനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്. അടിയന്തിരമായ ഈ കാലഘട്ടത്തിൽ, ഭക്ഷ്യക്കമ്മിക്കു പരിഹാരം കാണാൻ കുടികിടപ്പുകാർക്കു സംരക്ഷണം നൽകേണ്ട ഈ സന്ദർഭത്തിൽ, ഇങ്ങനെയൊരു നിയമംമൂലം കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പ്രേരണനൽകുന്നതു്, നിയമംമൂലം അതിനു വഴിയുണ്ടാക്കുന്നതു ഒരു തരത്തിലും ന്യായീകരിക്കാൻ സാദ്ധ്യമല്ല. ഗവണ്മെന്റു ഭാഗത്തുനിന്ന് എന്തുതന്നെ ന്യായീകരണം പറഞ്ഞാലും ഇന്നു പല ബുദ്ധിമുട്ടുകളും ഈ നിയമംമൂലം വരാൻപോകുകയാണെന്നുള്ളതിനു സംശയമില്ല.

സർ, മറ്റൊന്ന് ഈ നിയമത്തിൽ കാണാൻ സാധിക്കുന്നതു്, മിച്ചഭൂമി യഥാർത്ഥ കൃഷിക്കാർക്കു വിതരണം ചെയ്തു കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള പ്രേരണ നൽകുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല എന്നുള്ളതാണ്.

Professor Shri N. G. Gorakhpur has stated "The first and second Five Year Plans state that the co-operative farming should be developed as soon as possible. Even though India is going through the Third Plan, the progress in the Co-operative Farming being slow".

രണ്ടു പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞു്, മൂന്നാമത്തേതായിട്ടും, കാർഷികപരിഷ്ക്കരണ ബിൽ പാസ്സാക്കിക്കഴിഞ്ഞിട്ടും സഹകരണാടിസ്ഥാനത്തിൽ കർഷകർക്കു കാര്യമായ അഭിവൃദ്ധിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ നിയമത്തിലും, സഹകരണാടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിക്കാനും അങ്ങനെ കൃഷിക്കു കാര്യമായ അഭിവൃദ്ധി കൈവരുത്താനും വ്യവസ്ഥചെയ്തിട്ടില്ല. ആ കാരണത്താലും ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്. കുട്ടനാട്ടെ കൃഷിസ്ഥലം മാതൃകാപരമായി സഹകരണാടിസ്ഥാനത്തിൽ കൃഷിക്കായി ഏറ്റെടുത്തു നടത്താൻ പററിയതായിരുന്നു. അവിടത്തെ സ്ഥലവും, കർഷകരും ഈ പ്രസ്ഥാനം വിജയിപ്പിക്കാൻ പററിയതായിരുന്നു. തകഴിയുടെ രണ്ടിടങ്ങഴി എന്ന പുസ്തകത്തിൽ, അവിടത്തെ കൃഷിക്കാരുടെ മൗലികമായ ജീവിതത്തിന്റെ ഒരു നല്ല ചിത്രീകരണം കാണാം. കുട്ടനാടൻ കർഷകരുടെ ജീവിതത്തെ ഏററവും ഭംഗിയായി വരച്ചുകാണിച്ചിട്ടുള്ള രണ്ടിടങ്ങഴിയിൽ, കുട്ടനാട്ടെ അദ്ധ്വാനിക്കുന്ന കർഷക തൊഴിലാളികളുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും വർണ്ണിച്ചിട്ടുണ്ട്. വളരെയധികം വെള്ളമുള്ള സ്ഥലത്തു്, മുങ്ങി, കൈകൊണ്ട് മണ്ണുംചേറും പൊക്കിയെടുത്തു വരമ്പു പിടിക്കുന്നതും, വയലിലെ മണ്ണുമായി ഇണങ്ങിച്ചേർന്നു മററു പണികൾ നടത്തുന്നതും കാണേണ്ട കാഴ്ചയാണ്. അവിടത്തെ കർഷകത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൃഷി ആദായകരമായ നിലയിൽ നടത്തുന്നതിനും,

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രയോജനം അവർക്കു അനുഭവിക്കാൻ അവസരം നൽകുന്നതിനും ഈ നിയമത്തിൽ ശ്രമിച്ചുകാണാത്തതു ഖേദകരമായിപ്പോയി. സഹകരണാടിസ്ഥാനത്തിൽ ഭൂമി കർഷകരെ ഏല്പിച്ചു് കൃഷി നടത്തിയാൽ വിജയിക്കയില്ലെന്നു ചിലർ ഇവിടെ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. തൃശ്ശൂരിൽ, നെട്ടുമ്പുഴ എന്ന സ്ഥലത്തു് ഹരിജനങ്ങൾ സഹകരണാടിസ്ഥാനത്തിൽ, വളരെയധികം ആദായകരമായ നിലയിൽ കൃഷി നടത്തിവരുന്നതായി എനിക്കു് നേരിൽ കാണാൻ കഴിഞ്ഞിട്ടുണ്ടു്. അടുത്തകാലത്തു് ഗവൺമെന്റിൽ നിന്നു് ഇവർക്കു് ഒരു ഷീൽഡു് സമ്മാനമായി നൽകുകയും ചെയ്തിട്ടുണ്ടു്.

സർ, കർഷകത്തൊഴിലാളികൾ മാത്രമുള്ള സഹകരണ സംഘങ്ങൾ വഴി കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. അതിനൊരുദാഹരണമാണു് ഗവൺമെന്റിൽ നിന്നും ഷീൽഡു കൊടുത്തിട്ടുള്ളതു്. അത്തരത്തിലുള്ള സഹകരണ സംഘങ്ങൾ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനും ഏററവും മാതൃകാപരമായ രീതിയിൽ കൃഷി ചെയ്യുന്നതിനും സഹായകരമായിരിക്കും.

ഇവിടെ മിച്ചഭൂമി ഉണ്ടാക്കുന്നതിനുള്ള ഒരു നടപടിപോലുമില്ല. കൂടുതൽ കൂടുതൽ മിച്ചഭൂമിയുണ്ടാക്കി കൃഷിഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കു് വിതരണം ചെയ്തുകൊടുത്താലെ കാർഷികോല്പാദനത്തിൽ അഭിവൃദ്ധിയുണ്ടാക്കാൻ സാധിക്കുകയുള്ളു. മിച്ചഭൂമിയുടെ കാര്യത്തെപ്പററി ഞാൻ മുമ്പൊരു ദിവസം പറഞ്ഞപ്പോൾ, മാനന്തവാടിക്കടുത്തു വള്ളൂർക്കാവു് എന്ന പ്രദേശത്തു് അടിമക്കച്ചവടം നടത്തുന്നതിനെപ്പററി പറയുകയുണ്ടായി. അതിനെ ഇവിടെ പലരും എതിർക്കുകയുണ്ടായി. കാസർകോട്ടു താലൂക്കിൽ കൊറഗർ എന്നൊരു വിഭാഗം ഹരിജനങ്ങളിലുണ്ടു്. അവർക്കു് താമസിക്കാൻ പോലും വീടില്ല. വൃക്ഷത്തിന്റെ ചുവട്ടിലാണു് താമസം. ഇതു പറയുമ്പോൾ വള്ളത്തോൾ എഴുതിയിട്ടുള്ള ഒരു പദ്യമാണു് എനിക്കു് ഓർമ്മ വരുന്നതു്,

“ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ”.

ഇങ്ങനെ വീടില്ലാതെ വൃക്ഷച്ചുവട്ടിൽ താമസിക്കുന്നവരെ കാണാം. ലോകമാണു് അവരുടെ തറവാടു്. ചെടികളും പുൽകളും കുടുംബക്കാരും. ഇതെല്ലാം ഞാൻ പറയുമ്പോൾ ഹരിജനക്ഷേമവകുപ്പുമന്ത്രി പറയും അത്തരത്തിലുള്ള വിവരങ്ങളൊന്നും തന്നെ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരിൽ കിട്ടിയിട്ടില്ലെന്നും ഇതെല്ലാം നടക്കാത്ത സംഗതികളാണെന്നും. കഴിഞ്ഞ പ്രാവശ്യം ഞാൻ ഇതിനെപ്പററി പറഞ്ഞപ്പോൾ അതിനുള്ള തെളിവുകൾ ഹാജരാക്കാമോയെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ആഭ്യന്തരവകുപ്പുമന്ത്രിയും ചോദിക്കുകയുണ്ടായി. ഞാൻ അതിനാവശ്യമായ തെളിവുകൾ ഇന്നും ഹാജരാക്കിയിട്ടുണ്ടു്. "അടിമക്കച്ചവടം നടത്തിയ 4 പേരുടെ പേർ ഇന്നു് നൽകീട്ടുണ്ടു്" നമ്മുടെ നാട്ടിലുള്ള ഭൂമിയില്ലാത്തവർക്കും മിച്ച ഭൂമി വിതരണം ചെയ്യണമെന്നു പറഞ്ഞപ്പോൾ ഇത്രയധികം ക്ഷോഭം ഉണ്ടായതിന്റെ കാരണം എന്താണെന്നറിയില്ല. നമ്മുടെ നാട്ടിൽ ഇത്തരം അടിമക്കച്ചവടങ്ങളെല്ലാം നടക്കുന്നുണ്ടെന്നുള്ള വിവരം ധേബർ കമ്മിഷൻ റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കാർഷികത്തൊഴിലാളികളുടെ മിനിമം വേജസ് എൻക്വയറി കമ്മിററിയും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. 6—10—63—ലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഇതിനെക്കുറിച്ചു് ദക്ഷിണ മേഖല അസി: കമ്മീഷണർ ഒരു ലേഖനം എഴുതിയിട്ടുണ്ടു്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിൽ എനിക്കു് വ്യസനമില്ല. പക്ഷെ ഈ കാര്യങ്ങൾ അറിയുകയും അതിനു പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതിനു് ഉത്തരവാദപ്പെട്ട ഹരിജൻ ക്ഷേമവകുപ്പുമന്ത്രി എന്റെ പ്രസ്താവന അവാസ്തവ പ്രസ്താവനയാണെന്നു പറഞ്ഞു തള്ളിക്കളഞ്ഞതിലുമാണു് എനിക്കു് "ഖേദം തോന്നിയതു്.

മറെറാരുകാര്യം എനിക്കു് പറയുവാനുള്ളതു് കുടികിടപ്പുകാരെ സംബന്ധിച്ചാണു്. കുടികിടപ്പുകാരെ ഒഴിപ്പിക്കുമ്പോൾ പകരം മുൻസിപ്പാലിറ്റിയിൽ ചുരുങ്ങിയതു് മൂന്നും, നാട്ടിൻപുറത്തു് കൂടിയതു് പത്തും സെൻറുവീതം ഭൂമി കൊടുക്കുന്നതിനുള്ള വ്യവസ്ഥയാണു് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മലബാർ കുടിയായ്മ നിയമത്തിലുണ്ടായിരുന്നതു് ഏറ്റവും ചുരുങ്ങിയതു് പത്തു് സെൻറു് കൊടുക്കണമെന്നാണു്. അങ്ങനെ ദീർഘകാലമായി കുടികിടപ്പുകാർ അനുഭവിച്ചുവരുന്നതും നടപ്പിലിരുന്നതുമായ ആനുകൂല്യമെങ്കിലും ഈ ബില്ലനുസരിച്ചു് കൊടുക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. കുടികിടപ്പുകാർ അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയുന്ന ഈ ബില്ലിനെ ശക്തിയുക്തം എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇപ്പോഴുള്ള ആനുകൂല്യമെങ്കിലും തുടർന്നുകൊടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker : Order, order. The House will now adjourn, and meet again after a five minutes.

(The Assembly adjourned at 5–35 p. m. and reassembled at 5–40 p. m. with Mr. Speaker in the Chair.)

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള: സർ, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ദിവസം സുപ്രധാനമായ ഒന്നാണു്. 1959 ജൂൺ 10–ാം തീയതിയിലേക്കു എന്റെ ഓർമ്മ പോകുകയാണു്. ആ ദിവസമായിരുന്നു അന്നു് അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റു് ഗവണ്മെന്റു് ഈ രാജ്യത്തു് 1957 ഡിസംബർ 21–ാം തീയതി ഈ നിയമസഭയിൽ അവതരിപ്പിച്ച ഭൂനയ ബില്ലിന്റെ മൂന്നാം വായന സമാപിച്ചതു്. അന്നു് ആ ബില്ലിനെ സംബന്ധിച്ചു് പ്രതിപക്ഷത്തുനിന്നും അവസാനമായി സംസാരിക്കാനുള്ള ഭാഗ്യം എനിക്കാണു് ഉണ്ടായതു്. അന്നു് ഞാൻ എന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി, ആ ബിൽ ഈ രാജ്യത്തെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും പിന്തിരിപ്പനാണെന്നും, ആ ബില്ലിന്റെ പ്രത്യാഘാതത്തിൽപ്പെട്ടു് അധികാരത്തിലിരിക്കുന്ന ഗവണ്മെന്റു് തകരുന്നതിനു് അധികം ദിവസങ്ങളില്ലെന്നും. ഏതായാലും എന്റെ അന്നത്തെ ആ പ്രവചനം ഫലിച്ചുവെന്നു് ഞാൻ സന്തോഷത്തോടുകൂടി ഓർമ്മിപ്പിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഇത്ര ദീർഘവീക്ഷണം ഉണ്ടെന്നു് ഞങ്ങൾക്കു് മനസ്സിലായില്ല.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള: അങ്ങനെ പലതും ഇനിയും മനസ്സിലാക്കാനുണ്ടു്. കഴിഞ്ഞ എഴുപതു് എഴുപത്തിനാലു് ദിവസങ്ങൾക്കു മുമ്പാണു് ഈ നിയമസഭയിൽ ഈ ഗവണ്മെന്റിന്റെ വകയായി ഈ ബിൽ അവതരിപ്പിച്ചതു്. കേരള ലാൻഡു് റിഫോംസു് ആക്റ്റു് എന്നുള്ള പേരോടുകൂടി ഈ ബിൽ ഇന്നു് നിയമസഭയിൽ വെച്ചു് പാസ്സാക്കാൻ പോകുകയാണു്.

സർ, ഈ നിയമത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങളിലേക്കു് കടക്കുന്നതിനു മുമ്പു് കാർഷിക പരിഷ്ക്കരണത്തെപ്പറ്റിയുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളം പല നാഴികക്കല്ലുകൾ പിന്നിട്ടിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണു്. 1929–ലെ മലബാർ കുടിയായ്മ നിയമം, 1934–ലെ കൊച്ചിൻ വെറുംപാട്ട കുടിയാൻ നിയമം, 1954-ൽ അധികാരത്തിലിരുന്ന ഗവണ്മെന്റു് അവതരിപ്പിച്ച ഭൂപരിഷ്ക്കരണ ബിൽ, 1957–ലെ കുടിയൊഴിപ്പിക്കൽ നിയമം, 1961-ലെ നാലാം ആക്റ്റു് ഇങ്ങനെ വളരെയധികം നിയമങ്ങൾ ഭൂപരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ടു്. അവയിൽ കുറെയൊക്കെ നടപ്പിലാക്കുകയും, കുറെയെല്ലാം നടപ്പിലാക്കാതെ പോകുകയും ചെയ്തു.

ഭൂപരിഷ്ക്കരണം കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം 1917-ലെ ചമ്പാരൻ സത്യഗ്രഹം തുടങ്ങി കാൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട പല പരിപാടികളിൽ ഒന്നായി അംഗീകരിച്ചിട്ടുണ്ടു്. ആ അംഗീകരണം തികച്ചും കണക്കിലെടുത്തുകൊണ്ടുതന്നെ ഈ രാജ്യത്തിലെ പ്രത്യേകമായ പരിതഃസ്ഥിതികൾക്കനുയോജ്യമായ രീതിയിൽ ഇവിടത്തെ ഭൂബന്ധങ്ങളിൽ സമൂലമായ ഒരു പരിവർത്തനം വരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ നിയമം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുവാൻ പോകുകയാണ്. പ്രത്യേകമായും ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്, പാട്ടം കുറയ്ക്കുക, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കുടിയായ്മയ്ക്ക് സ്ഥിരത നൽകുക, കുടിയാന്മാർക്ക് ഭൂ ഉടമകളാകുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുക, അധിക ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നതിനുള്ള അവകാശം നിഷേധിക്കുക, അധികഭൂമിയുള്ള ആളുകൾ ഒരു പ്രത്യേക ദിവസം കഴിഞ്ഞതിനുശേഷം നടത്തിയിട്ടുള്ള ഭൂകൈമാററങ്ങളൊക്കെ അസ്ഥിരപ്പെടുത്തുക മുതലായവയൊക്കെയാണ്. ശ്രീ. ഇ. പി. ഗോപാലൻ അദ്ദേഹത്തിൻെറ പ്രസംഗത്തിനിടയ്ക്ക് വികാരാവേശനായി, വികാരംകൊണ്ട് അദ്ദേഹത്തിൻെറ വാക്കുകൾക്കുതന്നെ സ്തംഭനം വന്നുപോയി—ഈ നിയമത്തെ സംബന്ധിച്ച് യാതൊന്നും ഇനി പ്രസംഗിക്കേണ്ട കാര്യമില്ലെന്നും ഗവണ്മെൻറ് ഈ നിയമനിർമ്മാണത്തിൽ ഒരു തത്വം പോലും സ്വീകരിച്ചിട്ടില്ലെന്നും പറയുകയുണ്ടായി. സർ, അദ്ദേഹം അങ്ങനെ പ്രസംഗിക്കേണ്ട കാര്യമൊന്നും ഇവിടെ ഉണ്ടായില്ല. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം വളരെ ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറാണ് ഇതു്. ഇവിടെ ജന്മിമാർക്കും കുടിയാന്മാർക്കും ആനുകൂല്യം ചെയ്തുകൊടുത്തിട്ടുണ്ട്. ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം അവരും ഈ രാജ്യത്തെ പൗരന്മാരാണെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടി തന്നെയാണ് ഈ ഗവണ്മെൻറ് മുന്നോട്ടുപോയിട്ടുള്ളതെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അതേ അവസരത്തിൽതന്നെ കുടിയാന്മാർക്ക് പലവിധ ആനുകൂല്യങ്ങളും, ചെയ്തുകൊടുക്കാവുന്ന ആനുകൂല്യങ്ങളെല്ലാംതന്നെ കൊടുക്കണമെന്ന നിർബന്ധം ഈ ബില്ലിനകത്തുണ്ടെന്ന വസ്തുത ഈ ബിൽ ശരിക്ക് പഠിക്കുന്ന ആളുകൾ എല്ലാം തന്നെ സശിരകമ്പം സമ്മതിക്കുമെന്നുള്ളതു് സംശയമററ കാര്യമാണ്. ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനു് ഈ ഗവണ്മെൻറ് അവകാശം കൊടുത്തിട്ടുണ്ട്. പക്ഷേ 1961-ലെ നാലാം ആക്ററിൽ ഇല്ലാതിരുന്നതിൽ കൂടുതലായി ചില ആനുകൂല്യങ്ങൾ ഇവിടത്തെ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം കൊടുത്തിട്ടുണ്ട്. വളരെ അറിവോടുകൂടിതന്നെ അതു് ചെയ്തിരിക്കുകയാണ്. ഈ ബില്ലിനെ മുൻനിറുത്തിക്കൊണ്ട് രാജ്യത്തിറങ്ങിനടന്നു് രാഷ്ട്രീയ പ്രവർത്തനം നടത്താമോ എന്നുള്ള രീതിയിൽ ഗോപാലൻ അവർകൾ വെല്ലുവിളി നടത്തിയിട്ടുണ്ട്. വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ ആ വെല്ലുവിളിയെ സ്വീകരിക്കുകയാണ്. കേരള ലാൻഡ് റിഫാംസ് ആക്ററിൻെറ വെളിച്ചത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ഈ രാജ്യത്തെ രാഷ്ട്രീയരംഗത്തു് ഏററുമുട്ടുന്നതിനു് കാൺഗ്രസ്സ് തയ്യാറാണെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. ഈ രാജ്യത്തെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് അങ്ങേയററം ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനു് ഈ ബില്ലിനകത്തു വ്യവസ്ഥയുണ്ട്. പഴയ നിയമത്തിൽ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ഉണ്ടായിരുന്നതിനേക്കാൾ വളരെ നല്ല ആനുകൂല്യങ്ങൾ, അവർ കോടതിയിൽ പോയാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ, ഈ ഗവണ്മെൻറ് ഇതിൽ നൽകിയിരിക്കുകയാണ്. പാട്ടത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. സർ, ചെറുകിട ഭൂ ഉടമകളും ഈ രാജ്യത്തു് ജീവിക്കുന്ന ആളുകളാണ്. അവർക്കുവേണ്ടി ഞാൻ വാദിക്കുകയല്ല. കുടിയാനുവേണ്ടി വാദിക്കുന്ന അതേ ശബ്ദത്തോടുകൂടി തന്നെ ചെറുകിട ജന്മിമാർക്കുവേണ്ടിയും ഞാൻ വാദിക്കുകയാണ്. ഒരു ഉത്തരവാദിത്വമുള്ള ഗവണ്മെൻറ് എന്ന നിലയിൽ ചെറുകിട ഭൂ ഉടമകളേയും, കുടിയാന്മാരേയും, ഈ രാജ്യത്തെ എല്ലാ പൗരന്മാരേയും പ്രതിനിധീകരിക്കുന്ന ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറ് എന്ന നിലയിൽ ആ ഗവണ്മെൻറിൻെറ ഉത്തരവാദിത്വം ഈ ബില്ലിനകത്തു് അംഗീകരിച്ചിട്ടുണ്ട്. കുട്ടനാട്ടെ കായൽനിലങ്ങളെ സംബന്ധിച്ച് പരിധിയിൽ നിന്നു ഒഴിവാക്കിയതുകൊണ്ട് ഒരുസെൻറു ഭൂമിപോലും പരിധിയിൽ കവിഞ്ഞു് കിട്ടുകയില്ലെന്നുള്ള മറെറാരു വാദം ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. കുട്ടനാട്ടെ കായൽ നിലങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയതു് ഇവിടത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. കുട്ടനാട്ടെ കായൽ നിലങ്ങളെ തുണ്ടുതുണ്ടായി ഭാഗിച്ച് പ്രത്യേകം കൃഷി നടത്തിയാൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയില്ലെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. ഒരുപററം കായൽനിലങ്ങളെ ഭൂപരിധിയിൽ നിന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കിയിട്ടുണ്ട്. 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കാർഷികബന്ധബിൽ അവതരിപ്പിച്ച അവസരത്തിൽ ഞങ്ങൾ പറഞ്ഞിരുന്നതാണ് കുട്ടനാട്ടെ കായൽ നിലങ്ങളെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന്. ഞങ്ങൾ അധികാരത്തിൽ വന്ന അവസരത്തിൽ അറിഞ്ഞുകൊണ്ടുതന്നെ കായൽ നിലങ്ങളെ ഒഴിവാക്കിയിരിക്കുകയാണ്. ഒഴിവാക്കിയതു് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്. കുട്ടനാട്ടെ കായൽ നിലങ്ങളെല്ലാം തുണ്ടുതുണ്ടായി ഭാഗിച്ച് ഓരോരുത്തരുടെ കൈയിലാക്കി ഈ രാജ്യത്തെ നെല്ലുല്പാദനം ഇല്ലാതാക്കി ഈ ഗവൺമെന്റിനെ പട്ടിണി സർക്കാരെന്നു വിളിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഇടംകോലിടുകയാണ് കമ്മ്യൂണിസ്റ്റു പാർട്ടി ചെയ്യുന്നതു്. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം അതിനെയും ഒഴിവാക്കിയിട്ടുണ്ട്. പ്ലാന്റേഷന്റെ അഭിവൃദ്ധിക്കുവേണ്ടിയാണ് അങ്ങനെ ഒഴിവാക്കിയിട്ടുള്ളതെന്ന കാര്യം എല്ലാവർക്കുമറിയാം. ഏതായാലും ഒരു കാര്യം ഈ നാട്ടിലെ ജനങ്ങളെല്ലാം സമ്മതിക്കും; ഈ ബില്ലിന്റെ പേരിൽ ഒരു പ്രക്ഷോഭണം അഴിച്ചുവിട്ട് കമ്മ്യൂണിസ്റ്റുപാർട്ടി ഈ രാജ്യത്തു് വിജയിക്കാൻ പോകുന്നില്ല. ചെറുകിടക്കാരായ കർഷകർക്ക് കുറച്ചു കഷ്ടം ഈ ബിൽ മൂലം വരുന്നുണ്ട്. പക്ഷേ ഗവൺമെന്റ് അതു് അറിഞ്ഞുകൊണ്ടു് വരുത്തുന്നതല്ല. ചെറുകിടക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു് ചെയ്തുകൊടുക്കാവുന്ന ആനുകൂല്യങ്ങളുടെ അവസാനംവരെ ചെയ്തുകൊടുക്കുന്നതിന് ഗവൺമെന്റു ഒരു ആകാംക്ഷ കാണിച്ചു് എന്നുള്ളതു് എല്ലാവരും സമ്മതിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ നിയമമല്ല. ഈ നിയമത്തിനു് ഇനിയും ഭേദഗതികൾ ഉണ്ടാകും. 1929-ലെ മലബാർ കുടിയായ്മ നിയമത്തിനു് എത്രയെത്ര ഭേദഗതികളുണ്ടായി. 1948-ൽ, 1950-ൽ, 1954-ൽ, 1956-ൽ ഇങ്ങനെ പടിപടിയായി ഭേദഗതികളുണ്ടായിട്ടുണ്ട്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഈ ബിൽ അവസാനമായ ഒരു നിയമമാണെന്നു് ഞങ്ങളാരും കണക്കാക്കുന്നില്ല. പടിപടിയായി പുരോഗമിക്കുന്നതിനോടൊപ്പം ഇതിനകത്തു് എന്തെങ്കിലും കുറവുണ്ടെങ്കിൽ വരുന്ന കാലങ്ങളിൽ അതൊക്കെ നീക്കുന്ന കാര്യം മനസ്സിൽ വച്ചുകൊണ്ടുതന്നെയാണ് ഈ നിയമം ഇപ്പോൾ പാസ്സാക്കാൻ പോകുന്നതു്. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. ഒരു കാര്യം മാത്രം പറയാം. കമ്മ്യൂണിസ്റ്റുകാരുടെ അഗ്രേറിയൻ റിലേഷൻസ് ആക്റ്റിനെക്കാൾ ഈ ബിൽ വളരെയധികം മെച്ചമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ശ്രീ. ഗോപാലൻ പറഞ്ഞു, ഇതിന്റെ പേരിൽ ഇവിടെ സംഘടിതമായ വർഗ്ഗസമരം നടക്കുമെന്ന്. സർ, എവിടെയാണ് ഇതു് നടക്കാൻ പോകുന്നതെന്നുള്ള കാര്യം ഞാൻ അദ്ദേഹത്തോടു ചോദിക്കുകയാണ്. കേരളത്തിൽ നടക്കുകയില്ല. ഒരു ഏററുമുട്ടൽ ഈ ബില്ലിന്റെ പേരിൽ ഉണ്ടാകുമെന്നു് കമ്മ്യൂണിസ്റ്റു പാർട്ടി വിചാരിക്കുന്നെങ്കിൽ മേഷയുദ്ധത്തിൽ കുറുനരിക്കു പററിയ ഫലമായിരിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് ഉണ്ടാകാൻ പോകുന്നതെന്നുള്ള കാര്യം ഞാൻ അവരെ ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ടു് ഈ ബില്ലിന്റെ പേരിൽ ഇവിടെ പ്രക്ഷോഭണമൊന്നും നടക്കാൻ പോകുന്നില്ല. ചെറുകിട ഭൂഉടമകളെ സംബന്ധിച്ചിടത്തോളം അവർക്കു് ആനുകൂല്യം കൊടുത്തിട്ടില്ലെന്നു് കമ്മ്യൂണിസ്റ്റു പാർട്ടിക്കു് വാദിക്കാമോ? കുടിയാന്മാരെ സംബന്ധിച്ചിടത്തോളം സാധാരണഗതിയിൽ ന്യായമായി കുടിയാനു് കിട്ടുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ടെന്നു് കമ്മ്യൂണിസ്റ്റുപാർട്ടിക്കു് സമർത്ഥിക്കാമോ? കാർഷിക പരിഷ്ക്കരണം എന്നുള്ള തത്വത്തിൽ നിന്നു് കേരളത്തിലെ കാൺഗ്രസ്സ് ഗവൺമെന്റ് പിഴുതു താഴെ വീണുപോയി എന്നു് കമ്മ്യൂണിസ്റ്റുപാർട്ടിക്കു് സമർത്ഥിക്കാമോ? അതുകൊണ്ടു് ഈ ബിൽ പാസ്സാകുന്ന അവസരം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാനമായ ദിവസമാണ്. ഈ ബിൽ പാസ്സാകുന്ന ഈ തീയതി ഒരു കാൺഗ്രസ്സുകാരൻ എന്നുള്ള നിലയിൽ ഞാൻ അഭിമാനപൂർവ്വം ഓർക്കും. ഈ ബിൽ ഇവിടെ ഇത്രയും ചർച്ചചെയ്തു് ഇത്രയും പെട്ടെന്നു് പാസ്സാക്കിയ ഈ രാജ്യത്തെ ജനങ്ങൾക്കു് മാതൃകാപരമായ ഒരു നിയമം ഉണ്ടാക്കിക്കൊടുത്തതിനു് ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ അനുമോദിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഈ നിയമത്തിന്റെ മൂന്നാം വായനയെ ഞാൻ എതിർക്കുകയാണ്. സർ, ഈ ബിൽ പാസാക്കിത്തരണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ഈ പ്രമേയം അവതരിപ്പിച്ചു സംസാരിച്ചപ്പോൾ പറയുകയുണ്ടായി, നമ്മുടെ സ്റ്റേറ്റിലെ കാർഷികപരിഷ്കരണങ്ങളെ സംബന്ധിച്ച് മുൻപോട്ടുള്ള കുതിച്ചുചാട്ടമാണെന്ന്. അദ്ദേഹം ആ വാക്ക് ഉപയോഗിച്ചത് ഒരു 'കുതിച്ചുചാട്ടം' എന്നുള്ള അർത്ഥത്തിലാണ്. സംസ്ഥാനത്തെ ഇതിനു മുൻപുള്ള കാർഷികപരിഷ്കരണ നിയമങ്ങളുടെ നിലയെപ്പറ്റി അറിവില്ലാത്തവർ തെറ്റിദ്ധരിക്കും. നമ്മുടെ സ്റ്റേറ്റിൽ കാർഷികപരിഷ്കരണത്തിനു വേണ്ടി ആദ്യം നടക്കുന്ന സംരംഭമാണ് ഇതെന്നു്. കാർഷികപരിഷ്കരണത്തെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷന്റെ തത്വങ്ങൾക്കു വിധേയമായ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പുതിയ നിയമം ആവിഷ്കരിച്ചതാണ് എന്ന പ്രതീതിയാണ് ഉളവാകുന്നത്. 1961 മുതൽ ഈ സംസ്ഥാനത്ത് കാർഷികപരിഷ്കരണത്തിൽ പ്ലാനിംഗ് കമ്മീഷനിലെ തത്വങ്ങൾ ക്രോഡീകരിച്ച് പാസാക്കിയതും നടപ്പിൽ വന്നതുമായ ഒരു നിയമം ഇവിടെയുണ്ടായിരുന്നു എന്നുള്ളത് ബോധപൂർവ്വം മന്ത്രി വിസ്മരിച്ചുകളഞ്ഞു. ആ നിയമം കാർഷികരംഗത്ത് വരുത്തേണ്ടതായ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളിച്ചതായിരുന്നു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും കാർഷികരംഗത്ത് ഇന്ത്യയിൽ മറ്റു സംസ്ഥാനത്തിലും നിലവിലുള്ള നിയമങ്ങളോട് കിടപിടിക്കാവുന്നതും, ഏറ്റവും സമൂർത്തമായ കാർഷികപരിഷ്കരണ തത്വങ്ങളെ സംബന്ധിച്ച് നമുക്ക് സ്വീകാര്യമായ വിധത്തിൽ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകതവച്ച് ഏറ്റവും കൂടുതൽ ആനുകൂല്യം കിട്ടത്തക്കവിധത്തിലുള്ള ഒരു നിയമമായിരുന്നു അത്. ആ നിയമം ഇവിടെ നടപ്പിൽ വന്നുകഴിഞ്ഞ നിയമമെന്ന നിലയിൽ, ഈ പുതിയ നിയമത്തെ വ്യാഖ്യാനത്തിൽ പറഞ്ഞാൽ കാർഷികപരിഷ്കരണ പരിപാടിയെ പുറകോട്ടു പിടിച്ചുതള്ളുന്ന ഒരു നിയമമാണ് ഇതെന്നു നിസ്സംശയം പറയാം എന്നു മാത്രമല്ല, ഇതിനുമുൻപ് ഈ നാട്ടിൽ കൃഷിക്കാരെ സംബന്ധിച്ച് എന്തെല്ലാം നിയമങ്ങൾ ഉണ്ടായിരുന്നുവോ, മലബാർ കുടിയായ്മനിയമം, കൊച്ചി വെറുംപാട്ട കുടിയായ്മനിയമം, ഈ നിയമങ്ങളിലെല്ലാം കുടിയാന്മാർക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ തത്വത്തിൽപോലും, ഈ നിയമം അംഗീകരിക്കാതെ യഥാർത്ഥ കുടിയാന്മാരേയും, കാർഷികപരിഷ്കരണം ആഗ്രഹിച്ചിരുന്ന ജനാധിപത്യവാദികളേയും മടപ്പിച്ചുകളഞ്ഞതിനുശേഷവും പറയുകയാണ് ലീപ് ഫോർവേഡ് എന്ന്. ലീപ് ഫോർവേഡ് ഏതുവിധത്തിലാണ് എന്നു വ്യാഖ്യാനിക്കാതിരിക്കുകയാണ് നല്ലത്. ഇന്നുതന്നെ അവസാനനിമിഷം ഈ മൂന്നാംവായനക്കിടയിൽപോലും, റൂൾ സസ്പെന്റു ചെയ്തുകൊണ്ട് മന്ത്രിയുടെ ഭാഗത്തുനിന്നുകൊണ്ടുവന്ന ഭേദഗതികളുടെ സ്വഭാവം തന്നെ നമ്മൾ നോക്കിയാൽമതി ഈ കാർഷികപരിഷ്കരണത്തിന്റെ ഉദ്ദേശം എന്തായിരുന്നു എന്ന്. ഈ ബിൽ ഈ നിയമസഭയിലവതരിപ്പിച്ച സമയംമുതൽ ഇതിന്റെ അവസാന വായനയായ മൂന്നാം വായനയിലും, ജന്മിക്കുവേണ്ടിയുള്ള ഉഴവുപണി നിർബാധം നടത്തുകയാണ്. ഇന്നത്തെ ഭേദഗതികളിൽ ആദ്യത്തേതും അവസാനത്തേതും വ്യക്തമല്ലേ, കുടികിടപ്പുകാരന്റേയും കുടിയാന്റേയും അവസാന നിമിഷത്തിലും മരിച്ചാലും ദ്രോഹിക്കാം ദ്രോഹിക്കണമെന്നതു്. അവസാന നിമിഷത്തിൽ കൊണ്ടുവന്ന ആദ്യഭേദഗതി കുടികിടപ്പുകാരന്റെ കുടിൽ കെട്ടിയ അവസരത്തിൽ നാലു രൂപ വാടക കിട്ടുമായിരുന്നു എങ്കിൽ എന്നെഴുതിയ സ്ഥലത്ത് നാലുരൂപയിൽ "കൂടാതെ" എന്നു ചേർക്കണമെന്നാണ്. കൂടിപ്പോയാൽ കുടികിടപ്പുകാരനു മുതൽ സൗജന്യമാവെങ്കിലോ എന്നാണ്. നിയമത്തിൽ ഉൾക്കൊള്ളിച്ചു വച്ചപ്പോൾ ശ്രീ. റ്റി. എ. തൊമ്മൻ അവതരിപ്പിച്ച ഭേദഗതി വളരെ നല്ലതാണെന്നു മന്ത്രിക്കു തോന്നിയിട്ട് അംഗീകരിച്ചതുമായിരുന്നു. കള്ളം പറയാം, സത്യം മറച്ചുവയ്ക്കാം. പക്ഷെ നിയമത്തിന്റെ തർജ്ജിമ മലയാളത്തിൽവരും, ജനങ്ങൾ വായിക്കും, മനസ്സിലാക്കും. ഒടുവിൽചെയ്യുന്ന വേലകളും മനസ്സിലാക്കാതിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു അവസാന ഭേദഗതി എന്താണെന്നും പറയാം. Dry land-ന്റെ പാട്ടം രണ്ടാംവായനയ്ക്കു അംഗീകരിച്ചതു് ഉൽപ്പാദനത്തിന്റെ എട്ടിലൊന്നോ, നാലു രൂപയോ അതിൽ ഏതാണു് കുറവു്, അതു മര്യാദപ്പാട്ടമായി അംഗീകരിച്ചുകഴിഞ്ഞതാണു്. ഇതു കഴിഞ്ഞതിനുശേഷം സിൽക്ക ജുബാ ഇട്ടു് കുറേ പണക്കാർ ബേഗുമായി കാറിൽവന്നു് മെമ്മോറാണ്ടവുമായി ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടു. രണ്ടുമൂന്നു എം. എൽ. എ. മാരെ കണ്ടു. ഇവ കോംക്കുന്നതും സംഘടിപ്പിക്കുന്നതുമായ കമ്മിററിയെ കണ്ടു.

6 p. m.

അതിന്റെയൊക്കെ ഫലമായി കാർഷികബന്ധനിയമത്തിലെ വകുപ്പു് ഇതായിരുന്നു എന്നു മന്ത്രിക്കു ഭൂതോദയമുണ്ടായി. ഈ മൂന്നാം വായന സമയത്തും ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്. ഭൂതോദയം പാട്ടം കൂട്ടുന്ന കാര്യത്തിലും, വസ്തു ഒഴിപ്പിച്ചെടുക്കുന്ന കാര്യത്തിലുമേയുള്ളു. ഇതിനുമുൻപും ചെറുകിടക്കാർക്കു് കൃഷിക്കു് ഒഴിപ്പിക്കാം എന്ന വകുപ്പു് ചർച്ചക്കു് വന്നപ്പോൾ കുറേ പണക്കാർ കൊച്ചിയിൽനിന്നു കാറിൽവന്നു മന്ത്രിയെക്കണ്ടു. എം.എൽ.എ. മാരെ കണ്ടു. ഉടൻ കാർഷികബന്ധനിയമത്തിലെ ഉദ്ധരിണിയുമായി. അവക്കു് Town ഭൂമികൾ ഉൾപ്പെടെ കൃഷിക്കല്ലെങ്കിലും ഒഴിപ്പിക്കാനുള്ള ഭേദഗതിയുമായി മന്ത്രി പ്രത്യക്ഷപ്പെട്ടു. കാർഷികബന്ധനിയമത്തിലെ പരിപാവനത ജന്മിക്കു പാട്ടംകൂട്ടാനും, കൂടുതൽ വസ്തു ഒഴിപ്പിക്കാനുമേയുള്ളു. കാർഷികബന്ധനിയമത്തിൽ പാട്ടം കുറയ്ക്കണമെന്ന വ്യവസ്ഥയുണ്ടു്. പാട്ടം which ever is less ആണു്, പ്രതിഫലത്തുക കുറയ്ക്കുന്ന ഇടപാടുണ്ടു്; കുടികിടപ്പുകാരെ ഒഴിപ്പിക്കരുതെന്നുണ്ടു്. ഒഴിഞ്ഞാൽ 10 സെൻറു ഭൂമി കൊടുക്കണമെന്നുണ്ടു്. അതിനൊന്നിനും മന്ത്രിയെ സംബന്ധിച്ചു് പരിപാവനതയില്ല. അമ്പലത്തിൽ ദീപാരാധന നടക്കുമ്പോൾ ഭക്തജനങ്ങളുടെ ദൃഷ്ടി ബിംബത്തിലാണു്. ശംഖുവിളിയും മണിയടിയും, ഓംകാര ശബ്ദങ്ങളുംകൊണ്ടു് ഭക്തജനങ്ങൾ ഭക്തിയിൽ മുഴുകി ബിംബത്തിൽ ശ്രദ്ധിക്കുന്നു. ഈ ദീപാരാധന സമയംനോക്കി ആനയെ മോഷ്ടിക്കുന്ന കള്ളന്മാരുണ്ടു്. അതുപോലെയാണു് ഇന്നത്തെ മന്ത്രി മൂന്നാംവായനയിൽ ജന്മിക്കനുകൂലമായി നടത്താൻ കൊണ്ടുവന്ന ഭേദഗതികൾ. ഇന്നുവരെ അജ്ഞാതവാസം അനുഷ്ഠിച്ച ശ്രീമാൻ വിശ്വനാഥൻ കാടാറുമാസം കഴിഞ്ഞു പെട്ടെന്നു് ഇന്നു പ്രത്യക്ഷപ്പെട്ടു് ഈ ബില്ലിന്റെ ഗുണഗണം പാടി. ബില്ലിലെ വകുപ്പാണോ മട്ടാഞ്ചേരി സീററാണോ നോട്ടമെന്നു് എനിക്കു നിശ്ചയംപോരാ. ഏതായാലും പുതിയ കണ്ടുപിടിത്തം ഒരുലക്ഷം കുടിയാന്മാർക്കു് പുതിയതായി കുടിയായ്മ അവകാശം നൽകുന്ന നിയമമാണുപോലും. ഈ ഒരു ലക്ഷം എന്നുള്ള കണക്കുതന്നെ എവിടെനിന്നു കിട്ടിയെന്നു അറിവില്ല. കണക്കുകൾ ശേഖരിക്കുവാനായിരുന്നുവോ ഈ കാടാറുമാസം അജ്ഞാതം അനുഷ്ഠിച്ചതെന്നു് എനിക്കറിവില്ല. ഞാൻ ചോദിക്കുന്നു എവിടെയാണു് ഈ പുതിയ ബില്ലിൽ കൂടുതൽ കുടിയാന്മാർക്കു് കുടിയായ്മ നൽകുന്നതെന്നു്. 'ഡീംഡ് ടെനൻറു്' എന്ന വകുപ്പിലാണോ? 5-ം 6-ം വകുപ്പുകളിൽ കൊച്ചിയിലെ മുൻപുണ്ടായിരുന്ന മോർട്ടുഗേജ്സിനു് ആ വകുപ്പുപ്രകാരം പുതിയ ടെനൻസി കൊടുത്തിട്ടുണ്ടു് എന്നു ഞാൻ സമ്മതിക്കാം. 1962-ൽ ശ്രീ. ചന്ദ്രശേഖരൻ മന്ത്രിയായിരുന്ന കാലത്തു കൊണ്ടുവന്ന താൽക്കാലിക നിയമത്തിലുള്ള ഒരു വകുപ്പാണു് അതു്. 1960 മുതൽ ഉള്ള പരിഷ്ക്കാരങ്ങൾക്കു് ഉത്തരവാദികൾ നിങ്ങളും കൂടിയാണു് എന്ന നിലയിൽ ഒരു ക്രെഡിററു് നിങ്ങൾക്കു് വിട്ടുതന്നിരിക്കുന്നു. പിന്നെവരുന്നതു മലയോര കർഷകരുടെ കാര്യമാണെന്നു പറയുന്നു. മലയോര കൃഷിക്കാരുടെ ടെനൻസി റൈററു് നിങ്ങളാണോ കൊടുത്തതു്. കാർഷികബന്ധ നിയമത്തിലാണു് അവക്കു് ടെനൻസി റൈററു് കൊടുത്തതു്. അതിൽ 2-ാം വകുപ്പു് 50-ാം ഉപവകുപ്പിൽ ടെനൻറിന്റെ നിർവ്വചനത്തിൽ explanation 2 ആയി മലയോര കൃഷിക്കാരെചേർത്തിട്ടുണ്ടു്. ആ വകുപ്പിൽ bonafide എന്ന വാക്കുണ്ടായിരുന്ന സ്ഥലത്തു് "honourably" എന്നു നിങ്ങൾ ചേർത്തു എന്നതുകഴിഞ്ഞു് ഏതു പുതിയ കുടിയാന്മാരെചേർത്തു. 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം'. മിണ്ടാതിരുന്നു മിണ്ടിയതല്ലെ ഒരു ലക്ഷമാണെങ്കിൽ ഒരു ലക്ഷമിരിക്കട്ടെ എന്നുവച്ചതാണു്. ആ വകുപ്പിൽ എന്തു വ്യത്യാസമാണു് വരുത്തിയിരിക്കുന്നതു്. ഡീംഡ് ടെനൻറു് എന്ന വകുപ്പിൽ bonafide എന്നതുമാററി 'honestly' എന്നു ചേർത്തിട്ടുണ്ടു്. നിങ്ങൾ പുതിയതായി കുടിയായ്മ അവകാശം കൊടുത്തു എന്നു പറയുക, cultivating tenant-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

വ്യാഖ്യാനത്തിൽ who is entitled to cultivate എന്ന വാക്കുചേർത്ത് കൈവശമുള്ളതിനെ തിരിയെ എടുക്കുക. ഈ നീക്കംമിണ്ടാത്ത കുടിയാനേയും മിണ്ടിക്കുന്ന ഒരു ഘട്ടത്തിൽ നിങ്ങൾ എത്തിക്കും. കുടിയാനെ ദ്രോഹിക്കുന്ന ഒരു നയമാണ് ഇതിന്റെ എല്ലാ വകുപ്പുകളിലും കാണുന്നത്. എന്നിട്ടും പറയുന്നു കുടിയായ്മ അവകാശം കൂടുതൽ കൊടുത്തു കാർഷികപരിഷ്ക്കരണത്തിന്റെ കുതിച്ചുചാട്ടമാണെന്ന്. ഞാൻ പറയും കുതിച്ചുചാട്ടമല്ല കുഴിച്ചുചാട്ടമാണെന്ന്. നിങ്ങൾ യഥാർത്ഥത്തിൽ കുടിയാന് സ്ഥിരതയെങ്കിലും കൊടുത്തോ? കുടിയാനെ സംബന്ധിച്ചുള്ള ഏററവും പ്രധാനപ്പെട്ട വകുപ്പുകൾ അവരുടെ സ്ഥിരതയാണ്, ഒഴിപ്പിക്കൽ സംബന്ധിച്ചുള്ള വകുപ്പ് എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നാണ്. ആ വകുപ്പുകളിൽ വീടുവെയ്ക്കാനും അമ്പലങ്ങളോ മറേറാ പണിയിക്കാനും ഒഴിപ്പിക്കാനുള്ള അവകാശം കാർഷികപരിഷ്ക്കരണ നിയമത്തിലുള്ള അധികാരത്തിൽ കൂടുതൽ കൊടുത്തു. അതിനുള്ള വാദം—കുടുംബനിർവ്വചനം കാർഷിക പരിഷ്ക്കരണനിയമത്തിൽ വ്യത്യസ്തമാണെന്നും അപര്യാപ്തമാണെന്നും കമ്മ്യൂണിസ്ററുകാർ നിരീശ്വരവാദികളാണതുപോലെയല്ല കാൺഗ്രസുകാർ എന്നും, ദൈവത്തിനെ ഈ നാട്ടിൽ മുഴുവൻ കുടിയിരുത്താതെ അവരടങ്ങുകയില്ല എന്നുമാണ്. സ്വന്ത കൃഷിക്ക് ഒഴിപ്പിക്കുവാനും കൂടുതൽ അവകാശം കൊടുത്തു. 15 ഏക്കറിനു മുകളിൽ വസ്തുവുള്ള കുടിയാനാണെങ്കിൽ കുടിയാന്റെ കൈവശം ഉള്ള ഭൂമി മുഴുവൻ ഒഴിപ്പിച്ചുകൊടുക്കുകയും അങ്ങനെ ഒഴിപ്പിച്ചെടുക്കുന്നതിനു പരമാവധി സീലിംഗ് ഏരിയാവരെ ഒഴിപ്പിച്ചെടുത്തു കുടുംബത്തിന് വയ്ക്കുവാൻ അവകാശം കൊടുക്കുകയും ചെയ്യുന്നവിധത്തിലാണ് ആദ്യവകുപ്പ്. സീലിംഗ് എന്നു പറഞ്ഞിരിക്കുന്നതുതന്നെ വ്യക്തമായിട്ടല്ല. സീലിംഗ് എന്നുള്ള വകുപ്പിൽ ഒരു കുടുംബത്തിന്റെ കാരണവനായിരിക്കുന്ന ആൾ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹം കഴിഞ്ഞാൽ അനന്തരാവകാശികളാകാൻ സാദ്ധ്യതയുള്ള അംഗങ്ങൾക്ക് കൂട്ടിച്ചേർക്കാവുന്നതും ഭൂമി ഭാഗിക്കാതെതന്നെ കുടുംബനാഥനു വയ്ക്കുവാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. 36 ഏക്കറല്ല, 12 സ്റ്റാൻഡേർഡ് ഏക്കറല്ല. എത്രയോ ഭൂമി സ്വന്തമായി എഴുതിവയ്ക്കാതെതന്നെ ആ ആളിന് ceiling ചേർത്ത് ഒഴിപ്പിക്കാം. കൈവശം ഒഴിച്ചെടുക്കുന്ന ഭൂമിക്ക് അഞ്ച് ഏക്കർ എന്നു കാർഷികബന്ധനിയമത്തിൽ നിയന്ത്രിച്ചിരിക്കുന്നത് എടുത്തുകളഞ്ഞു. അതുപോലെ സ്മാൾ ഹോൾഡേഴ്സിന്റെ നിർവ്വചനം വന്നപ്പോൾ 5 double crop നിലത്തിൽ നിന്നു 40 ഏക്കർവരെ വർദ്ധിച്ചു. 10 സാധാരണ ഏക്കറും 40 സാധാരണ ഏക്കറും തമ്മിലുള്ള അന്തരം ശക്തമായ ഞങ്ങളുടെ എതിർപ്പുകാരണം ചെറുകിടക്കാരൻ 24 ഏക്കർകാരനായി. ഈ ചെറുകിടക്കാരന്റെ വളർച്ചയിൽ എത്ര ആയിരം കുടിയാനെ ഒഴിപ്പിക്കുമെന്നു വിചാരിക്കുന്നു. ശ്രീ. വിശ്വനാഥനു ഇവരെപ്പററി ഒന്നും മിണ്ടാനില്ലായിരിക്കാം. ദീർഘകാലകൈവശം നോക്കാതെ പൊളിച്ചെഴുത്തു നടന്ന പ്രമാണമാണോ എന്നുനോക്കാതെ ഒഴിപ്പിക്കാം. ചെറുകിടക്കാരന്റെ കാര്യം പറഞ്ഞുകൊണ്ടു ശ്രീമാൻ മാലേത്തു ഗോപിനാഥപിള്ള ശ്രീമാൻ ഈ. പി. ഗോപാലനെ വെല്ലുവിളിക്കുന്നതു കേട്ടു. അദ്ദേഹത്തിനു എവിടെയോ ഒക്കെ ഏററുമുട്ടണം. അങ്ങാടിയിൽ തോററതിനു അമ്മയോടു എന്നാണല്ലോ? എവിടെയോ ഒക്കെ ഏററുമുട്ടി തോററിട്ട് ഇപ്പോൾ കമ്മ്യൂണിസ്ററു പാർട്ടിയോട് ഏററുമുട്ടാൻ തയ്യാറാണ് എന്നാണ് വെല്ലുവിളി. ഏററുമുട്ടിയത്രയും ഫലം മോശമാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. പ്രത്യേകാവകാശം കൊടുക്കുന്നതിനോടൊപ്പം ചെറുകിടക്കാരന്റെ നിർവ്വചനം 24 ഏക്കറുകാരനാക്കുന്നതു ശരിയല്ല എന്നും, അങ്ങനെയുള്ളവർക്ക് ഒഴിപ്പിക്കാൻ കൂടുതൽ അവകാശം കൊടുക്കുന്നതു ശരിയല്ല എന്നുമുള്ള അഭിപ്രായമാണ് എനിക്കുള്ളത്. 24 ഏക്കർവരെയുള്ള ആളിന് ഒഴിപ്പിക്കാൻ അവകാശം കൊടുത്താൽ കൂടുതൽ ഭൂമി ഒഴിപ്പിക്കാനുള്ള അവകാശമാണ് കൊടുക്കുന്നത്. 24 ഏക്കർ ഭൂമിയുള്ള വസ്തുഉടമസ്ഥൻ ചെറുകിടക്കാരനാണ് എന്ന നിർവ്വചനം വന്നതോടെ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും പരിശോധിച്ചുനോക്കുകയാണെങ്കിൽ വളരെ കൂടുതൽ കുടിയാന്മാരെ ഒഴിപ്പിക്കുവാനുള്ള സാദ്ധ്യത ഉണ്ടായിക്കഴിഞ്ഞു. അങ്ങനെ സാദ്ധ്യത ഉണ്ടാകുകയില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാൻ സാദ്ധ്യവുമല്ല. 50 സെൻറു ഭൂമി കുടിയാന് റിസർവേഷൻ വയ്ക്കേണ്ട ആവശ്യമില്ല എന്നും പകുതി ഒഴിപ്പിക്കുന്നതിന് ചെറിയ വസ്തുഉടമസ്ഥൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണമെന്നും, എന്നാൽ 24 ഏക്കർവരെ ജന്മമുള്ളവർ ചെറുകിടക്കാരാകാൻ പാടില്ലെന്നുമാകുന്നു ഞങ്ങളുടെ വാദം. ഭേദഗതികളിൽകൂടി എതിർപ്പ് പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ചതുകൊണ്ട് 50 സെൻറു റിസമ്പ് ചെയ്യുന്ന സമ്പ്രദായം സമ്മതിക്കുകയുണ്ടായി. ചെറുകിടക്കാരനെ സംബന്ധിച്ച് മലബാറിലോ, കൊച്ചിയിലോ ഒഴിപ്പിക്കലുകൾ കുടിയാനു ഇഷ്ടമുണ്ടെങ്കിൽ ഒഴിഞ്ഞുകൊടുത്താൽ മതിയെന്നു മന്ത്രി പറയുന്നു. നിയമപ്രകാരം അല്ലാത്തവരെ മാത്രമെ പകുതി ഒഴിപ്പിക്കുകയുള്ള എന്നും പറയുന്നു. നിയമത്തിൽ എന്തെഴുതിയാലും, പകുതിമാത്രമല്ല മുഴവൻ ഭൂമിയും ഒഴിഞ്ഞുകൊടുക്കാനുള്ള പ്രേരണയും സമ്മർദ്ദവും പാട്ടവർദ്ധനവുമൂലം ചെറുകിടക്കാരൻെറ കുടിയാനു ഉണ്ടായിരിക്കുകയാണ്. ചെറുകിടക്കാരന് എല്ലാ ആനുകൂല്യങ്ങളും കൊടുത്തുകഴിഞ്ഞു. അവരുടെ കുടിയാന്മാർക്ക് എന്തെങ്കിലും ഒരാനുകൂല്യം കൊടുത്തോ? ഫെയർ റെൻറാ കോൺട്രാക്റ്റ് റെൻറോ, ഏതാണു കൂടുതൽ അതുമതിയെന്നു അപേക്ഷിക്കാൻ ചെറുകിടക്കാരനു അവകാശംകൊടുത്തതോടുകൂടി പകുതി ഒഴിഞ്ഞുകൊടുക്കുന്നതിനുപുറമേ പകുതിയ്ക്കു പാട്ടം ചെറുകിടക്കാരൻെറ കുടിയാൻകൂടിയും കൊടുക്കണം. പാട്ടം കൂട്ടുന്ന വ്യവസ്ഥ ചെറുകിടക്കാരനുവേണ്ടിയായാലും ഞങ്ങൾ ശക്തിയായി എതിർക്കുന്നു. ഈ പാട്ടം കൂടുതൽ നടപ്പിൽ വരുന്നതിൻെറ ഫലമായിട്ട് കുടിയാനു ഭൂമിയിൽനിന്നും എങ്ങനെയെങ്കിലും പോയാൽമതിയെന്നുള്ള ഒരു വിചാരം ഉണ്ടാകുന്ന ഒരു സാഹചര്യം ഇതുകൊണ്ട് ഉണ്ടാകുന്നുണ്ട്. ആ വിധത്തിലാണ് ഈ നിയമം എഴുതിവച്ചിരിക്കുന്നത്. കുടിയാനെ സംബന്ധിച്ചിടത്തോളം ഭൂമിയിൽനിന്നും ഏതെല്ലാം വിധത്തിൽ ഒഴിഞ്ഞുപോകാമോ അതിനെല്ലാം പ്രേരകമായിട്ടുള്ള വിധത്തിൽ എല്ലാ വകുപ്പുകളും എഴുതിച്ചേർത്തിരിക്കുകയാണ്. കുടിയാൻ പാട്ടം കൊടുക്കുന്ന വ്യവസ്ഥയെപ്പററി സംസാരിച്ച അവസരത്തിൽ ശ്രീമാൻ ഭാസ്കരൻനായർ പറയുകയുണ്ടായി 'whichever is less' എന്നാണ് പറഞ്ഞിരിക്കുന്നതെന്നു. which ever is less apply ചെയ്യാത്ത കേസുകൾ ഞാൻ പറയാം. (1) ചെറുകിട വസ്തുഉടമസ്ഥരുടെ വസ്തുക്കൾ which ever is higher ആണ്. (2) മലബാർ കുടിയായ്മ നിയമപ്രകാരം പാട്ടം കരാർപാട്ടത്തിൽ കൂടുതൽ കൂട്ടിയാൽ, കരാർപാട്ടം മര്യാദപാട്ടമായിരിക്കും എന്നു മുൻപിലത്തെ നിയമത്തിലുണ്ടായിരുന്നതു എടുത്തുകളഞ്ഞു് അതുപോലെ ഇന്നു പാട്ടം കൊടുക്കാത്ത ഭൂമികൾക്ക് ഒരു നോമിനൽ റെൻറു വെച്ച് പർച്ചേസ് ചെയ്യാൻ അവകാശം കൊടുക്കുന്നതിനുപകരം ഷെഡ്യൂളിൽ ഉള്ള ഫെയർറെൻറ് അവക്കു ബാധകമാക്കി ഫെയർ റെൻറിനും, പർച്ചേസിനും അപേക്ഷ വയ്ക്കേണ്ട എന്നുകരുതി കുടിയാനു് ഏൽക്കാനൊക്കുമോ? അതുംസാദ്ധ്യമല്ല. കാരണം ഫെയർറെൻറു നിശ്ചയിക്കുവാനുള്ള അവകാശത്തിനു് ഇന്നു അപേക്ഷിക്കാമെന്നു വ്യവസ്ഥയെഴുതിച്ചേർത്തു. ഇതുപോലുള്ള വസ്തു കൈവശക്കാരിൽനിന്നു ഇന്നുള്ള പാട്ടത്തിൻെറ ഇരട്ടിയല്ല, 300 ഇരട്ടിവരെ ഈടാക്കാൻ വ്യവസ്ഥ ചേർത്തു. മുൻപ് കോൺട്രാക്റ്റ് റെൻറിൻെറ ഇരട്ടിയിൽ കൂടുതൽ പാട്ടം കൂട്ടാൻ പാടില്ലഎന്നുള്ള വ്യവസ്ഥ എടുത്തുകളഞ്ഞതിനോടൊപ്പം പാട്ടം ഭയങ്കരമായി വർദ്ധിച്ചു. ഇതിൽപരം അന്യായമായിട്ട് കുടിയാനെ സംബന്ധിച്ച എന്തു ദ്രോഹം ചെയ്യാൻ കഴിയും. ഒരു ഏക്കർ ഭൂമിയിൽ കമുകിൻ തോട്ടം വച്ചുപിടിപ്പിച്ചാൽ അതിൻെറ ശരാശരി വരുമാനം 3000 രൂപ എന്ന കണക്ക് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറ് തന്നതാണ്. അതനുസരിച്ച പത്തിലൊന്നു പാട്ടം 300 രൂപയായി വർദ്ധിപ്പിച്ചു. പാട്ടം ഇല്ലാത്ത വസ്തുവാണെങ്കിൽ 300 ഇരട്ടി കൊടുക്കത്തക്കവിധത്തിലാണ് വ്യവസ്ഥ. കുടിയാനു മര്യാദപ്പാട്ടവും വേണ്ട, പർച്ചേസ് റൈററും വേണ്ട എന്നിരിക്കട്ടെ. 'ലാൻറുബോർഡ്' or Tenant may apply എന്നുള്ളതുകൊണ്ട് ഉടമസ്ഥനു പാട്ടം നിശ്ചയിക്കാൻ അപേക്ഷിക്കാം. ഇതെല്ലാം ചെയ്തുകഴിഞ്ഞിട്ട് കൂടുതൽ കാർഷികവിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഉത്തേജനം നൽകുന്നതിനാണ് ഇങ്ങനെ ചെയ്തിരിക്കുന്നതെന്നു പറയുന്നതു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. നിലങ്ങൾക്ക് നെൽകൃഷി ചെയ്യുന്നതിനു പാട്ടം, മത്സ്യം പിടിക്കുന്നതിനു വേറൊരു പാട്ടം; നിലത്തിൽനിന്നും കിട്ടുന്ന പായലിനോ മററു സാധനങ്ങൾക്കോ വേറൊരു പാട്ടം, മററു കന്നിറക്കിയാൽ അതിൻെറ പാട്ടം, ഗവണ്മെൻറ് ഇറിഗേഷൻ facility ഏർപ്പെടുത്തിയാൽ അതിനു കൂടുതൽ പാട്ടം, നല്ലവള്ളമുപയോഗിച്ചാൽ

[ശ്രീമതി കെ. ആർ. ഗൗരി]

അതിനു കൂടുതൽ പാട്ടം ഇങ്ങനെ പാട്ടങ്ങളുടെ ഘോഷയാത്രയാണ്. ആധാരത്തിൽ സാധനവില ക്ലിപ്തപ്പെടുത്തിയാലും ഇന്നത്തെ മാക്കറ്റു റേറ്റ് അനുസരിച്ച് പാട്ടം കൂട്ടുന്ന വ്യവസ്ഥ അംഗീകരിച്ചു. ശ്രീ. രാമകൃഷ്ണൻ സംസാരിച്ചപ്പോഴും മത്സ്യ പാട്ടത്തെ സംബന്ധിച്ച്-ഇതുപോലുള്ള ഭൂമികളുടെ മത്സ്യപ്പാട്ടത്തെ സംബന്ധിച്ചുള്ള വിവരം, വാരത്തിനും പാട്ടഭൂമിയ്ക്കും എങ്ങനെ ബാധകമാകുമെന്ന് ചോദിക്കുന്നതുകേട്ടു. മത്സ്യം പിടിക്കാനുള്ള അവകാശത്തിന് തക്കം വാരഭൂമിക്കു മാത്രമെ ബാധകമാകുകയുള്ളു. കാരണം താൽക്കാലിക നിയമപ്രകാരം അവക്കു മാത്രമാണ് പൊസിഷൻ ഇല്ലാത്തതു്. പാട്ടക്കാർക്ക് പൊസിഷൻ ഉണ്ട്. പിന്നെ ജന്മിക്ക് മത്സ്യം പിടിക്കാൻ എങ്ങനെ അവകാശമുണ്ടാകും. വസ്തു കൈവശക്കാരന്റെ അനുവാദമില്ലെങ്കിൽ ജന്മിക്ക് വസ്തുവിൽ പ്രവേശിക്കാനൊക്കുമോ? സാദ്ധ്യമല്ലാത്ത ഭൂമിയിൽ അഡീഷണൽ ആയി പാട്ടം ചുമത്തുകയാണ് മത്സ്യപ്പാട്ടം പാട്ടനിലങ്ങളിൽ ഏർപ്പെടുത്തുന്നതുകൊണ്ട് ഉണ്ടാകുന്ന ഫലം. അതുപോലെ പർച്ചേസ് വില കൂട്ടിയിട്ടില്ലേ. അമിത പാട്ടം മാത്രമല്ല പർച്ചേസ് ചെയ്യാനുള്ള അപേക്ഷ കൊടുക്കുന്ന തീയതിമുതലുള്ള പാട്ടം കെട്ടിവച്ചാൽ അതു പർച്ചേസ് വിലയിലേക്കു് കിഴിക്കുമെന്നു പറഞ്ഞിരുന്നതു് എടുത്തുകളഞ്ഞു. ആ സ്ഥാനത്തു് കോടതി തീരുമാനിക്കുന്ന ദിവസമാക്കി ലാൻഡു് ട്രിബ്യൂണലിൽ രണ്ടുകൊല്ലം ജില്ലാ കോടതിയിൽ രണ്ടു കൊല്ലം കുറഞ്ഞതു് അങ്ങനെ ആ കാര്യത്തിൽ ജന്മിക്കു് നാലുകൊല്ലം പാട്ടം കൂടുതൽ കൊടുപ്പിക്കാം. നമ്മുടെ കോടതികളിൽ കേസുകൾ പോയാൽ എത്രമാത്രം കാലതാമസം വരുമെന്നു ഞാൻ പറയാതെ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് അറിയാമല്ലോ. ഡിസ്ട്രിക്റ്റു ജഡ്ജിവരെ നിർബ്ബന്ധമായിരുന്നു കേസുകളെടുത്താലും ധാരാളം കേസുകളുണ്ടെങ്കിലും മൂന്നു കൊല്ലമെങ്കിലും താമസം കേസുകളുടെ തീരുമാനത്തിനു വേണ്ടിവരും. എന്നിട്ടു വാദിക്കുകയാണു് കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണെന്നു്. മുൻപിലത്തെ നിയമത്തിൽ ഗവണ്മെൻറിൽ വെസ്റ്റു് ചെയ്തതിനുശേഷമേ പർച്ചേസ് ചെയ്യാനൊക്കുമായിരുന്നുള്ളു. കാലതാമസം ഒഴിവാക്കിയതിന്റെ പേരിൽ കുടിയാനു ശിക്ഷ കുറഞ്ഞതു് മൂന്നു കൊല്ലത്തെ പാട്ടം അധികവിലയായിക്കൊടുക്കണം. പോരെ. പിന്നെ പറയുന്നതുകേട്ടു ഫെയർ റെൻറു്, റെൻറു് ഇല്ലാത്ത ഭൂമികളിൽ ഏർപ്പെടുത്തുന്നതു് ദേവസ്വങ്ങളെ രക്ഷിക്കാനാണെന്നു്. മദ്ധ്യവർത്തികളുള്ള ഒരൊററ സ്ഥാപനത്തിനും ഈ വർദ്ധിപ്പിച്ച റെൻറിൽ ഒരു പൈപോലും കിട്ടുകയില്ല എന്നുള്ളതും വാസ്തവമല്ലേ.

ഞങ്ങളുടെ ശക്തമായ എതിർപ്പിന്റെ മുൻപിൽ മന്ത്രിതന്നെ സമ്മതിച്ചു പ്രതിപക്ഷത്തിന്റെ എതിർപ്പുമൂലം പാട്ടക്കുടിശ്ശികകളു് ഒഴിപ്പിക്കാമെന്നു് എഴുതിയിരുന്ന വ്യവസ്ഥ മാററുന്നു എന്നു്. പാട്ടക്കുടിശ്ശികകളു ഒഴിപ്പിക്കാൻ പാടില്ലെന്നായി. ചില വസ്തുക്കളെ സംബന്ധിച്ചെങ്കിലും, പാട്ടം which ever is less എന്ന തത്വം അംഗീകരിപ്പിക്കാൻ കഴിഞ്ഞു. അതുകൊണ്ട് ഈ നിയമം പുരോഗമനപരമായോ—ഇല്ല എന്നാണ് എന്റെ ശക്തമായ അഭിപ്രായം. ഈ ബില്ലിന്റെ ആദ്യ ക്ലാസുമുതൽ അവസാന ക്ലാസിൽവരെ കുടിയാനെ ദ്രോഹിക്കാനുള്ള വ്യവസ്ഥകൾ ചേർത്തിരിക്കുന്നതു കാണാം. ലാൻഡു് ട്രിബ്യൂണലിൽ ഭൂമി പർച്ചേസ് ചെയ്യാൻ ആപ്ലിക്കേഷൻ കൊടുത്താൽ ആ പാട്ടം കൂട്ടിയ വ്യവസ്ഥ അനുസരിച്ചു അതു നിശ്ചയിച്ചതിനുശേഷം 16 കൊല്ലത്തെ പാട്ടം കൊടുക്കണം എന്നുള്ള വ്യവസ്ഥ യഥാർത്ഥത്തിൽ ജന്മിക്കനുകൂലമോ കുടിയാനു് അനുകൂലമോ? ആ യഥാർത്ഥവില കൊടുക്കത്തക്കവിധത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നതു കുടിയാനു കൊടുക്കുന്ന ആനുകൂല്യമാണ് എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ആളുകിട്ടുകയില്ല.

സർ, ഫിക്സിററിയെ സംബന്ധിച്ചും റിസംപ്ഷനെ സംബന്ധിച്ചു പറയുമ്പോഴും, ഇവിടെ ഫിക്സിററി കൊടുത്തിരിക്കുന്ന ആളുകളെ സംബന്ധിച്ച് അവരുടെ കൈയിൽനിന്നും ഭൂമി തിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ അമിതമായ പാട്ടം കൂട്ടുന്നതിനുള്ള ഒരു വ്യവസ്ഥയാണ്. മലയോര കൃഷിക്കാരെസംബന്ധിച്ച പറയുകയാണെങ്കിൽ അവക്കും ഷെഡ്യൂളിലെ ഫെയർ റെൻറു് എന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണ്, ഇതു [illegible]

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കാനാണെന്നു് മന്ത്രി പറയും. കമ്മ്യൂണിസ്റ്റുകാർക്കു് ദൈവവിശ്വാസമില്ല, അവർ ഈ അമ്പലങ്ങളെല്ലാം പൂട്ടിക്കളയണം എന്നുള്ള വിചാരക്കാരാണു്, അതുകൊണ്ടാണു് എതിർക്കുന്നതെന്നു് പറയും. എന്നാൽ ഈ ഗവണ്മെന്റിനു അമ്പലങ്ങൾ എല്ലാം തുറന്നുവയ്ക്കണം എന്നു നിർബ്ബന്ധമുണ്ടെങ്കിൽ ചെയ്തിരിക്കുന്ന വ്യവസ്ഥ ഏതമ്പലം തുറക്കാനാണെന്നേ ഞങ്ങൾക്കു് അറിയേണ്ടതുള്ളു. ഈ അമ്പലങ്ങളെല്ലാം തുറന്നുവയ്ക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയുള്ള ഭേദഗതികൾ കൊണ്ടുവന്നു. അതിൽ ഫെയർ റെന്റു് നിശ്ചയിക്കുന്നതിന്റെ കാര്യങ്ങൾ പറയുന്നുണ്ടു്. ആ ഭൂമികളെ സംബന്ധിച്ചു purchase price 4½ per cent of the annuity based on fair rent എന്നാണു്. ഫെയർ റെന്റു് ഫിക്സ് ചെയ്താൽതന്നെ ഇന്നു cultivating tenant പാട്ടം കൊടുക്കാത്ത ഭൂമികളിൽ ഈ ദേവസ്വങ്ങൾക്കു് എത്ര രൂപ കിട്ടും. ഇതനുസരിച്ചു കൊട്ടിയൂർ ദേവസ്വത്തിലേക്കും പുൽപ്പള്ളി ദേവസ്വത്തിലേക്കും ഒരു കാശു് എങ്കിലും കൂടുതൽ കിട്ടുമെന്നു വിചാരിക്കുന്നുണ്ടോ. ഒരു പൈസ പോലും കൂടുതൽ കിട്ടുകയില്ല എന്നു ഞാൻ ഉറപ്പിച്ചുപറയുന്നു. അതിനെസംബന്ധിച്ചുള്ള കാര്യങ്ങൾ ശ്രീമാൻ ബലറാം ഇതിനുമുൻപു് ഇവിടെ വിശദീകരിക്കയുണ്ടായതാണു്. ഈ ഭൂമിയിൽ ഇടത്തട്ടുകാർ..........

ശ്രീ. എൻ. ഭാസ്കരൻ നായർ: ഒരു ചോദ്യം. ഈ ആദായം ആ ദേവസ്വങ്ങൾക്കു കിട്ടായില്ലെങ്കിൽ പിന്നെ ആർക്കു കിട്ടുമെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു ഇന്നു ആ ഭൂമിയുടെ കൈവശക്കാരുടെ മുകളിൽ Land lordആരാണോ അവർക്കുകിട്ടും. ഇന്നു വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവയുടെ ഈ ഫെയർറെന്റു നിശ്ചയിക്കുന്നതിനായിട്ടു കൊടുത്തിട്ടുള്ള അവകാശങ്ങളിൽ Land board–നും അപേക്ഷിക്കാം. അങ്ങനെ Intermediary ആയിരിക്കുന്ന N. S. S.-നു കൂടുതൽ പാട്ടം കിട്ടും. ക്ലാസസ് ഇന്നത്തെ നിലയിൽ ഗാർഡൻ, പ്ലാന്റേഷൻ ഇങ്ങനെയുള്ള പ്രത്യേകം, പ്രത്യേകം ക്ലാസിഫിക്കേഷൻ നടത്തിയിരിക്കുന്നതുകൊണ്ടും അതാതു പട്ടികയിൽ പറയുന്ന fair rent കൊടുക്കേണ്ടിവരും. ദേവസ്വം ഈ ഫെയർറെന്റു നിശ്ചയിക്കുമ്പോൾ അതിനു കിട്ടാനുള്ള Rent കാലേക്കൂട്ടി Intermediary കൊടുക്കേണ്ടതു നിശ്ചയിച്ചു കഴിഞ്ഞ പ്രമാണങ്ങളുണ്ടു്. അതുകൊണ്ടു് പാട്ടം ദേവസ്വങ്ങൾക്കല്ല ഇടനിലക്കാരനായി നിൽക്കുന്ന ജന്മിക്കാണു് കിട്ടുന്നതു്. അതുകൊണ്ടാണു് യഥാർത്ഥമായി ദേവസ്വത്തിനെ രക്ഷിക്കാനാണോ എന്നു ഞാൻ ചോദിച്ചതു്. വളരെ ബോധപൂർവ്വം നിങ്ങൾ ചെയ്തതാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: കൊട്ടിയൂർ ദേവസ്വത്തെ സംബന്ധിച്ചാണെങ്കിൽ അവിടെ ഇന്റർമീഡിയറീസിനു യാതൊന്നും കിട്ടുകയില്ല. ഗവണ്മെന്റിലേയ്ക്കാണു് കളക്റ്റു ചെയ്യുന്നതെന്നു് അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇന്റർമീഡിയറീസിനു പാട്ടം കിട്ടാൻ അവകാശം സിദ്ധിച്ചിട്ടുള്ള സ്ഥിതിക്കു ഇന്റർമീഡിയറിസിനുതന്നെ കിട്ടും. ഗവണ്മെന്റിലേയ്ക്കു് ഈ ഭൂമി Vest ചെയ്താൽ ദേവസ്വത്തിന്റെ ഓഹരിയെന്നനിലയിൽ രണ്ടു രൂപ ഒരേക്കറിനു് പാട്ടമായിട്ടു് ഗവണ്മെന്റിനു collect ചെയ്യാനേ അധികാരമുള്ളു. അല്ലാതെ കൂടുതൽ collect ചെയ്യുവാൻ ഗവണ്മെന്റിനു് അധികാരമില്ല. ദേവസ്വത്തിനെ സംബന്ധിച്ചു് പാട്ടം നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. രണ്ടു രൂപാ പാട്ടം, വേറെ ചില സ്ഥലത്തു് പത്തു രൂപാ പാട്ടം. cultivating tenant-ന്റെ പാട്ടമാണു് നിശ്ചയിക്കാത്തതു്. അതു് നിശ്ചയിക്കാൻ Intermediary Land board എന്ന നിലയിൽ അപേക്ഷിച്ചു് fair rent വാങ്ങും. ദേവസ്വത്തിലേയ്ക്കു കൊടുക്കേണ്ടിവരുന്നതു ആധാരത്തിലെ വ്യവസ്ഥ അനുസരിച്ചു രണ്ടു രൂപയോ പത്തു രൂപയോ ഏതാണു് വ്യവസ്ഥയെന്നാൽ ആ പാട്ടം മാത്രമാണു്. ഇന്നത്തെ വ്യവസ്ഥയനുസരിച്ചു കുടിയാൻ കൊടുക്കുന്ന പാട്ടം fair rent പ്രകാരം മുന്നൂറു രൂപയാണെന്നുണ്ടെങ്കിൽ അതിൽ രണ്ടു രൂപാ ദേവസ്വത്തിലേയ്ക്കും ഇരുന്നൂറ്റിതൊണ്ണൂറ്റിഎട്ടു രൂപാ ഇടനിലക്കാരനും കിട്ടും. ഇതാണു് അമ്പലങ്ങൾ തുറപ്പിക്കാൻ ശ്രീ ചാക്കോയുടെ സർക്കാരിന്റെ പരിപാടി. ഇടനിലക്കാരില്ലാത്ത ദേവസ്വങ്ങളിലെ കുടിയാന്മാർക്കു് പാട്ടം ഇന്നു നിശ്ചയിച്ചിട്ടില്ല. എങ്കിലും ഗവണ്മെന്റിലേയ്ക്കു് vest ചെയ്താൽ Government-നു് മര്യാദപ്പാട്ടം കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ദേവസ്വത്തിന് ആ മര്യാദപ്പാട്ടത്തിന്റെ 4½% annuity-യും കിട്ടും. അവിടെയും മുഴുവൻ തുക ദേവസ്വങ്ങൾക്ക് കിട്ടുന്നില്ല. ഒററക്കാര്യമേയുള്ളു. ഈ നാട്ടിലെ ജനങ്ങളുടെ മതവികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ട് കുടിയാനെ ദ്രോഹിച്ച്, ചൂഷണം ചെയ്യുന്ന തുക മദ്ധ്യവർത്തികളും കൊടുക്കുക.

ശ്രീ. പി. ടി. ചാക്കോ: ഈ ബില്ലിലെ ക്ലാസ് 29 വായിച്ചു നോക്കീട്ടുണ്ടോ. കൂടുതൽ പാട്ടം കിട്ടിയാൽ കൂടുതൽ ജന്മിക്കു കൊടുക്കണമെന്ന് അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: അതിൽ ഇൻക്രീസ് എന്നുള്ളതു നിങ്ങൾ എടുത്തുകളഞ്ഞിട്ടില്ലേ. അതു നിലനിർത്തിയാലും ഈ കുടിയാന്മാരെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല. ഇതു പാട്ടം കൂട്ടുകയാണെന്ന് വ്യാഖ്യാനിക്കുമോ. പാട്ടമില്ലാത്ത വസ്തുക്കൾക്ക് പാട്ടം ഏർപ്പെടുത്തുക. അതിൽ Proportionate increase മില്ല reduction നുമില്ല. മന്ത്രിക്കു തീർത്തു പറയാമോ ഇതുപ്രകാരം കൂട്ടുന്ന പാട്ടം ദേവസ്വത്തിനു കിട്ടുമെന്ന് കിട്ടുകയില്ല എന്നു ഞാൻ തീർത്തു പറയുകയാണ്. മററു ദേവസ്വം ഭൂമികൾക്ക് കുടിയാൻ fair rent കൊടുക്കും. അതിന്റെ നാലര ശതമാനം ഗവണ്മെൻറു ആന്വിററി കൊടുക്കുന്നു. എന്തിനു നഷ്ടം സഹിക്കുന്ന ഗവണ്മെൻറ് അധികപാട്ടം ഈ കൃഷിക്കാരിൽനിന്നു പിരിക്കുന്നു. പക്ഷപാതപരമായി കുടിയാനെ ദ്രോഹിക്കുന്നതിനുള്ള നീക്കം ഈ ബില്ലിൽ ഉടനീളം കാണുന്നുണ്ട്. ഈ അവസരത്തിൽ ഒരിക്കൽക്കൂടി ഞാൻ ആവർത്തിക്കുകയാണ് ഈ പാട്ടമില്ലാത്ത ഭൂമിയെ സംബന്ധിച്ച് പുതിയ ഒരു പാട്ടനിരക്ക് Schedule-ൽ ഉള്ളതിൽ കുറവായിട്ട് മന്ത്രി കൊണ്ടുവരുന്നതാണെന്നു സഭയ്ക്കു ഉറപ്പു തന്നിരുന്നു. ആ ഭേദഗതി ഇതേവരെ പ്രത്യക്ഷപ്പെട്ടില്ല. അവസാനവും പാട്ടം കൂട്ടാനുള്ള ഭേദഗതി ഇതാ വന്നിരിക്കുന്നു. മാനുഷം കൊടുത്തു വാങ്ങിയ ഭൂമിക്കു Schedule-ൽ ഉള്ള പാട്ടം അമിതമാണെന്നു മന്ത്രിതന്നെ സമ്മതിച്ചതായിരുന്നു. അദൃശ്യമായ ഏതോ ശക്തിയുടെ പ്രേരണയുടെയോ ആ ശക്തിയോടുള്ള പേടിയുടെയോ ഫലമായി ലക്ഷക്കണക്കിനു കുടിയാന്മാർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന ആ വകുപ്പ് ഇതേവരെ വന്നില്ല എന്നതാണ് സത്യം. ലക്ഷക്കണക്കിനു കുടിയാന്മാർക്ക് ഫിക്സിററി കൊടുക്കുകയല്ല ലക്ഷക്കണക്കിനു കുടിയാന്മാരുടെ രക്ഷയ്ക്കു സഹായകമാകുന്ന കാർഷികബന്ധനിയമത്തിലെ ഉള്ളടക്കവും വ്യവസ്ഥകളും ഈ ബില്ലിൽ ഇല്ലാതായിരിക്കയാണ്. കുടിയാന്മാരുടെ അദ്ധ്വാനത്തിന്റെ ഫലം മററുള്ളവർക്ക് തട്ടിയെടുക്കാൻ സഹായിക്കുന്നതരത്തിലുള്ള വ്യവസ്ഥകൾ എഴുതിച്ചേർക്കാൻ ചുരുറമുള്ള ഈ മന്ത്രിസഭയ്ക്ക് കുടിയായ്മ സ്ഥിരതയെപ്പററിയും, കാർഷിക പുരോഗതിയെ സംബന്ധിച്ചും സംസാരിക്കാൻ അർഹതയില്ല. ഒരു നിയമം എഴുതിയുണ്ടാക്കുമ്പോൾ ആ നിയമത്തെ സംബന്ധിച്ചുള്ള വ്യാഖ്യാനം എങ്ങനെയെല്ലാമാവാം എന്നുള്ളതുകൂടി ചിന്തിക്കേണ്ടതുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം. കാണത്തെ സംബന്ധിച്ചു കാർഷികബന്ധനിയമത്തിലെ നിർവ്വചനം വന്നു. അതു കഴിഞ്ഞതിനുശേഷം അതേ സംബന്ധിച്ചു കോടതികളിൽ അനേകം വിധി ഉണ്ടായിട്ടുണ്ട്. 1962 K. L. T. 888 ഞാൻ ഒരു റെഫറൻസായിട്ടു മാത്രമേ പറയുന്നുള്ളു. 1961 നമ്പർ 733 ആണെന്നു തോന്നുന്നു. അതുപോലെ 1962-ൽ 888-ലും പറഞ്ഞിരിക്കുന്നു. അതുപോലെ K. L. T. കളിൽ 1961-ലും, 1962-ലുമായി അനേകം വിധികൾ ടി കാണത്തിന്റെ interpretation-ൽ വന്നു. കാണത്തിന്റെ definition-നിൽ "for the latters enjoyment" എന്നു നിൽക്കുന്നതുകൊണ്ട് definition (a) & b-ൽ incidents ഉണ്ടെങ്കിലും കാണക്കാർക്കു കാണ അവകാശം കിട്ടുകയില്ല എന്നു വിധിയുണ്ടായിട്ടുള്ളതായി കാണാം. 1961-ൽ കാർഷികബന്ധനിയമം നടപ്പിൽ വന്നതിനുശേഷം വന്നിട്ടുള്ള ജഡ്ജ്മെൻറുകളാണ്. ഈ ജഡ്ജ്മെൻറുകളുടെ അടിസ്ഥാനത്തിൽ കാണക്കുടിയാന്മാർക്ക് ആനുകൂല്യം കിട്ടണമെങ്കിൽ "for the enjoyment of the latter" എന്നതു് എടുത്തുകളയണമെന്നു ഞാനുൾപ്പെടെ അനേകംപേർ ഭേദഗതി അവതരിപ്പിച്ചു-വായിച്ചു. സർ, മന്ത്രി അംഗീകരിച്ചോ; അംഗീകരിച്ചില്ല. നിയമത്തിന്റെ ആനുകൂല്യം നിയമസഭ ഉദ്ദേശിക്കുന്ന വിഭാഗത്തിനു കിട്ടുന്നില്ല എന്നു കണ്ടാൽ നിയമത്തിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ആവശ്യപ്പെട്ടിട്ടും ഗവണ്മെൻറ് അംഗീകരിച്ചില്ല എന്നു മാത്രമല്ല it will not include Mortgage as defined in T. P. Act എന്നു ചേർത്തതിനോടുകൂടി ഹൈക്കോടതി വിധിക്കു ബലംകൂട്ടിക്കൊടുത്തു. രണ്ടാമതു്, കാണം കുഴിക്കാണത്തെ സംബന്ധിച്ചു അവസാനമായി "it shall not include mortgage" എന്നു എഴുതിവച്ചു. മുമ്പു ഇല്ലാതിരുന്ന സ്ഥലത്തു പുതിയ വ്യാഖ്യാനം. മലബാർ ടെനൻസി നിയമത്തിലോ കൊച്ചി വെറുംപാട്ട കുടിയാൻ നിയമത്തിലോ ഇല്ലായിരുന്നതു്. അതും കുഴിക്കാണത്തിനു ഫല വൃക്ഷങ്ങളാണു കൊടുക്കുന്നതു്. അതു മാർട്ടുഗേജിൽപ്പെടുകയില്ല എന്നു ചേർത്തതിന്റെ implication മന്ത്രി നോക്കിയോ. ഇന്നത്തെ വ്യാഖ്യാനംകൊണ്ടു കാണക്കാരനു രക്ഷകിട്ടുമെന്നു വിചാരിക്കുന്നുണ്ടോ, കുഴിക്കാണക്കാരനു രക്ഷ കിട്ടുമെന്നു വിചാരിക്കുന്നുണ്ടോ, അല്പം ചിലക്കൊഴിച്ചു് രക്ഷകിട്ടുകയില്ല. ശ്രീ. വിശ്വനാഥൻ ലക്ഷക്കണക്കിനു പുതിയ കുടിയാന്മാരുടെ കാര്യം പറഞ്ഞു. 1961–ലും, 1962–ലും ഉണ്ടായിട്ടുള്ള വിധികളുടെ അടിസ്ഥാനത്തിൽ നാം ആക്കു ആനുകൂല്യം കൊടുക്കണമെന്ന ഉദ്ദേശത്തിൽ നിർവ്വചനത്തിൽ ചേർത്തുവോ ആ ആനുകൂല്യങ്ങൾ അവക്കു ലഭിക്കുകയില്ല. മന്ത്രി അക്കാര്യം അറിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ ഒരു ലാ ഡിപ്പാർട്ടുമെൻറുണ്ടു്. ഒരു advocate general ഉണ്ടു്. അതാതു കാലങ്ങളിൽ കോടതികളിലുണ്ടാകുന്ന വിധി Law Report–ൽ Report ചെയ്യുന്നതു വായിച്ചു മനസ്സിലാക്കിയിട്ടില്ലേ? അവർ advise കൊടുത്തിട്ടില്ല എന്നാണോ. അങ്ങനെ തെററായിട്ടുള്ള നിയമോപദേശം അവർ കൊടുക്കുകയില്ല. ഉപദേശം കൊടുത്തു കാണും സ്വീകരിക്കാഞ്ഞിട്ടാണു്. അപ്പോൾ അതെല്ലാം മറച്ചുവച്ചു കൊണ്ടു പറയുകയാണു്. അവരുടെ അവകാശങ്ങളെല്ലാം നഷ്ടപ്പെടത്തക്ക വിധത്തിൽ കോടതി ഈ നിയമം ഇൻറർപ്രട്ടു ചെയ്തു. അതുപോലും നിങ്ങൾ ചെയ്തില്ല എന്നുള്ള കുററം നിങ്ങളിൽ ആരോപിക്കുകയാണു്.

അതുപോലെ കുടികിടപ്പുകാരന്റെ കാര്യത്തിൽ എന്താണു് ചെയ്തിരിക്കുന്നതു്. കുടികിടപ്പുകാരനു പുതിയതായിട്ടുള്ള അവകാശങ്ങൾ കൊടുത്തു എന്നു മന്ത്രി അവകാശപ്പെടുന്നു. പുതിയ ചില അവകാശങ്ങൾ കുടികിടപ്പുകാരനു കൊടുത്തിട്ടുണ്ടോ എന്നു പരീക്ഷിക്കാം. കുടികിടപ്പുകാരനെ സംബന്ധിച്ചു് മൂന്നു സെൻേറാ, അഞ്ചു സെൻേറാ, പത്തുസെൻേറാ അല്ല പ്രധാനമായ ഒന്നാമത്തെ കാര്യം എന്നു ശ്രീമാൻ ഭാസ്കരൻ നായർ പറഞ്ഞു. സർ, ഞാനും പറയുന്നു, അതല്ലാ പ്രധാന പ്രശ്നം. കുടികിടപ്പുകാരനെ അയാൾ താമസിക്കുന്ന സ്ഥലത്തുനിന്നും കുടിയിറക്കാൻ പാടില്ല എന്നതാണു് പ്രധാന ലക്ഷ്യം. അങ്ങനെ അയാളെ അവിടെനിന്നും ഇറക്കാൻ പാടില്ല എന്നുള്ള തത്വം പഴയ കാർഷികബന്ധ നിയമത്തിലും ഈ പുതിയ നിയമത്തിലുമുള്ളതു് നിങ്ങൾ പരീക്ഷിച്ചു നോക്കുക. 1959 June 10–ാംനു ഞങ്ങൾ പാസ്സാക്കിയ നിയമത്തിൽ കുടികിടപ്പുകാരനെ ഒരു കാരണത്തിലൊഴിച്ചു് ഒഴിപ്പിക്കാൻ പാടില്ലെന്നായിരുന്നു വ്യവസ്ഥ. അതു് സ്വന്തം വേറെ സ്ഥലം വീടുവെയ്ക്കാനില്ലാത്ത വസ്തു ഉടമസ്ഥനു് ഒഴിപ്പിക്കാം. അങ്ങനെ ഒഴിപ്പിച്ചാലും 5 സെൻേറാ (Major Municipality) 10 സെൻേറാ ഭൂമിയും കെട്ടിടവിലയും മററു ചെലവും വസ്തുഉടമസ്ഥൻ കൊടുക്കണമെന്നു അനുശാസിച്ചിരുന്നു. എന്നാൽ 1960-ൽ നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം കുടികിടപ്പുകാരന്റെ അവകാശങ്ങൾ നിങ്ങൾ എന്തുമാത്രം തട്ടിയെടുത്തിട്ടുണ്ടെന്നു് ഞാൻ വിവരിക്കാം. പ്ലാൻേറഷന്റെ area-യിലോ factory കൾ ഉള്ള സ്ഥലത്തോ താമസിക്കുന്നവർ കുടികിടപ്പുകാരല്ല എന്നു നിങ്ങൾ പറഞ്ഞു. പിന്നെ ഇവിടത്തെ വ്യവസായങ്ങളുടെ പേരുപറഞ്ഞു് അവരുടെ അവകാശം തട്ടിയെടുത്തു. ഇവർ മാറണമെന്നു മാത്രമല്ല മാറിയാൽ alternate site-ഉം കിട്ടുകയില്ല ചെലവും കിട്ടുകയില്ല. അവക്കു മൂന്നു സെൻറല്ല, അര സെൻറല്ല, കുടികിടപ്പുകാരന്റെ ഭൂമിയെ ഇല്ല എന്നാക്കി. പാവം Planter മാക്കും മൂന്നു സെൻറിനുള്ള വില കൊടുക്കാനില്ലാഞ്ഞിട്ടാണു്. അതു കഴിഞ്ഞതിനുശേഷം പുതിയ ഒഴിപ്പിക്കൽ സൗകര്യങ്ങളും ഈ നിയമത്തിൽ എഴുതിവച്ചിട്ടുള്ളതു നോക്കിയാൽ അതു പരിപൂർണ്ണമാകും. പുതിയ commercial site-ൽ നിന്നു് Planning-നുവേണ്ടിയെല്ലാം ഒഴിപ്പിക്കാം. ഒഴിപ്പിച്ചാൽ മൂന്നുസെൻറുഭൂമിയാക്കി പത്തു സെൻറു കുറച്ചു. ആ മൂന്നു സെൻറുതന്നെ കൊടുക്കാൻ പോകുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

എവിടെയാണു്. കടലോരത്തുനിന്നു് ഒഴിപ്പിക്കുന്നവക്കു് മലനാട്ടിൽ കൊടുത്താൽ മതി. ശ്രീ. കാർത്തികേയൻ ഒരു ഭേദഗതി അവതരിപ്പിച്ചു. അതു കണ്ടപ്പോൾ എനിക്കു് ആശ്വാസമായി. കുടികിടപ്പുകാരനു് ഒരു മൈലിനുള്ളിൽ കിട്ടുമല്ലോഎന്നു്. കാൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഈ വിധത്തിലുള്ള ഒരു ഭേദഗതി വന്നതുകൊണ്ടു് എന്റെ ഭേദഗതി തീർച്ചയായും അംഗീകരിക്കുമെന്നാണു് ഞാൻ പ്രതീക്ഷിച്ചതു്. അതായതു് കുടികിടപ്പുകാരനെ അയാളുടെ സ്ഥലത്തുനിന്നും മാറേറണ്ടിവന്നാൽ ആ സ്ഥലത്തിനു ഒരു മൈലിനുള്ളിൽ വേണം അയാൾക്കു് മററു സ്ഥലം കൊടുക്കേണ്ടതെന്നു് കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന ഭേദഗതി അംഗീകരിച്ചുകിട്ടുമെന്നു്. കുടികിടപ്പുകാരനു അതിന്റെ ആവശ്യവുമുണ്ടു്. തൊഴിലും താമസവുമായി ബന്ധപ്പെട്ടാണല്ലോ മനുഷ്യർ കഴിയുന്നതു്. പക്ഷേ ഒരു മൈലിനുള്ളിൽ അംഗീകരിച്ചില്ല. 300 മൈലിനപ്പുറത്തായാലും മതി ഇന്നത്തെ സ്ഥിതിക്കു്. ഈ മൂന്നു സെൻറു കൊടുക്കുന്ന കാര്യം പറഞ്ഞപ്പോൾ ശ്രീമാൻ ചാഴിക്കാടൻ പറഞ്ഞു ഒഴിപ്പിക്കുന്ന സ്ഥലത്തു് സെൻറിനു മൂവായിരം രൂ. വിലയാണെന്നു്. അതു കൊടുക്കണമെന്നു്. ഇപ്പോൾ കുടികിടപ്പുകാരെ നിങ്ങൾ മാററുകയാണെന്നുണ്ടെങ്കിൽ അവർക്കു് ദേവികുളത്തോ വയനാട്ടിലോ മൂന്നുസെൻറു സ്ഥലം കൊടുത്താൽമതിഎന്നാണു് നിയമത്തിലെ വ്യവസ്ഥ. കുടികിടപ്പുകാരനു് ഒരു മൈലിനുള്ളിൽതന്നെ സ്ഥലം കൊടുക്കണമെന്നുള്ളതു നിങ്ങൾ എടുത്തുകളഞ്ഞു. അവരെ നാടുകടത്തുന്നതിനുള്ള വ്യവസ്ഥയാണു് എഴുതിവച്ചിരിക്കുന്നതു്. അവരെ ഒഴിപ്പിക്കാനുള്ള വ്യവസ്ഥയിൽ വേറൊന്നു പറയുന്നതു്, വസ്തു ഉടമസ്ഥനു് അസൗകര്യം തോന്നിയാൽ ഒഴിപ്പിക്കാം എന്നാണു്. അതിനേക്കാൾ കൂടുതൽ എന്തുചെയ്യാനാണു്. കുടികിടപ്പുകാരനെ ദ്രോഹിക്കാൻ എന്തു വ്യവസ്ഥ എഴുതിച്ചേർക്കാനുണ്ടു് എന്നു പറയുമോ. കുടികിടപ്പുകാരനു പുതിയതായി Building rebuild ചെയ്യുവാൻ അവകാശം കൊടുത്തുപോലും. സർ, അതു കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥയാണു്. ശ്രീമാൻ ഭാസ്കരൻനായർ പണ്ടത്തെ നിയമസഭയിൽ ഇല്ലാതിരുന്നതുകൊണ്ടും ആ നിയമത്തിലുണ്ടായിരുന്ന വ്യവസ്ഥ വായിക്കാതിരുന്നതുകൊണ്ടും അങ്ങനെ പറഞ്ഞതാണു്. കാർഷികബന്ധനിയമത്തിലെ 39—ാമത്തെ വകുപ്പിന്റെ ഒടുവിൽ ഇങ്ങനെ ചേർത്തിരുന്നു. 'The Kudikidappukaran shall have the right to maintain, repair and rebuild the homestead erected by him, without exceeding the dimensions of the original homestead, at his own cost.' ഇതു മുമ്പിലത്തെ നിയമത്തിൽ ഉണ്ടായിരുന്നതാണു്. ഇന്നു് ഡിഫറൻറു മെററീരിയൽ എന്നു കൂടി കോടതിയുടെ വിധി വച്ചുകൊണ്ടു് കൂട്ടിച്ചേർത്തിട്ടുണ്ടു്. പഴയ clause-നെ സംബന്ധിച്ചു കോടതികളിൽ പല വിധി വന്നിട്ടുണ്ടു്. എന്നാൽ നിങ്ങൾ ഞങ്ങളുടെ വകുപ്പു കൂട്ടിച്ചേർത്തു് താഴെ എഴുതിയിരുന്നതു് ഇങ്ങനെ വസ്തുന്ന പുരയുടെ വില കുടികിടപ്പുകാരനു് ഒഴിപ്പിക്കുമ്പോൾ കിട്ടുകയില്ല, വസ്തുഉടമസ്ഥനു് കിട്ടുമെന്നാണു് അസംബ്ലിയിലെ എതിർപ്പുമൂലം എടുത്തുകളയേണ്ടിവന്ന ആ വകുപ്പു് Planter മാർക്കും, വലിയ ജന്മികൾക്കും, ഈ നാട്ടിലെ കായൽപാടശേഖരം ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടി ഇവിടെയുള്ള കായൽ മുതലാളിമാർക്കും വേണ്ടി മാത്രമാണു് ഈ പുതിയ നിയമത്തിന്റെ ഉടലെടുപ്പുതന്നെയുണ്ടായതു്. ഇവിടെയുള്ള കായൽ പാടശേഖരങ്ങളുടെ ഉടമസ്ഥരായ കായൽ മുതലാളിമാർ ആരെല്ലാമാണെന്നും ആരുടെയെല്ലാം പേരിലാണെന്നും എന്റെ കൈവശമുള്ള ഒരു ലിസ്റ്റിൽനിന്നും ഞാൻ ചിലതു വായിക്കാം. (1) Q Block തൊമ്മൻ ജോസഫു് മുരിക്കുംമൂട്ടിൽ, കാവാലം, (2) S Block തൊമ്മൻ ജോസഫു് മുരിക്കുംമൂട്ടിൽ, കാവാലം, ആർ ബ്ലാക്കു്, തൊമ്മൻ ജോസഫു് മുരിക്കുംമൂട്ടിൽ, കാവാലം, (3) ഈപ്പൻ കണ്ടക്കുടി കൈനടി, (4) മാത്യു, വള്ളിത്താനം, കൈനടി, (5) മാത്യു ചാക്കോ, മംഗലപ്പള്ളി, പുളിങ്കുന്നു് (6) പുന്നൂസു്, പാട്ടശ്ശേരിപള്ളം, (7) P. T. Joseph പുത്തൻ പുരയിൽ കൈനടി, (8) N. X. Zavier എട്ടുപറ, പുളിക്കുന്നു്, Rajaramapuram കുഞ്ഞുലക്ഷ്മിഅമ്മ ചാലയിൽ ഇവക്കു് വേറെ നിലങ്ങളുമുണ്ടു്. എല്ലാംകൂടി നാം എടുത്തുനോക്കുകയാണെങ്കിൽ..........

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: ഒരു ചോദ്യം. ഈ രാജാരാമപുരം കുഞ്ഞുലക്ഷ്മിഅമ്മ, ചാലയിൽ, എന്നു പറഞ്ഞ ആളിനു് എത്രആയിരം ഏക്കർ നിലമുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: എനിക്ക് അറിയില്ല. ഒഴിച്ച കായൽനിലത്തിന്റെ കണക്ക പറയാം. രാജരാമപുരത്തിനും പുറമേ, മംഗലം, അവരുടെയും ജോർജ്ജ ചെമ്പുതറ കാവാലം ഇവരുടെ രണ്ടുപേരുടെയും കൈയിലാണ്. കുഞ്ഞുലക്ഷ്മിഅമ്മ ചാലയിൽ പണിക്കരുടെ പെങ്ങളാണ്. ഈ ഭൂമികളെ സംബന്ധിച്ച് ഇത്രയും വളരെ വിസ്തൃതമായ ഏക്കറേജുകളുള്ള ഭൂമി അവരിൽനിന്നും മാററി ഗവണ്മെന്റ് നിശ്ചയിക്കുന്നതായിട്ടുള്ള..............

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: ഈ കുഞ്ഞുലക്ഷ്മിഅമ്മയുടെ പേരിലുള്ള ഭൂമി ശ്രീമാൻ എം. എൻ. ഗോവിന്ദൻനായരുടെ കൈയിലാണ് എന്നു പറയുന്നതു ശരിയാണോ?

ശ്രീമതി കെ ആർ. ഗൗരി: കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീമാൻ എം.എൻ. ഗോവിന്ദൻനായരുടെ കൈയിലാണെങ്കിൽതന്നെയും ഒഴിവാക്കുന്ന ന്യായത്തോട് ഞങ്ങൾ യോജിക്കുന്നില്ല. ഇത്രയും വിസ്തൃതമായ ഭൂമി അദ്ദേഹത്തിന്റെ കൈയിലാണെന്നുണ്ടെങ്കിൽ അതു ഒഴിച്ചുനിർത്താൻ യാതൊരാവശ്യവുമില്ല. മാററാൻ പാടില്ലാ എന്നു ഞങ്ങൾ തീർത്തുപറയും. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽസെക്രട്ടറിയുടെ കൈയിലായിരിക്കും അല്ലെങ്കിൽ മററുള്ളവരുടെ കൈയിലായിരിക്കും. ഞങ്ങളെ സംബന്ധിച്ച് ഈ കായൽ പാടശേഖരം ഇങ്ങനെ പത്തുനാല്പത്തിരണ്ടു ആളുകൾക്കുവേണ്ടി ഒഴിവാക്കാൻ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനു എതിരാണ്. അതു ഒഴിവാക്കത്തക്കതല്ല. മന്ത്രി പറഞ്ഞ മറുപടി ഈ നാട്ടിൽ കോവാപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തികശേഷിയില്ലാത്തതുകൊണ്ടാണ്, ഈ നിലങ്ങൾ ഇന്ന് പരിധിയിൽനിന്നു ഒഴിച്ചുനിറുത്തിയതെന്നാണ്. പറഞ്ഞുനിൽക്കാൻ നിവൃത്തിയില്ലാത്ത ഒരു ചുററുപാടു വന്നതിനാൽ മന്ത്രി ഈ സൂത്രം പറഞ്ഞതാണ്. ഗവണ്മെന്റിനു അതിനുള്ള വല്ല പരിപാടികളും ഏതെങ്കിലും ഒരുനിലത്തിലെങ്കിലും പരിശോധിക്കാമായിരുന്നില്ലേ. അതുചെയ്തില്ല നിങ്ങൾ എനിക്കു സംസാരിക്കാൻ 35 മിനിററാണെന്നാണു പറഞ്ഞിട്ടുള്ളതു്. ഇനി ഏഴു മിനിററുകൂടിയുണ്ടു്. സർ, ആ നിലയിൽ പാടശേഖരങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ നിന്നു് ഒഴിച്ചുവച്ചിരിക്കുന്നതു് ശരിയല്ല. ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ പേരുപറഞ്ഞിട്ടു കാര്യമില്ല. എം. എൻ. ഗോവിന്ദൻനായർക്ക് ഈ കൂട്ടത്തിൽ നിലമില്ല. ഉണ്ടെങ്കിലും ഒഴിക്കണമെന്നു ഞങ്ങൾ പറയുന്നില്ല. നിലം കൈവശക്കാരുടെ പേർ കുറച്ചുകൂടി ഞാൻ വായിക്കാം.

ശ്രീമൂലമംഗലം—പാറേക്കാ, കവലയ്ക്കൽ നെടുമുടി.
മാത്യു, പാഴാത്തറ, പുളിങ്കുന്നു്.
അന്തോണി, മാവേലിൽ, പുളിങ്കുന്നു്.

E. Block— (1) ലൂക്കാമത്തായി, വള്ളിത്താനം, കൈനടി.
(2) ഗോപാലൻ, പുല്ലാത്തുശ്ശേരി, കാവാലം.
(3) P. T. Joseph, പുത്തൻപുര, കൈനടി.
(4) തൊമ്മൻ ജോസഫ്, പുത്തൻപുര, കാവാലം.
(5) ഔസേപ്പു്, എടയാടിയിൽ, മങ്കൊമ്പു്.
(6) കൃഷ്ണയ്യർ, കൊട്ടാരമഠം, മങ്കൊമ്പു്.

H. Block—(1) തൊമ്മൻ ജോസഫ്, മുരിക്കുംവീട്ടിൽ, കാവാലം.
(2) കൃഷ്ണയ്യൻ, കൊട്ടാരമഠം, മങ്കൊമ്പു്.
(3) P. T. Joseph, പുത്തൻപുര, കൈനടി.

ഇനിയുമുണ്ട് എം. എൻ. ഗോവിന്ദൻനായരുടേയും ബന്ധുക്കളുടേയും പേരു വായിച്ചതിൽ അങ്ങു ക്ഷമിക്കണം. Cooperative scheme ആത്മാർത്ഥമായി പറയുകയാണെങ്കിൽ ഇന്ന് ഏതെങ്കിലും ഒരു നിലമെടുത്തു നിങ്ങൾക്ക് പരിശോധിക്കാമായിരുന്നല്ലോ. അതു ചെയ്തില്ല; ചെയ്യുകയുമില്ല. അങ്ങനെ പാടശേഖരങ്ങളെ ഈ നാട്ടിലെ കുറെ വ്യക്തികൾക്കുവേണ്ടി പരിധിയിൽനിന്നും ഒഴിവാക്കി. കമുകുംതോട്ടങ്ങളെ ഒഴിവാക്കി. അതുപോലെ കുരുമുളകുതോട്ടം, Plantation ഒഴിവാക്കാവുന്നതെല്ലാം ഒഴിവാക്കി. അങ്ങനെ ഇപ്പോൾ പരിധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കഴിഞ്ഞു ഒന്നുമില്ലാതായി. ശ്രീ. വിശ്വനാഥൻ ചില കണക്കുകൾ പറഞ്ഞു. ഈ കണക്കുകൾ ചീഫ് മിനിസ്റ്റർക്ക് വിടുകയാണു നല്ലത്. അദ്ദേഹമാണ് അതിനു വിദഗ്ദ്ധൻ. എല്ലാം ഒഴിവാക്കിക്കഴിഞ്ഞു മിച്ചഭൂമി ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. 12 ലക്ഷം ഏക്കറോളം കൈമാററം ചെയ്തതായി ഞാൻ പറഞ്ഞു എന്ന് പറഞ്ഞു. 15 ഏക്കറിൽ കൂടുതലുള്ളവരെത്രയെന്ന് ചോദിച്ചിട്ട് ഏഴെട്ടുമാസമായിട്ടും പറയാതിരിക്കുന്നത് മനഃപൂർവ്വമാണ്. 15 ഏക്കറിനു മുകളിൽഭൂമിയുള്ളവരുടെ കണക്കു 17 ലക്ഷത്തിൽചില്വാനം എന്ന് 1959-ൽ ഞാൻ പറഞ്ഞു. ശരിയാണ്. പറഞ്ഞതാണ്. പക്ഷേ അതിനു താഴെ നോക്കിയാൽ 17 ലക്ഷത്തിൽപരംഭൂമി Plantation-നും private forest ഭൂമിയും ഒഴിച്ചാണെന്നു പറഞ്ഞത് വിസ്മരിച്ചുകളഞ്ഞു. കണക്ക് പൈബ്ലിക്കമായിട്ടെടുക്കാത്തവരുടെ കണക്കുകൂട്ടൽ പോലിരുന്നു. മിച്ചഭൂമി അന്നാണെങ്കിൽ വളരെയുണ്ടായിരുന്നു. ഇന്നില്ലാതായി. അതാണു പരമാർത്ഥം. പ്ലാനിംഗ് കമ്മീഷന്റെ സകല തത്വങ്ങളേയും നിങ്ങൾ പരാജയപ്പെടുത്തിയിരിക്കുകയാണ്. ഫിക്സിററി പോയി, ഫെയർ റെൻറ് ഇല്ലാതായി, അന്യായപ്പാട്ടം ഏർപ്പെടുത്തി പർച്ചേസ് ചെയ്യാൻ കുടിയാനു നിവൃത്തിയില്ലാത്തവിധം വില അന്യായമായി വർദ്ധിപ്പിച്ചു. സീലിംഗ് കഴിഞ്ഞ് ഭൂമി വിതരണത്തിനു കാത്തിരിക്കുന്ന ഭൂമിയില്ലാത്തവരെ വഞ്ചിച്ച് ശ്രീ. വിശ്വനാഥൻ പറയുന്നതുപോലെ മന്ത്രി അത്ര ധൈര്യമായി ഇതെല്ലാം ചെയ്തില്ല എന്നു പറയുന്നില്ല. മന്ത്രി പറയുന്നത് State Government-ന്റെ അവകാശമാണ്, അതുകൊണ്ടു ചെയ്യുന്നു എന്ന്. കേന്ദ്രത്തിന് എന്തധികാരമുണ്ടെന്നു നമ്മൾ കണ്ടതാണ്. ഇനിയും വേണമെങ്കിൽ കേന്ദ്രത്തിനു പലതും ചെയ്യാൻ കഴിയും. അവരുടെ planning തത്വത്തിന് എതിരെന്നു കണ്ട് അനുമതി നിഷേധിക്കാം. അവരുടെ ആത്മാർത്ഥത ആശ്രയിച്ചിരിക്കും. സർ ഞങ്ങൾ കുടികിടപ്പുകാരനും കുടിയാനും വേണ്ടി നീതി ചോദിച്ചു. അവരോടും മററു വസ്തുഉടമസ്ഥന്മാരോടുകാണിക്കുന്ന നീതികാണിക്കണമെന്ന്. കൊടുക്കുകയില്ല എന്നു പറഞ്ഞു. പകുതിരാജ്യം ചോദിച്ചു തരികയില്ല. അഞ്ചുകാതം ഭൂമി ചോദിച്ചു. ഇല്ല. എന്നാൽ അഞ്ചുഗ്രാമം കൊടുക്കുക, അതും കൊടുക്കുകയില്ല. എന്നാൽ ഞങ്ങൾ അവക്ക് ഒരു വീടു ചോദിച്ചു. അതും തരുകയില്ല. നീതി ചോദിച്ച ഞങ്ങളെ കുരുക്ഷേത്രത്തിലേയ്ക്കു നിങ്ങൾ തള്ളിവിട്ടു. അതെ 1965-ലെ പൊതുതിരഞ്ഞെടുപ്പാകുന്ന കുരുക്ഷേത്രത്തിൽവച്ച് നമുക്ക് ഇനികണ്ടുമുട്ടാം. എന്നേ ഞാൻ പറയുന്നുള്ളു. സർവ്വശക്തിയുമുപയോഗിച്ച് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇതുപ്രകാരം ഒരുലക്ഷം കുടിയാന്മാർക്ക് സംരക്ഷണം കിട്ടുമെന്നു പറഞ്ഞു. കാർഷികബന്ധനിയമം ഷെഡ്യൂളിൽ പെടുത്തിയാൽ ഈ പറയുന്ന കുടിയാന്മാർക്ക് സംരക്ഷണം കിട്ടുമോ?

ശ്രീമതി കെ. ആർ. ഗൗരി: കിട്ടണമല്ലോ. അങ്ങനെയാണ് എഴുതിച്ചേർത്തിരുന്നത്.

ശ്രീ. പി. ടി. ചാക്കോ: ഈ ബില്ലിന്റെ മൂന്നാംവായനയിൽ സ്വാഭാവികമായും ബിൽ നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെപ്പററി ചർച്ചയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അതിൽ ഞാൻ നിരാശനായിപ്പോയി. ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ മുതൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതൊഴിച്ച് പുതുതായി യാതൊരു വിമർശനവും ഇപ്പോൾ ഉണ്ടായില്ലെന്നു ഖേദപൂർവ്വം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഒരു വസ്തുത അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. മുമ്പ് റവന്യൂമന്ത്രി ആയിരുന്ന് കാർഷികബന്ധനിയമത്തിലെ വകുപ്പുകളെ ഡിഫെൻഡു ചെയ്ത ശ്രീമതി ഗൗരിയുടെ മിസ്-ഇൻറർപ്രട്ടേഷനുള്ള സാമർത്ഥ്യത്തെ എത്ര വാഴ്ത്തിയാലും മതിയാകുന്നതല്ല. അക്കാര്യത്തിൽ ശ്രീമതി ഗൗരി കാണിച്ച വൈദഗ്ദ്ധ്യം അനുകരണീയമല്ലാത്തതാണ്. ഒരു ഉദാഹരണം പറയാം. ഇന്നു ഞാൻ അവതരിപ്പിച്ചിട്ടുള്ള ഒന്നാമത്തെ ഭേദഗതിയെപ്പററി ശ്രീമതി ഗൗരി പറഞ്ഞു, അത് വളരെ സബ്സ്റ്റാൻഷ്യലായ ഭേദഗതിയാണെന്നും കുടികിടപ്പുകാർക്ക് വളരെയധികം ദോഷം ചെയ്യുന്നതാണെന്നുമൊക്കെ പറഞ്ഞു. ആ ഭേദഗതിയൊന്നു നോക്കിയാൽ തെററിദ്ധരിപ്പിക്കുന്നതിനുള്ള എത്ര വിദഗ്ദ്ധമായ ശ്രമമാണ് നടത്തിയതെന്നു കാണാൻ കഴിയും. രണ്ടാംവകുപ്പിൽ 25-ാംഉപവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള എക്സ്പ്ലനേഷൻ ഒന്നിൽ നാലുരൂപയെന്നുള്ളത് നാലു രൂപയിൽ കവിയാത്തതെന്നാക്കണമെന്നാണ് ഭേദഗതി, ആ ഭേദഗതി ചേർത്തു് എക്സ്പ്ലനേഷൻ വായിക്കാം. "For the purposes of this clause 'hut' means any dwelling house which was constructed at a cost not exceeding four hundred rupees or should have at that time of construction yielded a monthly rent not exceeding four rupees" ഇതു് എങ്ങനെ കുടികിടപ്പുകാരനെ ബാധിക്കും. സാങ്കേതികമായി ഒരു വാദം വരാമെന്നു വിചാരിച്ചു് കൊണ്ടുവന്ന ഭേദഗതിയാണ്. മൂന്നും മൂന്നരയും രൂപയുള്ളതു് കുടികിടപ്പല്ലെന്നുള്ള വ്യാഖ്യാനം വരും. അങ്ങനെയുള്ള വാദമൊന്നും ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടി നാലു രൂപയെന്നുള്ളതു് "rent not exceeding four rupees" എന്നാക്കി. ഈ ചെറിയ ന്യൂനത പരിഹരിച്ചതുകൊണ്ടു് ആക്ഷേപങ്ങളുണ്ടെങ്കിൽ അതു് കുടികിടപ്പുകാരനാണ്. ശ്രീമതി ഗൗരി പറയുന്ന ഞങ്ങൾക്കു് ഇംഗ്ലീഷറിയാം. വായിച്ചുനോക്കിയാൽ..........

__ശ്രീമതി കെ. ആർ. ഗൗരി:__ ഇപ്പോൾ എഴുതിയിരിക്കുന്ന four hundred rupees or should have at the time of construction yielded a monthly rent of four rupees" എന്നു പറഞ്ഞാൽ അതിൽ കുറവാണെന്ന അർത്ഥം വരികയില്ലെന്നാണോ പറയുന്നതു്.

__ശ്രീ. പി. ടി. ചാക്കോ:__ അങ്ങനെ വ്യാഖ്യാനിക്കാം. ഞാൻ പറഞ്ഞതല്ലാതെ ഈ ഭേദഗതിക്കു് മറ്റു് എന്തു് അർത്ഥമുണ്ടു്. ഇംഗ്ലീഷ് അറിയാവുന്ന ശ്രീമതി ഗൗരിതന്നെ പറയട്ടെ. ആളുകളെ തെററിദ്ധരിപ്പിക്കാൻ വൈദഗ്ദ്ധ്യപൂർവ്വം വാദിക്കാനുള്ള ശ്രീമതിയുടെ കഴിവിനു് എന്റെ വിദൂരമായ നമസ്കാരം. 34-ാമത്തെ ഭേദഗതിയെപ്പററി ശ്രീമതി പറയുകയാണ് കുടിയാന്മാരെ ദ്രോഹിക്കാൻ കൊണ്ടുവന്നിരിക്കുന്നതാണെന്നു്. കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥ എനിക്കോർമ്മയുണ്ടു്. മലബാർ ടെനൻസി ആക്ററിലെ വ്യവസ്ഥയും എനിക്കോർമ്മയുണ്ടു്. ഈ രണ്ടു നിയമങ്ങളുടെ കാലഘട്ടങ്ങളിലും ഫെയർലാൻറിനെ സംബന്ധിച്ചിടത്തോളം ഗ്രൗണ്ടുനട്ടിനു് എട്ടിലൊന്നു് പാട്ടമായിരുന്നു. ഈ ബില്ലിന്റെ സെലക്ററുകമ്മിററി റിപ്പോർട്ടിലും അതുതന്നെയാണുണ്ടായിരുന്നതു്. ഒരു വെർബൽ ഭേദഗതി സ്വീകരിച്ചപ്പോൾ ഗ്രൗണ്ടു് നട്ടിനു് പ്രത്യേകമായി ഒന്നും ഇല്ലെന്നുള്ള നിലവന്നു. അതു് യഥാർത്ഥത്തിൽ ബുദ്ധിമുട്ടുണ്ടാക്കും. ആ നിലയിലാണ് ഭേദഗതി കൊണ്ടുവന്നതു്. അതിനെ തെററിദ്ധരിപ്പിക്കാൻ എന്തു കഴിവുപയോഗിച്ചു എന്നു നോക്കണം.

29—ാം വകുപ്പിൽ ഇൻറർമീഡിയററി റെൻറു് കൊടുക്കേണ്ടതു് എന്താണെന്നു വ്യവസ്ഥ ചെയ്യുകയാണ്. മര്യാദപ്പാട്ടം നിശ്ചയിക്കുമ്പോൾ മുമ്പുള്ളതിനേക്കാൾ കുറഞ്ഞാൽ ഇൻറർമീഡിയററി ലാൻറു് ഓണർക്കു് കൊടുക്കുന്നതു് അതിന്റെ അനുപാതത്തിൽ കുറയുമെന്നും കൂടിയാൽ കൂടുമെന്നും ആക്ററിൽ വ്യവസ്ഥചെയ്തശേഷം ശ്രീമതി ഗൗരി പറയുകയാണ് ക്ഷേത്രങ്ങൾക്കു് ഒന്നും കിട്ടുകയില്ലെന്നു്. 1961—നുമുമ്പു് പാട്ടമുണ്ടെങ്കിൽ ദേവസ്വം ലാൻറാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആനുവിററി കൊടുക്കും. അതിനു് വ്യക്തമായ വ്യവസ്ഥയുണ്ടു്. 7—ാം വകുപ്പുകൊണ്ടു മലയോരകുടിയാന്മാർക്കു് എന്തവകാശമാണ് കിട്ടുന്നതെന്നു ചോദിക്കുകയുണ്ടായി. കാർഷികബന്ധനിയമം നടപ്പിൽ വന്ന കാലത്തു് ശ്രീ. എ. കെ. ഗോപാലന്റെയും ശ്രീമതി ഗൗരിയുടെയും നേതൃത്വത്തിൽ അവർക്കുവേണ്ടി എന്തിനു സമരംചെയ്തു? അക്കാലത്തു് ഞാൻ ശ്രീമതി ഗൗരിയുമായി ഇതിനെപ്പററി ആലോചിച്ചു. കാർഷികബന്ധനിയമപ്രകാരം അവർക്കു് സംരക്ഷണം കിട്ടുമെന്നാണ് വിചാരിച്ചിരുന്നതെന്നു ശ്രീമതി ഗൗരി പറയുകയുണ്ടായി ഞാൻ അന്നു പറഞ്ഞു അതനുസരിച്ചു് യാതൊരു സംരക്ഷണവും കിട്ടുകയില്ലെന്നു്. മററു നിയമങ്ങളുടെ നിർബാധമായ പ്രവർത്തനം തടയപ്പെട്ടിരുന്നില്ല. ഹിന്ദുറിലിജിയസ് എൻഡോമെൻറു് ആക്ററിലെയും മദ്രാസ് പ്രൈവററുഫാറസ്റ്റ് പ്രിസർവേഷൻ ആക്ററിലെയും വ്യവസ്ഥകളും പാലിച്ചിരിക്കണം. അതുകൊണ്ടു് ആ കുടിയാന്മാർക്കു കുടിയായ്മാവകാശം കിട്ടിയില്ല. അതു കണ്ടുകൊണ്ടു അവർക്കെല്ലാം അവകാശം ലഭിക്കുന്നതിനു് മററു നിയമങ്ങളിലെ വ്യവസ്ഥകളുടെ പ്രവർത്തനം മാററിവച്ചു് ഒരു വകുപ്പെഴുതി കൊണ്ടുവന്നു് ഒരു വിഭാഗം കുടിയാന്മാർക്കു് സംരക്ഷണം കൊടുത്തു. ശ്രീ. വിശ്വനാഥൻ ഒരു ലക്ഷമെന്നു പറഞ്ഞതു ശരിയല്ല. അതിൽ കൂടുതൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ശ്രീമതി ഗൗരി ഇതറിയാതെയല്ലപറയുന്നതു്. ഹിന്ദു റിലിജിയസ്എൻഡോവ്മെൻറു് ആക്ററുപ്രകാരം കമ്മീഷണരുടെ അനുവാദത്തോടുകൂടി വാങ്ങാത്ത ആക്കം കുടിയായ്മാവകാശം കിട്ടുകയില്ലെന്നു് ശ്രീമതി ഗൗരിക്കറിയാം.

ശ്രീമതി കെ. ആർ. ഗൗരി: പ്രൈവററു ഫാറസ്റ്റിൽനിന്നു് ഈ സ്ഥലങ്ങളെ മാററിയതു് അറിഞ്ഞുകൂടെന്നു വരുമോ?

ശ്രീ. പി. ടി. ചാക്കോ: നോട്ടിഫിക്കേഷൻ വന്നതുകൊണ്ടു പ്രൈവററു ഫാറസ്റ്റിൽനിന്നു മാററി. അതുകൊണ്ടു പാട്ടം ആകുകയില്ല. കമ്മീഷണറുടെ അനുവാദത്തോടുകൂടി വാങ്ങാത്ത പാട്ടം പാട്ടമാകുകയില്ല. 5 കൊല്ലത്തേയ്ക്കു് അനുവാദം കൊടുത്താൽ ആറാമത്തെ കൊല്ലം പാട്ടമാകുകയില്ല. പ്രൈവററു ഫാറസ്റ്റു് സംബന്ധിച്ച വ്യവസ്ഥ അനുസരിച്ചില്ലെങ്കിൽ പാട്ടം ആകുകയില്ല. അതായിരുന്നു കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന പ്രധാന ദൂഷ്യം. അതു പരിഹരിക്കാൻ ആകാവുന്നിടത്തോളം ശ്രമം ചെയ്തിട്ടുണ്ടു്. അതു് അംഗീകരിച്ചില്ലെങ്കിലും തെററിദ്ധരിപ്പിക്കാനുള്ള പരിശ്രമം ഖേദകരമാണെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഒരാറം ദേവസ്വത്തിൽനിന്നു് കുറെ ഭൂമി ചാർത്തി വാങ്ങുന്നു. ചാർത്തി വാങ്ങിയതിനുശേഷം പാട്ടം നിശ്ചയിച്ചു. അയാളുടെ കീഴിലുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പാട്ടം നിശ്ചയിച്ചിട്ടില്ല. ഈ നിയമം അനുസരിച്ചു് വലിയ തോതിൽ അവർക്കു പാട്ടം കൊടുക്കേണ്ടതായി വരികയില്ലേ?

ശ്രീ. പി. ടി. ചാക്കോ: കോടതിയിൽ പ്രാക്ററീസുചെയ്യാൻ പോകുകയാണെങ്കിൽ ഇത്തരം ചോദ്യങ്ങൾ കൊള്ളാം.......

ശ്രീ. ഈ. പി. ഗോപാലൻ: ആ ഗതികേടു് എന്തായാലും വന്നില്ലല്ലോ; ഇതൊരു പ്രോബ്ലമാണു്, അതുകൊണ്ടു ചോദിച്ചതാണു്.

ശ്രീ. പി. ടി. ചാക്കോ: പ്രോബ്ലം തീർക്കാനുള്ള സമയം ഇതല്ല.

സർ, ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാടു് അദ്ദേഹത്തിൻെറ നിലപാടു് വളരെ വ്യക്തമായി പറഞ്ഞു. സർ, നേരെ കാര്യങ്ങൾ പറയുന്ന ഒരാറം എന്ന നിലയിൽ ആണു് അദ്ദേഹത്തെ എന്നും ഞങ്ങൾ കണ്ടിട്ടുള്ളതു്. അദ്ദേഹവുമായി അഭിപ്രായവ്യത്യാസം ഉണ്ടാകാം. പക്ഷേ, അദ്ദേഹത്തിൻെറ അഭിപ്രായം അദ്ദേഹം എവിടെയും പറയും; അദ്ദേഹം ഇന്നും അഭിപ്രായം തുറന്നു പറഞ്ഞതിനു് അദ്ദേഹത്തെ അഭിനന്ദിക്കുകയാണു്. അദ്ദേഹം പറഞ്ഞു, ദേവസ്വങ്ങളുടെയും മററും കാര്യത്തിൽ ഇങ്ങനെയുള്ള സഹായങ്ങൾ ചെയ്യാൻ ഗവണ്മെൻറു് ചുമതല ഏറെറടുക്കണമെന്ന അഭിപ്രായം അദ്ദേഹത്തിനില്ല, അദ്ദേഹത്തിൻെറ പാർട്ടിയിൽപെട്ടവർക്കും ആ അഭിപ്രായമില്ല എന്നു്. സാമൂഹികമായ ഒരു നിയമം കൊണ്ടുവരുമ്പോൾ, വല്ല കാരണവശാലും അതിൻെറ ഫലമായി വല്ല അധഃപ്പതനമോ, ദുരിതാനുഭവങ്ങളോ ദേവസ്വങ്ങൾക്കു വന്നുകൊള്ളട്ടേ, അങ്ങനെ വന്നാൽ ദേവസ്വങ്ങളുടെ നിലനില്പിനുവേണ്ടി ആവശ്യമുള്ളതു് ഭക്തന്മാർ ചെയ്തുകൊള്ളും എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. അദ്ദേഹത്തിൻെറ അഭിപ്രായം എന്നുള്ള നിലയിൽ അതിനെ മാനിക്കാൻ തയ്യാറാണു്; പക്ഷേ ഒരു കുഴപ്പമുണ്ടു്. സർ, ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകളും ആ അഭിപ്രായക്കാരല്ല. ദേവസ്വങ്ങൾ ആവശ്യമില്ലെന്നുള്ള അഭിപ്രായക്കാരോ, ദേവാലയങ്ങളുടെ വരുമാനം ഇല്ലാതാക്കണമെന്നുള്ള മതാരാധകന്മാരോ ഈ രാജ്യത്തു് അധികമില്ല. ആ നിലപാടുള്ളവരോ, അല്ലെങ്കിൽ അതു ശരിയാണെന്നു ബോധമുള്ളവരോ ആയിരുന്നെങ്കിൽ, കാർഷികബന്ധനിയമത്തിൽതന്നെ ആനുവിററിവയ്ക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. ശ്രീ. ഈ. എം. എസ്സു്. മുഖ്യമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയ ആക്ററിൽ, ആനുവിററി കൊടുക്കാനുള്ള വ്യവസ്ഥചെയ്യുകയാണുണ്ടായതു്. ആനുവിററി കൊടുക്കേണ്ട, എല്ലാം ഭക്തന്മാർ യഥാവസരം ചെയ്തുകൊള്ളും എന്നു കരുതി അതു ചെയ്യാതിരിക്കാമായിരുന്നു. പക്ഷേ, അങ്ങനെയല്ല ഉണ്ടായതു്. അദ്ദേഹത്തിൻെറ സ്വന്തമായ അഭിപ്രായം എന്ന നിലയിൽ ഈ അഭിപ്രായത്തെ മാനിക്കാമെങ്കിലും, ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകൾക്കും ഈ അഭിപ്രായത്തോടു് ആനുകൂല്യമില്ലാത്തതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

അതു സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നതാണു്. അതുകൊണ്ടാണു് ദേവസ്വത്തിനും, മററു മതധർമ്മസ്ഥാപനങ്ങൾക്കും ഇന്നുള്ള വരുമാനം നൽകുന്നതിനുള്ള ഉറപ്പു് കൊടുത്തിട്ടു്, അതു് കൊടുക്കുന്നതിനു് സർക്കാർ ബാദ്ധ്യത ഏൽക്കുന്നതു്. പിന്നെ, ശ്രീ. ഇ. എം. എസ്. ചോദിച്ചു, പർച്ചേസ് റൈററു് കുടിയാനു് കൊടുക്കുന്നതിനുവേണ്ടി, ജന്മാവകാശം മുഴുവൻ സർക്കാർ ഏറെറടുക്കുകയും, അതിന്റെ പ്രതിഫലം കൊടുക്കാൻ സർക്കാർ തയ്യാറാകാതിരിക്കുകയും, അതൊരു വലിയ ബാദ്ധ്യതയായിത്തീരുമെന്നു സർക്കാർ പറയുകയും ചെയ്യുമ്പോൾ, കുടിയാനു് നന്മചെയ്യണമെന്ന വിചാരത്തേക്കാൾ, ദേവസ്വങ്ങൾക്കു് ഇന്നു കിട്ടുന്ന ആദായം തുടർന്നു ലഭിക്കാനുള്ള ബാദ്ധ്യത ഗവണ്മെന്റു് ഏറെറടുക്കുന്നതു് ശരിയാണോ എന്നു്. ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം ഗവണ്മെന്റു മനസ്സിലാക്കിയിട്ടുണ്ടു്. ഗവണ്മെന്റു് നേരിടാവുന്ന സാമ്പത്തികഭാരം മനസ്സിലാക്കിയിട്ടാണു്, ഈ രാജ്യത്തെ ജന്മിമാരുടെ മുഴുവൻ ലാൻഡു ഓണേഴ്സിന്റെയും, മദ്ധ്യവർത്തികളുടെയും മുഴുവൻ ജന്മാവകാശവും, അവകാശബന്ധങ്ങളും സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഇതിൽ വ്യവസ്ഥചെയ്യാതിരുന്നതു്. അങ്ങനെ ഗവണ്മെന്റിൽ നിക്ഷിപ്തമാക്കിയാൽ, അതുമൂലം ഗവണ്മെന്റിനു് അവർക്കു കൊടുക്കേണ്ടിവരുന്ന പ്രതിഫലം ഏകദേശം 100 കോടി രൂപയായിരിക്കുമെന്നു കണക്കാക്കിയിട്ടുണ്ടു്. അത്രയും രൂപ കൊടുക്കുന്നതിനുള്ള ബാദ്ധ്യതയാണു് ഇതുമൂലം ഗവണ്മെന്റു് ഏൽക്കേണ്ടതായി വരുന്നതു്. അങ്ങനെയൊരു ബാദ്ധ്യത സർക്കാർ ഏറെറടുത്തിട്ടു് കുടിയാന്മാർക്കു് പർച്ചേസ് റൈററു് കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ചെയ്യേണ്ടതായിരുന്നു എന്നു അദ്ദേഹം പറഞ്ഞു. അതു കുടിയാന്മാരിൽനിന്നു് വർഷങ്ങൾകൊണ്ടു് ഈടാക്കി ബാക്കിയുള്ളതു കൊടുത്താൽമതിയെന്നും അദ്ദേഹം സൂചിപ്പിച്ചു.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: അങ്ങനെയല്ല ഞാൻ പറഞ്ഞതു്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയായിരിക്കും ധരിച്ചതു്. അതിന്റെ അർത്ഥം, ഞാൻ സംസാരിച്ചപ്പോൾ, 15 മിനിട്ടു സമയത്തെ പ്രസംഗം മന്ത്രി കേട്ടില്ല എന്നാണു്. പർച്ചേസ് റൈററിന്റെയും സീലിംഗിന്റെയും കാര്യത്തിൽ സ്റ്റാമ്പു സിസ്ററം ഉപേക്ഷിച്ചതിന്റെ ഫലമായിട്ടു് ദേവസ്വങ്ങൾക്കും ദരിദ്രജന്മിമാർക്കും കൊടുക്കുന്നതിനുള്ള സോഴ്സ് ഇല്ലാതായി എന്നാണു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: ദേവസ്വങ്ങൾക്കു കൊടുക്കുന്നതു ആനുവിറ്റിയാണു്. ദേവസ്വങ്ങൾക്കും, മതധർമ്മസ്ഥാപനങ്ങൾക്കുമായി 60 ലക്ഷം രൂപാവരെ ആണ്ടിൽ കൊടുക്കണം. അതു ഗവണ്മെന്റിനെക്കൊണ്ടു കൊടുക്കാൻ കഴിയും. മറേറതാണെങ്കിൽ 100 കോടിരൂപയുടെ ബാദ്ധ്യതയാണു്. കാർഷികബന്ധനിയമത്തിലെ വ്യവസ്ഥയനുസരിച്ചു് അതു പണമായോ, പത്തുകൊല്ലത്തേക്കുള്ള ബോണ്ടായോ കൊടുക്കണം. കേരളഗവണ്മെന്റു് 100 കോടി രൂപയുടെ നെഗോഷ്യബിൾ ബോണ്ടു് പുറപ്പെടുവിക്കുക എന്നു പറയുന്നതിന്റെ അർത്ഥം എന്താണു സർ, അങ്ങനെ ഒരു ബോണ്ടു് ഇഷ്യുചെയ്യാൻ റിസർവ്വ് ബാങ്കു സമ്മതിക്കുകയുമില്ല. കേന്ദ്രഗവണ്മെന്റിൽനിന്നോ, മററു സംസ്ഥാനങ്ങളിൽനിന്നോ അതിനു സഹായം കിട്ടുകയുമില്ല. കേരളത്തിലെ സാമ്പത്തികനിലവച്ചു നോക്കിയാൽ, 100 കോടി രൂപയുടെ ബോണ്ടു് ഇഷ്യു ചെയ്യുക എന്നു പറഞ്ഞാൽ നമ്മുടെ സാമ്പത്തികനിലയെ ഗുരുതരമായും അതു ബാധിക്കും. അതു് വളരെ അപ്രായോഗികമാണെന്നും, നടപ്പാക്കാൻ സാധ്യമല്ലെന്നും കണ്ടതിന്റെഫലമായിട്ടാണു് ഇങ്ങനെയൊരു തീരുമാനം എടുത്തതു്. ശ്രീ. ഇ. എം. എസ്. പറഞ്ഞതുപോലെ, അസൈൻചെയ്യുന്നവരിൽനിന്നു് 55 ശതമാനം ഈടാക്കി സ്റ്റാമ്പു് സിസ്റ്റം അനുസരിച്ചു കൊടുത്താൽ സർക്കാരിനു കുറേ മെച്ചമുണ്ടെങ്കിലും അതു നടപ്പാക്കാൻ വൈഷമ്യമുണ്ടു്. ഒന്നാമതു്, കാർഷികബന്ധനിയമത്തിലെ വകുപ്പുകൾ അനുസരിച്ചു് എല്ലാ ജന്മാവകാശവും സർക്കാരിൽ നിക്ഷിപ്തമാകുന്നതിനു മുമ്പു് നടക്കാനുള്ളതു പലതും നടന്നിരിക്കണം. അതിനുപുറമേ, ഗവണ്മെന്റിൽ ഈ അവകാശങ്ങൾ നിക്ഷിപ്തമായാൽ പ്രതിഫലം കൊടുക്കാൻ ഗവണ്മെന്റു സന്നദ്ധമാകണം. അതിൽ കുറേ പൈസയായിട്ടും, ബാക്കിയുള്ളതു ബോണ്ടായിട്ടും കൊടുക്കണം. റിസർവ്വ്

[ശ്രീ. പി. ടി. ചാക്കോ]

ബാങ്കോ, കേന്ദ്രഗവണ്മെൻറോ അങ്ങനെ സംസ്ഥാനഗവണ്മെൻറ് ബോണ്ട് ഇഷ്യൂചെയ്യാൻ അനുവദിക്കുകയില്ല. പ്രത്യേക അനുവാദമില്ലാതെ സംസ്ഥാന ഗവണ്മെൻറിന് അതിന് അധികാരമില്ല. അങ്ങനെ നടപ്പിലാക്കാൻ സാധിക്കാത്ത ഒരു വ്യവസ്ഥയായതുകൊണ്ട് അതു മാററേണ്ടിവന്നു. അപ്രായോഗികവും, നിയമത്തിന്റെ നടത്തിപ്പിനു തടസ്സവുമായേക്കാവുന്ന വകുപ്പുകൾ മാററി പകരം പുതിയ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗൗരി എന്തുതന്നെ പറഞ്ഞാലും സർക്കാർ കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഏറെറടുക്കാതെ, കുടിയാനും ജന്മിയുംതമ്മിൽ ഒത്തുതീർപ്പോടുകൂടി കഴിയാവുന്ന ഒരു സാഹചര്യം ഇതുമൂലം ഉണ്ടാകുന്നതാണ്. ഫെയർ റെൻറിനെപ്പററി പ്രചരണത്തിനുവേണ്ടി ചില ആക്ഷേപങ്ങൾ ഉയർന്നു. കഴിയുന്നതും ഓരോ കേസും പ്രത്യേകം പരിഗണിച്ച്, ആർക്കും വലിയ ദോഷം വരാത്തവിധത്തിൽ ഇതിൽ വ്യവസ്ഥചെയ്തിരിക്കുകയാണ്.

<u>ശ്രീ. വി. ആർ. കൃഷ്ണയ്യർ:</u> ഇതിനുമുമ്പ് പറഞ്ഞകാര്യംതന്നെയാണ് ഇപ്പോഴും പറഞ്ഞത്. ശ്രീ. ഒ. കോരൻ ഗദ്യപദ്യസമ്മിശ്രമായി സഹജമായ രീതിയിൽ അവശന്മാരുടെ കാര്യങ്ങളെപ്പററി പറഞ്ഞു. സർ, ഈ അവസരത്തിൽ ഞാനും ഒരു പദ്യശകലം ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ ചൊല്ലിയാൽ കർണ്ണസുഖം ഉണ്ടാകുകയില്ലെന്നറിയാം. ഇവിടെ പലപ്പോഴും ചിലതു പറയുമ്പോൾ, ശ്രീമതി കെ. ആർ. ഗൗരി അതൊക്കെ ഞങ്ങൾക്കും അറിയാം' എന്നു പറയാറുള്ളതുപോലെ, ശ്രീ. കോരന്റെ ശ്ലോകങ്ങൾ കേട്ടപ്പോൾ എനിക്കും ഒന്നുദ്ധരിക്കാൻ തോന്നിപ്പോയി എന്നേയുള്ളു.

നെല്ലിൻ ചുവട്ടിൽ മുളയ്ക്കും—കാട്ടു
പുല്ലല്ല സാധു പുലയൻ''

സർ, ഈ മഹാകവിവാക്യം അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ നിയമത്തിൽ പ്രത്യേകിച്ച് കുടികിടപ്പുകാരെ സംബന്ധിക്കുന്ന വ്യവസ്ഥകൾക്കു രൂപം നൽകിയിട്ടുള്ളത്. സർ, ഒരുകാര്യം വളരെ വ്യക്തമായി ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീമതി ഗൗരി എന്തുതന്നെ പറഞ്ഞാലും, കാർഷിക ബന്ധനിയമത്തിൽ കുടികിടപ്പുകാർക്ക് രണ്ടാമതു കുടിൽകെട്ടാൻ അവകാശം ഉണ്ടായിരുന്നില്ല. ഈ നിയമത്തിൽ, ആവശ്യമുള്ള മെററീരിയൽസ് ഉപയോഗിച്ച് പാർപ്പിടം നന്നാക്കി സുഖമായി താമസിക്കാനുള്ള . വ്യവസ്ഥചെയ്തിട്ടുണ്ട്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> കുടിലിന്റെ plinth ഏരിയായെപ്പററി പ്രത്യേകം നിർദ്ദേശിക്കുന്നില്ലേ?

<u>ശ്രീ. പി. ടി. ചാക്കോ:</u> Plinth ഏരിയായുടെ അർത്ഥം അറിഞ്ഞുകൂടേ; മുകളിലോട്ടു വേണമെങ്കിലും കെട്ടാം.

സർ, ശ്രീ. വി. ആർ. കൃഷ്ണയ്യർ പറഞ്ഞകാര്യം മുമ്പും പറഞ്ഞിട്ടുള്ളതാണ്. ചുരുക്കത്തിൽ, കാർഷികബന്ധനിയമം ഫലപ്രദമായി നടപ്പാക്കാൻ പല വിഷമങ്ങളും നേരിട്ടു, അതിൽ അപ്രായോഗികമായ പല വകുപ്പുകളും ഉണ്ടായിരുന്നു. ആ ദോഷം പരിഹരിക്കാനാണ് പുതിയ നിയമംകൊണ്ടുവന്നത്.

സർ, ഇതിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, ഇന്നുവരെയുള്ള ദിവസങ്ങളിൽ വളരെ സൃഷ്ടിപരമായ വിമർശനങ്ങൾനടത്തിയ അംഗങ്ങൾ ഉണ്ട്. 'ഇനി വയ്യാ, എനിക്കൊന്നും പറയാനില്ല' എന്നുവരെ ചിലർ പറയുന്നതുകേട്ടു. അത്ര വളരെ പ്രസംഗിച്ചു തളർന്ന ബഹുമാനപ്പെട്ട മെമ്പറന്മാരുണ്ട്. അവരൊക്കെ ഈ ബില്ലിന്റെ രൂപവൽക്കരണത്തിൽ, വളരെ പ്രയോജനകരമായ വിധത്തിൽ, നല്ല ഉദ്ദേശത്തോടുകൂടി കഠിനപ്രയത്നംചെയ്തു എന്നാണ് എന്റെ വിശ്വാസം. അങ്ങനെയുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും, സർ, പ്രത്യേകമായി അങ്ങേക്കും ഗവണ്മെൻറിന്റെ പേരിലും, സ്വന്തനിലയിലും ഞാൻ നന്ദി പ്രദർശിപ്പിക്കുന്നു. ഈ പ്രസംഗങ്ങൾ എല്ലാം കേട്ടുകൊണ്ട്, മുഴുവൻ സമയവും ഇരിക്കുന്നതിന്, എത്രയോ ആയിരംപ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞാലും എല്ലാം അക്ഷോഭ്യനായിട്ട് കേട്ടുകൊണ്ടിരിക്കാൻ ഒരു ക്ഷമാബുദ്ധി അങ്ങേക്കു ഉണ്ടാകാൻ പ്രത്യേകിച്ചും ദൈവം അനുഗ്രഹിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഈ ബില്ലിന്റെ നിർമ്മാണത്തിൽ പ്രത്യേ

LIBRARY ARCHIVES Kerala Legislative Assembly

കമായി സഹകരിച്ച അങ്ങേക്കും, ചർച്ചകളിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾക്കും എന്റെ പേരിലും, ഗവണ്മെന്റിന്റെ പേരിലും ഒരിക്കൽക്കൂടി നന്ദിപറഞ്ഞുകൊണ്ടു് ഈ ബില്ലു് പാസ്സാക്കി തരണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

7 p. m. **Mr. Speaker:** Now the amendments can be put to vote.

Clause 2

Amendment No. 1. moved by Shri P. T. Chacko was put and carried, namely: 'In clause 2. in Explanation I to sub clause (25),for the words "a monthly rent of four rupees", the words "a monthly rent not exceeding four rupees" shall be substituted.

Amendment No. 2, moved by Shri P. T. Chacko, was put and carried, namely: 'In clause 2, in sub clause (35), for the words "member of Armed Forces', the words "member of the Armed Forces" shall be substituted.

Amendment No. 3, moved by Shri P. T. Chacko was put and carried, namely: 'In clause 2, in sub clause (40), items (b) and (c) shall be re-lettered as items (c) and (b) and rearranged accordingly.

Clause 13

Amendment No. 4 moved by Shri P. T. Chacko was put and carried, namely· 'In clause 13, clauses (i) and (ii) of the second proviso to sub clause (2) shall be lettered as clauses (a) and (b) respectively'.

Clause 18

Amendment No. 5, moved by Shri P. T. Chacko was put and carried, namely: 'In clause 18, in the proviso to sub clause (1), for the words, figures and letters, "the tenant was entitled to fixity of tenure immediately before the 21st January, 1961, under any law then in force", the words "the tenant is entitled to fixity of tenure" shall be substituted.

Clause 21

Amendment No. 6, moved by Shri P. T. Chacko was put and carried, namely: 'In clause 21, in the opening portion, after the words "mentioned below", the words "and in their order of priority" shall be inserted.'

Amendment No. 7, moved by Shri P. T. Chacko was put and carried, namely: 'In clause 21, in the proviso, after the words "Provided that" the words "where there are more landlords than one falling under the same category" shall be inserted.'

Clause 27

Amendment No. 8, moved by Shri P. T. Chacko was put and carried, namely: In clause 27, in sub clause (2), for the proviso, the following proviso shall be substituted, namely:

"Provided that the fair rent payable by a cultivating kanamdar or a cultivating customary verumpattamdar shall not exceed the michavaram payable by such kanamdar or the rent payable by such customary verumpattamdar, as the case may be".

LIBRARY ARCHIVES Kerala Legislative Assembly

Clause 28 *A*

Amendment No. 9, moved by Shri P. T. Chacko was put and carried, namely: 'In clause 28 A, in sub clause (4) (d), the words "so far as is known to the applicant" shall be omitted.

Clause 40

Amendment No. 10, moved by Shri P. T. Chacko was put and carried, namely: 'In clause 40, for the words "the interest of the tenant in the holding", the words "the interest of the tenant from whom they are due in the holding" shall be substituted'.

Amendment No. 11, moved by Shri. P. T. Chacko was put and carried, namely: 'In clause 40, the words "from whom it is due" shall be omitted'.

Clause 46

Amendment No. 12, moved by Shri P. T. Chacko was put and carried, namely: 'In clause 46, in sub clause (3), for the words "after giving an opportunity to all persons interested", the words "after giving an opportunity to all persons interested, to be heard" shall be substituted.

Clause 50

Amendment No. 13, moved by Shri P. T. Chacko was put and carried, namely: 'In clause 50, in sub clause (1), for the words "after the commencement of the tenancy as cultivating tenant", the words "after the commencement of the tenancy in favour of the cultivating tenant or his predecessor-in-interest" shall be substituted.

Clause 68

Amendment No. 14, moved by Shri P. T. Chacko was put and carried, namely: 'In clause 68, for the last sentence, the following shall be substituted namely:—

> "On receipt of the statement, the Land Tribunal shall forward a copy of the same to the Government together with the application received from the cultivating tenant for the purchase of the right, title and interest of the land owner and intermediaries. Thereupon, the provisions of sections 63 to 66 shall apply as if the statement were an application under section 64; and orders on the application of the cultivating tenant shall be passed only after the right, title and interest of the institution are vested in the Government".

Clause 81

Amendment No. 15, moved by Shri P. T. Chacko was put and carried, namely: 'In clause 81, sub clause (1), for the words, "no family or any adult unmarried person", the words, "no family or adult unmarried person" shall be substituted'.

Clause 83

Amendment No. 16, moved by Shri P. T. Chacko was put and carried, namely: 'In clause 83, sub clause (3), in the last paragraph, for the words "of the lands held by him" the words "of the lands held or owned by him" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Clause 84

Amendment No. 17, moved by Shri P. T. Chacko was put and carried, namely: 'In clause 84, sub clause (4), the words "free from all encumbrances" shall be inserted at the end of the first sentence.

Clause 86

Amendment No. 18, moved by Shri P. T. Chacko was put and carried, namely: 'In clause 86, sub clause (3) (iii), for the words "before the surrender", the words "before the surrender, assumption or vesting in the Government, as the case may be" shall be substituted.

Amendment No. 19, moved by Shri P. T. Chacko was put and carried, namely: 'In clause 86, Explanation to sub clause (3), for the words and figures "under the provisions of section 27" the words "under the provisions of this Act" shall be substituted'.

Clause 87

Amendment No. 20 moved by Shri P. T. Chacko was put and carried, namely: 'In clause 87, for the words 'under this section" the words and figures 'under section 86' shall be substituted'.

Clause 89

Amendment No. 21, moved by Shri P. T. Chacko was put and carried, namely: 'In clause 89, sub clause(2), for the words "which has been surrendered", the words "which has vested in the Government" shall be substituted.

Clause 91 *A*

Amendment No. 22 moved by Shri P. T. Chacko was put and carried, namely: 'In clause 91A, sub clause (6), for the words "and interest thereon', the words "and interest thereon and as regards the charge for the amounts due from the assignee" shall be substituted.

Clause 92

Amendment No. 23, moved by Shri P. T. Chacko was put and carried, namely: 'In clause 92, the words, figures and letter "Subject to the provisions of section 91A" shall be omitted'.

Clause 93

Amendment No. 24, moved by Shri P. T. Chacko was put and carried, namely: In clause 93, sub clause (1), for the words "The Land Board shall", the words, figures and letter "Subject to the provisions of section 91A the Land Board shall" shall be substituted'

Amendment No. 26, moved by Shri P. T. Chacko was put and carried, namely: 'In clause 93, sub clause (1) (ii) (c), for the words and figure "do not possess more than 5 acres in extent', the words and figure "do not possess more than 5 acres of land in extent" shall be substituted'.

Amendment No. 26, moved by Shri P. T. Chacko was put and carried, namely: 'In clause 93, sub clause (1) for the words "five acres in extent", the words "five acres" shall be substituted.

Clause 95

Amendment No. 27, moved by Shri P. T. Chacko was put and carried, namely: 'In clause 95 for the words "the lands surrendered to them", the words "the lands vested in them" shall be substituted'.

LIBRARY ARCHIVES Kerala Legislative Assembly

Clause 109

Amendment No. 28, moved by Shri P. T. Chacko was put and carried, namely: 'In clause 109, Explanation to sub clause (4), for the words and figures "under the provisions of section 27 and section 29 respectively", the words "under the provisions of this Act" shall be substituted'.

Clause 116

Amendment No. 29 moved by Shri P. T. Chacko was put and carried, namely: 'In clause 116, sub clause (2), for the words "Registering Authority" the words "registering officer" shall be substituted'.

Clause 124

Amendment No. 30 moved by Shri P. T. Chacko was put and carried, namely: 'In clause 124, sub clause (2) (g), for the words and figures "section 93" the words, figures and letter "sections 91A and 93" shall be substituted.

Clause 127

Amendment No. 31, moved by Shri P. T. Chacko was put and carried, namely: 'In clause 127, sub clause (4) (ii) (e) shall be omitted'.

Schedule III

Amendment No. 34 moved by Shri P. T. Chacko was put and carried, namely: 'In schedule III, for item 3, the following shall be substituted.

3.		Dry land—	
	(a)	cultivated with ground nut or other crops notified by the Government.	1/8 of the gross produce.
	(b)	In other cases	Rs. 4 per acre.

Schedule IV

Amendment No. 32 moved by Shri P. T. Chacko was put and carried, namely: 'For the words, figures, brackets and letter "See section 79 (1) (j)", the words, figures, brackets and letters "See sections 3(1) (viii-a) and 79 (1) (j)" shall substituted'.

General

Shri P. T. Chacko: Sir, that need not be put because the Legislature Secretariat has got powers even otherwise.

Mr. Speaker: The Clauses and sub clauses of the Bill shall be renumbered and relettered in the serial order and the references to clauses and sub clauses contained in the various clauses and schedules shall be corrected accordingly.

The question that the Kerala Land Reforms Bill, 1963 as amended, be passed, was put and carried.

Shri E. P. Gopalan: Sir, I demand a poll.

LIBRARY ARCHIVES Kerala Legislative Assembly

A poll was taken when the House divided as follows:

AYES—58

1 Shri P.K. Abdulkadir
2 ,, K. C. Abraham
3 ,, M. C Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K Balakrishnan
7 ,, R. Balakrishna Pillai
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, P T. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, T. A. Dharmaraja Iyer
17 ,, P. R Francis
18 ,, K. M. George
19 ,, P. Gopalan
20 ,, M. Gopalankutty Nair
21 ,, Malethu Gopinatha Pillai
22 ,, M. P. Govindan Nair
23 ,, Vayala Idicula
24 ,, A. L. Jacob
25 ,, C. G. Janardhanan
26 ,, Thomas John
27 ,, George Joseph Podipara
28 ,, P. S. Karthikeyan
29 Shri T. Krishnan
30 ,, P. R. Krishnan
31 ,, N. S. Krishna Pillai
32 ,, P. Kumaran
33 ,, K. Kunhambu
34 ,, N. Kunjuraman
35 Smt. Kusumam
36 ,, Leela Damodara Menon
37 Shri P. Madhavan
38 ,, V. Madura
39 ,, M. M. Mathai
40 ,, C. A. Mathew
41 ,, T. Murugesan
42 Smt. A. Nafeesath Beevi
43 Shri K. Narayana Kurup
44 ,, M. Narayana Kurup
45 ,, Kuroor Neelakandan Namboodiripad
46 ,, E. P. Poulose
47 ,, A. A. Rahim
48 ,, R. Raghava Menon
49 ,, R. Sankar
50 Smt. O. T. Sarada Krishnan
51 ,, K. R. Saraswathi Amma
52 Shri Shamsuddin
53 ,, C. M. Stephen
54 ,, K. T. Thomas
55 ,, T. A. Thomman
56 ,, P. P. Ummer Koya
57 ,, K. R. Vijayan
58 ,, K. K. Viswanathan

NOES—27

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri P. Balachandra Menon
5 ,, C. K. Balakrishnan
6 ,, K. Bhargavan
7 ,, E. P. Gopalan
8 ,, N. Gopala Kurup
9 Smt. K. R. Gouri
10 Shri O. Koran
11 ,, K. Krishnan
12 ,, M. Krishnan
13 ,, R. Krishnan
14 ,, K. Krishna Pillai
15 ,, S. Kumaran
16 Shri P. K. Kunjachan
17 ,, P. K Narayanan Nambiar
18 ,, T. C. Narayanan Nambiar
19 ,, K. V. Narayanan
20 ,, P. C. Raghavan Nair
21 ,, . K. Ramankutty
22 ,, T. K. Ramakrishnan
23 ,, P. Ravindran
24 ,, E. M. Sankaran Namboodiripad
25 ,, P. S. Srinivasan
26 ,, R. Sugathan
27 ,, M. M. Sundaram

Neutrals—Nil.

2/755/S

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: For the motion—58

Against the motion—27

Neutrals—Nil.

The Bill is passed. The motion is carried.

(Many of the Opposition Members were heard shouting 'Shame shame')

Mr. Speaker: Order, order. The House will now adjourn sine die.

The Assembly adjourned sine die at 7·10 p. m.

LIBRARY ARCHIVES Kerala Legislative Assembly